**ധനകാര്യം**

2026-2027 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

മാഡം ഡെപ്യൂട്ടി സ്പീക്കർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റിനെ ഞാൻ സർവാത്മനാ പിന്തുണയ്ക്കുന്നു. ഒരുപാട് പരിമിതികൾക്കും കടബാധ്യതകൾക്കും നടുവിൽ അവതരിപ്പിച്ച റിവൈസ്ഡ് ബജറ്റിന്റെ ചർച്ചയ്ക്ക് തുടക്കംകുറിക്കാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ അഭിമാനമുണ്ട്. ധനകാര്യവകുപ്പുകൂടി കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കഠിനാധ്വാനത്തിന്റെയും ആത്മവിശ്വാസത്തിന്റെയും പ്രതിബദ്ധതയുടെയും അടയാളമായി ഈ ബജറ്റിനെ കേരളം രേഖപ്പെടുത്തി കഴിഞ്ഞിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. തിരഞ്ഞെടുപ്പിനുമുമ്പ് പ്രകടനപത്രികയിലൂടെയും ഗ്യാരന്റിയിലൂടെയും ജനങ്ങൾക്ക് വാഗ്ദാനം നൽകുന്നത് പതിവാണ്. എന്നാൽ ഇത് വാക്കാണെന്ന് ധൈര്യപൂർവം ആവർത്തിച്ച് ഒന്നൊന്നായി ഈ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽതന്നെ നടപ്പാക്കി കാണിച്ചുകൊടുക്കുന്നത് വിസ്മയമാണെന്ന് പറയാതിരിക്കാൻ സാധിക്കില്ല. ഒരു സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കണമെങ്കിൽ രണ്ട് പ്രധാനപ്പെട്ട മാർഗങ്ങളാണ്. ഒന്നുകിൽ നികുതി ഉയർത്തി ജനങ്ങൾക്കുമേൽ അധിക നികുതിഭാരമേല്പിച്ച് സംസ്ഥാത്തിന്റെ ഖജനാവ് നിറയ്ക്കാം. അതല്ലെങ്കിൽ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ചുകൊണ്ട് കൂടുതൽ വരുമാനം നേടാം. ഇതിൽ ആദ്യത്തെ മാർഗം വളരെയെളുപ്പമാണ്. എന്നാൽ ഈ ബജറ്റിൽ നികുതിഭാരം ഒരു രൂപ പോലും വർധിപ്പിക്കാതെ ഖജനാവ് നിറയ്ക്കാനുള്ള സമഗ്രവും നയപരവുമായിട്ടുള്ള മാറ്റങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്. രാജ്യം ഏറെ ശ്രദ്ധിച്ച സമരമാണ് ആശ വർക്കന്മാർ സെക്രട്ടേറിയറ്റിന് മുമ്പിൽ മാസങ്ങളോളം നടത്തിയത്. ഓണറേറിയം വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് സമരം നടത്തിയ ആശ വർക്കർമാരെ എത്രമാത്രം ആക്ഷേപിച്ചും അധിക്ഷേപ വാക്കുകൾ ചൊരിഞ്ഞുമാണ് കഴിഞ്ഞ സർക്കാർ നേരിട്ടതെന്ന് നമ്മൾ കണ്ടതാണ്. ആദ്യ കാബിനറ്റിൽ തന്നെ വാക്ക് പാലിച്ചുകൊണ്ട് ആശ വർക്കന്മാരുടെ ഓണറേറിയം വർധിപ്പിക്കാൻ തീരുമാനമെടുത്ത യഥാർഥ സ്ത്രീ ശാക്തീകരണത്തിന് സല്യൂട്ട് ചെയ്ത സർക്കാരിനെ ഈ അവസരത്തിൽ അഭിവാന്ദ്യങ്ങൾ അർപ്പിക്കുകയാണ്. വയറ്റിൽ കത്രിക തുന്നിക്കെട്ടിയ ശ്രീമതി ഹർഷിനയ്ക്ക് ജോലി നൽകാൻ ആദ്യമേ നടപടി സ്വീകരിച്ച സർക്കാരാണിത്. ഇന്ദിര ഗ്യാരന്റിയിൽ പ്രഖ്യാപിച്ച 'സ്ത്രീകളുടെ സൗജന്യയാത്ര' വെറും തിരഞ്ഞെടുപ്പ് സ്റ്റണ്ട് ആണെന്ന് പ്രചരിപ്പിച്ചവർ ഡി.റ്റി.ഒ. ഓഫീസിൽ അന്വേഷിച്ചാൽ 2026 ജൂൺ 15 മുതൽ

കേരളത്തിലെ സ്ത്രീ യാത്രക്കാരുടെ എണ്ണത്തിലുണ്ടായിട്ടുള്ള ഗണ്യമായ വർധനവിന്റെ കൃത്യമായ കണക്ക് ലഭിക്കും. 'പ്രിയദർശിനി സൗജന്യയാത്ര' പദ്ധതി നമ്മുടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ നിർണായകമായ സ്വാധീനം ചെലുത്തുന്നതിനോടൊപ്പം സ്ത്രീ സമൂഹത്തിന് സർക്കാർ ഒപ്പമുണ്ടെന്ന ആത്മവിശ്വാസവും നൽകുന്നുണ്ട്. ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് വയോജനങ്ങൾക്കായി ഒരു വകുപ്പ് നിലവിൽ വന്നത്. വയോജനങ്ങളുടെ ആരോഗ്യവും ക്രയശേഷിയും ബുദ്ധിയും ഏറ്റവും പ്രധാനമാണെന്ന് തിരിച്ചറിഞ്ഞ് കാലത്തിനുമുമ്പേ സഞ്ചരിക്കുന്ന സർക്കാരെന്നുള്ള ഖ്യാതി നേടിയ ഈ സർക്കാരിന് അഭിനന്ദനങ്ങൾ അറിയിക്കുകയാണ്. ലഹരിക്കെതിരെ സർക്കാർ തുടങ്ങിയ "ഓപ്പറേഷൻ തൂഫാൻ" ഒരു തലമുറയുടെ നിലനിൽപിനുവേണ്ടിയുള്ള യുദ്ധമാണ്. നമുക്ക് ചുറ്റും ലഹരി മരുന്ന് സംഘങ്ങൾ വരിഞ്ഞുമുറുക്കിയപ്പോൾ ശക്തമായ നടപടികളൊന്നും സ്വീകരിക്കാതെ കഴിഞ്ഞ സർക്കാർ നിസംഗരായി നിന്നത് അക്ഷന്തവ്യമായ തെറ്റായിപ്പോ

യെന്ന് പറയാതെ വയ്യ. ഓപ്പറേഷൻ തൂഫാൻ ഈ സംസ്ഥാനത്തെ മുഴുവൻ അമ്മമാരും ഏറ്റെടുത്ത് കഴിഞ്ഞിരിക്കുന്നു. ഓർമ്മയിൽ വരുന്ന ഒരുകാര്യം ഈയവസരത്തിൽ പറയുകയാണ്, പാലക്കാട് ഉപതിരഞ്ഞെടുപ്പ് വേളയിൽ പാർട്ടി നൽകിയ ചുമതലയനുസരിച്ച് പാലക്കാട് ഒരു ഹോട്ടലിൽ ഞാനും ബഹുമാനപ്പെട്ട തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി ശ്രീമതി ബിന്ദു കൃഷ്ണയും ഏകദേശം ഒരു മാസത്തോളം താമസിച്ചു. ഞങ്ങൾ രണ്ടുപേരുടെയും മുഖം മലയാളികൾക്ക് നന്നായി തിരിച്ചറിയാം. ഒരു ദിവസം അർധരാത്രി പന്ത്രണ്ട് മണിക്കുശേഷം കേരള പോലീസ് ഞങ്ങളുടെ മുറിയിൽ റെയ്ഡ് ചെയ്യാനായി കടന്നുവന്നു. എന്താണ് കാര്യമെന്ന് ചോദിച്ചപ്പോൾ രാഷ്ട്രീയ തീരുമാനമാണെന്നാണ് അന്ന് മറുപടി നൽകിയത്. വിനാശകാലേ വിപരീതബുദ്ധി ആണിതെന്നും നിങ്ങൾ മയക്കുമരുന്ന് കേന്ദ്രങ്ങൾ റെയ്ഡ് ചെയ്യണമെന്നും അതാണ് ഈ കാലഘട്ടത്തിന്റെ ആവശ്യമെന്നും അവരോട് പറഞ്ഞപ്പോൾ അതിന് തയ്യാറാകാതെ ഞങ്ങളെ മോശമാക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. എന്നാൽ അതിന് നിർദേശം നൽകിയ ആളുകൾ അതേ തിരഞ്ഞെടുപ്പിൽ പരാജയപ്പെടുന്ന കാഴ്ചയാണ് കണ്ടത്. കൃത്യമായ ദിശാബോധത്തോടെ ഓപ്പറേഷൻ തൂഫാനിലൂടെ റെയ്ഡുകൾ നടത്തി പൊലീസ് വകുപ്പ്

മുന്നോട്ടുപോകുമ്പോൾ ഇക്കാര്യം കൂടി ഓർമ്മപ്പെടുത്തിയെന്നേയുള്ളൂ. ആവശ്യമുള്ള കാര്യങ്ങൾക്കാണ് റെയ്ഡ് നടത്തേണ്ടത്, ആവശ്യമില്ലാത്ത കാര്യങ്ങൾക്ക് സ്ത്രീകളടക്കമുള്ളവരെ മോശപ്പെടുത്താൻ നടത്തിയ റെയ്ഡിനെ സംബന്ധിച്ച് കേരള ജനതയെ ഓർമ്മപ്പെടുത്തിയെന്നേയുള്ളൂ. സമൂഹത്തിൽ ചെറുപ്പക്കാരുടെ തലച്ചോറ് നശിപ്പിക്കുന്ന മയക്കുമരുന്ന് അടിച്ചമർത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ വളരെ കൃത്യമായി മുന്നോട്ടുകൊണ്ടുപോകണം. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്. സിംഗപ്പൂർ പോലെ കടലിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി 'മിഷൻ സമുദ്ര' എന്ന പദ്ധതി ഈ ബജറ്റിൽ പ്രഖ്യാപിച്ചത് വലിയ പ്രതീക്ഷയാണ് നൽകുന്നത്. സമ്പദ്ഘടനയുടെ ഉയർച്ചയിലൂടെ തൊഴിലില്ലായ്മയെ തുടച്ചുനീക്കാൻ ഈ പദ്ധതിക്ക് സാധിക്കുമെന്നുള്ളതിൽ ഒരു സംശയവും വേണ്ട. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റിൽ ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. 'എം. ടി. വാസുദേവൻ നായർ കൾച്ചറൽ പാർക്ക് ' ഈ ബജറ്റിലെ സാംസ്കാരിക മേഖലയിലെ മികച്ചൊരു പ്രഖ്യാപനമാണ്. കേരളത്തിലെ തനതുകലകൾ പ്രോത്സാഹിപ്പിക്കുന്നതിനും മറ്റുമായി രൂപം കൊടുത്ത കൾച്ചറൽ പാർക്ക് എം. ടി. വാസുദേവൻ നായർ എന്ന ആധുനിക മലയാള സാഹിത്യത്തിലെ ബഹുമുഖപ്രതിഭയുടെ പേരിലായത് കൂടുതൽ ഉചിതമായെന്ന് പറയാനാഗ്രഹിക്കുന്നു. എം. ടി.-യുടെ പേര് ബജറ്റ് പ്രസംഗത്തിൽ കേട്ടപ്പോൾത്തന്നെ അദ്ദേഹത്തിന്റെ രണ്ടാമൂഴം, വാനപ്രസ്ഥം, മഞ്ഞ് തുടങ്ങിയ പല കൃതികളും ഓർമ്മയിലേക്ക് വന്നുകൂടി ഈ സഭയെ ഞാൻ അറിയിക്കുകയാണ്. എസ്.സി.-എസ്.ടി./മത്സ്യത്തൊഴിലാളി വിഭാഗക്കാർക്കായുള്ള പ്രത്യേക ഭവന പദ്ധതികൾ പുനരാരംഭിക്കുന്നുവെന്നത് വലിയ ആശ്വാസമാണ്. കേരളം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയും ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ചയുമാണ്. ഇതിന് പരിഹാരമെന്നോണം നിരവധി പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. അന്താരാഷ്ട്ര ലെഗസി യൂണിവേഴ്സിറ്റികളെ കേരളത്തിൽ കൊണ്ടുവരാൻ വിഭാവനം ചെയ്യുന്ന 'കേരള നോളജ് വാലി' ഒരു മികച്ച ആശയമാണ്. അന്താരാഷ്ട്ര തൊഴിൽ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ പഠിച്ചുകൊണ്ട് സംസ്ഥാനത്തെ കോഴ്സുകൾ പുനഃക്രമീകരിക്കാനും നൈപുണ്യ വികസന രംഗത്ത് മാറ്റങ്ങൾ

കൊണ്ടുവരാനും ഉതകുന്ന 'ഗ്ലോബൽ ജോബ് വാച്ച് ടവർ' പദ്ധതി ഈ സംസ്ഥാനത്ത് മാറ്റങ്ങൾ കൊണ്ടുവരുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇൻഡസ്ട്രിയുമായി ബന്ധിപ്പിക്കുന്ന ഐ.ഐ.ടി. മദ്രാസ് മോഡൽ റിസർച്ച് പാർക്കുകൾ, റാഗിങ് തടയുന്നതിന് സിദ്ധാർത്ഥന്റെ പേരിലുള്ള 'Sidharthan Anti Ragging & Student Welfare Act'-ഉം അക്കാദമിക് സിൻഡിക്കേറ്റ് അടക്കമുള്ള നൂതന ആശയങ്ങളും ബജറ്റിലുണ്ട്. വിദ്യാഭ്യാസ രംഗത്ത് നമ്മുടെ കുട്ടികളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ ഈ പദ്ധതികൾക്ക് സാധിക്കുമെന്നതിൽ ഒരു സംശയവും വേണ്ട. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിൽ മണ്ണെണ്ണയ്ക്ക് 50/- രൂപയായിരുന്നപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് 25/- രൂപ സബ്സിഡി നൽകിയിരുന്നു. എന്നാൽ പത്ത് വർഷം ഭരിച്ച എൽ.ഡി.എഫ്. സർക്കാർ അധികാരം ഒഴിഞ്ഞുപോകുമ്പോൾ മാർച്ച് മാസത്തിലാണ് കണ്ണിൽ പൊടിയിടാനായി സബ്സിഡി 50/- രൂപയാക്കിയത്. പക്ഷേ ഈ സർക്കാർ ആദ്യ ബജറ്റിൽത്തന്നെ സബ്സിഡി 75/- രൂപയാക്കി ഉയർത്തി. മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലൂടെ ലഭിച്ച ഭവനങ്ങൾ വളരെ കുറവായിരുന്നുവെന്നുള്ളതുകൊണ്ട് അവർക്കുവേണ്ടി ഒരു പുതിയ ഭവന പദ്ധതിയടക്കം വിഭാവനം ചെയ്തിരിക്കുന്നതിനെ സ്വാഗതം ചെയ്യുകയാണ്. കേരള സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്ന് ധവളപത്രം തുറന്നുകാട്ടുന്നു. സംസ്ഥാനത്തെ ആകെ കടം 5.7 ലക്ഷം കോടി രൂപയാണ്, ഈ സർക്കാർ നിലവിൽ നൽകേണ്ട ബാധ്യത 87000 കോടി രൂപയാണ്. ഇതിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയുടെയും കിഫ്ബിയുടെയും കുടിശ്ശികകൂടി ഉൾപ്പെടും. ഇതിനുപുറമേയാണ് ശമ്പള പരിഷ്കരണ കമ്മീഷന്റെയും ലീവ് സറണ്ടറിന്റെയും കുടിശ്ശിക. സംസ്ഥാനം നേരിടുന്ന ഈ ഗുരുതര പ്രതിസന്ധിക്ക് പരിഹാരം കാണണമെങ്കിൽ നമ്മൾ പരമ്പരാഗത രീതികളിൽനിന്നും മാറി ചിന്തിക്കേണ്ടതുണ്ട്. അതാണ് ഈ ബജറ്റിലൂടെ ധനകാര്യ വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കഴിഞ്ഞ കാലങ്ങളിൽ കേരളത്തിൽ ഏറ്റവും പ്രതിസന്ധി നേരിട്ട ആരോഗ്യരംഗത്ത് സമഗ്രമായ മാറ്റമാണ് ഈ ബജറ്റിലൂടെ വിഭാവനം ചെയ്യുന്നത്. മഹാനായ ഉമ്മൻ ചാണ്ടിയുടെ പേരിലുള്ള 25 ലക്ഷം രൂപയുടെ

"ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി" പാവപ്പെട്ടയാളുകൾക്ക് ഇരട്ടി മധുരമാണ് നൽകുന്നതെന്ന കാര്യം എടുത്തുപറയാതിരിക്കാൻ കഴിയില്ല. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിൽ ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ എൽ.ഡി.എഫ്. സർക്കാർ തമസ്കരിച്ച കാസർഗോഡ്, ഇടുക്കി, വയനാട് അടക്കമുള്ള മേഖലകളിലെ മെഡിക്കൽ കോളേജുകൾക്ക് പുതിയ ഊർജമാണ് ഈ സർക്കാർ നൽകാൻ പോകുന്നത്. കേരളത്തെ ഒരു ഹെൽത്ത് ഡെസ്റ്റിനേഷനാക്കി മാറ്റാനാണ് ഈ ബജറ്റ് വിഭാവനം ചെയ്യുന്നത്. പ്രതിപക്ഷനേതാവായിരുന്നപ്പോൾ ഇന്നത്തെ മുഖ്യമന്ത്രി ആരോഗ്യ രംഗത്തെ പരാധീനതകൾ പഠിക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കാനും ഹെൽത്ത് കമ്മീഷനെ നിയോഗിച്ചിരുന്നു. നിരവധിയായ മികച്ച ആശയങ്ങളാണ് ഹെൽത്ത് കമ്മീഷൻ മുന്നോട്ടുവച്ചത്. ഈ ആശയങ്ങൾ ബജറ്റിൽ ഇടംപിടിക്കുകയും ചെയ്തിട്ടുണ്ട്. എസ്.സി., മത്സ്യത്തൊഴിലാളി മേഖലകളിൽ ട്രൈബൽ ഹെൽത്ത് ക്ലസ്റ്ററുകൾ, പരിക്ക് ഏൽക്കുന്നവർക്ക് ചികിത്സ ഉറപ്പാക്കാനുള്ള ' ഗോൾഡൻ അവർ പ്രോജക്ട് ' എന്നിവയടക്കം നിരവധി നൂതന പദ്ധതികൾ ബജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നു. ഇവയൊക്കെ സമൂഹത്തിന് വലിയ ഗുണപരമായ മാറ്റങ്ങളാണ് ഉണ്ടാക്കാൻ പോകുന്നതെന്ന് എടുത്തുപറയുകയാണ്.

പേരുപോലും കേൾക്കാത്ത നിരവധി രോഗങ്ങളാണ് കഴിഞ്ഞ വർഷം നമ്മുടെ സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ പിടിമുറുക്കിയത്. കലണ്ടർ പ്രോഗ്രാം പോലെ പകർച്ചവ്യാധികൾ കടന്നുവരികയാണ്. ആലപ്പുഴ ജില്ലയുൾപ്പടെയുള്ള ജലജന്യ രോഗങ്ങൾ ഓടിയെത്തുന്ന പ്രദേശങ്ങളെ എടുത്തുപറയുകയാണ്. ഈ രോഗങ്ങൾ കുടുംബങ്ങളിൽ മാത്രമല്ല തലമുറയിൽത്തന്നെ സാമ്പത്തികവും മാനസികവുമായി വലിയ ആഘാതങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ചികിത്സാ ചെലവുകൾ താങ്ങാൻ സാധിക്കാത്ത കുടുംബങ്ങൾക്കും അർഹമായ വിദ്യാഭ്യാസം നേടാൻ സാധിക്കാത്തവർക്കും കൈത്താങ്ങാകും 'വൺ കേരള കരുതൽ മിഷൻ' എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഉമ്മൻ ചാണ്ടി സർക്കാർ നടപ്പിലാക്കിയ കാരുണ്യ ബനവലന്റ് ഫണ്ട്, ആശ്വാസ കിരണം അടക്കമുള്ള പദ്ധതികൾക്ക് ജീവൻ നൽകാൻ ഈ ബജറ്റ് ഉറപ്പുനൽകുകയാണ്. സംസ്ഥാനത്തെ ഒരു

മേഖലയെപ്പോലും ഈ ബജറ്റ് സ്പർശിക്കാതിരുന്നില്ല, ഭിന്നശേഷി സമൂഹത്തിനായി പൊതു ഇടങ്ങൾ ' Barrier free' ആക്കാനും അവർ വാങ്ങുന്ന വാഹനങ്ങൾക്കുള്ള മോട്ടോർവാഹന നികുതിയിളവ് പരിധി 15 ലക്ഷം രൂപയാക്കി വർധിപ്പിക്കാനും ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. അതോടൊപ്പം കാർഷിക മേഖലയെയും സർക്കാർ മറന്നിട്ടില്ല. ആദ്യ ബജറ്റിൽത്തന്നെ റബ്ബറിന്റെ താങ്ങുവില 250/- രൂപയാക്കി പ്രഖ്യാപിച്ചു. നെല്ല് സംഭരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാനും നാളികേര സംഭരണ കേന്ദ്രങ്ങൾ വർധിപ്പിക്കാനും ബജറ്റ് വിഭാവനം ചെയ്യുന്നു. സ്ത്രീകൾക്ക് കൃഷിയിൽ പ്രോത്സാഹനം നൽകുന്നതിനായുള്ള 'കൃഷി സഖി - വനിതാ കർഷക വികസന പരിപാടി' ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ത്രീശാക്തീകരണം ഈ സർക്കാരിന്റെ മുഖമുദ്രയാണ്.

അരൂർ നിയോജക മണ്ഡലത്തിലെ ചില കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇൻകം ജനറേറ്റിങ്ങായുള്ള ഒരു പ്രോജക്ടും അരൂരിൽ ഇല്ല. അനന്തമായ വികസന സാധ്യതകളുള്ള ഒരു മണ്ഡലമാണ് അരൂർ. അരൂരിനെ കൊച്ചിയുടെ സാറ്റലൈറ്റ് സിറ്റിയെന്നൊക്കെയാണ് പറയുന്നത്. എന്നാൽ കൊച്ചിയും അരൂരും താരതമ്യം ചെയ്താൽ രാവും പകലും പോലെയുള്ള വ്യത്യാസമുണ്ട്. പള്ളിപ്പുറത്ത് ഇൻഫോ പാർക്കുണ്ട്, അവിടെ ഇരുപത്തി രണ്ടോളം കമ്പനികളുണ്ട്, ഇനിയും നിരവധി കമ്പനികൾക്ക് പ്രവർത്തിക്കാനുള്ള സൗകര്യവും സ്കോപ്പുമുണ്ട്. പക്ഷേ പള്ളിപ്പുറത്തുള്ള ഇൻഫോ പാർക്ക് ഏറെ വർഷങ്ങളായി unattended ആയി കിടക്കുകയാണ്. യാത്രാസൗകര്യങ്ങളോ താമസസൗകര്യങ്ങളോ ഒന്നുമില്ലാത്തതിനാൽ കമ്പനികൾക്കൊന്നും അവിടെ വരാനുള്ള ഒരു താൽപര്യവുമില്ല. ഒരു പ്രത്യേക സമിതിയെ നിയോഗിച്ച് സ്പെഷ്യൽ ഇക്കണോമിക് സോണിന്റെ ഭാഗമായുള്ള പള്ളിപ്പുറം ഇൻഫോ പാർക്കിനെക്കുറിച്ച് പഠനം നടത്തി ഒരു മികച്ച ഐ.ടി. പാർക്ക് ആയി മാറ്റാനുള്ള നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. രണ്ടാമതായി, പള്ളിപ്പുറത്ത് സ്ഥിതിചെയ്യുന്ന മലബാർ സിമന്റ്സ് എന്ന സ്ഥാപനം ഒരു പ്രൊഡക്ഷൻ യൂണിറ്റാണ്. അതിന് ജീവനുണ്ടോയെന്ന് ചോദിച്ചാൽ ജീവനുണ്ട്, ജീവനില്ലേയെന്ന് ചോദിച്ചാൽ ജീവനില്ല. തൊഴിലാളികളുടെ ജീവിതം അതീവ ദയനീയമാണ്. വ്യവസായ വകുപ്പ് ഇടപെട്ട് മലബാർ സിമന്റ്സ് അടിയന്തരമായി പുനരുജ്ജീവിപ്പിക്കാനുള്ള നടപടിയെടുക്കണമെന്ന്

ഞാൻ അഭ്യർഥിക്കുകയാണ്. വേമ്പനാട് കായലും കൈതപ്പുഴ കായലും ചുറ്റിക്കിടക്കുന്ന പ്രകൃതി രമണീയമായ അരൂരിൽ കൊച്ചിയിലെ വാട്ടർ മെട്രോ എക്സ്റ്റൻഷൻ കൊണ്ടുവരണമെന്നത് മറ്റൊരു അഭ്യർഥനയാണ്. അതുപോലെ അരൂർ, എരമല്ലൂർ എന്നിവിടങ്ങളിൽ നിന്നും എറണാകുളത്തേക്ക് രാവിലെ ജോലിക്ക് പോകുന്നയാളുകളുടെ എണ്ണം നൂറുകണക്കിനാണെന്ന് മനസിലാക്കാൻ സാധിക്കും. എന്തുകൊണ്ട് മെട്രോ റെയിലിന്റെ സാധ്യതകൾ അരൂരിലേക്ക് എത്തിക്കുന്നതിനെക്കുറിച്ച് നമുക്ക് ചിന്തിച്ചുകൂടാ? അക്കാര്യംകൂടി പരിഗണിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

കേരളത്തിൽ സീ ഫുഡ് എക്സ്പോർട്ടിന്റെ തലസ്ഥാനമെന്ന് പറയുന്നത് അരൂരാണ്. വലിയ കമ്പനികളും ധാരാളം ചെറിയ കമ്പനികളും പീലിങ് ഷെഡ്ഡുകളും ആയിരക്കണക്കിന് പീലിങ് തൊഴിലാളികളും ഇവിടെയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അരൂരിനെ സീ ഫുഡ് എക്സ്പോർട്ട് ഹബ്ബായി പ്രഖ്യാപിക്കണമെന്നത് ദീർഘകാലമായുള്ള ഒരാവശ്യമാണ്. ഈ സർക്കാർ അതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. അരൂർ നിയോജകമണ്ഡലത്തിൽ ധാരാളം ദ്വീപുകളും തുരുത്തുകളുമുണ്ടെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. കണ്ടൽക്കാടുകൾ, ചെറുതോടുകൾ, കായലുകൾ, കടൽ എല്ലാമുണ്ട്. പെരുമ്പളം, കാക്കത്തുരുത്ത്, കുട്ടഞ്ചാൽ എന്നിങ്ങനെയുള്ള ദ്വീപുകളുമുണ്ട്. ഇവിടത്തെ ജൈവവൈവിധ്യങ്ങൾ വളരെ ശ്രദ്ധേയമാണ്. കാക്കത്തുരുത്ത് എന്ന ദ്വീപിലേക്ക് ഒരു വഞ്ചിയിൽ മാത്രമേ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. വിദേശികളടക്കമുള്ള ടൂറിസ്റ്റുകൾ സൂര്യാസ്തമയം കാണാൻ അവിടെ എത്തിച്ചേരാറുണ്ട്. ഈ മേഖലയൊക്കെ കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു ഇക്കോ ടൂറിസം പ്രോജക്ട് നടപ്പിലാക്കണമെന്ന് അഭ്യർഥിക്കുകയാണ്. ജനജീവിതം മെച്ചപ്പെടുകയും ധാരാളം തൊഴിൽ സാധ്യതകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും.

ബഹുമാനപ്പെട്ട ചേർത്തല അംഗം ഇവിടെയുണ്ട്. അരൂർ-ചേർത്തല നിയോജകമണ്ഡലങ്ങളുടെ അതിർത്തിയിലാണ് പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറി സ്ഥിതി ചെയ്യുന്നത്. ഇക്കഴിഞ്ഞ ദിവസം മിൽമ കാലിത്തീറ്റ ഫാക്ടറിയിലെ സംയുക്ത ട്രേഡ് യൂണിയന്റെ അഭ്യർഥനപ്രകാരം ഞാൻ ആ ഫാക്ടറി സന്ദർശിച്ചിരുന്നു. അവിടെ 115

തൊഴിലാളികളുണ്ട്. 360 മെട്രിക് ടൺ കാലിത്തീറ്റ ഉൽപാദിപ്പിച്ചിരുന്നിടത്ത് നിലവിൽ 100 മെട്രിക് ടൺ ഉൽപാദനം മാത്രമാണുള്ളത്. മലബാർ മേഖലയ്ക്ക് കൊടുക്കുന്ന ഒരു പ്രാധാന്യവും ഈ കാലിത്തീറ്റ ഫാക്ടറിക്ക് കിട്ടുന്നില്ല. മിൽമയുടെ ഗോമതി ഗോൾഡിന് വിപണി കണ്ടെത്താനുള്ള അടിയന്തരനടപടി സ്വീകരിക്കുന്നതോടൊപ്പം ഫാക്ടറിയുടെ പ്രതിസന്ധികൾ പരിഹരിക്കാനുള്ള നടപടികൂടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. അരൂർ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങളാണ് പറയുന്നത്. കേരളം കുറേ നാളുകളായി സ്വപ്നം കാണുന്നതാണ് എയിംസ്. യഥാർഥത്തിൽ അരൂർ നിയോജകമണ്ഡലത്തിൽ ഇതിന് വേണ്ടത്ര സ്ഥലമുണ്ട്. അരൂർ നിയേജകമണ്ഡലത്തിലെ പള്ളിപ്പുറത്ത് ഇപ്പോൾ തന്നെ സർക്കാർ വക 14 ഏക്കർ സ്ഥലം വെറുതെ കിടക്കുകയാണ്. അവിടെ പഴയ മണൽ ഇഷ്ടിക ഫാക്ടറി പ്രവർത്തിച്ചിരുന്നതാണ്. അതിനുസമീപം വ്യവസായ പാർക്കിനോട് ചേർന്ന് പൊതുജന എതിർപ്പില്ലാതെ വേണ്ടത്ര സ്ഥലം ഏറ്റെടുക്കാനും കഴിയും. ആയതിനാൽ എയിംസ് സ്ഥാപിക്കാൻ പള്ളിപ്പുറം പഞ്ചായത്തിലെ ചൂണ്ടിക്കാണിക്കപ്പെട്ട സ്ഥലം നിർദേശിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

ഈ സഭയിലെ ദീർഘകാലം എം.എൽ.എ.-യും മന്ത്രിയും അതിനുമപ്പുറം കേരള ചരിത്രത്തിലെ തന്നെ വിപ്ലവനായികയുമായിട്ടുള്ള ഗൗരിയമ്മക്ക് ഉചിതമായ ഒരു സ്മാരകം അരൂരിൽ നിർമ്മിക്കുന്നതിന് ബജറ്റിൽ പ്രൊവിഷൻ നൽകിയിട്ടുണ്ട്. ദേശീയതലത്തിൽ ശ്രദ്ധയാകർഷിക്കുന്ന ഒരു പഠന ഗവേഷണ കേന്ദ്രം പോലെയുള്ള ഒരു ഗൗരിയമ്മ സ്മാരകത്തിന് സർക്കാർ പ്രത്യേക ശ്രദ്ധവയ്ക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഒരുപക്ഷേ ബസ് സ്റ്റാൻഡ് ഇല്ലാത്ത ഏക നിയോജകമണ്ഡലം അരൂർ ആയിരിക്കും. ഒരു ബസ് സ്റ്റാൻഡുകൂടി തരുന്നതിനുവേണ്ടിയുള്ള അഭ്യർഥന ഞാൻ വയ്ക്കുകയാണ്. ഞാൻ അധികം സംസാരിക്കുന്നില്ല. എന്നെ ഈ സഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുത്തതിൽ ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ഈ സഭ അർപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വവും വിശ്വാസവും പരിപൂർണ്ണമായി നിർവഹിക്കാൻ ഞാൻ പരിശ്രമിക്കുമെന്നുള്ള ഉറപ്പ് ഇവിടെ നൽകുകയാണ്.

ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ശ്രദ്ധയിലേക്ക് ഒരു പ്രത്യേക കാര്യം കൊണ്ടുവരികയാണ്. കീഴ്വഴക്കങ്ങളുടെ ഭാഗമായി ഡെപ്യൂട്ടി സ്പീക്കർക്ക് സബ്മിഷനോ

ശ്രദ്ധ ക്ഷണിക്കലോ സഭയിൽ അവതരിപ്പിക്കാൻ അനുവദിക്കുന്നില്ല. എന്നാൽ, ഈ ബജറ്റ് ചർച്ചാവേളയിൽ ചർച്ച പൈലറ്റ് ചെയ്യാനുള്ള അവസരം ഡെപ്യൂട്ടി സ്പീക്കർക്കുണ്ട്. ഇനി വരാൻ പോകുന്ന ഡെപ്യൂട്ടി സ്പീക്കർമാർക്കടക്കം ഒരു നല്ല കാലം ഉണ്ടാകട്ടെ എന്നുകൂടി കരുതിയാണ് ഞാൻ ഇക്കാര്യം ഇവിടെ സൂചിപ്പിക്കുന്നത്.

മി. സ്പീക്കർ: അക്കാര്യം ഗൗരവമായി ആലോചിച്ച് പരിശോധിക്കാവുന്നതാണ്.

മാഡം ഡെപ്യൂട്ടി സ്പീക്കർ: സഭയുടെ കീഴ്‍വഴക്കങ്ങളും പാരമ്പര്യവുമെല്ലാം പരിപൂർണ്ണമായി ബഹുമാനിച്ചുകൊണ്ട് അങ്ങയെപ്പോലൊരാൾ സഭാധ്യക്ഷനായി ഇരിക്കുമ്പോഴാണ് ഇത് പറയാൻ കഴിയുന്നത്. കാരണം, അങ്ങ് അംഗങ്ങളുടെ അവകാശത്തെ സംബന്ധിച്ച് സംസാരിക്കുന്ന വ്യക്തിയാണ്. ജനകീയനും നിയമജ്ഞാനിയുമായിട്ടുള്ള അങ്ങ് സഭാധ്യക്ഷനായി ഇരിക്കുമ്പോൾ ഈ വിഷയത്തിന് പരിഹാരമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. സകല മേഖലയെയും തൊട്ടുണർത്തിക്കൊണ്ട് ഇത്രയും മികച്ചൊരു ബജറ്റ് അവതരിപ്പിച്ച, ധനകാര്യ വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് ഈ ബജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാന്യയായ ഡെപ്യൂട്ടി സ്പീക്കർ വളരെ പ്രധാനപ്പെട്ടതും ന്യായവുമായ ഒരു നിർദ്ദേശമാണ് മുന്നോട്ടുവച്ചത്. അതായത് ഡെപ്യൂട്ടി സ്പീക്കർക്ക് അവരുടെ നിയോജകമണ്ഡലത്തെപ്പറ്റിയോ പൊതുവായ ഒരു കാര്യത്തെപറ്റിയോ സബ്മിഷൻ ഉന്നയിക്കാൻ പാടില്ല, ശ്രദ്ധക്ഷണിക്കൽ പാടില്ല എന്ന് റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ എവിടെയും പറയുന്നില്ല. അതൊരു കൺവെൻഷനാണ്. ബഹു. ഡെപ്യൂട്ടി സ്പീക്കർ അവിടെവന്ന് പ്രതിപക്ഷ നേതാവിന്റെ അടുത്തിരിക്കണം. എന്റെ കൂടെയുണ്ടായിരുന്ന ഒരു ഡെപ്യൂട്ടി സ്പീക്കർ, അദ്ദേഹവും ഇതേ പ്രശ്നം തന്നെ എപ്പോഴും ഉന്നയിക്കുമായിരുന്നു. ഇതൊരു ന്യായമായ കാര്യമാണ്. ചില കൺവെൻഷൻസ് നമുക്ക് മാറ്റാനുള്ളതാണ്. എല്ലാ എം.എൽ.എ.-മാരും ഓരോ നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്തുകൊണ്ടാണ് വരുന്നത്. ആ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കും ഒരുപാട് ആഗ്രഹങ്ങളുണ്ട്. നമ്മുടെ ജനപ്രതിനിധി വന്ന് അവരുടെ ആവശ്യം നിയമസഭയിൽ

ഉന്നയിക്കുക എന്ന്. അങ്ങയെപ്പോലെ പരിണിതപ്രജ്ഞനായ ഒരു സ്പീക്കർ ബഹുമാന്യയായ ഡെപ്യൂട്ടി സ്പീക്കർ മുന്നോട്ടുവച്ച ഈ ആവശ്യം പരിഗണിക്കണം. ഈ സഭയുടെ പൂർണ്ണമായ പിന്തുണ അക്കാര്യത്തിൽ ഉണ്ടാകുമെന്നാണ് കരുതുന്നത്. അതുകൂടി നൽകിക്കൊണ്ട് ഒരു തീരുമാനമെടുക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

മി. സ്പീക്കർ: ബഹു. മുഖ്യമന്ത്രികൂടി അഭിപ്രായപ്പെട്ട സാഹചര്യത്തിൽ സഭയുടെ പൊതുവായ അഭിപ്രായപ്രകടനമാണെന്ന ധാരണയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഉന്നയിച്ച ആവശ്യം അനുഭാവപൂർവം പരിഗണിക്കുമെന്ന് ഉറപ്പുനൽകുന്നു.

ശ്രീ. മാത്യു കുഴൽനാടൻ: സർ, കേരളത്തിന് നൽകുന്നൊരു ബജറ്റാണ് ഇവിടെ അവതരിക്കപ്പെട്ടത്. തീർച്ചയായും പുതുയുഗ കേരളം എന്ന ആശയത്തിൽ നിന്നുകൊണ്ടാണ് ഇവിടെ അവതരിപ്പിച്ച ബജറ്റിനെക്കുറിച്ച് ഞാൻ മുമ്പൊരിക്കൽ ഈ സഭയിൽ പറഞ്ഞ വാചകം ആവർത്തിക്കുകയാണ്. ബരാക് ഒബാമ ബജറ്റിനെക്കുറിച്ച് പറഞ്ഞ ഒരു വാചകമാണത്, ‘ A budget is more than just a series of numbers on a page; it is an embodiment of our values’ . ഞാൻ ഏറെ ആകാംക്ഷയോടെ നോക്കിക്കണ്ടിരുന്ന, ധനകാര്യ വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ആദ്യത്തെ ബജറ്റാണ്. കന്നി ബജറ്റിൽ ആരും എടുക്കാത്തൊരു റിസ്ക് അല്ലെങ്കിൽ കേൾക്കാനാഗ്രഹിക്കാത്ത ഒരു കാര്യം അദ്ദേഹം ചെയ്തു. അദ്ദേഹത്തിന് മുൻപുണ്ടായിരുന്ന ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഒരു ബജറ്റിലെ പ്ലാൻ സൈസ് വെട്ടിക്കുറയ്ക്കാൻ തീരുമാനിക്കുകയെന്നത് എപ്പോഴും 'നിങ്ങൾക്ക് അദ്ദേഹം ചെയ്തപോലെ അത്രയും പ്ലാൻ കൊണ്ടുവരാൻ കഴിഞ്ഞില്ല' എന്നൊക്കെയുള്ള നെഗറ്റീവ് ക്രിട്ടിസിസം വരാവുന്ന കാര്യമാണ്. അയ്യായിരം കോടി രൂപയുടെ പ്ലാൻ വെട്ടിക്കുറച്ചുകൊണ്ടാണ് അദ്ദേഹം ബജറ്റ് അവതരിപ്പിച്ചത്. But that shows some sort of integrity. എന്നെ അത്ഭുതപ്പെടുത്തിയ കാര്യം, തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. തോറ്റ് പുതിയ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഖജനാവിൽ 4,000 കോടി രൂപ ബാക്കിവച്ചിട്ടാണ് മുൻ സർക്കാർ അധികാരത്തിൽ നിന്നിറങ്ങുന്നതെന്ന് കേരളത്തിന്റെ പൊതുസമൂഹത്തോട് നിങ്ങൾ പറയുകയാണ്. പല കണക്കുകളാണ് പുറത്തുവന്നത്. ഒരു പത്രത്തിൽ 4000 കോടി

രൂപയെന്ന് കണ്ടു പിന്നീടത് 6000 കോടി രൂപയെന്ന് പറയുകയുണ്ടായി. കേരള ജനതയോട് ഇങ്ങനെ പറയുന്നതിൽ എന്ത് ആത്മാർഥതയാണുള്ളത്. ജനങ്ങളെല്ലാം വിഡ്ഢികളാണെന്നാണോ നിങ്ങൾ കരുതുന്നത്. ഒരുപക്ഷേ നിങ്ങൾ നിങ്ങളുടെ പാർട്ടിക്കാരോടൊക്കെ വസ്തുത പറഞ്ഞ് മനസ്സിലാക്കിയിട്ടുണ്ടാവും. 6,000 കോടി രൂപ ബാക്കിവച്ചാണ് ഞങ്ങൾ അധികാരത്തിൽ നിന്നിറങ്ങുന്നതെന്ന് ആധികാരികമായി എൽ.ഡി.എഫ്.-നെ നയിക്കുന്ന ഉത്തരവാദിത്തപ്പെട്ട നേതാക്കന്മാർ കേരളത്തിലെ ജനങ്ങളോട് പറയുകയാണ്. What is the real picture? യഥാർഥ ചിത്രം എന്തായിരുന്നുവെന്ന് വച്ചാൽ സംസ്ഥാനത്തിന് 5.07 ലക്ഷം കോടി രൂപയുടെ കടം വരുത്തിവച്ചിട്ടാണ് ഇറങ്ങിപ്പോകുന്നത്. രണ്ടാമതായി, the immediate liabilities, അതായത് ഏറ്റവും അടിയന്തരമായി കൊടുത്തുതീർക്കേണ്ടത് 87,012 കോടി രൂപയാണ്. ഡി.എ. അരിയർ - 21,670 കോടിരൂപ, പെൻഷൻകാരുടെ ഡി.ആർ. അരിയർ - 14,387 കോടി രൂപ, ബാങ്ക് & കോൺട്രാക്ടേഴ്സ് ബിൽ ഡിസ്കൗണ്ടിങ് സിസ്റ്റം (BDS) - 3,431 കോടി രൂപ, Deferred obligations - 9,245 കോടി രൂപ, കിഫ്ബിയുടെ റീപേമെന്റ് - 21,000 കോടി രൂപ, പെൻഷൻ ബോർഡ് - 17,000 കോടി രൂപ എന്നിങ്ങനെ മൊത്തം 87,012 കോടി രൂപ അടിയന്തരമായി കൊടുത്തുതീർക്കേണ്ടതുണ്ട്. എന്നിട്ട് ഒരു മടിയുമില്ലാതെ ഖജനാവിൽ 6000 കോടി രൂപയോളം ബാക്കിവച്ചിരിക്കുകയാണ്കേരളത്തിലെ ജനങ്ങളോട് പറയുകയാണ്. എൽ.ഡി.എഫ്. സർക്കാരിന് ഇക്കാലമത്രയും കേരളത്തോടുള്ള സമീപനം ഇതായിരുന്നു. ഈയൊരു ധനസ്ഥിതിയിൽ നിന്നാണ് യു.ഡി.എഫ്. സർക്കാർ ഭരണനിർഹണം നടത്തേണ്ടത്. ഈയൊരു റിയാലിറ്റി ജനങ്ങളോട് പറയാതിരുന്നിട്ട് കാര്യമില്ല. ഇതിന്റെ സ്ഥിതി പരിശോധിച്ചാൽ മുൻ ധനകാര്യ വകുപ്പുമന്ത്രി 35,750 കോടി രൂപയുടെ ബജറ്റ് പ്രൊജക്ഷൻ ഇതിനുമുൻപ് വച്ചത്. ഒരു സംസ്ഥാനത്തിന്റെ കണക്കപിള്ളയെ പോലെയാണ് ധനകാര്യ വകുപ്പുമന്ത്രി എന്നുപറയുന്നത്. കണക്കപിള്ള കള്ളം പറയാൻ തുടങ്ങിയാൽ നമ്മൾ എവിടെയും എത്തുകയില്ല. എന്നെ അത്ഭുതപ്പെടുത്തിയ ഒരു കാര്യം, കേന്ദ്ര സർക്കാരിൽനിന്ന് ഇരുപതിനായിരം കോടി രൂപയോളം ധനസഹായം ലഭിക്കുമെന്ന് കഴിഞ്ഞ തവണ ബജറ്റിൽ അദ്ദേഹം കണക്ക് കൂട്ടിയത് എങ്ങനെയെന്ന്

അറിയാമോ; അതായത്, ജി.എസ്.ടി. കോമ്പൻസേഷൻ അഞ്ച് വർഷത്തേയ്ക്കുണ്ടായിരുന്നു. ബഹു. മുഖ്യമന്ത്രി ഇത് ലളിതമായി പറഞ്ഞ് മനസ്സിലാക്കിയതു പോലെയാണെങ്കിൽ ഒരു കടക്കാരൻ കട നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ മുമ്പിൽ വെയിറ്റിങ് ഷെഡ് വച്ചപ്പോൾ അത് അവന്റെ കടയിലെ കച്ചവടത്തെ ബാധിച്ചു. അപ്പോൾ അവനോട് പറഞ്ഞു, നിന്റെ കടയൊക്കെ മാറ്റി, കച്ചവടം മെച്ചപ്പെട്ടുവരുന്ന അടുത്ത അഞ്ചുവർഷത്തേക്ക് നിനക്ക് ഓരോ വർഷവും 10,000 രൂപ വരുമാനം വരുന്നിടത്ത് നിനക്ക് 50,000 രൂപ വീതം നൽകും. എല്ലാവർഷവും ആ കടക്കാരന് വരുമാനം 10,000 രൂപ വച്ച് ലഭിക്കുന്നുണ്ട്. അഞ്ച് വർഷവും ആ കടക്കാരന് പതിനായിരത്തിൽ കൂടുതൽ രൂപ ലഭിക്കാൻ തുടങ്ങി. യഥാർത്ഥത്തിൽ കടക്കാരന് 50,000 രൂപയിൽ കൂടുതൽ ലഭിച്ചു. അഞ്ചാമത്തെ വർഷം കഴിഞ്ഞ് ആറാമത്തെ വർഷം കടന്നപ്പോൾ എന്റെ വരുമാനത്തിൽ പതിനായിരം രൂപയിൽ കൂടുതൽ കിട്ടുമെന്ന് ഈ കടക്കാരൻ പറഞ്ഞതുപോലെയാണ് സെൻട്രൽ കോമ്പൻസേഷനും, ജി.എസ്.ടി. കോമ്പൻസേഷനും അതേപടി അടുത്ത വർഷം ലഭിക്കുമെന്ന് പറഞ്ഞ് അദ്ദേഹം പ്രൊജക്റ്റ് ചെയ്തത്. ഇതൊരു ബേസിക്കാണ്. ഇതൊക്കെ എന്തിനാണ് മാറ്റി പറയുന്നത്? റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ലഭിക്കുമെന്ന് പറഞ്ഞ് 35,000 രൂപയുടെ ഒരു പ്ലാൻ അവതരിപ്പിച്ചു. ഇത് നമുക്ക് എവിടെയും എത്തിക്കാൻ സാധിക്കില്ല. കഴിഞ്ഞ അഞ്ച് വർഷത്തെ നിങ്ങളുടെ budget projections-ൽ റിവൈസ്ഡും ആകച്ച്വൽസും പുസ്തകത്തിൽ വരില്ലേ; അന്നേരം ഇതുപോലെ ചർച്ചയില്ലെന്നല്ലേയുള്ളൂ. ബജറ്റ് അവതരിപ്പിക്കുന്ന സമയത്ത് മാത്രമേ ഈ ചർച്ചയുള്ളൂ. നിങ്ങൾ ഈ ബജറ്റിനെക്കുറിച്ച് പറയുമ്പോൾ കഴിഞ്ഞ ബജറ്റിൽ നിങ്ങൾക്ക് യഥാർത്ഥത്തിൽ അച്ചീവ് ചെയ്യാൻ കഴിഞ്ഞ കാര്യങ്ങളെക്കുറിച്ച് പറയണം. എന്നാൽ മാത്രമേ നമുക്ക് ഇക്കാര്യത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സാധിക്കൂ. നമ്മുടെ കേരളത്തിന്റെ പൊതു ചിത്രമെന്തെന്നുവച്ചാൽ റവന്യൂ റെസിപ്റ്റ്സിൽ നിന്നുള്ള മൊത്തം വരുമാനത്തിന്റെ 72 ശതമാനവും കമ്മിറ്റഡ് എക്സ്പെൻഡിച്ചറാണ്. ആ കമ്മിറ്റഡ് എക്സ്പെൻഡിച്ചർ കഴിഞ്ഞ് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ ഔട്ട്ലെ എന്നുപറഞ്ഞ് സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ചെലവാക്കുന്ന പണം മൊത്ത വരുമാനത്തിന്റെ അതായത് ഒരു സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി. (ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്റ്റ്)-യുടെ കേവലം

1.2 ശതമാനമാണ്. ഇന്ത്യയിൽത്തന്നെ ഏറ്റവും താഴെ നിൽക്കുന്നൊരു അവസ്ഥയാണിത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ ശരാശരി ആവറേജ് 3 ശതമാനത്തിന് മുകളിലായിരിക്കുമ്പോൾ 1.2 ആണ് നമ്മുടെ ക്യാപിറ്റൽ എക്സ്പെൻഡിച്ചർ. നമുക്ക് ഇവിടെ നിന്നുവേണം ഓരോന്നായി നേടിയെടുക്കേണ്ടത്. നിങ്ങളുടെ ടാക്സ് മാനേജ്മെന്റ് പരിശോധിച്ചാൽ നാഷണൽ ആവറേജിനെക്കാളും താഴെയാണെന്ന് മനസ്സിലാകും. ജി.എസ്.ഡി.പി. -തുകയുടെ 6.4 ശതമാനം മാത്രമാണ് ടാക്സ് കളക്ഷനായി വരുന്നത്. എന്നാൽ ഛത്തീസ്ഗഡിലും തെലുങ്കാനയിലുമൊക്കെ അത് എട്ട് ശതമാനമാണ്. We are far below; അത് എന്തുകൊണ്ടാണെന്നാൽ അത് ടാക്സ് അഡ്മിനിസ്ട്രേഷന്റെ പ്രശ്നമാണ്. സ്വാഭാവികമായി മിസ് മാനേജ്മെന്റിന്റെ കാര്യങ്ങളും ടാക്സ് കളക്ഷന്റെ പ്രശ്നവുണ്ടായിരുന്നതിനാൽ നമുക്ക് കിട്ടാനുള്ള പണം തിരിച്ചെടുക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. ഞാൻ അങ്ങയെ അപ്രീഷിയേറ്റ് ചെയ്യാനുള്ള മറ്റൊരു കാര്യം, ഇത്രയും പ്രയാസങ്ങൾക്കിടയിലും തിരഞ്ഞെടുപ്പിൽ ജനങ്ങളോട് പറഞ്ഞ വാഗ്ദാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യ ക്യാബിനറ്റിൽ ഇന്ദിര ഗ്യാരന്റി നടപ്പിലാക്കാൻ തീരുമാനിച്ചതിലൂടെ സ്ത്രീകൾ ഇന്ന് ഈ സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി.-യിൽ സൗജന്യയാത്ര ചെയ്യുകയാണ്. ഇത് വെറും വാക്ക് പറയുന്നതല്ല. അതിന് തൊട്ടുപിന്നാലെയാണ്, ഇന്ന് കേരളത്തിൽ ഏറ്റവുമധികം പ്രതിസന്ധി അഭിമുഖീകരിക്കുന്ന ആരോഗ്യമേഖലയിലെ ചികിത്സാച്ചെലവിനായി 25 ലക്ഷം രൂപയുടെ ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് സ്കീം പരിചയപ്പെടുത്തുന്നതിനുള്ള പ്രിലിമിനറി സ്റ്റെപ് മുന്നോട്ടുവച്ചത്. പ്രതിപക്ഷത്തിരിക്കുന്നവർ ആരും ഭരണത്തിൽ ഇരിക്കാത്തവർ അല്ലല്ലോ; അദ്ദേഹം 10 കോടി ഇയർ മാർക്ക് ചെയ്തു 25 ലക്ഷം രൂപ കേരളത്തിലെ മുഴുവൻ ആരോഗ്യവും നടപ്പിലാക്കാൻവേണ്ടിയാണെന്ന് പറഞ്ഞോ; that is just start Initiation; അങ്കണവാടി ടീച്ചർമാരുടെയും ആശാവർക്കർമാരുടെയും പാചക തൊഴിലാളികളുടെയും അടിസ്ഥാനവർഗക്കാർ എന്നുപറയുന്ന സർക്കാരിന്റെ ഏറ്റവും താഴെത്തട്ടിൽ നിൽക്കുന്നവരുടെയെല്ലാം ശമ്പളത്തിൽ വർധനവ് വരുത്തിയതാണ് എനിക്ക് ഏറ്റവും പ്രതീക്ഷ തോന്നിയൊരു കാര്യം. ആ കൂട്ടത്തിൽ എനിക്കൊരു കാര്യം കൂട്ടിചേർക്കാനുള്ളത്,

cutting across the partylines, പഞ്ചായത്ത് മെമ്പർമാർ വളരെ കമ്മിറ്റഡായി താഴെത്തട്ടിൽ ജോലി ചെയ്യുന്നവരാണ്. അവരുടെ കാര്യംകൂടി പരിഗണിക്കാൻ കഴിയുമെങ്കിൽ അത് വളരെ നല്ലൊരു കാര്യമാണ്. കാരണം, ഏറ്റവും താഴെത്തട്ടിൽനിന്നുള്ള എല്ലാ പ്രശ്നങ്ങളിലും ഇടപെട്ട് സർക്കാരിന്റെ ചാലകശക്തിയായി പ്രവർത്തിക്കുന്നവരാണ് ഇക്കാലത്തെ പഞ്ചായത്ത് മെമ്പർമാർ. അവരുടെ ഭാഗത്തുനിന്ന് റിക്വസ്റ്റ് വന്നിട്ടുണ്ട്. മറ്റൊരു കാര്യം അങ്ങയോട് റിക്വസ്റ്റ് ചെയ്യുന്നത്, കഴിഞ്ഞ കാലങ്ങളിലെല്ലാം കാൻസർ രോഗികൾക്ക് 1000 രൂപ കൊടുത്തിരുന്നൊരു പദ്ധതി എൽ.ഡി.എഫ്. സർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കാൻസർ രോഗിയായ ഒരാൾ ഇക്കാര്യം ബഹുമാന്യനായ മുഖ്യമന്ത്രിയോട് പറയണമെന്ന് എന്നോട് പറഞ്ഞയച്ച കാര്യമാണ്. ഇക്കാര്യം ഞാൻ നിയമസഭയിൽ സൂചിപ്പിക്കുമെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. കാൻസർ രോഗികൾക്ക് കൊടുത്തിരുന്ന 1000 രൂപ ധനസഹായവും ഇപ്പോൾ കുടിശ്ശികയാണ്. എത്ര ബുദ്ധിമുട്ട് സഹിച്ചാണെങ്കിലും അവർക്ക് നൽകിയിരുന്ന 1000 രൂപ മുടക്കംകൂടാതെ കൊടുക്കുന്ന കാര്യം പരിഗണിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

രണ്ടാമതായി ഈ സംസ്ഥാനത്ത് ജില്ലകളെയും താലൂക്കുകളെയും പുതുതായി കൊണ്ടുവരാൻ ശ്രമിക്കുന്നുവെന്നുള്ളത് മൂവാറ്റുപുഴയെ സംബന്ധിച്ച് ഏറ്റവും പ്രതീക്ഷ നൽകുന്നൊരു കാര്യമാണെന്ന് എനിക്ക് തോന്നുന്നു. കാരണം, ആദ്യ കാലം മുതൽ അടുത്തൊരു ജില്ല ഇനി കേരളത്തിലുണ്ടെങ്കിൽ അത് മൂവാറ്റുപുഴ ജില്ലായാണെന്നുള്ള ഒരു പൊതു അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. കെ. കരുണാകരന്റെ കാലത്ത് അതിനെക്കുറിച്ചൊരു സ്റ്റഡി നടത്തിയിരുന്നു. സമയം കുറവുള്ളതിനാൽ അതിലേക്കൊന്നും കടക്കുന്നില്ല. ഇത്രയൊക്കെ പറഞ്ഞ നിലയ്ക്ക് ഇനി കുറച്ച് രാഷ്ട്രീയം സൂചിപ്പിക്കാതെ ഇരിക്കാൻ കഴിയില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഞാൻ പ്രതിപക്ഷത്തുനിന്ന് പ്രസംഗിക്കുന്ന സമയത്ത് ഇവിടെ ഉന്നയിച്ച ചില കാര്യങ്ങളോട് ഇന്നത്തെ പ്രതിപക്ഷനേതാവായ അന്നത്തെ മുഖ്യമന്ത്രി പറഞ്ഞൊരു വാചകം നിങ്ങൾക്കെല്ലാവർക്കും ഓർമ്മയുണ്ടാകുമെന്ന് ഞാൻ കരുതുന്നു. അന്ന് ഈ സഭയിലുണ്ടായിരുന്ന പല അംഗങ്ങൾക്കും അതറിയാം. അദ്ദേഹം എന്നെ ചൂണ്ടിക്കാണിച്ച് പറഞ്ഞത് താങ്കൾ പറയുന്നത് പച്ചക്കള്ളമാണെന്നാണ്. ഞാനത്

കറക്ട് ചെയ്യാനായൊരവസരം ചോദിച്ചപ്പോൾ അസംബന്ധം പറഞ്ഞിട്ട് വീണ്ടും അസംബന്ധം ആവർത്തിക്കാനാണോയെന്ന് അദ്ദേഹം എന്നോട് ചോദിച്ചു? എന്നാൽ ഇന്ന് നടന്നുക്കൊണ്ടിരിക്കുന്ന കാര്യങ്ങൾ കാണുമ്പോൾ ആരാണ് പച്ചക്കള്ളം പറഞ്ഞതെന്നും അസംബന്ധം പറഞ്ഞതെന്നും നമുക്ക് മനസ്സിലാകുന്നില്ലേ; കൈകൾ ശുദ്ധമാണെന്ന് പതിനാല് വട്ടം നിയമസഭയെ നോക്കി പറഞ്ഞ ആളുകൾ; ഞാൻ പറഞ്ഞതാണ് തെറ്റ്, മടിയിൽ കനമില്ല, പച്ചക്കള്ളമാണ് എന്നൊക്കെ ആവർത്തിച്ച് പറഞ്ഞവർ; ഇന്ന് ഞാൻ അതിനെക്കുറിച്ച് കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല. സ്വഭാവികമാണ്. മേൽസൂചിപ്പിച്ചകാര്യം പറയാതെ മുന്നോട്ടുപോകാൻ സാധിക്കില്ല അതുകൊണ്ടാണ് സൂചിപ്പിച്ചത്. കഴിഞ്ഞ നാളുകളിൽ ഈ സർക്കാർ വന്നതിനുശേഷം രണ്ട് ആരോപണങ്ങളാണ്/രണ്ട് വിമർശനങ്ങളാണ് പ്രതിപക്ഷ നിരയിൽ നിന്ന് ഉയർത്തിക്കാട്ടിയത്. അതിൽ എന്നെ അത്ഭുതപ്പെടുത്തിയ കാര്യം, അതിലൊന്ന് ലീഡ് ചെയ്തത് മുൻ മുഖ്യമന്ത്രിയും ഇപ്പോഴത്തെ പ്രതിപക്ഷ നേതാവുമായ സഖാവ് പിണറായി വിജയനാണ്. അദ്ദേഹം പറഞ്ഞ കാര്യം വളരെ ലളിതമായി പറഞ്ഞാൽ പി.എം.ശ്രീ.-പദ്ധതിയിൽ യു.ഡി.എഫ്-ന്റെ നിലപാടിനെ വിമർശിച്ചുകൊണ്ട് അതിനെതിരെ സമരം ചെയ്യുമെന്നാണ്. കേരളത്തിലെ ജനങ്ങളോട് നിങ്ങൾക്ക് എങ്ങനെയാണ് ഇത്തരം വിഷയങ്ങൾ പറയാൻ കഴിയുക? കാരണം, ആർ.എസ്.എസ്.-ന്റെ പ്രഖ്യാപിതമായ അജണ്ടയാണിതെന്ന് നമുക്കറിയാം. ഈ രാജ്യത്തെ ഒരു മതരാഷ്ട്രമാക്കി മാറ്റണമെങ്കിൽ അടിസ്ഥാനപരമായി catch the young എന്ന് പറയുന്നതുപോലെ മനസ്സ് ഉറയ്ക്കുന്നതിനുമുമ്പ്/മസ്തിഷകം ഉറയ്ക്കുന്നതിനുമുമ്പ് കുട്ടികളിലേക്ക് മതചിന്ത കടത്തിവിട്ട് അവരെ നമുക്ക് ഒരുകാലത്തും തിരിച്ചുകൊണ്ടുവരാൻ കഴിയാത്ത രീതിയിലേക്ക് ഈ രാജ്യത്തെ മാറ്റാൻ ആഗ്രഹിക്കുന്ന ആർ.എസ്.എസ്.-ന്റെ പെറ്റ് പ്രോജക്ട് ആയിരുന്നു പി.എം. ശ്രീ. എന്നുപറയുന്നത്. ഈ വിഷയം നിങ്ങൾ ഇരുന്ന ക്യാബിനറ്റിൽ വന്നപ്പോൾ സഹപ്രവർത്തകർപോലും ചൂണ്ടിക്കാണിച്ചതല്ലേ; ഇത് ചെയ്യരുത്; ഇത് അപകടമാണ്; ഇത് അബദ്ധമാണ്; ഇത് ഈ സംസ്ഥാനത്തിന്റെ മതേതരസ്വഭാവം തകർക്കുമെന്നും പറഞ്ഞു. ഒന്നുരണ്ടുവട്ടം മാറ്റിവച്ചു. മൂന്നാമത്തെ വട്ടം മാറ്റിവച്ചു. ...(ബഹളം)... ഇത് ശ്രദ്ധാപൂർവ്വം

കേൾക്കൂ.... ഞാൻ വഴങ്ങാം. എന്നിട്ട് ഇരുചെവി അറിയാതെ ഇരുട്ടിന്റെ മറവിൽ ആർ.എസ്.എസ്.-ന്റെ താൽപര്യങ്ങൾക്കുവഴങ്ങി പി.എം.ശ്രീ.-കേരളത്തിൽ നടപ്പിലാക്കാൻ ഒപ്പിട്ട അന്നത്തെ മുഖ്യമന്ത്രി ഇന്നത്തെ ബഹു. പ്രതിപക്ഷ നേതാവ് പി.എം.ശ്രീ. നടപ്പിലാക്കരുതെന്ന് ഞങ്ങളെ ചൂണ്ടിപറയുകയാണ്. നിങ്ങൾ ഒരു വിരൽ ഞങ്ങളുടെ നേരെ ചൂണ്ടുമ്പോൾ പി.എം.ശ്രീ.-യുടെ കാര്യത്തിൽ നാല് വിരലുകളും നിങ്ങൾക്കുനേരെ നിൽക്കുകയാണ്. അത് നിങ്ങൾ ഓർക്കണം. ......(ബഹളം......) ഞാൻ പറയുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെക്കുറിച്ച്/സി.പി.ഐ (എം.)-നെക്കുറിച്ച് .......... (ബഹളം)...... നിങ്ങൾക്കും പറയാനുള്ള അവസരമുണ്ടല്ലോ; ഈ കേരളത്തിലേക്ക് ആദ്യമായി ആർ.എസ്.എസ്. അജണ്ട കൊണ്ടുവന്നത് ആരാണ്? ഇരുട്ടത്ത് പോയി പി.എം.ശ്രീ. ഒപ്പിട്ടത് കോൺഗ്രസാണോ? ഇരുട്ടത്ത് പോയി ആരുമറിയാതെ, അന്ന് കൂടെയിരുന്ന മന്ത്രിമാർപോലും അറിയാതെ, മന്ത്രിസഭ അറിയാതെ ....(ബഹളം......)..... (ബഹളം......) പി.എം.ശ്രീ.-യിൽ ഒപ്പിട്ടത് ആരാണ്?.....(ബഹളം......) ഇന്ന് നിങ്ങളൊക്കെ പി.എം.ശ്രീ .....(ബഹളം......) ശാന്തമായി ചോദിച്ചാൽ നിങ്ങളുടെ ചോദ്യങ്ങൾക്ക് ഞാൻ മറുപടി പറയാം. മുന്നണിയ്ക്കകത്ത് തർക്കമുണ്ടായത് നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുമോ; എന്നിട്ടാണ് പി.എം.ശ്രീ. പദ്ധതിയെക്കുറിച്ച് ഇപ്പോൾ ഞങ്ങളെ വിമർശിക്കുന്നത്. ഇത്രയും ദീർഘകാലം രാഷ്ട്രീയ പ്രവർത്തനം നടത്തി മതേതരപക്ഷത്ത് നിൽക്കുന്നുവെന്ന് പറയുന്ന പിണറായി വിജയൻ, അദ്ദേഹത്തിന് ഇതിന്റെ അപകടവും ആഴവും അറിയാത്തതുകൊണ്ടാണോ? പി.എം.ശ്രീ.- പദ്ധതികൊണ്ട് ഈ നാടിനുണ്ടാകാൻ പോകുന്ന തകർച്ച അദ്ദേഹത്തിന് അറിയാത്തതുകൊണ്ടാണോ; .....(ബഹളം......) നിങ്ങൾക്ക് പറയാനുള്ള അവസരമുണ്ടല്ലോ; എന്തിനാണ് നിങ്ങൾ ബഹളം വച്ച് എന്റെ പ്രസംഗത്തെ തടസപ്പെടുത്തുന്നത്. കഴിഞ്ഞതവണ പലവട്ടവും എന്റെ പ്രസംഗം പൂർത്തീകരിക്കാൻ എനിക്ക് സാധിച്ചിട്ടില്ല. സഭാനാഥൻ അങ്ങയതുകൊണ്ട് മൈക്ക് ഓഫ് ചെയ്യുകയില്ലെന്ന് പ്രതീക്ഷിക്കുകയാണ്.

<u>മി.സ്പീക്കർ</u>: പ്ലീസ്....പ്ലീസ്.... താങ്കളുടെ പ്രസംഗം ചുരുക്കണം.

ഡോ. മാത്യു കുഴൽനാടൻ: ഞാൻ അവസാനിപ്പിക്കുകയാണ്. കേരളത്തിന്റെ പൊതുബോധത്തിനെതിരെ ഇരുട്ടിന്റെ മറവിൽ രാഷ്ട്രീയം കൊണ്ടുവന്നത് ശ്രീ. പിണറായി വിജയനും എൽ.ഡി.എഫ്.-ഉം ആണെന്ന് നിങ്ങൾ വിസ്മരിക്കരുത്. എന്നിട്ട് അതിന്റെ പേരിൽ ഞങ്ങൾക്കുനേരെ വിരൽ ചൂണ്ടാൻ നിൽക്കുകയാണ്. കഴിഞ്ഞ ദിവസം മുൻ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ഗുരുതരമായൊരു ആരോപണം ഉന്നയിക്കുന്നത് കേട്ടു. വീര്യം കുറഞ്ഞ മദ്യത്തിന് നികുതിയിളവ് ഏർപ്പെടുത്താനുള്ള സർക്കാർ നടപടിയിൽ അഴിമതിയുണ്ടെന്നാണ് അദ്ദേഹം പറയുന്നത്.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ ഇതുകൂടെ പറഞ്ഞ് അവസാനിപ്പിക്കുക.

ഡോ. മാത്യു കുഴൽനാടൻ: ഈ സെഷനിലെ എന്റെ കന്നി പ്രസംഗമാണ്. നിങ്ങൾ കുറച്ചുപേരെങ്കിലും ഇവിടെ ഉണ്ടായിരുന്നല്ലോ; വീര്യം കുറഞ്ഞ മദ്യമെന്ന ആശയം ഇവിടെ അവതരിപ്പിച്ചതാരാണ്? അന്നത്തെ എക്സൈസ് വകുപ്പുമന്ത്രി കൊണ്ടുവന്ന നിയമമാണ്. അപ്പോൾ ആ സമയത്ത് നെഗോഷിയേഷൻ വെയർ ഓൺ എന്നാണ് എനിക്ക് തോന്നിയത് . ആ നെഗോഷിയേഷൻ കംപ്ലീറ്റ് ചെയ്യാത്തതുകൊണ്ടായിരിക്കുമല്ലോ അദ്ദേഹത്തിന് ഇതിൽ അഴിമതി ഉണ്ടെന്ന് തോന്നുന്നത്. അല്ലെങ്കിൽ സർക്കാർ ഇങ്ങനെയൊരു കാര്യം അവതരിപ്പിക്കുന്നതിനുമുമ്പ് എക്സൈസ് വകുപ്പുമന്ത്രി പെട്ടെന്ന് ഒരു പ്രതികരണം നടത്തേണ്ട ആവശ്യമുണ്ടായിരുന്നോ? അപ്പോൾ ഇതിൽ അഴിമതിയുണ്ടെന്ന് നിങ്ങൾക്ക് അറിയാമായിരിക്കും; കാരണം, there may be offer before you, you may be negotiated. അതുകൊണ്ടാണ് ഇക്കാര്യത്തിൽ അഴിമതി ഉണ്ടെന്ന് പറയുന്നത്. വീര്യം കുറഞ്ഞ മദ്യത്തെ സംബന്ധിച്ചുള്ള പരാമർശം വന്ന ഉടൻതന്നെ അദ്ദേഹം ചാടി എഴുന്നേറ്റ് ഇങ്ങനെയൊരു പരാമർശം നടത്തിയെങ്കിൽ, എൽ.ഡി.എഫ്. സർക്കാർ വീര്യം കുറഞ്ഞ മദ്യമെന്ന ആശയമുണ്ടാക്കി അതിനുള്ള അവസരം ഉണ്ടാക്കിയത്. ......(ബഹളം....). പാലക്കാട് എലപ്പുള്ളിയിൽ ഡിസ്റ്റിലറി സ്ഥാപിക്കാൻ സൗകര്യമൊരുക്കി കൊടുത്തയാൾ അന്നത്തെ എക്സൈസ് വകുപ്പുമന്ത്രിയാണ്. നിങ്ങൾ ഭരണപക്ഷത്തിനെതിരെ രണ്ട് ആരോപണങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. ഒന്ന് പി.എം.ശ്രീ പദ്ധതിയാണെങ്കിൽ രണ്ടാമത്തേത് മദ്യത്തിന് നികുതിയിളവ് അനുവദിച്ചതുമായി ബന്ധപ്പെട്ടതാണ്. ഞങ്ങൾക്ക് ഇതിനെക്കുറിച്ച്

വ്യക്തമായ കാഴ്ചപ്പാടുണ്ട്. ആർ.എസ്.എസ്.-ന്റെ അജണ്ടയെ തടയാൻ കോൺഗ്രസിന് കരുത്തുള്ളൊരു നേതൃത്വമുണ്ടെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ് യു.ഡി.എഫ്.-ന് ഈ തിരഞ്ഞെടുപ്പ് വിജയം ലഭിച്ചത്. എൽ.ഡി.എഫ്-നെ കൈവിട്ടത് ആരെക്കെയാണെന്ന് നിങ്ങൾ അറിയണം. ഒരുപക്ഷെ, മതേതര വിശ്വാസികളായ ഇടതുപക്ഷക്കാരടക്കം നിങ്ങളെ കൈവിട്ടതിന് കാരണമെന്താണ്? നിങ്ങളുടെ അജണ്ട ഇതാണെന്ന് അവർക്ക് മനസ്സിലായി. അതുകൊണ്ട്, ഞങ്ങൾ ഇതെല്ലാം വളരെ അവധാനതയോടെ കൈകാര്യം ചെയ്യും. യു.ഡി.എഫ്. ഭരണം തുടങ്ങിയിട്ടേയുള്ളൂ; എന്ന് കരുതി നിങ്ങൾ ഒരുപാട് പ്രതീക്ഷിക്കരുത്. സംസ്ഥാനത്തിന്റെ അവസ്ഥ ഇത്രയും ഗതികേടിലാക്കിയിട്ടാണ് എൽ.ഡി.എഫ്. നേതാക്കന്മാർ ഭരണത്തിൽ നിന്നിറങ്ങിയിരിക്കുന്നതെന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും. ബാക്കി കാര്യങ്ങളെപ്പറ്റി പിന്നാലെ ചർച്ച ചെയ്യാം. Thank you for listening me.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, നമ്മൾ കേരളത്തിന്റെ ഒരു വർഷത്തേക്കുള്ള ബജറ്റിനെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ബജറ്റിനെക്കുറിച്ചുള്ള ചർച്ചയിൽ അതിന്റെ അടിസ്ഥാന നയത്തെക്കുറിച്ചാണ് ആഴത്തിൽ ചർച്ച ചെയ്യേണ്ടത്. യഥാർഥത്തിൽ നവലിബറൽ നയത്തിൽ ഊന്നിയാണ് ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഈ ബജറ്റിലൂടെ നവലിബറൽ നയങ്ങൾ വളരെ കൃത്യമായി കേരളത്തിൽ നടപ്പാക്കാൻ പോവുകയാണ്. അതിന്റെ അപകടത്തെപ്പറ്റി നമ്മളെല്ലാവരും തിരിച്ചറിയേണ്ടതുണ്ട്. കഴിഞ്ഞ പത്ത് വർഷക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളം ഭരിച്ചതിലൂടെ നേടിയ ഏറ്റവും പ്രധാനപ്പെട്ട നേട്ടമെന്താണെന്ന് ചോദിച്ചാൽ, പത്തുവർഷക്കാലം നവലിബറൽ നയത്തെയും ഫിനാൻസ് ക്യാപിറ്റലിന്റെ തേരോട്ടത്തെയും ചെറുത്തുകൊണ്ട് കേരളത്തെ മതനിരപേക്ഷതയുടെ പക്ഷത്ത് നിലനിർത്തിയെന്ന് പറയേണ്ടിവരും. യഥാർഥത്തിൽ ലോകം മുഴവൻ അതൊരു മാതൃകയാണ്. ലോകത്ത് മുഴവൻ നവലിബറൽ നയം തകർന്ന് കിടക്കുകയാണ്. ഒരു പക്ഷെ വളരെ അപൂർവം പ്രദേശങ്ങളിൽ മാത്രമേ നവലിബറൽ നയത്തെയും ഫിനാൻസ് ക്യാപിറ്റലിന്റെ തേരോട്ടത്തെയും തടയാനുള്ള ശ്രമം നടന്നിട്ടുണ്ടാവൂ, ആ ശ്രമം നടന്നത് കേരളത്തിലാണ്. അതെങ്ങനെയെന്ന് ഞാൻ വിശദീകരിക്കാൻ ശ്രമിക്കുന്നില്ല. പക്ഷെ, കേരളം അത് തിരിച്ചറിയണം; നവലിബറൽ നയത്തെ

തടഞ്ഞുനിർത്താൻ കഴിഞ്ഞ പത്തുവർഷക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശ്രമിച്ചുവെന്നതിൽ തർക്കമില്ല. അത് വാസ്തവത്തിൽ നമ്മുടെ രാജ്യത്തിനുമാത്രമല്ല, ലോകത്തിനുതന്നെ മാതൃകയാണ്. ഇവിടെ വലിയൊരു മാറ്റം ഉണ്ടാകുന്നു, അത് കേരളം നവലിബറൽ നയത്തിലേക്ക് വരുന്നുവെന്നതാണ്. ഈ ബജറ്റിന്റെ അടിത്തറതന്നെ നവലിബറൽ നയമാണ്. ആ നയം കേരളത്തെ കേരളമല്ലാതാക്കുമെന്ന കാര്യത്തിൽ യതൊരു സംശയവുമില്ല. അതിന്റെ ഉദാഹരണങ്ങൾ ഞാൻ പറഞ്ഞുതരാം. നവലിബറൽ നയത്തിലൂന്നിയ ഈ ബജറ്റ് കേരളത്തെ കേരളമല്ലാതാക്കാൻ പോവുകയാണ്; കേരളത്തെ നവലിബറൽ യുക്തിയിലേക്ക് നയിക്കുകയാണ്. ഈ യുക്തിയെ മുതലാളിത്ത ലോകം തന്നെ തള്ളിക്കളഞ്ഞിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ ബജറ്റ് തയ്യാറാക്കിയവരും അറിഞ്ഞിട്ടുണ്ടോയെന്ന് അറിയില്ല. മുതലാളിത്ത പുനർനിർമ്മാണത്തിന് വേണ്ടിയാണ് എഴുപതുകളിൽ നവലിബറൽ നയം കൊണ്ടുവന്നത്. ആ നവലിബറൽ നയം ലോകം തള്ളിക്കളഞ്ഞിരിക്കുന്നു, മുതലാളിത്തത്തെ തള്ളിക്കളഞ്ഞിരിക്കുന്നു. എന്നാൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ ബജറ്റിലൂടെ അതൊരു നയമാക്കി കൊണ്ടുവന്നിരിക്കുന്നു. ഈ അപകടം നമ്മൾ തിരിച്ചറിയണം. ഞങ്ങളുടെ ഈ ശബ്ദം കേരളം കേൾക്കണം. വരാൻ പോകുന്ന അപകടം ഇന്നേതന്നെ മനസ്സിലാക്കണം. ജോസഫ് ഇ. സ്റ്റിഗ്ലിറ്റ്സ് എന്ന പ്രശസ്തനായ സാമ്പത്തിക ശാസ്ത്രജ്ഞൻ ഇതേ നവലിബറൽ നയങ്ങളുടെ വക്താവും പ്രയോക്താവും ആയിരുന്നു. ഈ ബജറ്റ് തയ്യാറാക്കിയവർ ജോസഫ് ഇ. സ്റ്റിഗ്ലിറ്റ്സിന്റെ ' The Road to Freedom: Economics and the Good Society' എന്ന പുസ്തകം വായിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർഥിക്കുകയാണ്. ഞാൻ അതിലെ ഓരോ പേജും വായിച്ചൊരാളാണ്. നവലിബറൽ നയങ്ങളിലൂടെ ഒരു സമ്പദ്‌വ്യവസ്ഥയ്ക്കും മുന്നോട്ടുപോകാൻ കഴിയില്ലെന്ന് ആ പുസ്തകത്തിലൂടെ സ്റ്റിഗ്ലിറ്റ്സ് വളരെ കൃത്യമായി പറഞ്ഞിരിക്കുന്നു. ഇന്ന് മുതലാളിത്തം അത്രയും അപകടകരമായ അവസ്ഥയിലെത്തിയിരിക്കുകയാണ്. അതേ നയമാണ് കേരളത്തിൽ അവതരിപ്പിച്ച ബജറ്റിലൂടെ നടപ്പാക്കാൻ പോകുന്നത്. അതിന്റെ അപകടം നമ്മൾ തിരിച്ചറിയണം. ലോകം തള്ളികളഞ്ഞ ആ നവലിബറൽ പോളിസി പുതിയൊരു രൂപത്തിൽ ലോകത്ത് കൊണ്ടുവരാൻ

സാമ്രാജ്യത്വം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനെയാണ് നോളജ് ഇക്കോണമി എന്ന് വിശേഷിപ്പിക്കുന്നത്. ഫിനാൻസ് ക്യാപിറ്റലിനുപകരം നോളജ് ക്യാപിറ്റൽ എന്നൊരു തലത്തിലേയ്ക്ക് ലോകം മാറികൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് വിശദീകരിക്കേണ്ട കാര്യമില്ല പക്ഷെ, ഇവിടെ നവലിബറൽ പോളിസിയെ ലോകം തള്ളിക്കളഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ ബജറ്റിന്റെ പിന്നിലുള്ള നയം തികച്ചും ഔട്ട്ഡേറ്റഡാണ്.

ശ്രീ. വി. ടി. ബൽറാം: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്ന് ഭരണപക്ഷത്തിരുന്ന ആളുകൾ സ്ഥിരമായി പറഞ്ഞിരുന്ന കാര്യമാണ് കേരളത്തിൽ നോളജ് ഇക്കോണമി കൊണ്ടുവരാൻ പോകുന്നുവെന്നത്. വളരെ അഭിമാനത്തോടുകൂടിയാണ് കഴിഞ്ഞ ഗവൺമെന്റ് നോളജ് ഇക്കോണമി ഒരു നയമായി അവതരിപ്പിച്ചത്. ആ വാക്ക് ഇത്ര പെട്ടെന്ന് നിങ്ങൾക്ക് ചതുർഥിയായി മാറിയോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: അങ്ങനെ ഞാൻ പറഞ്ഞിട്ടില്ല, ഞാൻ പറയുന്നത് അങ്ങ് ശ്രദ്ധിക്കാത്തതുകൊണ്ടാണ്. ലോകത്ത് നവലിബറൽ പോളിസി തകർന്നുകിടക്കുകയും മുതലാളിത്തത്തിന് അതുമായി മുന്നോട്ടുപോകാൻ കഴിയാതെ വരികയും ചെയ്യുമ്പോൾ അവർ പുതിയൊരു ലോകത്തെക്കുറിച്ച് ചിന്തിക്കുന്നു; അത് നോളജ് ഇക്കോണമിയാണ്; അതായത്, നോളജ് ക്യാപിറ്റലാണ് അവിടെ ചൂഷണത്തിന് ഉപയോഗിക്കുന്നത്. പക്ഷെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി നവകേരളം എന്ന സങ്കൽപ്പത്തിലൂടെ വിജ്ഞാന കേരളത്തെയാണ് വളർത്താൻ ശ്രമിച്ചത്. നവകേരളത്തിന്റെ ജ്ഞാനസമൂഹം എന്നത് അറിവിന്റെ സാർവത്രികവൽക്കരണമാണ്. നോളജ് ക്യാപിറ്റൽ അറിവിന്റെ കേന്ദ്രീകരണവും കുത്തകവൽക്കരണവുമാണ്. അതാണ് ഇവ തമ്മിലുള്ള വ്യത്യാസം. ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്താണവിടെ ചെയ്തിരുന്നതെന്ന് ഇന്നും പറയുന്നില്ല. ശ്രീ. മാത്യു കുഴൽനാടൻ പറഞ്ഞതൊക്കെ നമ്മൾ കേട്ടു. കേരളത്തിലെ ഈ നയമുണ്ടാക്കാൻ പോകുന്ന പ്രശ്നങ്ങൾ, ഞങ്ങൾ ആദ്യമായിട്ടാണ് ഇവിടെ സംസാരിക്കുന്നത്. ഇനിയുള്ള കുറച്ച് വർഷങ്ങളിൽ നിങ്ങൾ ഈ നയവുമായി മുന്നോട്ടുപോകാൻ പോകാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ കേരളം എവിടെ എത്തുമെന്ന് ഇപ്പോഴേ എഴുതിവച്ചോളൂ. അതിന്റെ സൂചനകളാണ് ഈ പറയുന്നത്. അതുകൊണ്ട് നോളജ് ഇക്കോണമിയിലേക്ക് പോയി

നോളജ് ക്യാപിറ്റലിലേക്ക് പോകുന്ന സമയത്താണ് ഇവിടെ നവലിബറൽ പോളിസി വീണ്ടും നടപ്പിലാക്കുന്നതെന്ന് മനസ്സിലാക്കുക. നമ്മുടെ രാജ്യത്ത് ഈ നയം നടപ്പിലാക്കിയതാരാണ്? 1991-ൽ ഇന്ത്യയിൽ നവലിബറൽ പോളിസി നടപ്പിലാക്കിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസായിരുന്നു. അന്നുമുതൽ കോൺഗ്രസിന്റെ ഗ്രാഫ് എങ്ങോട്ടാണ് പോയതെന്ന് പ്രിയപ്പെട്ട കോൺഗ്രസുകാർ തന്നെ പറയൂ. അന്നുമുതൽ കോൺഗ്രസിന്റെ ഗ്രാഫ് താഴോട്ടാണ്. അന്നുമുതൽ ബി.ജെ.പി.-യുടെ ഗ്രാഫ് മുകളിലോട്ടാണ്. പി.എം.ശ്രീ പദ്ധതിയിൽ ഒപ്പിടാനുള്ള അവസരം ഉണ്ടാക്കിയതും പി.എം.ശ്രീ എന്ന ആശയം ഈ നാട്ടിൽ ഉണ്ടാക്കാനുള്ള ശ്രമം നടത്തിയതും 1991-ൽ രാജ്യത്ത് ആരംഭിച്ച നവലിബറൽ സാമ്പത്തിക നയങ്ങളാണെന്ന് മനസ്സിലാക്കണം. നവലിബറൽ സാമ്പത്തിക നയങ്ങൾ ഫാസിസത്തെ വളർത്തുമെന്നതിൽ സംശയമുണ്ടെങ്കിൽ അതിനെക്കുറിച്ച് സമയമുണ്ടെങ്കിൽ ഞാൻ പറഞ്ഞുതരാം. ആ നവലിബറൽ പോളിസി ഇന്ത്യയിൽ നടപ്പാക്കിയ അന്നുമുതൽ ബി.ജെ.പി.-യുടെ ഗ്രാഫ് മുകളിലോട്ടാണ്. നിങ്ങൾ നവലിബറൽ സാമ്പത്തികനയത്തെ എതിർത്താൽ മാത്രമേ ബി.ജെ.പി.-യെ മറികടന്ന് കേന്ദ്രത്തിൽ അധികാരത്തിൽ വരാൻ കഴിയുകയുള്ളൂവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു അക്കാദമിക് കാര്യമാണ് ഞാൻ പറയുന്നത്. ഈ നവലിബറൽ നയം കേവലമൊരു സാമ്പത്തിക പരിഷ്കാരം മാത്രമല്ല, അതൊരു മുതലാളിത്ത പുനർനിർമ്മാണമാണ്. ജോൺ മെയ്നാർഡ് കെയ്ൻസും ആദം സ്മിത്തും വിഭാവനം ചെയ്ത മുതലാളിത്തത്തിൽനിന്നും വ്യത്യസ്തമായൊരു മുതലാളിത്തതലം വളർത്തിയെടുക്കാൻ ശ്രമിക്കുമ്പോൾ അതിൽ ഫാസിസ്റ്റ് ചിന്തയുണ്ട്. മുതലാളിത്ത പുനർനിർമ്മാണമെന്ന നവലിബറൽ പോളിസിക്കുള്ളിൽ ഒരു ഫാസിസ്റ്റ് ചിന്തയുണ്ടെന്നും ഈ നയം ഇന്ത്യയിൽ നടപ്പിലാക്കിയത് കോൺഗ്രസാണെന്നും തിരിച്ചറിയണം. Yanis Varoufakis എന്ന വ്യക്തി Technofeudalism: What Killed Capitalism എന്ന ഒരു പുസ്തകത്തിലാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നത്. Capitalism what killed feudalism എന്നല്ലേ നാം ഇതുവരെ കേട്ടിരിക്കുന്നത്, എന്നാൽ ഈ പുസ്തകത്തിന്റെ തലക്കെട്ട് തന്നെ ' Technofeudalism: What Killed Capitalism' എന്നാണ്. ക്യാപിറ്റലിസത്തെ തകർത്തുകൊണ്ട് ഫാസിസം കടന്നുവരുന്നത് ലോകം ഇന്ന് നേരിടുന്ന ഏറ്റവും വലിയ

പ്രശ്നമാണ്. ക്യാപിറ്റലിസത്തെ തകർത്തുകൊണ്ട് ഫ്യൂഡൽ അംശമുള്ള ഫാസിസം കടന്നുവരികയാണ്. ഇന്ത്യയിൽ വർഗീയതയും ഫാസിസവും വളരാനുള്ള കാരണവും ഈ നയങ്ങളാണ്. ഇതിനെ കേരളവും ഭയപ്പെടണം.

കേരളത്തിന്റെ മതനിരപേക്ഷ സംസ്കാരവും നവോത്ഥാന പാരമ്പര്യവും തകർത്ത് തരിപ്പണമാക്കുന്നതാണ് നവലിബറൽ പോളിസിയെന്ന് ലോകചരിത്രം നമ്മെ പഠിപ്പിക്കുകയാണ്. 'Technofeudalism: What killed Capitalism' എന്ന പുസ്തകം ഒരുതവണയെങ്കിലും വായിച്ചുനോക്കണം. ഇതുസംബന്ധിച്ച് കുറച്ച് പോയിന്റുകൾ മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ ബജറ്റിന്റെ മൂല്യബോധവും തിക്തഫലങ്ങളും നവലിബറൽ പോളിസിയാണെന്ന് പറയാം. അതിലൊന്ന് അപകടകരമായ സ്വകാര്യവൽക്കരണമാണ്; സ്വകാര്യവൽക്കരണത്തിലൂടെ ലോകത്ത് ദാരിദ്ര്യം പരിഹരിക്കപ്പെട്ടിട്ടില്ലെന്നാണ് ശ്രീ. തോമസ് പികെറ്റിയുടെ പഠനങ്ങളിൽ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ ബജറ്റ് തയ്യാറാക്കിയവരും നിർബന്ധമായി വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണ് ജോസഫ് ഇ. സ്റ്റിഗ്ലിറ്റ്സ്-ന്റെ ‘ The Great Divide: Unequal Societies and What We Can Do About Them’ . ലോകത്ത് അസമത്വമുണ്ടാകുമെന്നാണ് അദ്ദേഹം ഈ പുസ്തകത്തിലൂടെ സൂചിപ്പിക്കുന്നത്. ഈ പോളിസി വരുന്നതോടുകൂടി കേരളത്തിൽ അസമത്വവും ദാരിദ്ര്യവും വർധിക്കും. രണ്ടാമതായി, സ്വകാര്യവൽക്കരണത്തോട് ചേർന്ന ഭൂപരിഷ്കരണമാണ്. 1957-ലെ ഭൂപരിഷ്കരണമല്ല അത്. സ്വകാര്യവൽക്കരണത്തോട് ചേർന്ന ഭൂപരിഷ്കരണം ഫ്യൂഡൽ യുക്തിയിലേക്ക് കേരളത്തെ കൊണ്ടുപോകുന്നതാണ്. ഫ്യൂഡൽ യുക്തിയിൽനിന്ന് നവോത്ഥാനത്തിലേക്ക് കടന്നുവന്ന കേരളം നവലിബറൽ പോളിസിയിലൂടെ സ്വകാര്യവൽക്കരണ അജണ്ടയിൽ ഭൂപരിഷ്കരണം നടത്തുമ്പോൾ അത് ഫ്യൂഡൽ യുക്തിയിലേയ്ക്കുള്ള തിരിച്ചുപോക്കാണ്. മൂന്നാമതായി, കിഫ്ബിയെ ഒഴിവാക്കുന്നത് സംബന്ധിച്ചാണ്. കിഫ്ബിയെ ഒഴിവാക്കുന്നതിലൂടെ ഫിനാൻസ് ക്യാപ്പിറ്റലിനെ പ്രതിരോധിക്കാൻ കഴിയാതെ വരും. ഫിനാൻസ് ക്യാപ്പിറ്റലിന്റെ പ്രളയമാണ് ഇനി നടക്കാൻ പോകുന്നത്. അതിലൂടെ കേരളത്തിന്റെ ഉൽപാദനമേഖല തകരുകയും തൊഴിൽനഷ്ടം സംഭവിക്കുകയും ഊഹക്കച്ചവടം വളരുകയും മദ്യം, മയക്കുമരുന്ന്,

പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ സംഭവിക്കുകയും ക്ഷേമ പ്രവർത്തനങ്ങളിൽനിന്നും പിൻവലിയുകയും ദാരിദ്ര്യം വർധിക്കുകയും ചെയ്യും.

നവലിബറൽ യുക്തിയുടെ വ്യാപനം തീർക്കുന്ന സാംസ്കാരിക അന്തരീക്ഷത്തിൽ വർഗീയതയും ഫാസിസവും വളരും. അതുകൊണ്ടാണ് നവലിബറൽ നയം നടപ്പിലാക്കിയശേഷം ഇന്ത്യയിൽ ബി.ജെ.പി. വളർന്നത്. ഇത് കേരളത്തിനും ബാധകമാണ്. ഈ പോളിസിയിലെ ഏതെങ്കിലും ചില ചെറിയ പ്രോജക്ടിനെക്കുറിച്ചല്ല, മറിച്ച് അതിന്റെ അടിസ്ഥാന പോളിസിയിൽ ഈ സാംസ്കാരിക പ്രശ്നമുണ്ട്. അതുകൊണ്ട് മതനിരപേക്ഷ കേരളമെന്നത് മാറി വർഗീയത വളരുന്ന ഒരു സംസ്ഥാനമായി കേരളം മാറും. കേന്ദ്രനയവും ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ നയവും ഇതുതന്നെയാണ്. അതുകൊണ്ട് നിങ്ങൾക്ക് കേന്ദ്ര നയത്തോട് യാതൊരു എതിർപ്പുമില്ല. ഏതെങ്കിലും കേന്ദ്ര നയത്തിനെതിരെ ആരെങ്കിലും ഇവിടെ സംസാരിച്ചോ? ഈ ബജറ്റിലൂടെ കേരളത്തിൽ വളരെ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാകും. അതിനുള്ള ഒറ്റക്കാരണം നവലിബറൽ പോളിസിയാണ്. ആ പോളിസിയിൽനിന്നും സർക്കാർ പിൻമാറണം. പത്തുവർഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി ചെറുത്തു നിന്നതുപോലെ ഫിനാൻസ് ക്യാപിറ്റലിന്റെ തേരോട്ടത്തെ ചെറുക്കണമെന്ന് മാത്രം അഭ്യർഥിച്ചുകൊണ്ടും ഇവിടെ അവതരിപ്പിച്ച പുതുക്കിയ ബജറ്റിനോടുള്ള വിയോജിപ്പ് അറിയിച്ചുകൊണ്ടും നിർത്തുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ബഹു. ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച റിവൈസ്ഡ് ബജറ്റിനെ പിന്തുണയ്ക്കുകയാണ്. ഞാൻ വളരെയേറെ ബഹുമാനിക്കുന്നൊരു വ്യക്തിയാണ് പ്രൊഫ. സി. രവീന്ദ്രനാഥ്. നല്ല അറിവുള്ള വ്യക്തിയാണ്. അദ്ദേഹത്തെ കാണുമ്പോൾ എനിക്ക് വല്ലാത്തൊരു സ്നേഹം തോന്നാറുണ്ട്. പക്ഷെ അങ്ങേയ്ക്ക് എന്തുപറ്റി; എനിക്ക് വളരെ ലളിതമായിട്ടൊരു കാര്യം പറഞ്ഞു തരുമോ; എങ്ങനെയാണ് എൽ.ഡി.എഫ്. തോറ്റത്; എങ്ങനെയാണ് എൽ.ഡി.എഫ് ഇന്നത്തെ അവസ്ഥയിലെത്തിയത്; ഇതേ രീതിയിൽ തന്നെ ആവർത്തിച്ച് പറഞ്ഞ് നടക്കുമ്പോൾ വളരെ സങ്കടം തോന്നുന്നുണ്ട്. നിങ്ങൾ എന്താ പറഞ്ഞത്; ഈ ബജറ്റിൽ നവലിബറൽ നയങ്ങളാണെന്നോ? പത്ത് വർഷം കേരളം ഭരിച്ച എൽ.ഡി.എഫ്. സർക്കാർ കേരളത്തെ

നശിപ്പിച്ചു. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ബാക്കി വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ അതിനെക്കുറിച്ച് സംസാരിക്കാം. പക്ഷെ ദയവുചെയ്ത് ഇങ്ങനെയൊന്നും പറയരുതെന്നാണ് വളരെ സ്നേഹത്തോടെ എനിക്ക് പറയാനുള്ളത്. ശ്രീ. കെ. രാധാകൃഷ്ണനെപ്പോലെ നല്ലയാളുകളെ ഇവിടെനിന്നും നാടുകടത്തി. അദ്ദേഹത്തെ പാർട്ടിയുടെ സെക്രട്ടറിയാക്കിയിരുന്നെങ്കിൽ നിങ്ങൾ ഉറപ്പായും നന്നാകുമായിരുന്നു. പക്ഷെ നിങ്ങൾ അദ്ദേഹത്തെ നാടുകടത്തി. ബഹു. പ്രതിപക്ഷ നേതാവിന്റെ സീറ്റിലേക്ക് ബഹു. ഉപനേതാവിനെ കയറ്റിയിരുത്തിയാൽ ഇതിനെക്കാളൊക്കെ നന്നാകും. മാറ്റങ്ങൾ അനിവാര്യമാണ്. നിങ്ങൾ ഇങ്ങനെ പഴയതൊക്കെ കെട്ടിപ്പിടിച്ചിരുന്നാൽ ഒരിക്കലും നന്നാവാൻ പോകുന്നില്ല. നിങ്ങൾ ഒരിക്കലും ചീത്തയാകരുതെന്ന് ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ഇന്ത്യയിൽ എവിടെയെങ്കിലും ഇപ്പോൾ നിങ്ങളുടെ പാർട്ടിയുണ്ടോ? ...(ബഹളം)... ഞാൻ ഫ്രീയായി ഒരുപദേശം നൽകിയെന്നുള്ളൂ വേണമെങ്കിൽ സ്വീകരിക്കാം അല്ലെങ്കിൽ ഒഴിവാക്കാം. ഞാൻ സ്നേഹത്തോടുകൂടി പറഞ്ഞതാണ്. നിങ്ങൾ നാടുകടത്തിയ ആളുകളെ ഇപ്പോൾ കാണുമ്പോൾ സങ്കടം തോന്നും. ഒരുകാലത്ത് പാർട്ടിയെ വല്ലാതെ വിശ്വസിച്ച് നിങ്ങളൊടൊപ്പം നിന്നിരുന്ന ഒരാളാണ് ഞാൻ. ഇപ്പോൾ ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല.

<u>ചെയർപേഴ്സൺ</u>: ചെയറിനെ നോക്കി സംസാരിക്കു.........

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: കുറച്ചുദിവസം മുമ്പ് പ്രിയങ്കരനായ മുഖ്യമന്ത്രി സഭയുടെ മേശപ്പുറത്തുവച്ച തൽസ്ഥിതി റിപ്പോർട്ടിൽ കേരളം എത്തിനിൽക്കുന്ന അതിഭീകരമായ സാമ്പത്തികാവസ്ഥയെക്കുറിച്ച് വിശദമായി പറഞ്ഞിട്ടുണ്ട്. അഞ്ചുലക്ഷം കോടി രൂപയിലധികം കടബാധ്യതയും പെട്ടെന്ന് കൊടുത്തുതീർക്കേണ്ട അമ്പതിനായിരം കോടി രൂപയുടെ ബാധ്യതയുമുണ്ട്. കൂടാതെ സംസ്ഥാന ജി.എസ്.ഡി.പി.-യുടെ 77% ശതമാനം ശമ്പളത്തിനും പെൻഷനും വേണ്ടി ചെലവഴിക്കേണ്ടി വരുന്നു. ഈ വർഷം 53,000 കോടി രൂപ ശമ്പളത്തിനും 36,000 കോടി രൂപ പെൻഷനും 34,000 കോടി രൂപ പലിശ കൊടുക്കാനും വേണം. ജി.എസ്.ഡി.പി.-യുടെ 1.03 മാത്രമാണ് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിന് ലഭിക്കുന്നത്. കടം വാങ്ങുന്നത് ക്യാപിറ്റൽ ഇൻവസ്റ്റ്മെന്റിനുവേണ്ടി

ഉപയോഗിച്ചിരുന്നെങ്കിൽ ഇങ്ങനെയൊരു അവസ്ഥ ഉണ്ടാകുമായിരുന്നില്ല. കടം വാങ്ങുന്നു തിരിച്ചടയ്ക്കുന്നു; പിന്നെയും ഇതുതന്നെയാണ് നടക്കുന്നത്, അതുകൊണ്ട് കടം വർധിച്ചുകൊണ്ടേയിരിക്കുന്നു. മറ്റു വലിയ വിമർശനങ്ങളൊന്നുമില്ലാത്തതുകൊണ്ട് ധവളപത്രത്തിന്റെ വലിയൊരു ഭാഗം നിർമ്മിതി ബുദ്ധി (AI) ഉപയോഗിച്ചാണ് തയ്യാറാക്കിയിരിക്കുന്നതെന്നാണ് ഡോ. ടി. എം. തോമസ് ഐസക് ആരോപിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുസംബന്ധിച്ച് മറുപടിയും പറഞ്ഞിട്ടുണ്ട്. എന്ത് പുതിയ സാങ്കേതികവിദ്യ വന്നാലും സി.പി.ഐ.(എം.) അതിനെ ആദ്യമൊക്കെ എതിർക്കും. കമ്പ്യൂട്ടർ നിലവിൽ വന്നപ്പോൾ അതിനെ എതിർത്തു. 'തൊഴിൽ തിന്നുന്ന ഭൂതം' എന്ന പേരിൽ കമ്പ്യൂട്ടറിനെക്കുറിച്ച് ഒരു പുസ്തകം തന്നെ എഴുതിയിട്ടുണ്ട്. അത് നിങ്ങൾക്കാർക്കെങ്കിലും ഓർമ്മയുണ്ടോ; ഓർമ്മയില്ലെങ്കിൽ ഞാനൊരു കോപ്പി തരാം. ട്രാക്ടറിനെയും കല്ലുവെട്ടി മെഷീനെയും എതിർത്തു. ഇപ്പോൾ എ.ഐ.-ക്കെതിരെ തിരിഞ്ഞുവെന്നേയുള്ളൂ. ലോകത്തുള്ള സകലരും അംഗീകരിച്ച ശേഷമേ ഇടതുപക്ഷത്തിന് നേരം പുലരുവെന്നാണ് സഖാവ് എം. വി. രാഘവൻ മുമ്പ് പറഞ്ഞിട്ടുള്ളത്.

ശബരിമല സ്വർണ്ണക്കവർച്ചയിൽ ഉടനടി നടപടി സ്വീകരിക്കാത്തതും 'എൽ.ഡി.എഫ്. അല്ലാതെ മറ്റാരുണ്ട്' എന്ന മുദ്രാവാക്യവും പാർട്ടിയെ പിന്നോട്ടടിച്ചുവെന്നാണ് പറയുന്നത്. നൂറിലധികം സീറ്റുകളിൽ യു.ഡി.എഫ്. അധികാരത്തിൽ വരുമെന്നും ഒരു ഡസൻ പ്ലസ്/മൈനസ് വൺ മന്ത്രിമാർ പരാജയപ്പെടുമെന്നും ഇല്ലെങ്കിൽ വനവാസത്തിന് പോകുമെന്നും മുൻ പ്രതിപക്ഷ നേതാവും ഇപ്പോഴത്തെ മുഖ്യമന്ത്രിയുമായ ശ്രീ. വി. ഡി. സതീശൻ അന്ന് പറഞ്ഞു; നിങ്ങൾ അതിനെ അപഹസിച്ചു. എന്നാൽ അത് കേരളം കണ്ട ഏറ്റവും കൃത്യതയുള്ള രാഷ്ട്രീയ പ്രവചനമായിരുന്നു. അദ്ദേഹം അവതരിപ്പിച്ച ബജറ്റിനും അതിന്റെ ക്വാളിറ്റിയുണ്ട്. അത്രയും മനോഹരമായ ബജറ്റാണത്. അവസാനം നിങ്ങൾക്കും അത് സമ്മതിക്കേണ്ടി വരും. നിലവിലുള്ള സാമ്പത്തികാവസ്ഥയിൽ ഇത്ര മനോഹരമായൊരു ബജറ്റ് അവതരിപ്പിക്കാൻ അദ്ദേഹത്തിനല്ലാതെ മറ്റാർക്കാണ് കഴിയുക. ജനങ്ങൾക്കുമേൽ ഒരു നയാപൈസപോലും അധിക നികുതി ബാധ്യത അടിച്ചേൽപ്പിച്ചിട്ടില്ല. കേരളത്തെ ലോക മാരിടൈം ഭൂപടത്തിൽ വൻ ശക്തിയായി ഉയർത്തുന്ന 'മിഷൻ സമുദ്ര'-യാണ് ഇതിൽ നമ്പർ

വൺ. ഇതിനായി 400 കോടി രൂപയാണ് ബജറ്റ് വിഹിതമായി വകയിരുത്തിയിരിക്കുന്നത്. കേരളത്തിലെ Untapped resources ആയ കടലും കടൽത്തീരവും പരമാവധി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അത് God Gifted ആണ്; നമ്മൾ അതുപയോഗിക്കണം. മുൻ സർക്കാരുകൾ കാണാതെപോയ റിസോഴ്സുകൾ നാടിന്റെ വളർച്ചയ്ക്കുവേണ്ടി കണ്ടെത്താൻ പുതിയ ബജറ്റിലൂടെ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും സാധാരണക്കാരായ ജനങ്ങൾക്ക് തൊഴിൽ ലഭിക്കാൻ സഹായകരമായ പദ്ധതികൾ ഇതിലൂടെ നടപ്പിലാക്കാൻ സാധിക്കും. 572 കോടി രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് കിഫ്ബിക്ക് നിലവിലുണ്ട്. എന്നാൽ അവരുടെ ജോലി എന്താണ്? അവർ ചെയ്യുന്നത് വെറും മേൽനോട്ടം വഹിക്കൽ മാത്രമാണ്. വളരെ മികവുറ്റ പി.ഡബ്ല്യൂ.ഡി.-യും ഫിനാൻസ് ഡിപ്പാർട്ടുമെന്റും നമുക്കുണ്ട്. പിന്നെന്തിനാണ് ഇത്രയും തുക ചെലവഴിക്കുന്ന ആഡംബര സ്ഥാപനം; ഇവിടത്തെ ഓഫീസും കിഫ്ബി ഓഫീസും തമ്മിലുള്ള വ്യത്യാസം അവിടെ പോയി കണ്ടാൽ മാത്രമേ മനസ്സിലാകൂ. കിഫ്ബിയെ പുന:സംഘടിപ്പിക്കാനുള്ള തീരുമാനം നിർബന്ധമായും വളരെ വേഗത്തിലാക്കണമെന്നാണ് എന്റെ അഭിപ്രായം. കിഫ്ബി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തപ്പോൾ വരുമാനമുണ്ടാക്കുന്ന പദ്ധതികളാണ് ഇതിലൂടെ ആവിഷ്കരിക്കുകയെന്നാണ് ആദ്യം പറഞ്ഞിരുന്നത്. എന്നാൽ, സംഭവിച്ചതെന്താണ്; നിലവിൽ കിഫ്ബി മുഖാന്തരമുണ്ടായ ബാധ്യതകൂടി ഈ സർക്കാരിന്റെ തലയിൽ വന്നിരിക്കുകയാണ്. കിഫ്ബി പദ്ധതികൾക്കായി ഏറ്റവും കൂടുതൽ പണം ചെലവഴിച്ചത് കണ്ണൂർ ജില്ലയിലാണ്. മുപ്പത് ശതമാനം തുകയാണ് ചെലവഴിച്ചത്. മലപ്പുറം പോലുള്ള പിന്നാക്ക ജില്ലകളിൽ വളരെ കുറച്ച് സംഖ്യയാണ് ചെലവഴിച്ചത്. ചിറ്റമ്മ നയമാണ് ഇത്രയും കാലം മറ്റ് ജില്ലകളോട് കാണിച്ചിരുന്നത്. അവർക്ക് താൽപര്യമില്ലാത്ത നിയോജക മണ്ഡലങ്ങളെ പൂർണ്ണമായി ഒഴിവാക്കി എന്നാൽ ബാധ്യത എല്ലാവരും ഒരുമിച്ച് അനുഭവിക്കുകയും ചെയ്യണം. കഴിഞ്ഞ പത്തുവർഷം അന്നത്തെ പ്രതിപക്ഷ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങൾ വികസന കാര്യത്തിൽ കടുത്ത അവഗണനയാണ് നേരിട്ടത്. പുതിയ സർക്കാരിൽനിന്ന് അവഗണന നേരിട്ട പഴയ എം.എൽ.എ.-മാർ നഷ്ടപരിഹാരം പ്രതീക്ഷിക്കുന്നുണ്ട്; അതുണ്ടാകുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. പി.എം. ശ്രീ പദ്ധതിയിൽ

ഒപ്പിട്ടിട്ടില്ലെന്നാണ് മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇപ്പോൾ പറയുന്നത്. പദ്ധതിയിൽ ഒപ്പിട്ടിട്ടുമില്ല, പൈസ വാങ്ങിയിട്ടുമില്ലെന്നാണ് പറയുന്നത്. എന്താണ് അതിന്റെ നിജസ്ഥിതി? നിയമസഭയിലെ ഈ മേശയുടെ മുകളിൽ കയറി അദ്ദേഹം കാണിച്ചതൊക്കെ ടെലിവിഷനിലൂടെ കേരള ജനത ഒന്നടങ്കം കണ്ടതല്ലേ; എന്നിട്ടുപോലും അദ്ദേഹം അത് സമ്മതിച്ചിട്ടില്ല; അങ്ങനെ ചെയ്തിട്ടേയില്ലെന്നാണ് അദ്ദേഹം പറയുന്നത്. പിന്നെയെങ്ങനെ പദ്ധതിയിൽ ഒപ്പിട്ട കാര്യം അദ്ദേഹം സമ്മതിക്കും; അദ്ദേഹം സമ്മതിക്കുമോ? അതാണ് അദ്ദേഹത്തിന്റെ സ്ഥിതി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങളുള്ള കേരളത്തിൽ പ്രതിവർഷം 80,000 കോടി രൂപ നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സർക്കാരിനോ പൊതുജനങ്ങൾക്കോ യാതൊരു പ്രയോജനവുമില്ലാത്ത, തുടർച്ചയായി നഷ്ടം മാത്രമുള്ള സ്ഥാപനങ്ങൾ ഏതാണെന്ന് കണ്ടെത്തി അവയുടെ പ്രവർത്തനം ഉടനടി അവസാനിപ്പിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. സംസ്ഥാനത്തിന്റെ വ്യവസായ അടിസ്ഥാന സൗകര്യവികസനത്തിനും നിക്ഷേപങ്ങൾക്കുമായി ഭൂമി ലഭ്യമാക്കാൻ ബജറ്റിൽ പ്രഖ്യാപിച്ച ഭൂപരിഷ്കരണം 2.0 വ്യവസായ ആവശ്യങ്ങൾക്കായുള്ള ഭൂമിയുടെ ലഭ്യത വേഗത്തിലാക്കും. കുറെയാളുകൾ ഭൂമി അനധികൃതമായി കൈയേറുന്നുണ്ട്. ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി ഫലപ്രദമായി വിനിയോഗിക്കണം. അങ്ങനെയാണെങ്കിൽ രണ്ടാം ഭൂപരിഷ്കരണം ഫലപ്രദമായി നടപ്പിലാക്കാനും നിക്ഷേപകർക്ക് ഭൂമി മാറ്റുന്ന പ്രക്രിയ വേഗത്തിലാക്കാനും സാധിക്കും. കേരള സമ്പദ്ഘടനയുടെ നട്ടെല്ലാണ് പ്രവാസി നിക്ഷേപം. 25 ലക്ഷം വരുന്ന പ്രവാസികൾ രണ്ടുലക്ഷം കോടി രൂപയാണ് ഒരു വർഷം കേരളത്തിലേക്ക് അയ്ക്കുന്നത്. എന്നാൽ ഇതിലധികവും ഇൻവെസ്റ്റ്മെന്റ് ഇക്കോണമിയെന്ന നിലയിൽ വരുന്നില്ല. അത് റെമിറ്റൻസ് ഇക്കോണമിയായി മാറിക്കൊണ്ടിരിക്കുകയാണ്. പക്ഷെ, റെമിറ്റൻസ് ഇക്കോണമി എന്ന നിലയിൽ നിന്ന് ഇൻവെസ്റ്റ്മെന്റ് ഇക്കോണമി എന്ന നിലയിലേയ്ക്ക് കേരളത്തെ മാറ്റുന്നതിൽ പ്രവാസികളുടെ പങ്ക് ഉറപ്പാക്കുന്നതിനായി പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട് രൂപീകരിക്കുന്നത് നല്ല കാര്യമാണ്. പക്ഷെ, മിഡിൽ ക്ലാസ് ചെറുകിട ഇൻവെസ്റ്റ്മെന്റിന് കീഴിലുള്ള, അതേസമയം കേരളത്തിൽ ഇൻവെസ്റ്റ് ചെയ്യാൻ ഭയമുള്ള പ്രവാസികളെ

ആകർഷിച്ചാൽ മാത്രമേ ഇത് പരിപൂർണ്ണമായി വിജയിക്കുകയുള്ളൂ. അവരുടെ മക്കൾക്കുവേണ്ടി റെസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതോടൊപ്പം വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിന് പെയ്ഡ് ഹോസ്റ്റലുകൾപോലുള്ള സൗകര്യങ്ങൾ സർക്കാരിനുകീഴിൽ ആരംഭിക്കാൻ ശ്രമിക്കണം.

മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്കുണ്ടാകുന്ന സ്ഥലമാണ് അങ്ങാടിപ്പുറം ടൗൺ. ഇവിടത്തെ ഗതാഗതക്കുരുക്കിന് പരിഹാരമെന്ന നിലയിലാണ് ഓരാടംപാലം-മാനത്തുമംഗലം ബൈപ്പാസ് വിഭാവനം ചെയ്തത്. ആകെ 4.1 കിലോമീറ്റർ ദൂരമുള്ള ഇതിന്റെ ആർ.ഒ.ബി. (Rail Over Bridge) ഉൾപ്പെടെ മുക്കാൽഭാഗവും മങ്കടയിലും ബാക്കി പെരിന്തൽമണ്ണയിലുമാണ് പോകുന്നത്. കഴിഞ്ഞ പത്തുവർഷം ഈ ബൈപ്പാസിനായി ഓരോ ബജറ്റിലും ഫണ്ട് ആവശ്യപ്പെട്ടിരുന്നു. പലപ്രാവശ്യം നിയമസഭയിൽ സബ്മിഷനായും ചോദ്യങ്ങളായും ഉന്നയിച്ചിട്ടും ഒരു കാര്യവുമുണ്ടായില്ല. ഈ സർക്കാർ അധികാരത്തിൽവന്ന ആദ്യ ബജറ്റിൽതന്നെ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ഓരാടംപാലം-മാനത്ത്മംഗലം ബൈപ്പാസ് റോഡ് നിർമ്മാണത്തിന്റെ ഭാഗമായി പ്രഥമഘട്ട സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിന് പത്തുകോടി രൂപ അനുവദിച്ചതിലുള്ള നന്ദി അറിയിക്കുകയാണ്. ഈ തുകകൊണ്ട് ആദ്യഘട്ട പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കാൻ സാധിക്കില്ല. ഏകദേശം 12 ഏക്കർ സ്ഥലം ഇതിനായി ഏറ്റെടുക്കാനുണ്ട്. 12 വർഷം മുമ്പ് ഇതിന്റെ റഫ് എസ്റ്റിമേറ്റ് 250 കോടി രൂപയായിരുന്നു. ലാന്റ് അക്വിസിഷനും മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി ചുരുങ്ങിയത് 30 കോടി രൂപയെങ്കിലും വേണ്ടിവരും. ടി തുക വകയിരുത്തണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

കഴിഞ്ഞ പത്തുവർഷം ലഹരി മാഫിയ കേരളം അടക്കി വാഴുകയായിരുന്നു. മലപ്പുറം ജില്ലയിൽനിന്നുള്ള പൊലീസുകാർ ഉൾപ്പെട്ട അത്തരം ധാരാളം കേസ്സുകളുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലഹരി മാഫിയക്ക് വളരാനുള്ള എല്ലാ അനുകൂല സാഹചര്യങ്ങളും ഒരുക്കിക്കൊടുത്തിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല അധികാരത്തിൽവന്ന് ഒരുമാസത്തിനകം ഓപ്പറേഷൻ

ളുഫാനിലൂടെ അതിന് അറുതി വരുത്തിക്കൊണ്ടിരിക്കുകയാണ്. ഒരു സർക്കാരിന്റെ ഇച്ഛാശക്തിയാണ് ഇതിലൂടെ വെളിവാകുന്നത്. ഇതിലൂടെ തീർച്ചയായും യു.ഡി.എഫ്. സർക്കാർ മികച്ചൊരു തുടക്കം കുറിച്ചിരിക്കുകയാണ്. പത്തുവർഷംകൊണ്ട് കുളംതോണ്ടിയ ഖജനാവും തകർന്ന നിയമവാഴ്ചയും ശരിയാക്കിയെടുക്കാൻ ഈ സർക്കാരിന് സാധിക്കും. ഇരുട്ടിൽനിന്നും വെളിച്ചത്തിലേക്കുള്ള തുടക്കത്തിന് ആദ്യത്തെ തിരികൊളുത്തികഴിഞ്ഞു; വിസ്മയങ്ങൾ ഇനിയുമുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ പത്തുവർഷക്കാലം നടപ്പാക്കിയ വികസനക്ഷേമ പ്രവർത്തനങ്ങളാകെ മറന്നുകൊണ്ടാണ് 2026-2027 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിനെക്കുറിച്ച് ശ്രീ. മഞ്ഞളാംകുഴി അലി അടക്കമുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സംസാരിച്ചത്. നമ്മുടെ നാട് വളരെയധികം മുന്നോട്ടുപോയെന്നത് ഒരു വസ്തുതയാണ്. തിരഞ്ഞെടുപ്പിന്റെ പരാജയം ഉൾക്കൊണ്ട് അതിനെ മറികടക്കാനുള്ള പ്രവർത്തനങ്ങൾ ഞങ്ങൾ സംഘടിപ്പിക്കും. പക്ഷെ, വികസന-ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കാത്തതുകൊണ്ടാണ് എൽ.ഡി.എഫ്. പരാജയപ്പെട്ടതെന്ന് സ്ഥാപിച്ചെടുക്കാൻ ഭരണപക്ഷം ശ്രമിക്കുന്നത് കണ്ട് അക്കാര്യം സൂചിപ്പിച്ചുവെന്നേയുള്ളൂ. കേരളത്തിന്റെ മുൻകാല ചരിത്രം പരിശോധിച്ചാൽ ഏതൊരു ഗവൺമെന്റും ക്ഷേമരാഷ്ട്ര സങ്കല്പത്തിലൂന്നിയ വികസന കാഴ്ചപ്പാടുകൾക്കാണ് ബജറ്റിൽ ഊന്നൽ നൽകാറുള്ളത്. എന്നാൽ ധനകാര്യ വകുപ്പുമന്ത്രി കൂടിയായ ശ്രീ. വി. ഡി. സതീശൻ ഇത്തവണ അവതരിപ്പിച്ച ബജറ്റ് സമ്പൂർണ്ണമായി നിരാകരിക്കപ്പെടേണ്ട ഒന്നാണെന്ന് പറയേണ്ടിവരും. നവലിബറൽ സാമ്പത്തിക നയങ്ങളുടെ വക്താക്കളായ കോൺഗ്രസ് ആ നയങ്ങൾ സൃഷ്ടിച്ച വിവരണാതീതമായ ദുരന്തങ്ങളിൽനിന്നും പാഠം പഠിച്ചില്ലെന്നതിന്റെ തെളിവുകൂടിയാണ് ഈ ബജറ്റിൽ കാണാൻ കഴിഞ്ഞതെന്ന് പ്രൊഫ. സി. രവീന്ദ്രനാഥ് വിശദമായി സൂചിപ്പിക്കുകയുണ്ടായി. സ്വകാര്യവൽക്കരണത്തിന്റെ വഴിയാണ് യു.ഡി.എഫ്. സർക്കാരിന്റേതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവർത്തിച്ച് പറയുന്നുണ്ട്. എന്നുമാത്രമല്ല, പൊതുമേഖലാ സ്ഥാപനങ്ങൾ ബാധ്യതയാണെന്ന നിലപാടാണ് സർക്കാരിന്റേതെന്ന് പൊതുമേഖലയോടുള്ള സമീപനത്തിലൂടെ മനസ്സിലാക്കാൻ സാധിക്കും. രാജ്യത്തിന്റെ പ്രഥമ

പ്രധാനമന്ത്രിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നയങ്ങളും സമീപനങ്ങളുമായി ബന്ധപ്പെടുത്തിയാണ് അദ്ദേഹത്തിന്റെ ശിഷ്യൻ ഇവിടെ ഇതൊക്കെ പറയുന്നത്. അദ്ദേഹം എക്കാലവും പൊതുമേഖലയെ സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. പൊതുമേഖലയാണ് രാജ്യത്തിന്റെ നട്ടെല്ലെന്നുള്ള കാഴ്ചപ്പാട് അദ്ദേഹത്തിന് ഉണ്ടായിരുന്നുവെന്നതിന്റെ തെളിവ് രാജ്യമൊട്ടാകെ കാണുമായിരുന്നില്ലേ? അതിനെ മുഴുവൻ തകർത്തുകൊണ്ട് സ്വകാര്യവൽക്കരിച്ച് നവലിബറൽ സാമ്പത്തികനയങ്ങൾ നടപ്പാക്കിയതിലൂടെയാണ് രാജ്യം ഇന്നുകാണുന്ന ബി.ജെ.പി.-യുടെ കൈയിലെത്തിയത്. ഇവിടെപ്പറഞ്ഞ സപ്ലൈകോപ്പോലും ഈ നിലയിൽ തുടരേണ്ടതില്ലെന്നാണ് ധവളപത്രത്തിലൂടെയും ബജറ്റിലൂടെയും വ്യക്തമാക്കുന്നത്. ബജറ്റിലെ രസകരമായ ഒരു കാര്യം, ബജറ്റ് പുസ്തകത്തിലെ 80-ാം പേജിൽ ഭക്ഷ്യവകുപ്പിനെക്കുറിച്ച് ഒറ്റവരിയാണ് പറയുന്നത്. സപ്ലൈകോയ്ക്ക് കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള കുടിശ്ശിക നേടിയെടുക്കുവാൻ നടപടിയെടുക്കുമെന്ന് മാത്രമേ ഭക്ഷ്യ വകുപ്പനെക്കുറിച്ച് പറയുന്നുള്ളൂ. ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബ് അവിടെ ഇരിക്കുന്നുണ്ട്. ഇതിനുവേണ്ടി ഒരു മന്ത്രിയുടെ ആവശ്യമുണ്ടോ? കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള തുക നേടിയെടുക്കുക മാത്രമാണ് ഭക്ഷ്യവകുപ്പിന്റെ ഉത്തരവാദിത്വവും ഒരു വർഷത്തെ ലക്ഷ്യവുമെന്ന രീതിയിൽ ബജറ്റിൽ പറയുമ്പോൾ ക്ഷേമരാഷ്ട്രത്തെയും ജനങ്ങളുടെ ക്ഷേമത്തെയും പൊതുമേഖലയെക്കുറിച്ചും അവരുടെ കാഴ്ചപ്പാടും ധാരണയും സങ്കല്പവും എന്താണ്; ഓരോ പദ്ധതികളും പിൻവലിച്ചുകൊണ്ടിരിക്കുകയല്ലേ? അഞ്ചുലക്ഷം കുടുംബങ്ങൾക്ക് ആശ്വാസം പകർന്ന ലൈഫ് മിഷൻ പിൻവലിച്ചു. അതുപോലെ കുടുംബശ്രീയെക്കുറിച്ച് ബജറ്റിൽ ഒന്നുംതന്നെ പറയുന്നില്ല. തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്രവിഹിതം നേടിയെടുക്കുന്നതിനെക്കുറിച്ചും ബാലൻസ് ചെയ്യാൻ കഴിയുന്ന തുകയെക്കുറിച്ചും പറയുന്നില്ല. എന്നുമാത്രമല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന പല പദ്ധതികളുടെയും പേരുമാറ്റമാണ് ഈ ബജറ്റിൽ കാണാൻ കഴിയുന്നത്. കേരളത്തിൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 'പുനർഗേഹം' പദ്ധതിയിലൂടെ നൂറുകണക്കിന് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നൽകിയതാണ്. എന്നാൽ ഈ ആ പദ്ധതികളുടെ പേര്

മാറുന്നുവെന്നുമാത്രം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സാർവത്രികമായ പെൻഷനെന്ന സങ്കല്പമാണ് സ്വീകരിച്ചിട്ടുള്ളത്. വയോജനങ്ങൾക്ക് വയോജനക്ഷേമവകുപ്പ് രൂപം നൽകുന്നുവെന്ന് പറയുമ്പോൾ അത്തരം ആളുകൾക്ക് രണ്ടായിരം രൂപയാണ് പെൻഷനായി നൽകുന്നത്. രണ്ടായിരം രൂപയിൽനിന്ന് ഒരു തുകപോലും വർധിപ്പിച്ചിട്ടില്ല. രണ്ടായിരം രൂപ വർധിപ്പിച്ചുകൊണ്ടാണ് ആ ജനവിഭാഗത്തോട് കൂറ് കാണിക്കുന്നതെന്ന് പറഞ്ഞാൽ മനസ്സിലാക്കാൻ കഴിയും. എന്നാൽ അതിന് തയ്യാറാകാതെ വാഗ്ദാനം നൽകി അവരെ പറ്റിച്ച ഒരനുഭവമാണ് കാണാൻ കഴിയുന്നത്. സർക്കാർ ജീവനക്കാരുടെ സ്ഥിതിയും അതുപോലെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എൻ.ജി.ഒ. അസോസിയേഷന്റെ സമ്മേളനത്തിൽ പങ്കെടുത്ത് പ്രസംഗിച്ചത് ഞാൻ ടെലിവിഷനിലൂടെ കാണുകയുണ്ടായി. എന്തൊരാവേശകരമായ കൈയടിയായിരുന്നു. ആ കൈയടി വാങ്ങിക്കൊണ്ട് ഈ ബഡ്ജറ്റിലൂടെ വിസ്മയം കാണാൻ കഴിയുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. സർക്കാർ ജീവനക്കാർക്കായി എന്ത് വിസ്മയമാണ് ഈ ബജറ്റിലുള്ളത്? അവരുടെ ശമ്പള പരിഷ്കരണത്തെക്കുറിച്ച് ഒരു വാക്കുംപോലും പറയുന്നില്ല. അവരുടെ പെൻഷൻ സ്കീമിനെ സംബന്ധിച്ച് ആശാവഹമായ ഒരു കാര്യവും പറയുന്നില്ല. ഈ ബജറ്റിൽ വിസ്മയം സൃഷ്ടിച്ച മേഖലകൾ ഓരോന്നായി പരിശോധിച്ചാൽ അതെല്ലാം പുറകോട്ടടി നേരിടേണ്ടിവരുന്ന സാഹചര്യമാണ്.

1957-ലെ ആദ്യ കമ്മ്യൂണിസ്റ്റ് ഗവൺമെന്റും 1969-ലെ സഖാവ് സി. അച്യുതമേനോൻ ഗവൺമെന്റും നടപ്പാക്കിയ ഭൂപരിഷ്കരണ നിയമം പാവപ്പെട്ട കുടിയിരിപ്പുകാരെയും കൈവശ കൃഷിക്കാരെയും ഭൂരഹിത കർഷകരെയും സഹായിക്കാനും ഉൽപാദനം വർധിപ്പിക്കാനും അതിലൂടെ ഭൂമി ഉറപ്പാക്കാനും വേണ്ടിയായിരുന്നു. എന്നുമാത്രമല്ല, തുടർന്നുവന്ന ഗവൺമെന്റുകൾ ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകാൻ കഴിയുന്ന സാഹചര്യത്തെക്കുറിച്ചാണ് ആലോചിച്ചത്. എന്നാൽ ഇന്ന് ഇപ്പോൾ എന്താണ് സ്ഥിതി? ഇവിടെയുള്ള ഭൂമി വൻകിട കുത്തകകളുടെ കൈകളിലേക്ക് എത്തിക്കാനുള്ള, അതിന് വേഗത കൂട്ടുന്ന നടപടിയിലേക്ക് രണ്ടാം ഭൂപരിഷ്കരണം നിയമം നടപ്പാക്കാൻ പോകുന്നുവെന്നാണ് എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി സൂചിപ്പിച്ചത്. ഇത് നമ്മുടെ നാട്ടിലെ

സാധാരണക്കാരായ ജനങ്ങളുടെ ആഗ്രഹത്തിനനുസരിച്ചുള്ള ഒരു പദ്ധതിയാണോ? ഇതുമാത്രമല്ല, കേരളത്തിന്റെ തീരം പൂർണമായും കോർപ്പറേറ്റ് ശക്തികൾക്ക് തീറെഴുതുന്നതിനാണ് ഈ സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്നാണ് എനിക്ക് മനസ്സിലാകുന്നത്. നമ്മുടെ തീരപ്രദേശത്തെ ജനങ്ങളുടെ ആവശ്യമെന്താണ്? ഇക്കാര്യം ഇന്ന് രാവിലെ അവതരിപ്പിച്ച സബ്മിഷനിലും ഉൾപ്പെട്ട ഒരു വിഷയമാണ്. ഇന്ന് നമ്മുടെ തീരദേശ ജനത നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തീരശോഷണവും കടലാക്രമണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുപകരം നമ്മുടെ നാടിന്റെ തീരപ്രദേശംകൂടി സ്വകാര്യ കക്ഷികളുടെയും മുതലാളിമാരുടെയും കൈകളിൽ എത്തിക്കാൻവേണ്ടി ഈ സർക്കാർ പരിശ്രമിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ബി.ജെ.പി.-യുടെ ബ്ലൂ ഇക്കണോമിക് പോളിസിയെക്കുറിച്ച് നമുക്കെല്ലാം അറിയാം. അത് നടപ്പാക്കാനാണ് ഈ സർക്കാർ ശ്രമിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കേരളത്തിലെ കരിമണലുമായി ബന്ധപ്പെട്ട വിഷയം എപ്പോഴും ചർച്ചചെയ്യപ്പെടുന്ന ഒന്നാണ്. കരിമണൽ ഉൾപ്പെടെയുള്ള ധാതുസമ്പത്തുക്കളെ സ്വകാര്യ കമ്പനികൾക്ക് വിട്ടുകൊടുക്കാനുള്ള ഒരു തന്ത്രമാണ് ഇതിനകത്ത് കാണാൻ കഴിയുന്നത്. അതുകൊണ്ട് ഇത്തരം നയങ്ങളെ ശക്തമായി എതിർക്കേണ്ടത് കേരളത്തിന്റെ പൊതുതാൽപര്യമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ വിഷയത്തിൽ കേരളത്തെ പിറകിലോട്ട് നയിക്കുന്ന ബജറ്റാണ് ഇത്. ക്ഷേമ പദ്ധതികളെയെല്ലാം കൈയൊഴിയുന്ന ഈ ബജറ്റ് സ്വകാര്യ-മൂലധന ശക്തികൾക്ക് വേണ്ടിമാത്രമുള്ളതാണ്. അതുകൊണ്ട് ഈ ബജറ്റിനെ ഞാൻ ശക്തിയായി എതിർക്കുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ കാർഷിക മേഖലയിലെ റബ്ബർ കർഷകർക്ക് അല്പം ആശ്വാസം പകരുന്ന തരത്തിൽ റബ്ബറിന്റെ താങ്ങുവില 250 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ റബ്ബറിന്റെ വിപണിവില മാർക്കറ്റിൽ 270 രൂപയായി നിൽക്കുമ്പോഴാണ് താങ്ങുവില 250 രൂപയാക്കി വർധിപ്പിച്ചത്. ഈയവസരത്തിൽ കേരളത്തിലെ നെൽകർഷകരുടെ സ്ഥിതിയെന്താണ്? കഴിഞ്ഞ അഞ്ച് വർഷത്തെ എല്ലാ സഭാസമ്മേളനങ്ങളിലും നെല്ലിന്റെ വില വർധിപ്പിക്കാനുള്ള ആവശ്യമല്ലേ ഉയർന്നുവന്നിരുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റിൽ നെല്ലിന് ഒരു

രൂപയുടെ വർധനവിനെക്കുറിച്ച് പറയുന്നുണ്ടോ? കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എത്രയോ എം.എൽ.എ.-മാർ ഭരണപക്ഷത്തിരിപ്പുണ്ട്. അപ്പോൾ കൃഷിക്കാരന്റെ നട്ടെല്ലൊടിയുന്ന, കൃഷിക്കാരനെ സഹായിക്കാത്ത, നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നെൽകർഷകന് ഒരു രൂപ വർധിപ്പിക്കാത്ത നിലപാടിനെ ശക്തിയായി ഞാൻ എതിർക്കുന്നു. അതുപോലെ രണ്ട് വർഷത്തിനകം കേരളത്തെ ഒരു തുറമുഖ നഗരമാക്കി ലോക മാരിടൈം ഭൂപടത്തിൽ അടയാളപ്പെടുത്തുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ബജറ്റിൽ പറഞ്ഞിരിക്കുന്നത്. എന്ത് അത്ഭുതവിദ്യയാണ് അദ്ദേഹത്തിന്റെ കൈയിലുള്ളതെന്ന് നമുക്കറിയില്ല. വിഴിഞ്ഞം പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാക്കി രണ്ടാം ഘട്ടം പൂർത്തിയാക്കാനുള്ള നടപടിക്കുവേണ്ടി എത്ര വർഷമാണ് എടുത്തത്. ഇതുപോലെ ആളുകളെ ആകർഷിക്കുന്ന മോഹന വാഗ്ദാനങ്ങൾ നടത്തി വിസ്മയം സൃഷ്ടിക്കുമെന്ന് പറയുന്നതല്ലാതെ യാഥാർത്ഥ്യവുമായും ജനങ്ങളുടെ ക്ഷേമവുമായും ബന്ധപ്പെട്ടുള്ള പദ്ധതികളിൽ നിന്നെല്ലാം ഈ ഗവൺമെന്റ് പിന്നോട്ടുപോവുകയാണ്. അതുകൊണ്ട് ഈ ബജറ്റിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

<u>ശ്രീ. വർഗ്ഗീസ് മാമ്മൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ ബജറ്റ് ദിശാബോധവും ദീർഘവീക്ഷണവുമുള്ള ഒരു ബജറ്റാണ്. രാഷ്ട്രീയഭേദമന്യേ എല്ലാവിഭാഗം ജനങ്ങളും ഈ ബജറ്റിനെ സഹർഷം സ്വാഗതം ചെയ്യുന്നു. അതിനുകാരണം, എല്ലാ രാഷ്ട്രീയ വ്യത്യാസങ്ങളും മറന്നാണ് കേരളത്തിലെ ജനങ്ങൾ നൂറിലധികം സീറ്റോടുകൂടി ഈ ഗവൺമെന്റിനെ അധികാരത്തിലെത്തിച്ചത്. ഈ ബജറ്റ് ഒരു സ്മാർട്ട് ബജറ്റാണ്. ഒരു സ്മാർട്ട് കേരളത്തിലേക്കുള്ള ചുവടുവയ്പാണ് ഇത്. SMART എന്ന് ഞാൻ ഉദ്ദേശിച്ചത് ഇതൊരു Sustainable, Modern, Accountable, Responsible and Transparent budget ആണ്. 'എളിയവരെ ആദരിക്കുന്നവർ ഭാഗ്യവാന്മാർ അവർ സ്വർഗ്ഗരാജ്യം അവകാശമാക്കും' എന്ന് ബൈബിളിൽ ഒരു ആപ്തവാക്യമുണ്ട്. കേരളത്തിലെ മുഖ്യമന്ത്രി എളിയവരെ ആദരിച്ച ഒരു ബജറ്റ് അവതരിപ്പിച്ചതിനാൽ അദ്ദേഹം സ്വർഗ്ഗരാജ്യത്തിന് അവകാശിയായിത്തീരുകയാണ്. ഈ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരെ ചേർത്തുപിടിച്ച ഒരു ബജറ്റാണ് ഇത്. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേരിൽ ഇവിടെ പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ്

പദ്ധതിയടക്കം ഈ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട റബ്ബർ കർഷകരെ ഉൾപ്പെടെ കരുതിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബജറ്റ് തീർച്ചയായും അദ്ദേഹത്തിന്റെ സ്വർഗ്ഗരാജ്യ പ്രവേശനത്തിന് ഇടംനൽകും എന്ന് ഞാൻ ഒരിക്കൽക്കൂടി സൂചിപ്പിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ കായികപ്രേമികളുടെ സ്വപ്നമാണ് നിലവിലുള്ള തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിന്റെ വികസനം. അതിന്റെ വികസനപ്രവർത്തനങ്ങളുടെ ഒന്നാംഘട്ടമായി അഞ്ച് കോടി രൂപ അനുവദിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എന്റെ നാടിന്റെ നന്ദി ഞാൻ ഈ സമയത്ത് അറിയിക്കുകയാണ്.

കേരളത്തിലെ വിദ്യാർഥികൾക്കും യുവജനങ്ങൾക്കും ഈ ബജറ്റ് പ്രതീക്ഷ നൽകുന്നുവെന്നുള്ളതാണ് ഈ ബജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത. കേരളത്തിന്റെ വിദ്യാഭ്യാസ കരിക്കുലം ഉടച്ചുവാർത്ത് കേരളത്തിലെ ചെറുപ്പക്കാർക്ക് ഈ നാട്ടിൽത്തന്നെ തൊഴിൽ നൽകുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബജറ്റിലൂടെ പ്രഖ്യാപിച്ചത്. എന്റെ നിയോജക മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പുളിക്കീഴ് പമ്പാ റിവർ ഫാക്ടറി നിലച്ചിട്ട് വർഷങ്ങളായി. നൂറ് ഏക്കർ സ്ഥലം ശൂന്യമായി കിടക്കുന്ന അവിടെ ഒരു ഐ.ടി. ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയും അദ്ദേഹം അത് ബജറ്റിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു. അതിനുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നതോടൊപ്പം എത്രയും വേഗം അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട സഹായങ്ങൾകൂടി നൽകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. തിരുവല്ല, മല്ലപ്പള്ളി എന്നീ രണ്ട് താലൂക്കുകൾ ചേരുന്നതാണ് എന്റെ നിയോജകമണ്ഡലം. പഴയ കല്ലൂപ്പാറ നിയോജക മണ്ഡലത്തിന്റെ ആസ്ഥാനമാണ് മല്ലപ്പള്ളി. ഇത് ആറ് പഞ്ചായത്തുകളാൽ ചുറ്റപ്പെട്ട പ്രദേശമാണ്. മണിമലയാറും പമ്പയാറും മല്ലപ്പള്ളിയെ തൊട്ടുപോകുന്നു. ആറ്റിൽ വിദ്യാർഥികളടക്കം നിരവധി ആളുകൾ മുങ്ങി മരിക്കുന്നത് ഉൾപ്പെടെയുള്ള ഒട്ടനവധി അപകടങ്ങൾ നടക്കുന്നതിനാൽ പ്രദേശവാസികളുടെ ഒരു ആശാ പദ്ധതിയാണ് മല്ലപ്പള്ളിയിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുക എന്നുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മല്ലപ്പള്ളി ഫയർ സ്റ്റേഷൻ ബജറ്റിൽ ഉൾപ്പെടുത്തിയത് സന്തോഷകരമാണ്. അതിനാവശ്യമായ മുഴുവൻ തുകയും അനുവദിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

അതുപോലെതന്നെയാണ് ഞങ്ങളുടെ നാട്ടിലെ ശുദ്ധജലപ്രശ്നം. പത്ത് വർഷങ്ങൾക്കുമുമ്പ് മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ആരംഭിച്ച ശുദ്ധജലവിതരണ പദ്ധതിയാണ് മല്ലപ്പള്ളി-ആനിക്കാട്-കോട്ടാങ്ങൽ ശുദ്ധജല പദ്ധതി. എന്റെ നേതാവ് ശ്രീ. പി. ജെ. ജോസഫ് അന്നത്തെ മന്ത്രിസഭയിലെ ജലവിഭവ വകുപ്പുമന്ത്രിയായിരുന്നു. എന്നാൽ നാളിതുവരെയും ആ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ആ പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർഥിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽകൂടി കടന്നുപോകുന്ന പ്രധാനപ്പെട്ട രണ്ട് റോഡുകളാണ് തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡും തിരുവല്ല-പന്നായി-തേവേരി റോഡും. പത്ത് വർഷമായി ഈ പ്രധാന റോഡുകളിൽ ഒരു മെയിന്റനൻസും നടക്കാതെയായിട്ട്. അതിനാവശ്യമായ തുക ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പ്രസംഗത്തിൽ അനുവദിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. കേരളത്തിലെ പുരാതന ക്ഷേത്രങ്ങളെ പരിചരിക്കുന്നതിനും പൈതൃകം നിലനിർത്തുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബജറ്റ് പ്രസംഗത്തിൽ കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്റെ നാട്ടിലെ ശ്രീ വല്ലഭ ക്ഷേത്രം ഞങ്ങളുടെ നാടിന്റെ വിശ്വാസഗോപുരമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച ക്ഷേത്രപരിചരണത്തിൽ തിരുവല്ല ശ്രീ വല്ലഭ ക്ഷേത്രത്തെക്കൂടി ഉൾപ്പെടുത്തണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. കമ്മ്യൂണിസം ലോകത്തിൽ തകർക്കപ്പെട്ട തത്വസംഹിതയും വെറുക്കപ്പെട്ട വിശ്വാസപ്രമാണവുമാണ്. എന്നിട്ടും പ്രിയപ്പെട്ട പ്രൊഫ. സി. രവീന്ദ്രനാഥിനെ പോലുള്ള മികച്ച അധ്യാപകർ ഞങ്ങളെപ്പോലെയുള്ള പുതുതലമുറയെ ഞെട്ടിപ്പിക്കുന്ന രീതിയിലാണ് ഇവിടെ പ്രസംഗം നടത്തിയത്. കമ്മ്യൂണിസത്തിന്റെ കാലം കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബജറ്റിലെ ആശയങ്ങൾ ഈ നാടിനെ പുതുയുഗത്തിലേക്ക് നയിക്കുന്ന ആശയങ്ങളാണ്. അതിനാൽ ഞാൻ ഈ ബജറ്റിനെ സർവാത്മനാ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ബി. ബി. ഗോപകുമാർ:</u> സർ, ഈ ബജറ്റ് പ്രസംഗത്തിൽ സംസാരിക്കുമ്പോൾ ഒരു കാര്യത്തിൽ വളരെ സന്തോഷമുണ്ട്. ആർ.എസ്.എസ്. ആരെയാണ് കൂടുതൽ സഹായിച്ചതെന്ന തർക്കമാണ് ഈ ചർച്ചയിൽ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം

ഉന്നയിക്കുന്നത്. അതുകൊണ്ടുതന്നെ ആ പ്രസ്ഥാനത്തിന്റെ മാഹാത്മ്യവും പ്രാധാന്യവുമെന്തെന്ന് ഇവിടെ വ്യക്തമാകുന്നുണ്ട്. മറ്റൊന്ന്, ഈ ബജറ്റ് ഇങ്ങനെ പോവുകയാണെങ്കിൽ കേന്ദ്രം ബി.ജെ.പി. ഭരിക്കുന്നതുപോലെ കേരളവും ആയിത്തീരും എന്ന വ്യക്തമായ സൂചന ബഹുമാന്യനായ അംഗം പ്രൊഫ. സി. രവീന്ദ്രനാഥ് ഇവിടെ നൽകിക്കഴിഞ്ഞു. ഈ ബജറ്റിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ സ്വപ്നപദ്ധതികൾ നിരത്തി പുകമറ സൃഷ്ടിച്ച ഒരു ബജറ്റ്; യാഥാർഥ്യവുമായി യാതൊരു ബന്ധവുമില്ല. ഈ സ്വപ്നപദ്ധതികൾക്ക് സാമ്പത്തിക വിഹിതം എങ്ങനെ കണ്ടെത്തുമെന്ന് ഒരു ദിശാബോധവും ഈ ബജറ്റിലില്ല.

വൻകിട പദ്ധതികൾക്ക് വളരെ കുറച്ചുമാത്രം വിഹിതം. അര നൂറ്റാണ്ടുകാലം ഈ സംസ്ഥാനം ഭരിച്ചത് എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ആണ്. കേരളം എത്രമാത്രം കടക്കെണിയിൽ നിൽക്കുന്നുവെന്ന് ഈ ബജറ്റിലൂടെയും മറ്റു കാര്യങ്ങളിലൂടെയും വ്യക്തമാണ്. ഈ ബജറ്റ് കാണാൻ മനോഹരമാണ്, സന്തോഷം നൽകുന്നുണ്ട്. പക്ഷെ എത്ര പദ്ധതികൾ കൃത്യമായി നടപ്പാക്കുമെന്നും അതിന്റെ സാമ്പത്തിക സ്ഥിതിയെന്താണെന്നും എവിടെയും പ്രതിപാദിക്കുന്നില്ല. ബഹുമാന്യനായ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ സ്വപ്നപദ്ധതിയിൽ വയോജനങ്ങൾക്കായി പ്രത്യേക വകുപ്പ് രൂപീകരിച്ചുകൊണ്ട് വയോജനക്ഷേമത്തെക്കുറിച്ച് പറഞ്ഞതാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. സംസ്ഥാനത്തെ ജനസംഖ്യയുടെ ഇരുപത് ശതമാനം വയോജനങ്ങളാണെന്ന് അദ്ദേഹം സൂചിപ്പിച്ചു. പക്ഷെ ആ സ്വപ്നപദ്ധതിക്കും ഗ്ലോബൽ ഫർണിച്ചർ ഹബ്ബിനും പത്തുകോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. അപ്പോൾ അദ്ദേഹത്തിന്റെ സ്വപ്നപദ്ധതി ഗ്ലോബൽ ഫർണിച്ചർ ഹബ്ബിന് സമാനമാണോയെന്ന് കേരളസമൂഹം ചിന്തിക്കേണ്ടിയിരിക്കുന്നു. 25,000 കോടി രൂപയുടെ നികുതി പിരിക്കാനുണ്ട്. അത് എങ്ങനെ പിരിക്കുമെന്നതിനെക്കുറിച്ച് അദ്ദേഹം ഒരു സൂചനയും നൽകിയിട്ടില്ല. മാത്രമല്ല കഴിഞ്ഞ ബജറ്റിലെ ഒരുപാട് തുക വെട്ടിക്കുറച്ചിട്ടുണ്ട്. ഇതെങ്ങനെ വെട്ടിക്കുറച്ചെന്നും ഏതോ ക്ലർക്കിനെ ഏൽപ്പിച്ചിട്ട് തുക വെട്ടിക്കുറയ്ക്കാൻ പറഞ്ഞുവെന്നുമാണ് ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർ പറയുന്നത്. വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞ ഏറ്റവും വലിയ കാര്യമുണ്ട്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റംവരണം. നമ്മുടെ വിദ്യാർഥികൾ വിദേശരാജ്യങ്ങളിലേക്ക്

പഠിക്കാൻ പോകുന്നു. ആ വിദ്യാഭ്യാസ മേഖലയ്ക്ക് മുൻ ബജറ്റിൽനിന്ന് 302 കോടി രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളത്. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതും വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനവും തമ്മിൽ എന്ത് ബന്ധമാണുള്ളതെന്ന് നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ ബജറ്റ് കേന്ദ്ര പദ്ധതികളുടെ പേര് മാറ്റിക്കൊണ്ടുള്ള ബജറ്റ് മാത്രമാണ്. ഇത് സാഗർമാല മുതൽ സുവിധ സാനിറ്ററി നാപ്കിൻ പദ്ധതി വരെ ഒരു റീബ്രാൻഡിങ് നടത്തി ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. സാഗർമാല പദ്ധതി പ്രകാരം കേരളത്തിന് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് 2021-ൽ ശ്രീ. ജോൺ ബ്രിട്ടാസ് രാജ്യസഭയിൽ ഉന്നയിച്ചൊരു ചോദ്യമുണ്ട്. 18,161 കോടി രൂപ സാഗർമാല പദ്ധതിക്കായി കേരളത്തിന് അനുവദിച്ചിട്ടുണ്ടെന്ന് മറുപടിയും ലഭിച്ചു. പുതിയ പദ്ധതിയിലേക്ക് വരുമ്പോൾ ആ പദ്ധതി കടമെടുത്താണ് ഇത്തരത്തിൽ "മിഷൻ സമുദ്ര" എന്ന പദ്ധതി അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച് പറഞ്ഞു. സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുമെന്ന് ബജറ്റിൽ പറയുന്നുണ്ട്. നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ അവസ്ഥയെക്കുറിച്ചും ബജറ്റിൽ കൃത്യമായി പറയുന്നുണ്ട്. നിലവിൽ കാസർഗോഡ്, ഇടുക്കി, വയനാട്, മഞ്ചേരി എന്നീ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം വളരെ ശോചനീയമായി തുടരുകയാണ്. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെട്ട പാരിപ്പള്ളി മെഡിക്കൽ കോളേജിനെ സംബന്ധിച്ചും ഇതേ അവസ്ഥയാണുള്ളത്. ഞാൻ ഇതുസംബന്ധിച്ച് ബഹുമാന്യനായ ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയെ നേരിൽ കാണുകയും നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനകത്ത് പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ കാര്യം കൂടി ഉൾപ്പെടുത്തുന്നത് നന്നായിരിക്കും.

ഒരു രാഷ്ട്രീയവിഷയം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. 1960-ൽ ആർ. ശങ്കറിന്റെ മന്ത്രിസഭ രൂപീകൃതമായ സമയത്ത്, ധനകാര്യ വകുപ്പ് കൈകാര്യം ചെയ്തിരുന്നത് ആർ. ശങ്കർ ആയിരുന്നു. കേരളത്തിൽ അനവധി ക്ഷേമപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് അദ്ദേഹം ധനകാര്യ വകുപ്പ് കൈകാര്യം ചെയ്തിരുന്നപ്പോഴാണ്. ഇപ്പോഴത്തെ ബജറ്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചപ്പോൾ ക്ഷേമപെൻഷനുകൾ വർധിപ്പിക്കാനുള്ള ഒരു നിർദേശവും വന്നിട്ടില്ല. മറ്റൊന്ന്, ഇന്നത്തെയും അന്നത്തെയും

മന്ത്രിസഭയിലെ കോൺഗ്രസ് അംഗങ്ങളുടെ അംഗസംഖ്യയ്ക്ക് ഒരു പ്രത്യേകതയുണ്ട്. ആർ. ശങ്കറിന്റെ മന്ത്രിസഭ കോൺഗ്രസിന് തനിച്ച് ഭൂരിപക്ഷമുണ്ടാക്കിക്കൊടുത്ത മന്ത്രിസഭയായിരുന്നു. അന്നും 63 അംഗങ്ങൾ കോൺഗ്രസിന്, പക്ഷെ 20 അംഗങ്ങളുള്ള പട്ടം എ. താണുപിള്ളയാണ് കേരളത്തിന്റെ മുഖ്യമന്ത്രിയായി വന്നത്. പിന്നീട് അദ്ദേഹത്തെ പഞ്ചാബിന്റെ ഗവർണറായി നിയമിച്ചപ്പോഴാണ് ആർ. ശങ്കറിന് കേരളത്തിന്റെ മുഖ്യമന്ത്രിയാകാൻ കഴിഞ്ഞത്.

<u>ചെയർപേഴ്സൺ</u>: സമയം..

<u>ശ്രീ. ബി. ബി. ഗോപകുമാർ</u>: സർ, ഇന്നും സംഖ്യ 63 ആണ്. പതിങ്ങിയിരിക്കുന്ന അപകടം ഒരു പക്ഷെ അന്നത്തെ മന്ത്രിസഭയെപ്പോലെ തന്നെ കേരളാ കോൺഗ്രസിന്റെ രൂപീകരണത്തിലേക്ക് പോയ കാലഘട്ടം നമ്മുടെ മുന്നിലുണ്ട്. കോൺഗ്രസിനകത്ത് മുഖ്യമന്ത്രി പദവിയിലേക്ക് നടത്തിയ ഈ വടംവലി കാണുമ്പോൾ ആ കാലഘട്ടം തിരിച്ചുവരുമോയെന്ന്....

<u>ചെയർപേഴ്സൺ</u>: സമയം കഴിഞ്ഞു.

<u>ശ്രീ. ബി. ബി. ഗോപകുമാർ</u>: സർ, അതുപോലെയാണ് വിദ്യാഭ്യാസ മേഖലയിലടക്കമുള്ള പ്രശ്നങ്ങളെ സംബന്ധിച്ച്. കശുവണ്ടി മേഖല...

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട മെമ്പർ സമയം കഴിഞ്ഞു. സമയം കഴിഞ്ഞു.

<u>ശ്രീ. ബി. ബി. ഗോപകുമാർ</u>: സർ, കൊല്ലം ജില്ലയെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ് കശുവണ്ടിമേഖലയിലെ പ്രശ്നം. കേവലം 56 കോടി രൂപ മാത്രമാണ് കശുവണ്ടിമേഖലയ്ക്ക് കൊല്ലത്ത് മാറ്റിവച്ചിരിക്കുന്നത്.

<u>ചെയർപേഴ്സൺ</u>: അങ്ങ് കൺക്ലൂഡ് ചെയ്യണം, സമയം കഴിഞ്ഞു.

<u>ശ്രീ. ബി. ബി. ഗോപകുമാർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും ബാധ്യതയെത്രയാണെന്ന് അറിയാം. ഐ.എൻ.ടി.യു.സി (INTUC) സംസ്ഥാന പ്രസിഡന്റും കശുവണ്ടി വികസന കോർപ്പറേഷൻ (KSCDC) മുൻ ചെയർമാനുമായ ആർ. ചന്ദ്രശേഖരൻ പ്രതിയായ കശുവണ്ടി ഇറക്കുമതി അഴിമതി വലിയ രാഷ്ട്രീയ വിവാദങ്ങൾക്ക് കാരണമായ ഒന്നാണ്. ഇതുസംബന്ധിച്ച്

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവുണ്ട്. ടി അഴിമതി സംബന്ധിച്ച് മുൻ ഗവൺമെന്റിന് മൂന്നുതവണ ഹൈക്കോടതിയുടെ ശകാരം ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്. അതിനാൽ അഴിമതിയെ സംബന്ധിച്ച നിലപാടുകൂടി ഇപ്പോഴത്തെ മുഖ്യമന്ത്രി വ്യക്തമാക്കേണ്ടതുണ്ട്. കശുവണ്ടി മേഖലയിലടക്കം ഇത്തരം കാര്യങ്ങൾ പരിഹരിക്കാനും തൊഴിൽമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും എന്ത് നടപടിയാണ് ഈ ബജറ്റിലുൾക്കൊള്ളിച്ചതെന്നുകൂടി അറിയാൻ ആഗ്രഹമുണ്ട്. ഒപ്പം യുവാക്കളെയും കർഷകരെയും പാവപ്പെട്ടവരെയും വഞ്ചിക്കുന്ന ബജറ്റാണിത്, അതുകൊണ്ടുതന്നെ ഈ ബജറ്റിനെ എതിർക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, ഈ ബജറ്റ് ഒരു ക്ലാസിക്കൽ ബജറ്റാണെന്ന് ഞാൻ കരുതുകയാണ്. ബജറ്റ് പ്രസംഗവും സംസ്ഥാനത്തിന്റെ ഒരു വർഷത്തെ വാർഷിക വരവുചെലവ് കണക്കും പരിശോധിച്ചപ്പോൾ എനിക്ക് അങ്ങനെയാണ് തോന്നിയിട്ടുള്ളത്. ‘ This is a budget of a new type’ . ഒരു പുതിയതരം ബജറ്റാണ്. സാമ്പ്രദായികമായി ബജറ്റിൽനിന്നും ഒഴിവാക്കാൻ പാടില്ലാത്ത എല്ലാ രീതികളും അവലംബിച്ചപ്പോഴും അവതരണരീതികളുടെ ഉള്ളടക്കത്തിൽ ഒരുപാട് വ്യത്യാസങ്ങൾ വരികയാണ്. 'കേരളത്തിന്റെ സാമ്പത്തിക ആരോഗ്യം' എന്ന ഡോക്യുമെന്റ് യാതൊരു പ്രീസിഡന്റുമില്ലാത്ത അത്യുജ്ജ്വലമായ ഡോക്യുമെന്റാണ്. “ To Call a spade a spade” എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. തൂമ്പയെ തൂമ്പയെന്ന് വിളിക്കണം. നമ്മുടെ സാമ്പത്തിക സ്ഥിതിയെ അദ്ദേഹം Call a spade a spade എന്ന് വിളിച്ചിരിക്കുകയാണ്. എനിക്ക് സമയം വളരെ കുറവാണ്. ‘ King is a beggar’ എന്ന് ഷേക്സ്പിയർ പറയുന്നുണ്ട്. രാജാവൊരു ദരിദ്രനാണ്, അദ്ദേഹത്തിന്റെ കൈയിൽ യാതൊന്നുമില്ല. പക്ഷേ പ്രജകൾ അദ്ദേഹത്തിന് നികുതിയായും മറ്റുമായി കൊടുക്കുന്നുണ്ട്. അതെല്ലാം നീതിപൂർവം വാങ്ങി വരവുവച്ച് അതേ ജനങ്ങൾക്കുവേണ്ടിതന്നെ വിതരണം ചെയ്യും. ഇതാണ് ബജറ്റ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ ബജറ്റിൽ അതേ സാരാംശമുണ്ടെന്നാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി beggar ആണെന്നല്ല. ആ സ്ഥാനത്ത് ആരുതന്നെ ഇരുന്നാലും സത്യസന്ധനാണെങ്കിൽ ഒരു ബെഗ്ഗറിനെ പോലെയായിരിക്കും, ആ കാര്യമാണ് ഞാൻ

പറഞ്ഞത്. സാമ്പത്തിക ശാസ്ത്രവുമായി ബന്ധപ്പെട്ട ധാരാളം മഹാന്മാരെയും അവരുടെ ഗ്രന്ഥങ്ങളെയും ഞാൻ ഈ അവസരത്തിൽ ഓർക്കുന്നു. ഒന്നാമതായി ക്രിസ്തുവിനുമുമ്പുള്ള ചാണക്യന്റെ അർഥശാസ്ത്രം, അതുപോലെ ഇറ്റലിയിലെ നിക്കോളോ മാക്യവെല്ലിയുടെ 'The Prince" , ആഡം സ്മിത്തിന്റെ "Wealth of Nations" , " The Rise and Fall of the Roman Empire" , 15-ാം നൂറ്റാണ്ടിൽ ഇറങ്ങിയ ലോകപ്രസിദ്ധമായ മൂന്നാം ലോകരാജ്യങ്ങളിലെ പട്ടിണിയെക്കുറിച്ചുള്ള Gunnar Myrdal-ന്റെ " The challenge of world poverty" . ഗാന്ധിജിയുടെ കുടിൽ വ്യവസായ സംരംഭങ്ങളുടെ ഭാരതത്തെകുറിച്ചും തൊഴിലിനെകുറിച്ചും നമ്മുടെ ഐശ്വര്യത്തെക്കുറിച്ചുമുള്ള സങ്കൽപ്പം. സർവോപരി മഹാനായ കാറൽ മാർക്സിന്റെ 'ക്യാപ്പിറ്റൽ' . ഇതിലെല്ലാമുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുപോലെ ആവർത്തിച്ചെന്നല്ല. ഇതെല്ലാം വായിക്കുകയോ പഠിക്കുകയോ ചെയ്യുന്നൊരാൾക്കെ ഇത്രയും സഹാനുഭൂതിയുള്ള ബജറ്റ് അവതരിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഒന്ന്, സഹാനുഭൂതിക്കുള്ള ചില ഉദാഹരണങ്ങൾ: സ്ത്രീകൾക്കുള്ള സൗജന്യയാത്ര, കോളേജ് വിദ്യാർഥിനികൾക്ക് പ്രതിമാസം 1000 രൂപ, അതുപോലെ മലയാള പാചകകലയെ അദ്ദേഹം കണ്ടിരിക്കുന്നു. ഞാൻ ഈ വലിയ ഹോട്ടലുകളിൽ കയറി മുഴുത്ത മീനുകളൊന്നും കഴിക്കാൻ എനിക്ക് ഇഷ്ടമില്ല. അതിന് രുചിയില്ല. ചെറിയ ഹോട്ടലിൽ മാന്യമായ നല്ല ഭക്ഷണം കഴിക്കാൻ ആഗ്രഹിക്കുന്നവരാണ് നമ്മൾ. ആ പാചകകല പഠിക്കാൻ സൗകര്യം, ആശാവർക്കർമാരുടെയും അങ്കണവാടി ജീവനക്കാരുടെയും വേതന വർധന, ആരോഗ്യസംരക്ഷണത്തെകുറിച്ചുള്ള വിപുലമായിട്ടുള്ള സങ്കൽപ്പങ്ങൾ അടങ്ങുന്ന ഒരു empathy...... എമ്പതി സിമ്പതിയെക്കാൾ മുകളിലാണ്. സിമ്പതി വെറും ദയയും അനുകമ്പയും മാത്രമേയുള്ളൂ. Empathy അതല്ല, അതിനൊക്കെയപ്പുറം ഒരു ഭൂതദയയാണ് കാണിക്കുന്നത്. ഞാൻ പറയട്ടെ, കമ്മ്യൂണിസം ഒരു ശാപമാണെന്ന് ഒരംഗം ഇവിടെ പരാമർശിച്ചു. അദ്ദേഹത്തിന്റെ മുഖം കാണാതിരുന്നത് എന്റെ ഭാഗ്യം. കമ്മ്യൂണിസം ശാപമാണെന്ന് പറയുന്നവർക്ക് ലോകത്ത് ജീവിച്ചിരിക്കാൻ അവകാശമുണ്ടോ? മഹാനായ ജവഹർലാൽ നെഹ്റു എന്താണ് Glimpses of world History-യിൽ എഴുതിവച്ചിരിക്കുന്നത്; കമ്മ്യൂണിസം ശാപമാണെന്നാണോ? അതിനെ ശാപഗ്രസ്ഥരാക്കിയവരെക്കുറിച്ച് പറയുന്നതിനുപകരം ആ

മഹത്തായ ഐഡിയോളജിയെ ആക്ഷേപിക്കുകയല്ല വേണ്ടത്. ഇന്ന് ഇവിടെ കമ്മ്യൂണിസമില്ല. ആരാണ് കമ്മ്യൂണിസ്റ്റ്? ഞാൻ ഒരു പാർട്ടിയിലും ഇല്ലാത്തതുകൊണ്ട് കമ്മ്യൂണിസ്റ്റുകാരനാണെന്ന് പറയുന്നില്ല. കാരണം ഒരു പാർട്ടിയിൽ ഉണ്ടെങ്കിലേ ഒരു കമ്മ്യൂണിസ്റ്റുകാരൻ ഉണ്ടാകൂ എന്ന് മാർക്സ് പറഞ്ഞിട്ടുണ്ട്. പക്ഷെ ഞാൻ കമ്മ്യൂണിസ്റ്റ് വിശ്വാസിയാണ്. അത് പറയാൻ എല്ലാവർക്കും അവകാശമുണ്ട്. കമ്മ്യൂണിസം ഒരിക്കലും കാലഹരണപ്പെട്ടതല്ല. അത് കൊണ്ടുനടക്കാനും നടപ്പാക്കാനുമുള്ളവർ ഇപ്പോൾ ഇല്ല. ചൈനയിലും ക്യൂബയിലും കൊറിയയിലും വിയറ്റ്നാമിലും അവർ ഒരു പരുവത്തിൽ കൊണ്ടുനടക്കുകയാണ്. ഇവിടെ ആരാണ് ഉള്ളത്? ആരുമില്ല. ഈ പറയുന്നതൊന്നും കമ്മ്യൂണിസമല്ല. എല്ലാവരും ഇത് അറിഞ്ഞിരിക്കണം, എനിക്ക് അറിയാവുന്നകൊണ്ടാണ് ഞാൻ പറയുന്നത്. എനിക്ക് സമയമില്ല, അതുകൊണ്ട് കമ്മ്യൂണിസത്തെയൊന്നും ശപിക്കല്ലെ, അതൊന്നും ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. കമ്മ്യൂണിസ്റ്റ് പാർട്ടി കേരളാ കോൺഗ്രസുമായിട്ട് യോജിച്ചിട്ടുണ്ട്, കോൺഗ്രസിലെ ആന്റണി വിഭാഗവുമായിട്ട് യോജിച്ചിട്ടുണ്ട്. നാളെ യഥാർഥ കോൺഗ്രസുമായി യോജിക്കില്ല എന്ന് നിങ്ങളോട് ആരാണ് പറഞ്ഞത്? നാളെ യോജിക്കും. തമിഴ്നാട്ടിൽ യോജിച്ചിരിക്കുകയല്ലേ? ലീഗുമായി യോജിച്ചിരിക്കുകയല്ലേ? ജി. സുധാകരൻ കോൺഗ്രസിന്റെ ചെളിക്കുണ്ടിൽ വീണുവെന്ന് പറഞ്ഞ മഹാൻമാർ തമിഴ്നാട്ടിൽ എവിടെയാണ് വീണിരിക്കുന്നത്? അത് ചെളിക്കുണ്ടല്ല, അത് അവിടെ ആവിശ്യമായിരുന്നു. രാജസ്ഥാനിൽ ഒരു പാർലമെന്റ് സീറ്റ് കിട്ടിയത് കോൺഗ്രസിന്റെ പിന്തുണകൊണ്ടല്ലേ? സി.പി.ഐ.(എം.)-ന് സ്വന്തം പിന്തുണയിൽ ഒരേ ഒരു സീറ്റല്ലേ കിട്ടിയത്. നമ്മുടെ പ്രസ്ഥാനം എന്തുകൊണ്ട് ഇങ്ങനെയായി എന്ന് നാം ഓർക്കണം.

പാർലമെന്റിൽ അറുപത്തിരണ്ട് സീറ്റ് ഉണ്ടായിരുന്ന ഇടതുപക്ഷത്തിന് ഇപ്പോൾ ആറ് സീറ്റാണുള്ളത്. രണ്ട് സീറ്റ് സി.പി.ഐ., നാല് സീറ്റ് സി.പി.ഐ.(എം.). അഞ്ച് സീറ്റ് കേരളത്തിന് വെളിയിൽ. ഇതെല്ലാം നാം പരിശോധിക്കണം. ഇതൊക്കെ പരിശോധിക്കുമ്പോൾ ആരാണ് അതിനെ ഉയർത്തികൊണ്ടു വരിക, ആര് ഉയർത്തികൊണ്ട് വരുമെന്നെനിക്കറിയില്ല. ഉയർത്തിക്കൊണ്ടുവരുന്നതിന്റെ ലക്ഷണം കാണിക്കേണ്ടത്

ഇങ്ങനെയല്ലെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഞാൻ ഈ പ്രസ്ഥാനത്തിന് എതിരായിട്ട് സംസാരിക്കുകയില്ല. പക്ഷേ പ്രസ്ഥാനത്തിന്റെ ആളുകളാണെന്ന് പറഞ്ഞ് നടക്കുന്നവർ എല്ലാ ദിവസവും രാവിലെ എന്റെ അച്ഛനെ വിളിക്കുകയാണ് ചെയ്യുന്നത്. ഞാൻ സത്യം പറയുകയാണ്. സ്റ്റേറ്റ് കമ്മിറ്റി മെമ്പറായ ശ്രീ. സി. ബി. ചന്ദ്രബാബു എന്റെ അച്ഛനെ വിളിക്കുകയാണ്. ഞാൻ അയാളുടെ അച്ഛനെ കാണാത്തതുകൊണ്ട് എനിക്കൊന്നും പറയാൻ പറ്റില്ല. ഇതൊക്കെ ശരിയാണോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയന്റെ ചെരുപ്പിന്റെ വാറ് അഴിക്കാൻ എനിക്ക് യോഗ്യതയില്ലെന്നും അന്നത്തെ പ്രതിപക്ഷ നേതാവിന്റെ മുണ്ടുരിയണമെന്നും ഇവിടെ എം.എൽ.എ. ആയിരുന്ന ആൾ പറഞ്ഞു. ഞാൻ ആരുടെയും ചെരുപ്പിന്റെ വാറ് അഴിക്കാൻ യോഗ്യനല്ല. ക്വാളിഫൈഡ് ലിസ്റ്റിൽ ഞാനില്ല. അതിൽ ഞാൻ അഭിമാനിക്കുന്നു. പണ്ട് തമ്പുരാക്കന്മാരുടെ ചെരുപ്പിന്റെ വാറാണ് ഭൃത്യന്മാർ അഴിച്ചിരുന്നത്. നമ്മുടെ ആരുടെയും ചെരുപ്പിന്റെ വാർ നമ്മളല്ലാതെ ആരും അഴിക്കില്ല. ഇതൊക്കെയാണ് ഭാഷ. ഫ്യൂഡൽ ഭാഷ, സമ്പന്നന്മാരുടെ ഭാഷ. ഇതൊന്നും കമ്മ്യൂണിസ്റ്റുകാരുടെ ഭാഷയല്ല. ചെറ്റക്കുടിലിലും ചെറ്റപ്പുരകളിലും താമസിക്കുന്നവരാണ് കമ്മ്യൂണിസ്റ്റുകാർ; വോട്ടർമാർ ഭൂരിപക്ഷവും. അവിടെയാണ് പി. കൃഷ്ണപിള്ളയും ഇ.എം.എസ്.-വുമൊക്കെ ഒളിച്ചിരുന്നത്. അവരാണ് ഈ നേതാക്കൾക്ക് ഭക്ഷണം കൊടുത്തത്. അതൊക്കെ ഇന്ന് ചരിത്രകഥകൾ മാത്രമാണ്. ഇന്നത് പ്രാവർത്തികമല്ല, ഇതെല്ലാം നേരെ വിപരീതമായതുകൊണ്ടാണ് ഞാൻ ഇറങ്ങിപ്പോന്നത്. അല്ലാതെ എന്നെ ആരും പുറത്താക്കിയതോ ഞാൻ രാജി വച്ചതോ ഒന്നുമല്ല. അതുകൊണ്ട് എന്നോട് ആർക്കും വിരോധം തോന്നേണ്ട കാര്യമില്ല. ഞാൻ നല്ല കാര്യത്തിനുവേണ്ടിമാത്രം പറയുകയാണ്. Vohra Commission, കേന്ദ്ര സർക്കാർ പണ്ട് പാസ്സാക്കിയതാണ്. അതിൽ അഴിമതിക്കാരായ കോൺട്രാക്ടർമാരും അഴിമതിക്കാരായ രാഷ്ട്രീയക്കാരും അഴിമതിക്കാരായിട്ടുള്ള ഉദ്യോഗസ്ഥരും ചേർന്നിട്ടുള്ള അവിഹിത ബന്ധത്തെപ്പറ്റി പറയുന്നുണ്ട്. ഒരു പദ്ധതിക്ക് നമ്മൾ നൂറ് രൂപ വച്ചാൽ നാൽപ്പത് രൂപ അവർ ചെലവഴിച്ചിട്ട് അറുപത് രൂപ അടിച്ചെടുക്കും. മാക്സിമം അമ്പത് രൂപ. മുപ്പത് രൂപയാണെങ്കിൽ അവർക്ക് സന്തോഷം. ബാക്കിയെല്ലാം വീതിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഈ നൂറ് രൂപയിൽ

കോൺട്രാക്ടർക്ക് പതിനഞ്ചോ ഇരുപതോ ശതമാനം വരെ ലാഭമെടുക്കാനുള്ള അവകാശമുണ്ട്. അതെടുത്താൽ മതി. എന്നാൽ അതാണോ നടക്കുന്നത്? തീർച്ചയായും പദ്ധതി നിർവഹണത്തിൽ ഇക്കാര്യം ഗൗരവമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണണം. ഒരു അഴിമതിയും സംരക്ഷിച്ചുകൂടാ, അഴിമതിക്കാരെ ജയിലിൽ അടയ്ക്കണം. അതിൽ നിങ്ങൾക്ക് അനുകൂലമായി ജനങ്ങൾ കൈയടിക്കും. അഴിമതിക്കാരോടുള്ള ജനങ്ങളുടെ വിരോധം അത്ര വലുതാണ്. മുഖംമൂടിയുള്ളവരെയൊന്നും നമ്മൾ ബഹുമാനിച്ചിട്ട് കാര്യമില്ല. 5.07 ലക്ഷം കോടി രൂപയാണ് സംസ്ഥാനത്തിന്റെ ബാധ്യത. അതിൽ ഒരു ലക്ഷത്തി എഴുപതിനായിരം കോടി രൂപയും അഴിമതിയായി മാറ്റിയതാണ്. കുറഞ്ഞത് 33 ശതമാനവും അഴിമതിയായി മാറ്റിയതാണ്. ചിലതിൽ അമ്പതായിരിക്കും, ചിലതിൽ ഇരുപതായിരിക്കും. ഒരു ലക്ഷത്തി ഏഴായിരം കോടി രൂപയോളം ഇങ്ങനെ അടിച്ചുമാറ്റിയിട്ടുണ്ട്. അതുണ്ടാകരുത്. George Eliot-ന്റെ Silas Marner എന്നൊരു പുസ്തകമുണ്ട്. നമ്മളിൽ പലരും പഠിച്ചിട്ടുണ്ട്. അതിലെ ഒരു കഥാപാത്രത്തിന് പണമുണ്ട്. ഈ പണം അയാൾ ചെലവഴിക്കുകയോ ആർക്കും കൊടുക്കുകയോ ഇല്ല. രാത്രിയാകുമ്പോൾ വീടിനടിയിലുള്ള വലിയ ഗുഹയിൽപ്പോയിരുന്ന് പണം എണ്ണി നോക്കും. അയാൾ രാത്രി ഉറങ്ങാറില്ല. അതുപോലെയല്ലെന്ന് കഴിഞ്ഞ ദിവസം അദ്ദേഹം പറഞ്ഞു. 6000 കോടി രൂപയുണ്ട്, 6000 കോടി രൂപയുണ്ട്, നാരായണ നാരായണ നമ, 6000 കോടി രൂപയുണ്ട്, 6000 കോടി രൂപയുണ്ട് എന്ന് പറയുമ്പോൾതന്നെ ഇടയ്ക്കൊരു നോട്ട് ഉയർത്തി കാണിക്കും. അത് ആറായിരമാണെന്ന് ആര് പറഞ്ഞു? അധ്യാപകർക്ക് നേരിട്ട് ശമ്പളം കൊടുക്കാതെ മാനേജർ പറ്റിക്കുന്ന ഒരു ചെറുകഥയുണ്ട്. അധ്യാപകർ ചെല്ലുമ്പോൾ അഞ്ച് രൂപ നോട്ട് പൊക്കികാണിക്കും. വീണ്ടും പോകാൻ പറയും. കൊടുക്കത്തില്ല. പണം ചലിക്കാനുള്ളതാണ്, ചലനാത്മകമാണ്, മോഷനാണ്, സർക്കുലേഷനാണ് അതിന്റെ പ്രധാനപ്പെട്ട ധർമ്മം. അത് ചലിച്ചുകൊണ്ടേയിരിക്കണം. എന്നാൽമാത്രമേ സമ്പത്തും പ്രൊഡക്ഷനും ഉണ്ടാകുകയുള്ളൂ. ചലനാത്മകമായ സമ്പത്ത് വ്യവസ്ഥയാണ് വേണ്ടത്. അതുപോലെതന്നെ സാമ്പത്തികമായിട്ടുള്ള കാര്യങ്ങൾ നമ്മൾ സംസാരിക്കുമ്പോൾ, കെ. എസ്. രാമസ്വാമി ശാസ്ത്രിയുടെ "The Journey of a Rupee Note" എന്ന കഥ പ്രധാനപ്പെട്ടതാണ്. ഞാനിത് സ്കൂളിൽ പഠിച്ചതാണ്. ഒരു രൂപയുടെ

സഞ്ചാരമാണ്; നൂറുകണക്കിന് വർഷങ്ങളായത് സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് ആളുകളുടെ കൈയിൽ ഈ ഒരു രൂപ എത്തപ്പെട്ടു. സ്പർശനത്തിന്റെയൊക്കെ പാടുണ്ടെങ്കിലും ആ ഒരു രൂപ സഞ്ചരിച്ചുകൊണ്ടേയിരുന്നതുകൊണ്ട് അത് സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തിയതിന് ഉദാഹരണമാണ്. ഇതുപോലെ നമുക്ക് ഒരുപാട് കാര്യങ്ങൾ പറയാൻ കഴിയും. കേരളത്തിന്റെ സാമ്പത്തിക ആരോഗ്യത്തെപ്പറ്റിയുള്ള ഡോക്യുമെന്റിനെ സംബന്ധിച്ച് ഒരുവാക്കുകൂടി പറയാം. ഇത് അതിഗംഭീരമായ ഡോക്യുമെന്റാണ്. അത് ഗവേഷകർക്കും സാമ്പത്തിക പണ്ഡിതർക്കും പരിശോധിക്കാം. ഇതിൽ നിയമിച്ച മൂന്ന് സാമ്പത്തിക പണ്ഡിതന്മാരും തികച്ചും യോഗ്യരാണ്. അല്ലാതെ റെഡിമേയ്ഡായിട്ട് ചില സാമ്പത്തിക പണ്ഡിതന്മാർ ഇടതുപക്ഷ സർക്കാർ വരുമ്പോൾ ഇങ്ങോട്ടുവരും. അവർ മരിക്കുന്നതുവരെ അവരാണ്. പുതിയൊരു ചെറുപ്പക്കാർക്കും അവസരം കൊടുക്കില്ല. ഞാൻ ഇപ്പോൾ പേരൊന്നും പറയുന്നില്ല, ശരിയായ രീതിയൊന്നുമല്ല, മരിക്കുന്നതുവരെ അവരാണ്. മാറ്റമാണ് മാർക്സിസം. മാർക്സിസം മാറ്റത്തിൻ കാലമാണേ, അത് വസന്തം പൂക്കുന്ന കാലമാണേ എന്നൊക്കെയുള്ള പാട്ടുകൾ ഞങ്ങൾ.......... മാറ്റമാണ് ശാസ്ത്രം. അതാണ് സർ ഐസക് ന്യൂട്ടൻ പറഞ്ഞത്, Law of motion; ഒരു സാധനം മുകളിലേക്ക് ഇട്ടാൽ താഴോട്ട് വരുന്നു. കാരണം ആകർഷണമുള്ളതുകൊണ്ടാണ്. അതുപോലെതന്നെ ഞാനിവിടെ സംസാരിക്കുന്നു. ഞാൻ പറന്നുപോകാത്തത് ഭൂമിയിലേക്കെന്നെ ആകർഷിക്കുന്നതുകൊണ്ടാണ്. ആദരണീയനായ സഭാനാഥൻ അവിടെയിരിക്കുന്നു. അങ്ങ് അവിടുന്ന് ചാടിപ്പോകാത്തത് അങ്ങും ആ കസേരയും ഭൂമിയിലേക്ക് ആകർഷിക്കപ്പെടുന്നതുകൊണ്ടാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെയിരിക്കുന്നു. അദ്ദേഹം ചാടി ഇപ്പുറത്ത് വന്നിരിക്കാത്തത് അദ്ദേഹത്തെ അവിടെ ആകർഷിച്ച് ഇരുത്തിയിരിക്കുന്നതുകൊണ്ടാണ്. അതാണ് ആകർഷണ സിദ്ധാന്തം. ഇതിന്റെയടിസ്ഥാനത്തിലാണ് ഭൂലോകം ചലിക്കുന്നത്. ഭൂഗോളമെന്ന് പറഞ്ഞാൽ ഒരു ചെറിയ ഗോളമാണ്. ഈ മഹാപ്രപഞ്ചത്തിലെ കോടാനുകോടി ഗോളങ്ങളിൽ ഒന്നിൽമാത്രമാണ് നാമുള്ളതെന്ന് മനസ്സിലാക്കണം. നമുക്ക് നമ്മളെപ്പറ്റിയും നമ്മുടെ പാർട്ടികളെപ്പറ്റിയും ഒരുപാട് പറയാനുണ്ട്. നല്ല കാര്യങ്ങൾ പറഞ്ഞാൽ മതി.

ജനങ്ങളെല്ലാം വിലയിരുത്തുന്നുണ്ട്. ഞാൻ അവസാനിപ്പിക്കുകയാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ, ഇരുന്നതുപോലെതന്നെ അദ്ദേഹം ഇറങ്ങിപ്പോകും. രണ്ടു കൈയിലും ഒന്നുമില്ലാതെ അദ്ദേഹം വന്നു. വിരലുണ്ടായിരുന്നു. വിരലില്ലെന്നല്ല, രണ്ടു കയ്യിലും വേറെയൊന്നുമില്ല. അതുപോലെ ഇറങ്ങിപ്പോകും. അങ്ങനെ ഇറങ്ങിപ്പോയ മഹാന്മാരാണ് ഇ. എം. എസ്., പി. കെ. വാസുദേവൻ നായർ, സി. അച്യുതമേനോൻ, ഇ. കെ. നയനാർ, ശ്രീ. എ. കെ. ആന്റണി, വി. എസ്. അച്ചുതാനന്ദൻ എന്നിവർ. ഇവരൊക്കെ നമ്മുടെ നാടിന് അഭിമാനമല്ലേ? നമ്മളെല്ലാം അങ്ങനെയായിരിക്കണം. അതുകൊണ്ട് ഈ ബജറ്റ് വളരെ സിമ്പിളാണ്, എന്നാൽ ഗഹനമാണ്, ക്ലാസിക്കലാണ്, Budget of a new type ആണ്. ഇതിൽ ഒരുപാട് പഠിക്കാനുണ്ട്, വായിക്കാനുണ്ട് എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. രാജൻ ജെ. പല്ലൻ: സർ, പതിനാറാം കേരള നിയമസഭയിൽ അംഗമാകാൻ സാധിച്ചതിലുള്ള സന്തോഷം ഞാൻ അറിയിക്കുന്നു. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽനിന്നും എന്നെ തിരഞ്ഞെടുത്ത ജനങ്ങളോടുള്ള ഹൃദയം നിറഞ്ഞ നന്ദി അറിയിക്കാൻകൂടി ഞാൻ ഈയവസരം ഉപയോഗിക്കുകയാണ്. എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ഒരു ബി.ജെ.പി. അംഗം കോൺഗ്രസിലെ മുഖ്യമന്ത്രിയാകാനുള്ള പിടിവലിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇവിടെ പ്രതിപക്ഷത്തെ മുൻനിരയിലെ കസേരയിൽ ആദ്യയോഗങ്ങളിലൊക്കെ ആദ്യം ഇരുന്നത് ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് ആയിരുന്നു. ഇപ്പോൾ അദ്ദേഹം പുറകിലേക്ക് പോയി. ശ്രീ. ബി. ബി. ഗോപകുമാർ എന്ന ബഹുമാനപ്പെട്ട അംഗം മുന്നിലേക്ക് വരികയും ചെയ്തു. അപ്പോൾ മൂന്ന് അംഗങ്ങളുള്ള ബി.ജെ.പി.-യുടെ അവസ്ഥ മൂടി വച്ചിട്ടാണ് അറുപത്തിമൂന്ന് അംഗങ്ങളുള്ള കോൺഗ്രസിന്റെ കാര്യം ചർച്ച ചെയ്യാൻ ഈ സഭയിൽ അദ്ദേഹം സമയം കണ്ടത്. രണ്ടാമത്തെ പ്രധാനപ്പെട്ടൊരു കാര്യം, കഴിഞ്ഞ കാലങ്ങളിൽ തൃശ്ശൂർ പാർലമെന്റ് നിയോജകമണ്ഡലങ്ങളിൽ ബി.ജെ.പി. ഉണ്ടാക്കിയ മുന്നേറ്റം യു.ഡി.എഫ്. ഗൗരവമായി കാണുകയും ബി.ജെ.പി.-യെ പരാജയപ്പെടുത്തുക എന്ന കൃത്യമായ ലക്ഷ്യത്തോടെ

യു.ഡി.എഫ്. നടത്തിയ പ്രവർത്തനത്തിന്റെ ഫലമാണ് തൃശ്ശൂരിൽനിന്നുള്ള എന്റെ വിജയം. ബി.ജെ.പി. ഉണ്ടാക്കിയ ക്ഷീണവും, ബി.ജെ.പി.-ക്ക് ഉണ്ടായ ക്ഷീണവും കോൺഗ്രസിനും യു.ഡി.എഫ്.-നും ഉണ്ടായ നേട്ടവും, കഴിഞ്ഞ വലിയ മുന്നേറ്റവും അഭിനന്ദിക്കാനുള്ള മനസ്സ് കാണിച്ചില്ലെങ്കിലും അതിനെ ഇകഴ്ത്തിക്കാണിക്കാൻ ഇവിടെ ചില പ്രതിപക്ഷാംഗങ്ങൾ സഭയിൽ നടത്തിയ ശ്രമം എന്തിനുവേണ്ടിയാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എല്ലാ വിഭാഗം ജനങ്ങളുടെയും പ്രതീക്ഷ ഉയർത്തുന്ന ബജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. പത്ത് കൊല്ലത്തെ വികസന മുരടിപ്പിന്റെ കാലം മാറി നവകേരള പുതുയുഗത്തിന്റെ പ്രതീക്ഷകൾ നൽകുന്ന ബജറ്റാണ് ധനകാര്യ വകുപ്പുമന്ത്രികൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചത്. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും ഒരു രൂപപോലും നികുതി വർധിപ്പിക്കാതെയുള്ള ബജറ്റാണ് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഈ ബജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്ന് മുൻഗണനാക്രമം തിട്ടപ്പെടുത്തി സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾ അതിവേഗം തുടങ്ങേണ്ടതുണ്ട്. എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള സൗജന്യ 'ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി' എന്നത് ഈ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. നമുക്കറിയാം, നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് അംഗങ്ങളും സൂചിപ്പിച്ചതുപോലെതന്നെ ഏറ്റവും കൂടുതൽ ആളുകൾ പൊതുപ്രവർത്തകരെ കാണാൻ വരുന്നത് ആരോഗ്യപരമായ കാര്യങ്ങളിൽ ആശുപത്രി ചികിത്സയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിലാണ്. ഈ സാഹചര്യത്തിൽ 25 ലക്ഷം രൂപ ഒരു കുടുംബത്തിന് എന്നുള്ള ബജറ്റിലെ പ്രഖ്യാപനം ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അതുപോലെതന്നെ കേരളത്തെ തുറമുഖ നഗരമാക്കാനുള്ള 400 കോടി രൂപയുടെ 'മിഷൻ സമുദ്ര' കേരളത്തിന്റെ ഏറ്റവും അഭിമാനകരമായ പദ്ധതിയായിട്ടാണ് ഞാൻ കാണുന്നത്. നമുക്കറിയാം, ഒരു നാടിന്റെ നട്ടെല്ല് എന്നത് ഗ്രാമസഭകളാണ്. എല്ലാ വിഭാഗം ജനങ്ങളെയും ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുക എന്നുള്ളത് ഈ കാലഘട്ടത്തിൽ കുറച്ച് ബുദ്ധിമുട്ടുള്ള കാര്യമാണ്. ഈ

അവസരത്തിലാണ് ഓൺലൈനിലൂടെ ഗ്രാമസഭകൾ തുടങ്ങാൻ അവസരം ലഭിക്കുന്നത്. അത് ജനാധിപത്യത്തിന് കൂടുതൽ ശക്തിയും പങ്കാളിത്തവും നൽകുമെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. 'സ്വർണ്ണ നഗരം' എന്ന ഖ്യാതിയുള്ള തൃശ്ശൂരിനെ ആഭരണ നിർമ്മാണ ഇടനാഴിയാക്കി പ്രഖ്യാപിച്ച ബജറ്റ് തൃശ്ശൂരിന്റെ സുവർണ്ണ പ്രതീക്ഷയാണ്. നഗരത്തിന്റെ ഹൃദയഭൂമിയായ തേക്കിൻകാടിന്റെ വികസനവും പ്രസിദ്ധ സംഗീതജ്ഞൻ ജോൺസൺ മാസ്റ്ററുടെ ഓർമ്മയ്ക്കായി മ്യൂസിക് അക്കാദമി നിർമ്മാണവുംകൂടി വരുന്നതോടെ വിവിധ അക്കാദമികളുടെ ആസ്ഥാനമായ സാംസ്കാരിക നഗരിക്ക് പ്രശസ്തിയേറുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ പുരോഗതി ലക്ഷ്യംവച്ചുകൊണ്ട് അവതരിപ്പിച്ച ഈ ബജറ്റ് കേരളത്തിന്റെ സമഗ്ര വികസനത്തിനും സാമൂഹിക സുരക്ഷയ്ക്കും സാമ്പത്തിക പുരോഗതിക്കും വഴിയൊരുക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

വികസനം ഏറ്റവും കൂടുതൽ ആവശ്യമുള്ള പ്രദേശമാണ് തൃശ്ശൂർ. സംസ്ഥാനത്തിന്റെ മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന തൃശ്ശൂരിനെ ഒരു planned city-യാക്കി മാറ്റണം. അതിനുവേണ്ട ആസൂത്രണപരവും സാമ്പത്തികവുമായ സഹായം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഉമ്മൻചാണ്ടി മുഖ്യമന്ത്രിയും തേറമ്പിൽ രാമകൃഷ്ണൻ തൃശ്ശൂർ എം.എൽ.എ.-യുമായിരുന്ന കാലഘട്ടങ്ങളിൽ ആരംഭിച്ച പല വികസന പദ്ധതികളും തുടർന്നുവന്ന എൽ.ഡി.എഫ്. സർക്കാർ പകുതിവച്ച് നിർത്തുകയോ പാടേ ഉപേക്ഷിക്കുകയോ ചെയ്തു. ഇതിന്റെയെല്ലാം പൂർത്തീകരണത്തിനും തൃശ്ശൂർ വികസനത്തിനുംവേണ്ടി തൃശ്ശിവപേരൂരിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് അഭ്യർഥിക്കുകയാണ്. തിരുവനന്തപുരത്തിനും മലബാറിനും മധ്യത്താണ് തൃശ്ശൂർ സ്ഥിതിചെയ്യുന്നതെന്ന് നമുക്കറിയാം. അതുകൊണ്ടുതന്നെ തൃശ്ശൂർ നഗരം ഗതാഗതക്കുരുക്കിൽ വീർപ്പുമുട്ടുകയാണ്. ബൈപ്പാസില്ലാത്ത ഏക കോർപ്പറേഷൻ തൃശ്ശൂരാണ്. എൻ.എച്ച്. 544-ഉം എൻ.എച്ച്. 66-ഉം തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ലിങ്ക് ബൈപ്പാസ് എന്നുള്ള നിലയിൽ മണ്ണുത്തി-അമലാനഗർ ബൈപ്പാസ് അടിയന്തരമായി നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ഈ ബൈപ്പാസിനുവേണ്ടി യു.ഡി.എഫ്. ഭരണകാലത്ത് ബജറ്റിൽ തുക വകകൊള്ളിക്കുകയും പ്രാരംഭനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് എൽ.ഡി.എഫ്. സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി പരിഗണിച്ചില്ലെന്നുമാത്രമല്ല, അവഗണിക്കുകകൂടി ചെയ്തു. അതുകൊണ്ട് ലിങ്ക് ബൈപ്പാസ് റോഡ് ഈ ബജറ്റിൽ ഉൾപ്പെടുത്തണമെന്ന് നിർദേശിക്കുകയാണ്. ബോംബെ-പൂനെ പോലെ എറണാകുളം-തൃശ്ശൂർ സിറ്റികളെ twin cities ആയി വികസിപ്പിക്കണം. അതിന്റെ ഭാഗമായി മെട്രോ തൃശ്ശൂർ വരെ നീട്ടാനുള്ള ഒരു പദ്ധതി ഈ ബജറ്റിൽ ഉൾപ്പെടുത്തണം. എന്തെങ്കിലും സാഹചര്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം അത് തൽക്കാലം മാറ്റിവയ്ക്കുകയാണെങ്കിൽ തൃശ്ശൂരിൽ ലൈറ്റ് മെട്രോയെങ്കിലും നടപ്പാക്കാനുള്ള സാധ്യതാപഠനം നടത്തണം.

അതുപോലെ കേരളത്തിലെ ഏറ്റവും വലിയ ഉത്സവമാണ് തൃശ്ശൂർ പൂരം. ജനലക്ഷങ്ങൾ പങ്കെടുക്കുന്ന തൃശ്ശൂർ പൂരത്തിന് ഒരു പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണം. ഘടകപൂരങ്ങൾക്ക് കൊച്ചിൻ ദേവസ്വം ബോർഡ് മുഖേന ചെറിയ സഹായങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും തൃശ്ശൂർ പൂരത്തിന് ഒരു സാമ്പത്തിക പാക്കേജ് ഇല്ലാത്തതിനാൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അത് അനുവദിക്കണം. വടക്കുനാഥക്ഷേത്രം, പാറമേക്കാവ് ക്ഷേത്രം, തിരുവമ്പാടി ക്ഷേത്രം, തൃപ്രയാർ ക്ഷേത്രം, കൊടുങ്ങല്ലൂർ ക്ഷേത്രം, ഗുരുവായൂർ ക്ഷേത്രം, കൂടൽമാണിക്യം ക്ഷേത്രം എന്നീ തീർഥാടന കേന്ദ്രങ്ങൾ കൂട്ടിയിണക്കിക്കൊണ്ട് ഒരു സംയോജിത ടൂറിസം സർക്യൂട്ട് അനുവദിക്കണം. നാലാം ഓണനാളിലെ പുലിക്കളി തൃശ്ശൂരിന്റെ മാത്രം പ്രത്യേകതയും ഏറ്റവും വലിയ ആഘോഷവുമാണ്. പതിനായിരക്കണക്കിന് ജനങ്ങളാണ് അത് കാണാൻ വരുന്നത്. പക്ഷെ പുലിക്കളിയുടെ പ്രശ്നം എന്നത്, അത് നടത്താൻ ചെലവ് കൂടുതലാണ്. ഒരു ടീമിനെ ഇറക്കണമെങ്കിൽ 20-25 ലക്ഷം രൂപ ചെലവ് വരുന്നു. കോർപ്പറേഷന്റെ ധനസഹായമുണ്ട്. ടൂറിസം വകുപ്പിന്റെ ഭാഗത്തുനിന്നും ചെറിയ ധനസഹായവുമുണ്ട്. കേന്ദ്ര ടൂറിസം വകുപ്പ് കഴിഞ്ഞ പ്രാവശ്യം മൂന്ന് ലക്ഷം രൂപ പുലിക്കളിക്കുവേണ്ടി ഓരോ ടീമിനും അനുവദിച്ചിരുന്നെങ്കിലും നാളിതുവരെ ലഭിച്ചിട്ടില്ല. അതുകൊണ്ട് തൃശ്ശൂരിലെ പുലിക്കളിക്കുവേണ്ടി ഒരു പ്രത്യേക ധനസഹായ പദ്ധതി ആരംഭിച്ച് ഒരു ടീമിന് രണ്ട് ലക്ഷം രൂപയെങ്കിലും നൽകണം.

മറ്റൊരുകാര്യം, കേരളത്തിൽ വൈദ്യുതിയും വെള്ളവും വിതരണം ചെയ്യുന്ന ഏക കോർപ്പറേഷൻ തൃശ്ശൂർ കോർപ്പറേഷനാണ്. കോർപ്പറേഷനിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിരമിക്കുന്നവർക്ക് പെൻഷൻ നൽകേണ്ടത് ഗവൺമെന്റാണ്. പക്ഷെ പത്ത് വർഷക്കാലമായി പെൻഷൻ തുക ഗവൺമെന്റ് തരാത്തതുകൊണ്ട് കോർപ്പറേഷന്റെ നികുതി പണംകൊണ്ടാണ് അവിടെ പെൻഷൻ കൊടുക്കുന്നത്. ഗവൺമെന്റ് കൊടുക്കേണ്ട പെൻഷൻ കോർപ്പറേഷനാണ് നൽകുന്നത്. അങ്ങനെ 200 കോടി രൂപയ്ക്ക് താഴെ ഗവൺമെന്റ് കോർപ്പറേഷന് നൽകാനുണ്ട്. പത്ത് വർഷംകൊണ്ടുണ്ടായതാണെങ്കിലും ഒരു രൂപപോലും ഇതുവരെ തന്നിട്ടില്ല. അതുകൊണ്ട് ആ 200 കോടി രൂപ ഘട്ടംഘട്ടമായെങ്കിലും തന്നാൽ മാത്രമേ കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. എന്റെ നിയോജകമണ്ഡലം എന്നുപറയുന്നത് 40 ഡിവിഷൻ കൂടുന്ന തൃശ്ശൂർ കോർപ്പറേഷൻ അതിർത്തിയാണ്. അതുകൊണ്ടുകൂടിയാണ് ഇത് ആവശ്യപ്പെട്ടത്. അതുപോലെ സങ്കടകരമായ കാര്യം എന്നത് തൃശ്ശൂരിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് പൊളിച്ചിട്ടിട്ട് ഒമ്പത് മാസം കഴിയുന്നു. ഞാൻ അതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ പുതിയ ബസ് സ്റ്റാന്റ് പണിയാൻ കൃത്യമായ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും ടെക്നിക്കൽ സാങ്ഷനും ഇല്ല, ടെണ്ടർ വിളിച്ചിട്ടുമില്ല. ഇന്നവിടെ സ്വകാര്യ വ്യക്തികൾ പണിതുകൊടുത്ത തകിട് ഷീറ്റിലാണ് ജനങ്ങൾ നിൽക്കുന്നത്. കൃത്യമായ എ.എസ്.-ഉം ടി.എസ്.-ഉം ഇല്ലാതെ ഒരു ടെണ്ടർ പോലും വിളിക്കാനുള്ള നടപടി സ്വീകരിക്കാതെ എന്തിനാണ് ഒമ്പത് മാസമായി അത് പൊളിച്ചിട്ടിരിക്കുന്നത്? എന്നാണ് ഇത് പണിയാൻ സാധിക്കുക? തൃശ്ശൂരിലെ ജനങ്ങളോട് എന്തിനാണ് ഈ ക്രൂരത കാണിച്ചത്? ഇതെല്ലാം സൂചിപ്പിച്ചുകൊണ്ട് ഈ ബജറ്റിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. രമേശ് പിഷാരടി</u>: സർ, അനുഭവ സമ്പത്തുകൊണ്ടും പരിചയംകൊണ്ടും എന്നേക്കാൾ മുതിർന്ന എല്ലാവർക്കും കക്ഷിരാഷ്ട്രീയ ഭേദമന്യേ എന്റെ ആദരവ് ഞാൻ ആദ്യമേ അറിയിക്കുന്നു. കേരളത്തിലെ ഉത്സവപറമ്പുകളിലെയും പള്ളിപ്പറമ്പുകളിലെയും പിന്നീട് ലോകമെമ്പാടും മലയാളികളുള്ള സ്ഥലങ്ങളിലെയുമെല്ലാം ഓഡിറ്റോറിയങ്ങളിലെ മൈക്കുകളിലൂടെ സംസാരിച്ച എനിക്ക് ഇന്ന് ജനങ്ങളുടെ ശബ്ദമായി ഈ നിയമസഭയിലെ

മൈക്കിലൂടെ സംസാരിക്കാൻ അവസരം തന്ന പാലക്കാട്ടുള്ള ജനങ്ങൾക്കും ജനങ്ങളുടെ ഇടയിലേക്ക് എന്നെ പറഞ്ഞുവിട്ട പാർട്ടിക്കും നേതൃത്വത്തിനും മുന്നണിക്കും മറ്റെല്ലാവർക്കും നന്ദി പറയാൻ ഞാൻ ഈ അവസരമുപയോഗിക്കുകയാണ്, നന്ദി.

പണം കൊടുത്ത് വിജയിക്കാനാകില്ലെന്ന് അരിയാഹാരം കഴിക്കുന്ന പാലക്കാട്ടുകാർ തെളിയിച്ച ഒരു വിജയമായിരുന്നു ഈ വിജയം. അരിയാഹാരം കഴിക്കുന്ന മലയാളി എന്ന പ്രയോഗം നമ്മൾ പലപ്പോഴും ഉപയോഗിക്കുന്നുണ്ടെങ്കിലും മലയാളി ഇത്രയധികം അരി ഉൽപാദിപ്പിക്കുന്ന സ്ഥലമായ പാലക്കാട്ടുള്ള നെല്ല് കർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ശ്രീ. വി. ടി. ബൽറാം, ശ്രീ. സുമേഷ് അച്ചുതൻ എന്നിവർ എനിക്ക് മുമ്പ് സംസാരിച്ചതുകൊണ്ട് ഒരിക്കൽക്കൂടി അത് ആവർത്തിച്ച് ഞാൻ സമയത്തെ അപഹരിക്കുന്നില്ല. എങ്കിലും ഈ ബജറ്റിൽ സാധാരണ നെൽകർഷകരുടെ പ്രശ്നങ്ങൾക്ക് സീസണൽ പരിഹാരമല്ലാതെ ശാശ്വത പരിഹാരം കാണുമെന്ന ഒരു വാക്കുണ്ടായിരുന്നുവെന്നത് പാലക്കാട്ടുള്ള ആളുകളെല്ലാം ഏറെ പ്രതീക്ഷയോടെയാണ് കാണുന്നത്. അതിൽ വലിയ സന്തോഷമുണ്ട്. ഒപ്പം കലാമേഖലയിൽനിന്ന് വന്ന ഒരാളെന്ന നിലയിൽ ചലചിത്ര മേഖലയ്ക്ക് വ്യവസായ പദവി നൽകിയതിനും അതിനോടൊപ്പം നൽകിയ ഒരുപാട് കാര്യങ്ങൾക്കും ഞാൻ ഈ സമയം നന്ദി പറയാൻ ആഗ്രഹിക്കുകയാണ്. ഒപ്പം എന്റെ ഗുരുനാഥൻ കൂടിയായ സലീം കുമാറിന് ഒരു കോടി രൂപയുടെ ഒരു സ്മാരകം പണിയും എന്നുപറഞ്ഞു. സ്മാരകം എന്ന വാക്ക് കേൾക്കുമ്പോൾ പലർക്കും പ്രതിമ എന്നുള്ള രീതിയാണ് ഓർമ്മ വരുന്നത്. അതുകൊണ്ട് ഇതിന്റെ ആവശ്യകതയെന്തെന്ന് പലരും ചോദിക്കുന്നുണ്ട്. ജനോപകാരപ്രദമായ എന്തെങ്കിലും കാര്യമായിരിക്കുമെന്നുള്ളത് വൈകാതെതന്നെ പ്രഖ്യാപിക്കാൻ കഴിഞ്ഞാൽ സാമൂഹ്യമാധ്യമങ്ങളിലെ ഈ തെറ്റിദ്ധാരണ നമുക്ക് മാറ്റാൻ കഴിയും. ജനങ്ങൾ നമുക്ക് തരുന്നത് അധികാരമല്ല, ഉത്തരവാദിത്വമാണ് എന്നുള്ള വലിയ ബോധ്യം നമുക്ക് ഓരോരുത്തർക്കുമുണ്ട്. കാരണം ആ ഉത്തരവാദിത്വം പലതിനെയും ചെറുക്കുന്നതിനാണ്. വർഗീയതയെ ചെറുക്കാൻ നമ്മൾ നിൽക്കുന്നു എന്ന് പറയുമ്പോഴും വർഗീയത എന്ന വാക്ക് പലപ്പോഴും മതവുമായി മാത്രം ബന്ധപ്പെട്ട് നിൽക്കുന്ന ഒരു വാക്കല്ല. രാഷ്ട്രീയ വർഗീയത എന്നുപറയുന്നത് ഒരു സ്ഥലം അല്ലെങ്കിൽ ഒരു വർഗത്തെ

സംബന്ധിക്കുന്ന വാക്കാണ്. ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയാണെങ്കിലും മറ്റെല്ലാവരും എതിർക്കപ്പെടേണ്ടതാണെന്നും മറ്റെല്ലാം ഇല്ലായ്മ ചെയ്യപ്പെടേണ്ടതാണെന്നും മറ്റാരും ശരിയല്ലെന്നും നമ്മൾ മാത്രമാണ് ശരിയെന്ന് വിശ്വസിക്കുന്നതും ഒരു വർഗീയത തന്നെയാണ്. ഞാൻ ഇപ്പോൾ പറഞ്ഞില്ലെങ്കിലും പിന്നീട് അവർതന്നെ കണ്ടെത്തിയ എൽ.ഡി.എഫ്. അല്ലാതെ മറ്റാരുണ്ട് എന്നുപറയുന്ന ഇവരുടെ ഇത്തവണത്തെ ക്യാപ്ഷൻ ഞാൻ ആദ്യം കണ്ടപ്പോൾത്തന്നെ അത് കൊള്ളുകയില്ലെന്ന് വിചാരിച്ചിരുന്നു. ഇവരെ സംബന്ധിച്ചിടത്തോളം മറ്റുള്ളവരെ ഉൾക്കൊള്ളുകയെന്ന് പറയുന്നത് അത്ര എളുപ്പമല്ല. തിരഞ്ഞെടുപ്പിനുശേഷം പാലക്കാട് ജില്ലയിൽ നടന്ന ഒരു പൊതുപരിപാടിയിൽ ഞാൻ എന്റെ എതിർ സ്ഥാനാർഥിയെ കണ്ടപ്പോൾ കെട്ടിപിടിച്ചു. ഒരു യു.ഡി.എഫ്.-കാരനും എന്നോട് നിങ്ങൾ എന്തിനാണ് എതിർസ്ഥാനാർഥിയെ കെട്ടിപിടിച്ചതെന്ന് ചോദിച്ചിട്ടില്ല. ഞാൻ അതിന്റെ കമന്റ് ബോക്സ് നോക്കിയപ്പോൾ എന്തിനാടാ ഞങ്ങളുടെ സ്ഥാനാർഥിയെ കെട്ടിപിടിച്ചതെന്ന് ചോദിച്ച് ഒരു പ്രദേശം മുഴുവൻ എന്നെ ചീത്ത വിളിച്ചുകൊണ്ടിരിക്കുകയാണ്. എന്തിനാണ് ഇവർ ഇങ്ങനെ വിളിക്കുന്നതെന്ന് ആലോചിച്ചപ്പോഴാണ് പ്രിയപ്പെട്ട ഒ. ജെ. ജനീഷിന് ആഹാരം നൽകിയതിന്റെ പേരിൽ ഒരാളെ പാർട്ടിയിൽനിന്നും പുറത്താക്കിയിട്ടുണ്ടെന്ന വിവരം അറിഞ്ഞത്. ഇപ്പോഴും ഇൻക്ലൂസീവായി ചിന്തിക്കാൻ ഇവരെക്കൊണ്ട് സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയില്ല. ഇൻക്ലൂസീവായി ചിന്തിക്കാൻ ഇന്ത്യയെ പഠിപ്പിച്ച ഒരു പാർട്ടിയുടെ പ്രതിനിധിയായി നിൽക്കാൻ കഴിയുന്നുവെന്ന് പറയുന്നത് ഏറ്റവും വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. എന്തുകൊണ്ടാണ് കോൺഗ്രസ് പാർട്ടിയിലേക്ക് വരുന്നതെന്ന് പലരും ചോദിച്ചു. കാരണം ഇരുനൂറ് വർഷത്തെ ബ്രിട്ടീഷ് ഭരണത്തിനുശേഷമാണ് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചത്. സ്വാതന്ത്ര്യം ലഭിക്കുന്ന സമയത്ത് ഇന്ത്യയിലെ സാക്ഷരതാ നിരക്ക് 12 ശതമാനമായിരുന്നു. ഇന്ത്യാക്കാരന്റെ ശരാശരി ആയുസ് 35 വയസ്സാണ്. ആശയവിനിമയം നടത്താൻ യാതൊരുവിധ മാർഗങ്ങളുമില്ലായിരുന്നു. ഒരു ഗ്രാമത്തിലും റേഡിയോപോലും ഇല്ലായിരുന്നു. ഭാഷയില്ല, വിദ്യാഭ്യാസമില്ല, മലേറിയയും കോളറയും പോലെയുള്ള വലിയ അസുഖങ്ങൾ വ്യാപിച്ചിരിക്കുന്നു. അത്രത്തോളം വാഹനങ്ങളുമുണ്ടായിരുന്നില്ല. ആ

കാലഘട്ടത്തിൽ ഇന്ത്യയുടെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ലക്ഷ്യം റോഡുകളോ പാലങ്ങളോയൊന്നുമായിരുന്നില്ല, ഇന്ത്യയെ നട്ടെല്ല് നിവർത്തി നിൽക്കാൻ പഠിപ്പിക്കുകയെന്നതായിരുന്നു. അങ്ങനെയൊരു ഉദ്യമം ഏറ്റെടുത്ത് പത്തമ്പത് വർഷംകൊണ്ട് ഇന്ത്യയെ ഹരിത വിപ്ലവത്തിലൂടെയും വ്യാവസായിക വിപ്ലവത്തിലൂടെയും പഞ്ചവത്സര പദ്ധതികളിലൂടെയും നിലനിർത്തി നിവർന്നു നിൽക്കാൻ പഠിച്ചപ്പോഴാണ് ബി.ജെ.പി. അധികാരത്തിലെത്തിയത്. ബി.ജെ.പി. അധികാരത്തിലെത്തുമ്പോൾ കയ്യിൽ മൊബൈൽ ഫോണുമായിട്ടുള്ള ഇന്ത്യാക്കാരെയാണ് കിട്ടിയത്. ഇരുന്നൂറ് വർഷം ബ്രിട്ടീഷുകാർ ഭരിച്ച ഇന്ത്യ കോൺഗ്രസ്സിനും അമ്പത്തിനാല് വർഷം കോൺഗ്രസ് ഭരിച്ച ഇന്ത്യ ബി.ജെ.പി.-ക്കും ലഭിച്ചതുകൊണ്ടാണ് പത്ത് വർഷത്തിനുമുമ്പ് എന്താണ് ഇവർ ഉണ്ടാക്കിയതെന്ന ചോദ്യം എപ്പോഴും കാണാൻ സാധിക്കുന്നത്. രാഷ്ട്രീയത്തിൽ അങ്ങനെ പുതിയ ചരിത്ര നിർമ്മാണങ്ങളിലൂടെ അപഖ്യാതി പറഞ്ഞ് പരത്തുന്നതിലൂടെ കോൺഗ്രസ്/യു.ഡി.എഫ്. എന്നുപറയുന്ന പ്രസ്ഥാനം പാർശ്വവൽക്കരിക്കപ്പെടുന്നുവെന്ന് തോന്നുമ്പോൾ പാർശ്വവൽക്കരിക്കപ്പെടുന്നവരോടൊപ്പം നിൽക്കുന്നതാണ് ഏറ്റവും നല്ല രാഷ്ട്രീയമെന്ന ബോധ്യമുള്ള എനിക്ക് ഒരു പൗരനെന്ന നിലയിൽ എന്റെ പൗരബോധത്തിന്റെ ഭാഗമായി ഈ പ്രസ്ഥാനത്തോടൊപ്പം ചേർന്ന് നിൽക്കുകയെന്നത് ഏറ്റവും അനിവാര്യമായ കാര്യമായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. അങ്ങനെ ഏറ്റവും അനിവാര്യമായ ഒരു പൗരന്റെ കടമ ചെയ്തുകൊണ്ടാണ് ഇത്തവണ കേരളത്തിലെ ഓരോ ജനങ്ങളും നമ്മുടെ പാർട്ടിയെ പാർശ്വവൽക്കരിക്കപ്പെടുന്ന നമ്മളോടൊപ്പം ചേർന്നുനിന്നതും നമ്മളിന്ന് മുഖ്യധാരയിലേക്ക് സജീവമായി തിരിച്ചുവരുന്നതിനുമിടയാക്കിയ ജനങ്ങളോട് നന്ദി പറയുന്നതിനായി ഈ അവസരം ഉപയോഗിക്കുന്നു. ബജറ്റിനെക്കുറിച്ചുള്ള അവലോകനത്തിൽ, അതിനെക്കുറിച്ച് ഞാൻ ഒരുപാട് പ്രസംഗിക്കുകയെന്ന് പറയുന്നത് നല്ല കാര്യമല്ല. വേണമെങ്കിൽ ഇന്ന് ഈ ബജറ്റ് ലോകമെങ്ങും വിളങ്ങീടാൻ ധനകാര്യ വകുപ്പുമന്ത്രിതന്നെ എന്നുപറയുന്ന പാട്ടിനൊക്കെ സ്കോപ്പുണ്ട്. ഞാനത് ചെയ്യുന്നില്ല. മുമ്പ് ബജറ്റിൽ കേട്ടിട്ടില്ലാത്ത Future Readiness, Think Tank, Gen-Z പോലെയുള്ള നിരവധി വാക്കുകൾ കേട്ട ഒരു ബജറ്റ് ആകുന്നതുകൊണ്ടുതന്നെ ഇത് കാലത്തിനൊപ്പം നിൽക്കുകയും

കാലത്തിനുമുമ്പിൽ സഞ്ചരിക്കുന്നൊരു ബജറ്റാണിത്. ഈ ബജറ്റിനെ ഞാൻ ഏറ്റവും ഹൃദയപൂർവം സ്വീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. കടമ ചെയ്തുവഴിയും അല്ലാതെയും നമുക്ക് വലിയ വിജയം സമ്മാനിച്ച ജനങ്ങളോട് നന്ദി പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഈ ബജറ്റ് നിർദ്ദേശങ്ങളെ വളരെ ശക്തമായി ഞാൻ എതിർക്കുന്നു. കേരളത്തിലെ പ്രതിപക്ഷ സ്ഥാനത്തിരുന്ന് ഞങ്ങൾ എല്ലാ കാര്യത്തിലും എതിർക്കുകയെന്നല്ല, ജനങ്ങൾക്ക് ദോഷകരമായി സംഭവിക്കുന്ന എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അതിനെ ചൂണ്ടിക്കാണിക്കുക/എതിർക്കുക എന്നതാണ് ഞങ്ങൾ ചെയ്യുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരു മാസം മാത്രമെ ആയിട്ടുള്ളൂവെന്ന കാര്യം വളരെ കൃത്യമാണ്. എന്നാൽ ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ അതിനെ ചൂണ്ടിക്കാണിക്കുകയെന്നത് പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങളുടെ ഉത്തരവാദിത്വമാണ്. കഴിഞ്ഞ ഏഴ് തവണയായി ബജറ്റ് ശ്രദ്ധിച്ചുകൊണ്ടിരുന്നപ്പോഴൊന്നും കാണാത്ത പുതിയ രീതിയാണ് ഇപ്പോൾ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഈ നാടിനെ പണയപ്പെടുത്തുന്ന രീതിയിലുള്ള ചില പ്രഖ്യാപനങ്ങളാണ് കാണാൻ സാധിച്ചത്. നമ്മുടെ രാജ്യത്ത് അദാനിയും വലിയ വ്യവസായികളും ലക്ഷ്യമിടുന്ന സ്ഥാനങ്ങൾക്ക് മുൻതൂക്കം നൽകുന്ന രീതിയിലുള്ള പ്രഖ്യാപനങ്ങളാണ് ഈ ബജറ്റിനകത്ത് കാണാൻ സാധിച്ചത്. അതിനെ വളരെ ശക്തമായി എതിർക്കുന്നുവെന്നാണ് ഞങ്ങൾ പറയുന്നത്. കേരളത്തിന് കടമുണ്ടെന്ന് ആവർത്തിച്ച് പറഞ്ഞ് കേരളത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നതെന്ന് നല്ലതുപോലെ നമുക്കറിയാൻ സാധിക്കുന്നുണ്ട്. നമ്മുടെ രാജ്യത്ത് കേരളം മാത്രമാണോ കടം വാങ്ങിച്ചിട്ടുള്ളത്. കടം വാങ്ങിയതിൽ കേരളം പത്താം സ്ഥാനത്താണെന്നാണ് എനിക്ക് തോന്നുന്നത്. മറ്റുപല സംസ്ഥാനങ്ങളും കടം വാങ്ങിച്ച് അവരുടെ നാടിനെ സംരക്ഷിക്കുന്നതിനുവേണ്ടി നിരവധി ഇടപെടലുകൾ നടത്തുന്നുണ്ട്. ആ കൂട്ടത്തിൽ കേരളവും നടത്തിയിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷം കടം വാങ്ങി നടത്തിയ ഇടപെടലിൽ കേരളം പട്ടിണി കിടന്നിട്ടുണ്ടോ? റേഷൻ കടകൾ പൂട്ടിയിട്ടില്ല. കൈനിറയെ പെൻഷൻ പണമുൾപ്പെടെ നൽകികൊണ്ട് കേരളത്തിലെ സാധാരണക്കാരെയും എല്ലാ വിഭാഗം ജനങ്ങളെയും തൊഴിലാളികളെയും സംരക്ഷിച്ച പത്ത് വർഷമായിരുന്നു അത്. അതിനെയാണ് കണ്ടില്ലെന്ന് നടിച്ച്, കേരളം കടം വാങ്ങിച്ചെന്ന്

പറഞ്ഞ് നെഞ്ചത്തടിച്ച് നിലവിളിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരിന് കടമില്ലേ; ചെറിയ കടമാണോ കേന്ദ്ര സർക്കാർ വാങ്ങിച്ചിരിക്കുന്നത്? അതൊന്നും കണ്ടിട്ടില്ലാത്തതുപോലെയാണ് ഇവിടെ ബി.ജെ.പി. അംഗം ബജറ്റിനെ സംബന്ധിച്ച പ്രസംഗം അവതരിപ്പിച്ചത്. രണ്ടര ലക്ഷം കോടി രൂപയുടെ വിഹിതം വരുന്ന വലിയ കടമാണ് കേന്ദ്രം വരുത്തിവച്ചിരിക്കുന്നത്. അതുപോലെ മറ്റുസംസ്ഥാനങ്ങൾക്കും കടമുണ്ട്. കേരളം വാങ്ങിച്ച കടം ഈ നാടിനകത്ത് കൃത്യമായി ഉപയോഗിച്ചിട്ടുണ്ടോയെന്നും കഴിഞ്ഞ പത്ത് വർഷം കടം വാങ്ങിച്ചതിന്റെ പേരിൽ ഏതെങ്കിലും മന്ത്രിമാർ അഴിമതിയുടെ പേരിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടോയെന്നും പരിശോധിക്കണം. ബജറ്റിനകത്ത് കേന്ദ്ര സർക്കാർ കേരളത്തിന് നൽകുന്ന പണത്തിനെക്കുറിച്ച് അല്ലെങ്കിൽ നൽകിയ പണത്തെക്കുറിച്ച് എന്തെങ്കിലും സൂചിപ്പിച്ചിട്ടുണ്ടോ; കേരളത്തിന് ലഭിക്കേണ്ട പണം എത്രയായിരുന്നുവെന്നും അത് ലഭിച്ചില്ലെന്നും എത്ര പണമാണ് ലഭിക്കാനുള്ളതെന്നുമെല്ലാം പറയേണ്ടതല്ലേ; എല്ലാം രാഷ്ട്രീയ കണ്ണോടുകൂടി കണ്ടാൽ ശരിയാകുമോ? ഈ നാടിനെ സംരക്ഷിക്കാൻ വേണ്ടിയാണ് വളരെ കൃത്യമായി ഇടപെട്ടത്. അങ്ങനെ ഇടപെട്ടതിന്റെ ഭാഗമായി കടം വാങ്ങിച്ചിട്ടുണ്ട്. കേരളത്തെ പട്ടിണിയില്ലാതെയും സന്തോഷകരമായും കൊണ്ടുപോകുന്നതിന് നല്ല ഇടപെടലുകൾ നടത്തിയിട്ടുണ്ട്. സഭയിൽ ഇന്നത്തെ ചോദ്യോത്തര വേളയിൽ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വികാരഭരിതമായിട്ടാണ് മറുപടി പറഞ്ഞത്. പ്രതിപക്ഷമെന്ന നിലയിൽ കണ്ണിൽ കാണുന്ന കാര്യങ്ങൾ ഞങ്ങൾ പറയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ഇവിടെയില്ല. ഇന്ദിരാ ഗ്യാരന്റി പദ്ധതിയുടെ ഭാഗമായി സ്ത്രീ സുരക്ഷയുടെ പേരിൽ സ്ത്രീകൾക്ക് സൗജന്യമായി യാത്ര ചെയ്യുന്നതിനുവേണ്ടി നിങ്ങൾ പ്രഖ്യാപിച്ച പദ്ധതി നല്ലതാണ്. എന്നാൽ വളരെ പ്രതീക്ഷയോടുകൂടി സ്ത്രീകൾ വന്നപ്പോഴുള്ള കാഴ്ച അന്നത്തെ വാർത്തകളിൽ കണ്ടതാണ്. വാർത്തയിൽ കണ്ടത് തെറ്റാണെന്നാണ് ഇവിടെ വകുപ്പുമന്ത്രി പറഞ്ഞത്. ജീവനക്കാർ ബോർഡ് കൊണ്ടുപോയി ഒട്ടിക്കുന്നതെല്ലാം വിവിധ വാർത്താ ചാനലുകളിൽ ഞങ്ങൾ കണ്ടതാണ്. അതുപോലെ ഇൻഷ്വറൻസ് പദ്ധതിയും മാറി പോകുമോയെന്ന ചോദ്യമാണ് ചോദിച്ചത്. പക്ഷെ അതിനുള്ള മറുപടിയല്ല പറഞ്ഞത്. ഞങ്ങളെ സംബന്ധിച്ച് ജനങ്ങളുടെ ആശങ്കയാണ് ചോദിക്കുന്നത്. ഇവിടെ സർക്കാരിന്റെ ഒരു

സ്റ്റേറ്റ്മെന്റ് വരുമ്പോൾ ബന്ധപ്പെട്ട മന്ത്രിമാർ അറിയില്ലെന്ന് മറ്റൊരു സ്റ്റേറ്റ്മെന്റ് നൽകുന്നു. ഇതിനെ വളരെ കൃത്യമായും ആശങ്കയോടുകൂടിയും കാണണം. ഈ ബജറ്റിനകത്ത് പറയുന്ന കാര്യങ്ങളെ വളരെ ശ്രദ്ധയോടും പ്രതീക്ഷയോടുകൂടിയാണ് ജനങ്ങൾ കാണുന്നത്. ഇവിടെ അദാനിയുടെയും മോദിയുടെയുമെല്ലാം നിലപാട് അതേപോലെ കേരളത്തിൽ ആവർത്തിക്കരുത്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിനെ അദാനിയുടെ സ്വന്തം നാടായി ദയവ് ചെയ്ത് മാറ്റരുതെന്നാണ് ഞങ്ങൾക്ക് അറിയിക്കാനുള്ളത്. ഈ ബജറ്റിനെ വളരെ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. റോണി കെ. ബേബി</u>: ജനാധിപത്യത്തിന്റെ ശ്രീകോവിലായ കേരള നിയമസഭയിലേക്ക് കടന്നുവരാനും ജനങ്ങളുടെ ശബ്ദമായി ഇവിടെ നിന്ന് സംസാരിക്കാനും എന്നെ പ്രാപ്തനാക്കിയ എന്റെ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ഏറ്റവും ബഹുമാനപ്പെട്ട സമ്മദിദായകരോട് ഞാൻ ആദ്യമേ നന്ദി പറയുകയാണ്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അവതരിപ്പിച്ച ഈ ബജറ്റിനെ ഞാൻ സർവാത്മനാ പിന്തുണയ്ക്കുകയാണ്.

ഞാൻ നേരിട്ട് ഇടപെട്ടുകൊണ്ടിരിക്കുന്ന രണ്ട് മേഖലകളുണ്ട്, എനിക്ക് അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ, ആ രണ്ട് മേഖലകളിൽ ഈ ബജറ്റ് കേരളത്തിൽ വരുത്താൻ പോകുന്ന മാറ്റങ്ങൾ മാത്രം ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഞാൻ 25 വർഷമായി അദ്ധ്യാപകനായി ജോലി ചെയ്തുകൊണ്ടിരുന്ന വ്യക്തിയാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയെയും അതിലെ മാറ്റങ്ങളെയും സസൂക്ഷമം നിരീക്ഷിച്ചുകൊണ്ടിരുന്നൊരു വ്യക്തിയെന്ന നിലയിൽ, കഴിഞ്ഞ പത്ത് വർഷമായി കേരളത്തിന്റെ വിദ്യാഭ്യാസ മേഖല എത്രമാത്രം പിന്നോട്ടടിച്ചുവെന്ന് ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല എഞ്ചിനീയറിംഗ്, പൊതുവിദ്യാഭ്യാസ മേഖലകളിലും വളരെ വ്യാപകമായി കൊഴിഞ്ഞുപോക്കുൾപ്പെടെ സീറ്റുകൾ ഫിൽ ചെയ്യാതെ കിടക്കുന്ന സാഹചര്യം നമുക്കറിയാം. കഴിഞ്ഞ വർഷം മാത്രം കേരളത്തിലെ വിവിധ സർവകലാശാലകളിൽ ഒരു ലക്ഷത്തോളം ബിരുദ സീറ്റുകളാണ് ഫിൽ ആകാതെ കിടന്നത്. കേരളത്തിലെ വിവിധങ്ങളായ എഞ്ചിനീയറിംഗ് കോളേജുകളിൽ അമ്പതിനായിരത്തോളം വരുന്ന സീറ്റുകളിൽ

പകുതിയോളം സീറ്റുകൾ കഴിഞ്ഞതവണ ഫിൽ ചെയ്യപ്പെട്ടില്ലായെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം. കഴിഞ്ഞ പത്ത് വർഷം കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കിയെന്നാണ് എൽ.ഡി.എഫ്. സർക്കാർ അവകാശപ്പെട്ടത്. "ഞങ്ങൾ തുറന്നത് നിങ്ങൾ പൂട്ടിയ ബാറുകളല്ല" എന്ന് പറഞ്ഞുകൊണ്ട് അധികാരത്തിൽ വന്നവർ കഴിഞ്ഞ വർഷം മാത്രം 25-ൽ താഴെ കുട്ടികളുള്ള ആയിരത്തി മൂന്നൂറോളം സ്കൂളുകളാണ് കേരളത്തിൽ ഉണ്ടാക്കിയതെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം.

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ കുട്ടികൾ കുറയുമ്പോൾ പറയുന്ന ന്യായം, കേരളത്തിൽ കുഞ്ഞുങ്ങൾ ഉണ്ടാകുന്നതിന്റെ എണ്ണം കുറഞ്ഞുവരുന്നതിനാലാണ് പൊതുവിദ്യാഭ്യാസമേഖലയിൽ കുട്ടികൾ കുറയുന്നതെന്നാണ്. എന്നാൽ അങ്ങനെവരുമ്പോൾ കേരള സിലബസ് പഠിപ്പിക്കുന്ന അൺ എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ എന്തുകൊണ്ടാണ് കുട്ടികൾ കൂടുന്നതെന്ന യാഥാർഥ്യം നമ്മൾ തിരിച്ചറിയണം. കേരളത്തിൽ ഒരു ലക്ഷത്തോളം ബിരുദ സീറ്റുകളിൽ കുട്ടികൾ കുറയുമ്പോൾ **CUET** പോലെയുള്ള അഖിലേന്ത്യ പരീക്ഷകളിൽ 15 ലക്ഷം വിദ്യാർത്ഥികൾ അപേക്ഷ നൽകുകയും പരീക്ഷ എഴുതുകയും ചെയ്യുമ്പോൾ അതിൽ ഒന്നര ലക്ഷം കുട്ടികളും കേരളത്തിൽ നിന്നാണെന്നുള്ള യാഥാർഥ്യം നമ്മൾ തിരിച്ചറിയണം. അത്രമാത്രമാണ് കഴിഞ്ഞ പത്ത് വർഷക്കാലം നമ്മുടെ വിദ്യാഭ്യാസ മേഖല പിന്നോട്ടടിക്കപ്പെട്ടത്. അവിടെയാണ് ഈ പുതിയ ബജറ്റിൽ ഉന്നതവിദ്യാഭ്യാസമേഖലയിൽ 100 കോടി രൂപയുടെ പുതിയ തൊഴിലുകൾക്കുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടെ വലിയ പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

കേരളത്തിലെ രണ്ടാം ഭൂപരിഷ്കരണമെന്ന ആ നിർദ്ദേശത്തെ ഞാൻ സർവാത്മനാ സ്വാഗതം ചെയ്യുകയാണ്. ശരാശരിയിൽ താഴെയുള്ള ഒരു കർഷകകുടുംബത്തിൽ നിന്ന് വന്ന വ്യക്തിയെന്ന നിലയിൽ, കഴിഞ്ഞ പത്ത് പതിനഞ്ച് വർഷമായി ഞാൻ പോരാടിയത് കേരളത്തിലൊരു രണ്ടാം ഭൂപരിഷ്കരണ നിയമത്തിനായാണ്. നവലിബറലിസത്തെക്കുറിച്ചും കമ്മ്യൂണസത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടുപോകാത്തൊരു സാഹചര്യത്തെക്കുറിച്ചും ബഹുമാനപ്പെട്ട മാഷുൾപ്പെടെയുള്ളവർ ഇവിടെ പറയുകയുണ്ടായി. ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ, കഴിഞ്ഞ പത്ത് വർഷം കേരളം ഭരിച്ച ഇടതുപക്ഷ സർക്കാർ

ഇന്നാട്ടിലെ ഭൂപരിഷ്കരണത്തിന്റെ ഗുണം കിട്ടേണ്ടിയിരുന്ന കർഷകത്തൊഴിലാളികളോട്, പാവപ്പെട്ടവരോട്, ദളിത്-പിന്നാക്ക വിഭാഗക്കാരോട് നീതി പുലർത്തിയിട്ടുണ്ടോ? ഉമ്മൻചാണ്ടി സർക്കാർ കൊണ്ടുവന്ന രാജമാണിക്യം കമ്മീഷൻ റിപ്പോർട്ട് ഞാനിവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ആ വിഷയത്തിൽ ശക്തമായി ഇടപെട്ടൊരാളെന്ന നിലയിൽ, എന്തായിരുന്നു എം. ജി. രാജമാണിക്യം കമ്മീഷൻ കണ്ടെത്തിയത്? കേരളത്തിലെ ആകെ റവന്യൂ ഭൂമിയുടെ 58 ശതമാനമായ അഞ്ചരലക്ഷം ഏക്കർ സ്ഥലം സ്വാതന്ത്ര്യത്തിന് മുമ്പ് നമ്മൾക്കെതിരെ പോരാട്ടം നടത്തിയ ഈസ്റ്റ് ഇന്ത്യാ കമ്പനികൾ വ്യാജരേഖകൾ ഉണ്ടാക്കി ബിനാമികളെ ഉപയോഗിച്ച് കൈവശം വച്ചിരിക്കുന്നുവെന്നും ആ ഭൂമി പിടിച്ചെടുക്കണമെന്നുമാണ്. എന്നാൽ അതിനുവേണ്ടി ശക്തമായി പോരാടിയ സുശീല ഭട്ട് എന്ന നമ്മുടെ സ്പെഷ്യൽ പ്ലീഡറെ ഉൾപ്പെടെ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്ന് ഒരാഴ്ചയ്ക്കകം അധികാരത്തിൽ നിന്ന് പുറത്താക്കി. വി. എസ്. അച്യുതാനന്ദൻ സർക്കാരും അതിനുശേഷം വന്ന ഉമ്മൻചാണ്ടി സർക്കാരും നിലനിർത്തിയ ആ റവന്യൂവകുപ്പ് സ്പെഷ്യൽ പ്ലീഡറെ അവരുടെ സുസ്ത്യർഹമായ സേവനം മാനിക്കാതെ, ഒന്നരലക്ഷത്തോളം രേഖകൾ പരിശോധിച്ച് നമ്മുടെ സർക്കാർ ഭൂമി നിലനിർത്താൻ ശക്തമായി പോരാടിയ സുശീല ഭട്ടിനെ അധികാരത്തിലെത്തി ഒരാഴ്ചയ്ക്കകം പുറത്താക്കുകയാണ് ഒന്നാം പിണറായി വിജയൻ സർക്കാർ ചെയ്തത്. ഒരു ലക്ഷത്തിലധികം ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്ന ഹാരിസൺ മലയാളം കമ്പനിയെന്ന ഏറ്റവും വലിയ കുത്തകയുമായി കൂടിക്കാഴ്ച നടത്തിയശേഷം എം. ജി. രാജമാണിക്യം കമ്മീഷൻ റിപ്പോർട്ട് അട്ടിമറിച്ചുകൊണ്ട് ഇന്നാട്ടിലെ ദളിത്-ആദിവാസി-പിന്നാക്ക വിഭാഗക്കാരോട് നീതി പുലർത്താൻ ഇവിടത്തെ കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന് കഴിഞ്ഞിട്ടുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്.

ഞാനിന്നിവിടെയൊരു ജനപ്രതിനിധിയായി നിൽക്കുന്നുണ്ടെങ്കിൽ, ഇടതുപക്ഷം വിജയിക്കുമെന്ന് അവസാനനിമിഷം വരെയും 100 ശതമാനം ആത്മവിശ്വാസം പുലർത്തിയ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ നിന്ന് വിജയിച്ച് ഞാനിവിടെയെത്തിയത് കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ദളിത് പിന്നാക്ക വിഭാഗങ്ങൾ എനിക്ക് നൽകിയ വോട്ടുകൊണ്ടാണ്. ഒന്നാം നിയമസഭ മുതൽ ഇന്നേവരെ എൽ.ഡി.എഫ്. മാത്രം ലീഡ്

ചെയ്തിട്ടുള്ള ബൂത്തുകളിൽപോലും ദളിത്- പിന്നാക്കവിഭാഗങ്ങളുടെ വോട്ട് നേടി ഞാൻ ജയിച്ചുവന്നതിന്റെ കാരണം ദളിത്-പിന്നാക്ക വിഭാഗങ്ങൾ നടത്തിയ ഭൂസമരങ്ങളുടെ മുന്നിൽ നിന്നുകൊണ്ട് ഞാൻ നടത്തിയ പോരാട്ടങ്ങളാണ്. അതുകൊണ്ട് കേരളത്തിലെ രണ്ടാം ഭൂപരിഷ്കരണത്തിന് കാരണമാകുമായിരുന്ന എം. ജി. രാജമാണിക്യം കമ്മീഷൻ റിപ്പോർട്ട് കേരള ഹൈക്കോടതിയിലും സുപ്രീം കോടതിയിലും അട്ടിമറിച്ചത് എന്തുകൊണ്ടാണെന്ന ചോദ്യത്തിന് ഉത്തരം പറയാനുള്ള ബാധ്യത പത്ത് വർഷം കേരളം ഭരിച്ച ഇടതുപക്ഷ സർക്കാരിനുണ്ടെന്നുകൂടി ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 1960-ലും 1970-ലും നമ്മൾ കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമങ്ങൾ, അതിന് കാരണമായി സുപ്രീം കോടതിയിലുൾപ്പെടെ നമ്മൾ പറഞ്ഞ കാര്യങ്ങൾ, കേശവാനന്ദഭാരതി കേസിൽ കേരള സർക്കാർ നൽകിയ അഫിഡവിറ്റിലുൾപ്പെടെ പറയുന്ന കാര്യങ്ങൾ ഇന്നാട്ടിലെ കർഷകത്തൊഴിലാളികൾക്ക് വേണ്ടിയാണ് ഈ ഭൂപരിഷ്കരണ നിയമമെന്നാണ്. ഇന്നാട്ടിലെ കർഷകത്തൊഴിലാളികളോട് നീതി പുലർത്താൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് നിങ്ങൾ ആത്മപരിശോധന ചെയ്യണമെന്നുകൂടി ഞാനിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ഇന്ന് ഇന്ത്യാ മഹാരാജ്യത്ത് ഏറ്റവുമധികം ഭൂരഹിതരായ ആളുകൾ വസിക്കുന്ന ഒരു സംസ്ഥാനമായി നമ്മുടെ കേരളം മാറുന്നു. അതിദരിദ്രരില്ലാത്ത സംസ്ഥാനമാണ് കേരളമെന്ന പ്രഖ്യാപനം നമ്മൾ നടത്തിയിട്ടും മിച്ചഭൂമി കൃത്യമായി വിതരണം ചെയ്യാൻ നമുക്ക് സാധിച്ചിട്ടുണ്ടോ? അവർക്ക് മൂന്ന് സെന്റിന്റെ പോലും അവകാശം നൽകാതെ അവരെ ഫ്ലാറ്റുകളിൽ താമസിപ്പിക്കുന്ന വികസന കാഴ്ചപ്പാടല്ലേ നിങ്ങൾ മുന്നോട്ട് വച്ചത്. അവിടെയാണ് പ്രിയപ്പെട്ട സുഹൃത്തുക്കളെ...... ഞാനിവിടെ അതിശക്തമായി....... ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി...... എനിക്ക് വളരെ സന്തോഷമുണ്ട്, അദ്ദേഹം മുമ്പ് എം.എൽ.എ. ആയും പ്രതിപക്ഷ നേതാവായും പ്രവർത്തിച്ചിരുന്നപ്പോൾ കേരളത്തിലെ ഭൂസമരങ്ങളെ അതിശക്തമായി പിന്തുണച്ചുകൊണ്ട് പാവപ്പെട്ടവന്റെ അവകാശങ്ങൾക്കായി വാദിച്ചൊരു വ്യക്തിയാണിന്ന് കേരളത്തിന്റെ മുഖ്യമന്ത്രി കസേരയിൽ എത്തിയിരിക്കുന്നതെന്നത് കേരളത്തിലെ ദളിത്-പിന്നാക്ക സമുദായങ്ങൾ വലിയ പ്രതീക്ഷയോടെയാണ്

നോക്കിക്കാണുന്നതെന്ന് ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എവിടെയാണ് ഇടതുപക്ഷം പരാജയപ്പെട്ടതെന്ന് ചോദിച്ചാൽ, എവിടെയാണ് മാർക്സിസ്റ്റ് പാർട്ടി പരാജയപ്പെട്ടതെന്ന ചോദിച്ചാൽ ഇവിടെ ബഹുമാനപ്പെട്ട മാഷ് പറഞ്ഞതുപോലെ ക്യാപിറ്റലിസത്തെക്കുറിച്ചും അല്ലെങ്കിൽ പുത്തൻ സാമ്പത്തിക നയങ്ങളെക്കുറിച്ചും ഉദാരവൽക്കരണത്തെക്കുറിച്ചുമൊക്കെ പറയുമ്പോൾ നമ്മൾ ഓർക്കുക കമ്മ്യൂണിസമിന്ന് നഷ്ടപ്പെട്ടുപോയിരിക്കുന്നു. ആർക്കുവേണ്ടിയാണോ നിങ്ങൾ നിലകൊള്ളേണ്ടിയിരുന്നത്? ഈ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവനുവേണ്ടി, പാവപ്പെട്ടവനുവേണ്ടി... ഒരു കാലത്ത് അവന്റെ പ്രത്യയശാസ്ത്രമായിരുന്നു കമ്മ്യൂണിസമെന്നത്. ഞങ്ങളുമൊക്കെ സോഷ്യലിസ്റ്റുകളാ, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ മുദ്രാവാക്യമെന്നുപറയുന്നത് സോഷ്യലിസമാണ്. ഇന്ന് ഈ രാജ്യത്തെ മുന്നോട്ട് നയിച്ച് ഇവിടെ എത്തിച്ചിരിക്കുന്നത് കമ്മ്യൂണിസമാണെന്നും സോഷ്യലിസമാണെന്നും നിങ്ങൾ വിചാരിക്കണം. ജനാധിപത്യ സോഷ്യലിസമെന്ന മുദ്രാവാക്യം ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഉയർത്തിപ്പിടിച്ചു. 1953-ലെ ആവടി സമ്മേളനത്തിൽ ജനാധിപത്യ സോഷ്യലിസമെന്ന മുദ്രാവാക്യത്തിലൂടെ ഇന്ത്യാ മഹാരാജ്യത്തെ മുന്നോട്ടുനയിച്ചു. കേരളത്തെ തകർത്തത് കോൺഗ്രസ് കൊണ്ടുവന്ന സാമ്പത്തിക നയങ്ങളാണെന്ന് ബഹുമാനപ്പെട്ട മഷിവിടെ പറഞ്ഞു. പ്രീയപ്പെട്ട മാഷെ, ഞാൻ പറയട്ടെ ഇന്ത്യൻ നാഷണൽ കോൺഗ്രസിനൊരു മുദ്രാവാക്യമുണ്ട്. ഞങ്ങളുടെ മുദ്രാവാക്യമെന്ന് പറയുന്നത് ' Development with Human Face' എന്നാണ്. മനുഷ്യത്വ മുഖമുള്ള വികസനമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വികസനമെന്ന് പറയുന്നത്, പാവപ്പെട്ടവർക്കൊപ്പം ചേർന്ന് നിൽക്കുന്നത്. അതാണ് ഇവിടെ അവതരിപ്പിച്ച ബജറ്റ്. 25 ലക്ഷത്തോളം വരുന്ന ഉമ്മൻചാണ്ടി സാറിന്റെ പേരിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഉൾപ്പെടെയുള്ള ഇത്രയും കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട്, ഇന്ന് യഥാർഥ ഇടതുപക്ഷം ആരാണെന്ന് ചോദിച്ചാൽ നെഞ്ചിൽ കൈവച്ചുകൊണ്ട് പറയും ജവഹർലാൽ നെഹ്രുവിന്റെ പാരമ്പര്യം ഉൾക്കൊള്ളുന്ന യഥാർഥ സേഷ്യലിസ്റ്റ് ജനാധിപത്യ പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സോഷ്യലിസമെന്ന വാക്ക് പറയാനുള്ള

അവകാശം പോലുമില്ലെന്ന് പറഞ്ഞുകൊണ്ട് ഈ ബജറ്റിനെ സർവാത്മനാ പിന്തുണയ്ക്കുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. കെ. പ്രവീൺ കുമാർ</u>: സർ, വിനീതനായ എന്റെ ഈ നിയമസഭയിലെ കന്നി പ്രസംഗമാണിത്. എന്തെങ്കിലും പാളിച്ചകൾ പറ്റിയാൽ തിരുത്തി പൊറുത്തുതരണം. ഇങ്ങനെയൊരവസരം എനിക്ക് ലഭിക്കാൻ, എന്നെ നിയമസഭാംഗമാകുവാൻ സഹായിച്ച പാർട്ടി നേതൃത്വത്തോടുള്ള നന്ദി ഞാൻ ആദ്യമേ അറിയിക്കുകയാണ്. അതിലുപരിയായി കക്ഷിരാഷ്ട്രീയത്തിനതീതമായി എന്നെ വിജയിപ്പിച്ച കൊയിലാണ്ടിക്കാരോടുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു. കേരളത്തിന്റെ പ്രഗത്ഭനായ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ കേരളത്തിന്റെ മാറ്റത്തിനായി അവതരിപ്പിച്ച ബജറ്റിനെ അനുകൂലിച്ച് സംസാരിക്കാൻ അവസരം ലഭിച്ചുവെന്നത് എന്റെ കന്നി പ്രസംഗത്തിന്റെ ഇരട്ടിമധുരമായി ഞാൻ കാണുന്നു. ഞാനീ ബജറ്റിനെ പൂർണ്ണമായി പിന്തുണയ്ക്കുന്നു. അടഞ്ഞ ഒരു കേരളത്തിൽ നിന്നും തുറന്ന ഒരു കേരളത്തിലേക്കുള്ള വാതിലായിട്ടാണ് ഞാനീ ബജറ്റിനെ കാണുന്നത്. ഒരു മാറ്റത്തിനായാണ് ഇത്തവണ കേരളം വോട്ട് ചെയ്തത്. ആ മാറ്റത്തിനിതാ ഭാവനാ സമ്പൂർണ്ണമായ ഒരു സാമ്പത്തിക അടിത്തറ. ' കാറ്റിരമ്പുന്നുണ്ട് കേരളത്തിൽ' എന്ന കുമാരനാശാന്റെ പ്രസിദ്ധമായൊരു വരിയുണ്ട്; കാറ്റിരമ്പുകയാണ്, വികസനത്തിന്റെ, പ്രതീക്ഷയുടെ, സ്വപ്നസാക്ഷാത്കാരത്തിന്റെ ജനാധിപത്യത്തിന്റെ എല്ലാം കാറ്റാണ്. അതിലുപരിയായി ജെൻസി മുതൽ വയോജനങ്ങൾ വരെയുള്ള ജനങ്ങളെ ഉൾക്കൊള്ളുന്ന സമീപനത്തിന്റെ ഒരു ഇളം കാറ്റാണ്. എന്തെല്ലാം പദ്ധതികളാണ് കേരളത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്! സത്യത്തിൽ ഇന്ന് ഓരോ മലയാളിയുടെയും മനസിലും ദുബായിൽനിന്ന് ലോട്ടറിയടിച്ച പ്രതീതിയാണ്. കേരളത്തിന് ഒരുപാട് ലഭിച്ചു. ഞങ്ങൾ കോഴിക്കോട്ടുകാർക്ക് എന്തൊക്കെയാണ് ലഭിച്ചത്. ലൈറ്റ് മെട്രോ, മഹാനായ എം.ടി. വാസുദേവൻ നായരുടെ പേരിലുള്ള സ്മാരകം. മലബാറിനായി ഒരു ഫുട്ബോൾ സ്റ്റേഡിയം. അങ്ങനെ നിരവധിയായ പദ്ധതികൾ. മാത്രമല്ല, കോഴിക്കോടിനെ ഒരു ഐ.ടി. ഹബ്ബാക്കി മാറ്റാനുള്ള പ്രഖ്യാപനം. ഇതെല്ലാം ഞങ്ങൾക്ക് ഒരുപാട് സന്തോഷം നൽകുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സർക്കാരിനോടും നന്ദി പറയുന്നു. ഓരോ പദ്ധതി പ്രഖ്യാപിക്കുമ്പോഴും ഓരോ മാറ്റം വരുമ്പോഴും പ്രതിപക്ഷം പറയുന്നത് മുഖ്യമന്ത്രിക്ക് എന്ത് കിട്ടി; മന്ത്രിമാർക്ക് എന്ത് കിട്ടി;

ഭരണകക്ഷിക്ക് എന്ത് കിട്ടി എന്നാണ്. ഇവരുടെ മനസ്സിൽ ഇപ്പോഴും കിട്ടലും വാങ്ങലും മാത്രമേയുള്ളൂ. ഭരണം മാറിയ കാര്യം അവർ അറിഞ്ഞിട്ടില്ല. കേരളത്തിലെ ജനങ്ങൾ വലിയ പ്രതീക്ഷയോടെയാണ് കാണുന്നത്. പറഞ്ഞ വാക്കുകൾ പാലിക്കുകയും പാലിക്കുന്ന വാക്കുകൾ മാത്രം പറയുകയും ചെയ്യുന്ന ശ്രീ. വി. ഡി. സതീശനെന്ന മുഖ്യമന്ത്രിയെ മലയാളി സമൂഹം കാണുന്നത് വിശ്വാസ്യതയുടെ പ്രതിരൂപമായിട്ടാണ്. അദ്ദേഹം അവതരിപ്പിച്ച ബജറ്റ് തകർന്നടിഞ്ഞുവീണ കേരളത്തിന്റെ സാമ്പത്തിക രംഗത്തെ പുനരുജ്ജീവിപ്പിക്കുന്ന ഔഷധമാണ്. ഇത്രയേറെ മലയാളികൾ ഒരുമിച്ചിരുന്ന് ഒരു ബജറ്റ് അവതരണവും ഇന്നുവരെ കണ്ടിട്ടില്ലെന്നതാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽത്തന്നെ ആളുകൾ ഇങ്ങനെ ഒന്നിച്ചിരുന്ന് ഒരേസമയം ബജറ്റ് അവതരണം കണ്ടത് ആദ്യമായിട്ടാണെന്നാണ് തോന്നുന്നത്. എന്തെല്ലാം പദ്ധതികൾ; ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല നടപ്പാക്കിയ 'ഓപ്പറേഷൻ ശുഫാൻ' . വർത്തമാനകാല രക്ഷിതാക്കളുടെ മനസ്സിൽ കുളിർമയേകിക്കൊണ്ടാണ് ആ പദ്ധതി മുന്നോട്ടുപോകുന്നത്. വിദ്യാർഥികളെക്കുറിച്ച് രക്ഷിതാക്കൾക്കും മാതാപിതാക്കൾക്കും ആശങ്കയുണ്ടായിരുന്നു. ആശങ്കയുണ്ടായിരുന്ന മാതാപിതാക്കളുടെ മനസ്സിൽ ഒരു രക്ഷകന്റെ റോളാണ് ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയ്ക്കുള്ളത്. കോഴിക്കോട് അദ്ദേഹം വന്നപ്പോൾ പ്രസിദ്ധനായൊരു വൈദികൻ പറഞ്ഞത് തിന്മയ്ക്കെതിരെ പോരാടാൻ വന്ന മാലാഖയെന്നാണ്. 'ഓപ്പറേഷൻ ശുഫാൻ' അതിഗംഭീരമായി മുന്നോട്ടുപോകുന്നു. അതുപോലെ വ്യവസായ രംഗം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെന്ന പ്രഗത്ഭനായ വ്യവസായ വകുപ്പുമന്ത്രി ചാർജ്ജെടുത്തതോടുകൂടി കേരളത്തിനോട് തിരിഞ്ഞുനിന്ന വ്യവസായികൾ വീണ്ടും കേരളത്തിലേക്ക് വരാൻ സന്നദ്ധത പ്രകടിപ്പിച്ചിരിക്കുന്നു.

ആരോഗ്യരംഗം, ബഹുമാനപ്പെട്ട ശ്രീ. കെ. മുരളീധരൻ മന്ത്രിയായതിനുശേഷം മരുന്നില്ലാത്ത ആശുപത്രികളിൽ മരുന്ന് കൊടുക്കുന്നു. ഡോക്ടർമാരില്ലാത്തിടത്ത് ഡോക്ടർമാരെ കൊടുക്കുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണ കൊടുത്തുവെന്ന് ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ശ്രീ. മുഹമ്മദ് റിയാസ് പറഞ്ഞു. എനിക്ക് മനസ്സിലാകുന്നില്ല. ആരോഗ്യ രംഗത്തെ പുനരുജ്ജീവിപ്പിക്കാനുള്ള പ്രധാനപ്പെട്ട പദ്ധതിയാണ് കായകൽപം പദ്ധതി. അതിന്റെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോടായിരുന്നു. കോഴിക്കോട് അങ്ങാടിയിൽ അങ്ങോട്ടുമിങ്ങോട്ടും കാറ്റാട്ടിയടിച്ച്

പോയതല്ലാതെ ആ ഉദ്ഘാടനത്തിന് ക്ഷണിച്ചിട്ടുപോലും ബഹുമാനപ്പെട്ട ശ്രീ. മുഹമ്മദ് റിയാസ് പങ്കെടുത്തില്ലെന്നുള്ളത് വളരെ വേദനയോടെ അറിയിക്കുകയാണ്. കോഴിക്കോട് മേയർ പോലും ആ പരിപാടിയിൽ പങ്കെടുത്തു. എന്നാൽ അദ്ദേഹം വന്നില്ല. നിപയ്ക്ക് പിന്തുണകൊടുക്കുമെന്ന് പറഞ്ഞു.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: (മൈക്ക് ഓഫ്...) ഒന്ന് വഴങ്ങാമോ?

മാഡം ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് വഴങ്ങുന്നുണ്ടോ?

ശ്രീ. കെ. പ്രവീൺ കുമാർ: സർ, ഞാൻ പറഞ്ഞ് പൂർത്തിയാക്കട്ടെ, എന്റെ കന്നിപ്രസംഗമല്ലേ, പ്ലീസ്... ഒരു അവസരം നൽകൂ, ഞാൻ പറയട്ടെ. അദ്ദേഹം പങ്കെടുത്തിട്ടില്ല. രണ്ടാമത് നിപയ്ക്ക് പിന്തുണകൊടുക്കുമെന്ന് പറഞ്ഞു. എന്ത് പിന്തുണയാണ്. അദ്ദേഹമൊരു ആശുപത്രിയുടെ മുന്നിൽപ്പോയി സമരം നടത്തി. ദൃശ്യമാധ്യമങ്ങൾ ദൃശ്യമെടുത്തു, അദ്ദേഹം തിരിച്ചുപോയി. അതുകഴിഞ്ഞ് വൈകുന്നേരം **മധുരക്കാട് പോയി** പിന്തുണ കൊടുത്തു. പിന്നെ കൊയ്ത്ത് കാലമെന്ന് പറഞ്ഞു. കൊയ്ത്തുകാലമെന്ന് അദ്ദേഹം പറഞ്ഞത് കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഓർമ്മയിൽ നിന്നായിരിക്കും. അന്ന് ആ കാലം അവിടത്തെ മന്ത്രിമാർക്കും പാർട്ടി നേതാക്കന്മാർക്കും കൊയ്ത്തുകാലമാണ്. പക്ഷേ, വി. ഡി. സതീശൻ മുഖ്യമന്ത്രിയായ കേരളത്തിൽ കൊയ്ത്തുകാലം സാധാരണ ജനങ്ങൾക്കാണ്, മന്ത്രിമാർക്കും നേതാക്കൾക്കുമല്ല. സ്വന്തം വകുപ്പിനെ കർമ്മോത്സുകമാക്കി മാറ്റുന്ന കേരളത്തിലെ എല്ലാ മന്ത്രിമാരെയും വിസ്മയത്തോടെയാണ് കേരള ജനത നോക്കിക്കാണുന്നത്. രാഷ്ട്രീയവിരോധം വച്ചല്ലാതെ ഒരാൾക്കും ഈ ബജറ്റിനെ എതിർത്ത് സംസാരിക്കാൻ സാധിക്കില്ല. ബജറ്റ് പ്രഖ്യാപനത്തിനുമുമ്പ് തിരഞ്ഞെടുപ്പ് വാഗ്ദാനം പാലിച്ച സർക്കാരാണ് ഈ സർക്കാർ. പ്രിയദർശിനി സർവീസിന്റെ കോഴിക്കോട് ഉദ്ഘാടനത്തിൽ ഞാനും പങ്കെടുത്തിരുന്നു. അതിനെ ഇടതുപക്ഷം ബഹിഷ്കരിച്ചു. ബഹിഷ്കരിച്ച് വീട്ടിൽപ്പോയ ഇടതുപക്ഷ സുഹൃത്തുക്കളെ വീട്ടിലെ സഹോദരിമാർ വഴക്ക് പറഞ്ഞുവെന്നാണ് കോഴിക്കോട്ടുകാർ പറയുന്നത്. ബി.ജെ.പി.-ക്കാർ, സൂപ്പർ ഫാസ്റ്റിലും സൗജന്യ സർവീസ് വേണമെന്ന് പറഞ്ഞ് അവർ മാർച്ച് നടത്തി. പാചകവാതക സിലിണ്ടറിന് നൂറ് രൂപ കുറച്ചിട്ട് മതി ഞങ്ങൾക്ക് ആ സൗജന്യയാത്രയെന്ന് അവർ വീട്ടിലെത്തിയപ്പോൾ വീട്ടമ്മമാർ പറഞ്ഞുവത്രേ. അതുമാത്രമല്ല എല്ലാക്കാലത്തും ഏത് കാര്യത്തെയും ആദ്യം എതിർക്കുകയാണ് ഇടതുപക്ഷ രീതി. ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ സൂചിപ്പിച്ചു, രാജീവ് ഗാന്ധി കമ്പ്യൂട്ടർ കൊണ്ടുവന്നപ്പോൾ ഇവർ വിളിച്ച മുദ്രാവാക്യം എന്താണ്?

തൊഴിലെത്തിക്കുള്ള കൈകളിലാദ്യം, എന്നിട്ടാവാം കമ്പ്യൂട്ടർ എന്നാണ്. ഇന്ന് കമ്പ്യൂട്ടർ ഇവരുടെ ഓഫീസിൽ മാത്രമല്ല പോക്കറ്റിലുമുണ്ട്. ട്രാക്ടറിനെ എതിർത്തു. അനിഷേധ്യനായ ലീഡർ നെടുമ്പാശ്ശേരി വിമാനത്താവളം കൊണ്ടുവന്നപ്പോൾ അതിനെ എതിർത്തു. എന്നിട്ട് ഭരണത്തിൽ വരുമ്പോൾ അത് കാലഘട്ടത്തിന്റെ ആവശ്യമെന്ന് ഇവർ പറയും. ഇനി ഒരിക്കൽപ്പോലും ഇവർ അധികാരത്തിൽ വരില്ലെന്നാണ് ഇപ്പോൾ എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഈ ബജറ്റിനെ കാലഘട്ടത്തിന്റെ ആവശ്യമെന്നുപറഞ്ഞ് പിന്തുണയ്ക്കാൻ ഇപ്പോഴെങ്കിലും തയ്യാറാകണമെന്നാണ് എനിക്ക് വിനയപൂർവം പറയാനുള്ളത്. ബജറ്റിനെ എതിർത്തുകൊണ്ട് പ്രൊഫ. സി. രവീന്ദ്രനാഥ് ഇവിടെ സംസാരിച്ചു. അദ്ദേഹവുമായി എനിക്ക് വ്യക്തിപരമായി പരിചയമില്ല. പക്ഷേ, അദ്ദേഹത്തിന്റെ കഴിവിനോട് ഒരുപാട് ബഹുമാനവും ഇഷ്ടവുമുണ്ട്. ഞാനൊരിക്കൽ തൃശ്ശൂരിലൂടെ യാത്ര ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ഒരു പ്രസംഗം കേട്ടിരുന്നു. വലിയൊരു ഗതാഗതക്കുരുക്കിൽ നിൽക്കുമ്പോഴാണ് ഞാനത് കേട്ടത്. 'എന്തുകൊണ്ട്, എന്തുകൊണ്ട്, എന്തുകൊണ്ട് പൂച്ച പിറക്കാത്തതെന്തുകൊണ്ട് എന്ന് അദ്ദേഹം പറയുകയാണ്. ഞാൻ ആ പ്രസംഗം കേട്ട് മുന്നോട്ട് പോയി, ട്രാഫിക് ബ്ലോക്ക് കുറഞ്ഞപ്പോൾ പന്ത്രണ്ട് മിനിട്ട് കഴിഞ്ഞിട്ടും പൂച്ച പിറക്കാത്തതിന്റെ കാരണം അദ്ദേഹം പറഞ്ഞിട്ടില്ല. അദ്ദേഹം എന്തൊക്കെയോ ഇവിടെ പ്രസംഗിച്ചിട്ടുണ്ട്. അദ്ദേഹം നല്ല വിവരമുള്ള മനുഷ്യനാണ്. നവലിബറലിസം, ഫാസിസം, ക്യാപ്പിറ്റലിസം പക്ഷേ, എന്താണ് ഉദ്ദേശിച്ചതെന്ന് അദ്ദേഹത്തിനും കേട്ട ഞങ്ങൾക്കും മനസ്സിലായില്ല. അതുപോലെ ഉദ്യോഗസ്ഥർക്ക് ഒന്നും ചെയ്യുന്നില്ല ഡി.എ. കുടിശ്ശിക കൊടുത്തില്ല എന്ന് ബഹുമാനപ്പെട്ട ശ്രീ. ജി. ആർ. അനിൽ പറഞ്ഞു. ആരാണ് ഡി.എ. കുടിശ്ശികയുണ്ടാക്കിയത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ശമ്പള പരിഷ്കരണത്തിന് കമ്മീഷനെ വച്ച സർക്കാരല്ലേ. അങ്ങനെയങ്ങ് കുറ്റപ്പെടുത്താമോ? ഏതായാലും ഒരു കാര്യമേ പറയുന്നുള്ളൂ. കാലത്തിനനുസരിച്ച് മാറാൻ ഇനിയെങ്കിലും ഇടതുപക്ഷം തയ്യാറാകണം. ഞാൻ വരുന്നത് കൊയിലാണ്ടിയിൽ നിന്നാണ്. പടിഞ്ഞാറ് അറബിക്കടലിന്റെയും കിഴക്ക് അകലാപ്പുഴയുടെയും നടുക്കായി സ്ഥിതി ചെയ്യുന്ന കൊയിലാണ്ടിക്ക് വളരെയധികം ദേശീയ പാരമ്പര്യവും ചരിത്ര പ്രാധാന്യവുമുണ്ട്. വാസ്കോഡ ഗാമ വന്നിറങ്ങിയ കാപ്പാട് കൊയിലാണ്ടിയിലാണ്. അതുപോലെ വീരപുരുഷനായിരുന്ന കുഞ്ഞാലി മരയ്ക്കാറുടെ ജന്മസ്ഥലമായ കോട്ടക്കലും കൊയിലാണ്ടിയിലാണ്. അവിടെയാണ് കേളപ്പജിയുടെയും സയ്യിദ് അബ്ദുറഹ്മാൻ

ബാഫക്കി തങ്ങളുടെയും ജന്മനാട്. സി. എച്ച്. മുഹമ്മദ്കോയയും വി. ആർ. കൃഷ്ണയ്യരും വിദ്യ അഭ്യസിച്ച മണ്ണും കൊയിലാണ്ടിയിലാണ്. സി. കെ. ഗോവിന്ദനെപ്പോലെയുള്ള മഹാരഥന്മാരുടെ കർമ്മമണ്ഡലമായ കൊയിലാണ്ടിയിൽ 32 കിലോമീറ്ററോളം തീരദേശമാണ്. ഈ സാമ്പത്തിക പ്രതിസന്ധിയിലും കൊയിലാണ്ടിക്ക് ഒരുപാട് പദ്ധതികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന് മുഖ്യമന്ത്രിയോട് വളരെയധികം നന്ദി പറയുന്നു. 32 കിലോമീറ്റർ തീരദേശമുള്ള കൊയിലാണ്ടിയിലെ ഏറ്റവും കൂടുതൽ മത്സ്യബന്ധനമുള്ള സ്ഥലമാണ് തിക്കോടിയുടെയും മൂടാടി പഞ്ചായത്തിന്റെയും നടുക്ക് സ്ഥിതി ചെയ്യുന്ന കോടിക്കൽ തീരം. ആ തീരത്ത് ഒരു മിനി ഫിഷിങ് ഹാർബർ അനുവദിക്കണമെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ കടലോരം മക്കൾക്ക് ആശ്വാസമായി മിനി ഫിഷിങ് ഹാർബർ അനുവദിക്കുമെന്ന പ്രതീക്ഷയോടുകൂടി ഈ ബജറ്റിനെ പരിപൂർണ്ണമായി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു; നമസ്കാരം.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ....(മൈക്ക് ഓഫ്).......

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: പരസ്പരം മറുപടി പറയാൻ സാധിക്കുമോ? അങ്ങേക്ക് അനുവദിക്കുന്ന സമയത്ത് അങ്ങ് ശക്തമായി പറയൂ. അദ്ദേഹത്തിന് അനുവദിച്ച എട്ട് മിനിട്ട് സമയത്തിനിടയിലാണ് അദ്ദേഹം പറഞ്ഞത്. (ബഹളം....) അങ്ങനെ ചർച്ച ചെയ്ത് പോകാൻ സാധിക്കുമോ? ഒരു മിനിട്ട് അനുവദിക്കുന്നു.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, കായകൽപം പരിപാടിക്ക് ഞാൻ എതിരല്ലെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് അറിയാം. കോഴിക്കോട് ജില്ലയിൽ കായകൽപം പരിപാടി സംഘടിപ്പിച്ചപ്പോൾ എന്നെ അറിയിച്ചിരുന്നില്ല. പിന്നീട് അദ്ദേഹവുമായും ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരുമായും ഞാൻ സംസാരിച്ചിരുന്നു. അവർക്ക് വന്ന വീഴ്ചയിൽ ക്ഷമ ചോദിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട കൊയിലാണ്ടി അംഗം പഴയതുപോലെ ആരോഗ്യ വകുപ്പുമന്ത്രിയുമായി കുറച്ചുകൂടി കമ്മ്യൂണിക്കേഷൻ വർധിപ്പിക്കണമെന്ന് മാത്രമേ എനിക്ക് ഇതിൽ പറയാനുള്ളൂ.

<u>ശ്രീ. ടി. എം. ശശി</u>: സർ, കേരളത്തിന് വിസ്മയമെന്ന മോഹന വാഗ്ദാനം നൽകി 102 സീറ്റിന്റെ ഭൂരിപക്ഷത്തിൽ ഭരണത്തിലേറി ആദ്യ ബജറ്റിൽത്തന്നെ കേരള ജനതയെ നിരാശയുടെയും

സംശയത്തിന്റെയും അഗാധ ഗർത്തത്തിലേക്ക് തള്ളിയിട്ട കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രികൂടിയായ ബഹുമാന്യനായ മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റിനെ നിരാശാജനകമെന്ന ഒരു വാക്കിലൊതുക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ ശക്തമായ എതിർപ്പ് രേഖപ്പെടുത്തുന്നു. കാര്യങ്ങളെല്ലാം വിശദമായി, വിശ്വാസ്യതയോടെ പറയുന്ന, പറഞ്ഞ കാര്യങ്ങൾ അക്ഷരംപ്രതി പൂർത്തിയാക്കുന്ന മുഖ്യമന്ത്രിയെയും ഭരണത്തെയുമാണ് കാണാൻ കഴിയുന്നതെന്നാണ് ഇവിടെ ചില അംഗങ്ങൾ സൂചിപ്പിച്ചത്. അങ്ങനെതന്നെയാണ് ഞങ്ങളും ആഗ്രഹിക്കുന്നത്. പറഞ്ഞ കാര്യം അങ്ങനെ തന്നെ നടന്നിരുന്നെങ്കിലെന്ന് ആഗ്രഹിക്കുകയാണ്. കഴിഞ്ഞ കുറച്ചുദിവസമായി കേരളത്തിലെ മാധ്യമങ്ങളും സോഷ്യൽ മീഡിയയും ഇന്നലെവരെ നിങ്ങളെ പിന്തുണച്ച ആളുകളുമുൾപ്പെടെ യു-ടേൺ അടിക്കുന്ന ആളുകളായി നിങ്ങളെ ചൂണ്ടിക്കാണിച്ച് തുടങ്ങിയിരിക്കുന്നു. ഐക്യജനാധിപത്യ മുന്നണി, യുണൈറ്റഡ് ഡെമോക്രാറ്റിക് ഫ്രണ്ട് എന്നത് മാറി യൂ-ടേൺ ഡെമോക്രാറ്റിക് ഫ്രണ്ട് എന്ന നിലയിൽ ആളുകൾ പറഞ്ഞു തുടങ്ങി. എന്തൊക്കെ കാര്യങ്ങളിലാണ് മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നത്? തൊട്ടുമുമ്പത്തെ ഇടതുപക്ഷ സർക്കാരിനെ അക്രമിക്കാൻ വേണ്ടി പറഞ്ഞത് പി.എം.ശ്രീ എന്നാണ്. ഇടതുപക്ഷം പി.എം. ശ്രീയുമായി ധാരണാ പത്രത്തിൽ ഒപ്പിട്ടുവെന്നത് സത്യം തന്നെയാണ്. പക്ഷേ, ആ കരാറുമായി ഇടതുപക്ഷം മുന്നോട്ടുപോയിരുന്നോ? പോയില്ല. ഉന്നത ഉദ്യോഗസ്ഥർ ഒപ്പിട്ടത് ശരിയായില്ല എന്നതുകൊണ്ടാണല്ലോ ആ പദ്ധതിയുമായി മുന്നോട്ടുപോകാതിരുന്നത്. ആ കരാറിലെ നിയമപ്രകാരം, 60 ശതമാനം കേന്ദ്രസർക്കാർ വിഹിതമാണെങ്കിൽ 40 ശതമാനം സംസ്ഥാനസർക്കാർ വകയിരുത്തേണ്ടതല്ലേ; കഴിഞ്ഞ ബജറ്റിൽ 40 ശതമാനം വകയിരുത്തിയിട്ടുണ്ടോ; അതിനുവേണ്ടി ഏതെങ്കിലും സ്കൂളുകളുടെ ലിസ്റ്റ് കൊടുത്തിട്ടുണ്ടോ; ഇവിടെ അങ്ങനെയൊരു സംഭവമേയില്ല. ഞങ്ങൾ പറഞ്ഞതുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷത്തിനുശേഷം ആ പദ്ധതിയുമായി മുന്നോട്ടുപോയിട്ടുണ്ടോ; മുന്നോട്ടുപോയിട്ടില്ലെന്നാണ് മനസ്സിലാക്കേണ്ടത്. കേരളം പി.എം. ശ്രീ പദ്ധതിയുമായി മുന്നോട്ടുപോകുന്നില്ലെന്നാണ് ബഹു. സുപ്രീം കോടതിയിലും പാർലമെന്റിലും ബി.ജെ.പി. ഗവൺമെന്റ് പറഞ്ഞത്. അതുകൊണ്ടാണ് എസ്.എസ്.എ. ഫണ്ട് തടഞ്ഞുവയ്ക്കുന്നത് എന്നല്ലേ? സംസ്ഥാന ഗവൺമെന്റ് പി.എം. ശ്രീ പദ്ധതിയുടെ പേരിൽ പണം വാങ്ങിയെന്ന് പറയുന്നതിൽ എന്ത്

നീതിയാണുള്ളത്; ഞാൻ നുണ, കളവ് എന്നൊന്നും ഈ സഭയിൽ പറയുന്നില്ല. വാസ്തവവിരുദ്ധമായ കാര്യങ്ങളല്ലേ പറയുന്നത്; കഴിഞ്ഞ തിരഞ്ഞെടുപ്പ് സമയത്ത് ഇപ്പോഴത്തെ ബഹുമാന്യമായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രസംഗം എത്ര ആളുകൾ കേട്ടത്. അന്ന് അദ്ദേഹം വളരെ ആഴത്തിൽ പറഞ്ഞത് എന്താണ്; 'ഞങ്ങൾ അധികാരത്തിൽ വന്നാൽ നിങ്ങൾ ധാരണയുണ്ടാക്കിയ പി.എം. ശ്രീ പദ്ധതി, ആർ.എസ്.എസ്.-ന്റെ തൊഴുത്തിൽ കെട്ടുന്ന സാധനം ഞങ്ങൾ അറബിക്കടലിൽ ത്തുക്കിയെറിയും' എന്നാണ്. എന്താ അറബിക്കടൽ വറ്റിപ്പോയോ; ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമല്ലേ; ഈ വിഷയത്തെക്കുറിച്ച് പറഞ്ഞ വാക്കിന് നാളെ വേങ്ങരയിലെ ജനങ്ങളോട് നിങ്ങൾക്ക് എങ്ങനെയാണ് മറുപടി പറയാൻ സാധിക്കുന്നത്; ഓരോ വിഷയത്തിന്റെ കാര്യത്തിലും അങ്ങനെതന്നെയാണ്. പി.എം. ശ്രീ പദ്ധതിയിൽ പണം വാങ്ങിയെന്നുവരെ നിങ്ങളുടെ കൂടെയുള്ളവർ പറഞ്ഞില്ലേ; ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി സത്യസന്ധമായി കാര്യങ്ങൾ പറഞ്ഞു. പി.എം. ശ്രീ പദ്ധതിയിൽ തുക വാങ്ങിയിട്ടില്ല, എസ്.എസ്.എ. ഫണ്ടാണ് വാങ്ങിയതെന്ന് ഒരാളെങ്കിലും സത്യസന്ധമായി പറഞ്ഞതിൽ സന്തോഷമുണ്ട്. ഈ കാര്യങ്ങളെല്ലാം യുടേൺ അടിച്ച് പോയില്ലേ;

ക്ഷേമപെൻഷന്റെ സ്ഥിതിയെന്താണ്; ഞങ്ങളുടെ ഭരണകാലയളവിൽ ക്ഷേമപെൻഷൻ 2500 രൂപയിൽനിന്നും 3000 രൂപയാക്കുമെന്ന് നിങ്ങൾക്ക് ആദ്യമേ പറയാമായിരുന്നു. എന്നാൽ നിങ്ങൾ അങ്ങനെയാണോ പറഞ്ഞത്; ഞങ്ങളുടെ ആദ്യ ബജറ്റിൽതന്നെ ക്ഷേമപെൻഷൻ വർധിപ്പിക്കുമെന്നും നിങ്ങളെപ്പോലെ അവസാനത്തേക്ക് ഞങ്ങൾ എത്തില്ലെന്നുമാണ് മുഖ്യമന്ത്രി പറഞ്ഞത്. ഭരണകാലാവധി അവസാനിക്കുന്നതിനുമുമ്പ് ക്ഷേമപെൻഷൻ വർധിപ്പിക്കുമെന്നാണ് നിങ്ങൾ പറഞ്ഞിരുന്നതെങ്കിൽ തർക്കമേയില്ല. എന്നാൽ നിങ്ങൾ അങ്ങനെയല്ല പറഞ്ഞത്, ഇങ്ങനെയാണ് പറഞ്ഞത്. അങ്ങനെ ആ വിഷയത്തിലും യു-ടേൺ അടിച്ചു.

വാഹനങ്ങളുടെ മോഡിഫിക്കേഷന്റെ കാര്യത്തിലാണ് ബഹുരസം. ഇവരുടെ വാക്കുകൾ വിശ്വസിച്ച് ആളുകൾ വാഹനങ്ങളുടെ നിരവധി സാധനങ്ങൾ കടയിൽ വാങ്ങിയിട്ടു. എന്നാൽ അതൊന്നും വില്പന നടക്കുന്നില്ല. ഇവർ പറഞ്ഞത് വിശ്വസിച്ച്

എറണാകുളത്തെ കോൺഗ്രസിന്റെ സൈബർ പോരാളിയായ ഒരാൾ എർട്ടിഗ കാറിന്റെ പുറകിൽ വെറുതെ ഒരു റാഡ് വച്ചു. ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയാമോ? ആ റാഡ് കണ്ടപ്പോൾതന്നെ ആർ.ടി.ഒ 5000 രൂപ പിഴ എഴുതിക്കൊടുത്തു. എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ടൊരു കോൺഗ്രസുകാരനായ അദ്ദേഹം കാക്കനാട് ആർ.ടി. ഓഫീസിൽ 5000 രൂപ പിഴ അടച്ച്, റാഡ് അഴിച്ച് ചവറ്റുകുട്ടയിലിടുമ്പോൾ പറയുകയാണ്. ആരുടെയെങ്കിലും വാക്ക് വിശ്വസിച്ച് ഇനിയെങ്ങാലും ഇത്തരം കാര്യങ്ങളിലേക്ക് പോയാൽ എല്ലാവരും അനുഭവിക്കും, നിങ്ങൾ ഒന്നും ചെയ്യരുതെന്നാണ്. പറയുന്നത് ഒന്ന്, നടക്കുന്നത് മറ്റൊന്ന് എന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിയിട്ടുണ്ട്.

എനിക്കുമുമ്പ് പ്രസംഗിച്ച ബഹുമാന്യനായ മൂവാറ്റുപുഴ അംഗം ഞങ്ങളെ ആക്ഷേപിക്കാൻവേണ്ടി ചില കാര്യങ്ങൾ പറഞ്ഞു. ഞാൻ പറഞ്ഞ കാര്യങ്ങളെല്ലാം ശരിയായില്ലേ എന്നാണ് അദ്ദേഹം പറഞ്ഞത്. ഇ.ഡി.-യെക്കുറിച്ച് പറഞ്ഞതാണ് അദ്ദേഹം ഉദ്ദേശിച്ചത്. ഇ.ഡി.-യെ സംബന്ധിച്ച് കോൺഗ്രസിന്റെ നിലപാടെന്താണ്; വാളയാറിന് അപ്പുറത്ത് നിങ്ങളുടെ നിലപാടെന്താണ്; രാഷ്ട്രീയ ആയുധമായ ഇ.ഡി.-യെ ഉപയോഗിച്ച് രാഷ്ട്രീയ എതിരാളികളെ ഒതുക്കാൻ ബി.ജെ.പി. ശ്രമിക്കുന്നുവെന്ന് വാളയാറിന് അപ്പുറത്ത് പറയുമ്പോൾ ഇവിടെയെത്തുമ്പോൾ അതെല്ലാം ശരിയെന്നാണ് പറയുന്നത്. ഞങ്ങളാണെങ്കിൽ 'ആഹാ' നിങ്ങളാണെങ്കിൽ 'ഓഹോ' എന്ന് പാലക്കാട് ഒരു ചൊല്ലുണ്ട്. ഇതും അതുപോലെയാണ്. കോൺഗ്രസ് നേതാക്കളെ ഇ.ഡി. ചോദ്യം ചെയ്ത കാര്യങ്ങളിലേക്ക് ഞാൻ പോകുന്നില്ല. കോൺഗ്രസിലെ എത്രയോ ആളുകളെയാണ് ചോദ്യം ചെയ്തിട്ടുള്ളത്. ഈ രാജ്യത്ത് ആർ.എസ്.എസ്. വ്യാപിച്ച് കിടക്കുമ്പോൾ, അതിനെതിരെ ഒരുമിച്ച് ചേരേണ്ട ഇന്ത്യാമുന്നണിയെ തകർക്കുന്നതും നിങ്ങളല്ലേ; ശ്രീ. അരവിന്ദ് കെജ്‌രിവാൾ നിങ്ങൾക്കെതിരെ തിരിഞ്ഞത് എന്തുകൊണ്ടാണ്; ശ്രീ. അരവിന്ദ് കെജ്‌രിവാളിനെയും കേരളത്തിലെ മുൻമുഖ്യമന്ത്രിയെയും ചൂണ്ടിക്കാണിച്ച് എന്തുകൊണ്ട് ഇ.ഡി. ചോദ്യം ചെയ്യുന്നില്ലെന്ന് പറയുകയാണ്; ഈ രാജ്യത്തെ ഒരുമിപ്പിക്കേണ്ട, കോൺഗ്രസാണ് മഹാസാഗരം എന്നുപറയുന്ന, കോൺഗ്രസ്സാണ് ശരിയെന്ന് പറയുന്ന, കോൺഗ്രസിനാണ് രാജ്യത്തെ

മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയെന്ന് പറയുന്ന, അതിന് നേതൃത്വം കൊടുക്കുന്ന പാർട്ടിയുടെ നേതാവ് കോൺഗ്രസ്സല്ലാത്ത മറ്റാരെ ചോദ്യം ചെയ്താലും ശരിയെന്ന് പറയുന്ന രീതി ശരിയാണോ; ഈ രാജ്യത്തെ ഒരുമിപ്പിക്കാൻ കൊണ്ടുവന്ന കോൺഗ്രസിന്റെ നേതൃത്വത്തിന്റെ രീതി ശരിയാണോ; അത് തിരുത്തണമെന്നാണ് പറയാനുള്ളത്.

ഞാൻ പ്രസംഗം ദീർഘിപ്പിക്കുന്നില്ല, ഒരുകാര്യംകൂടി പറയുകയാണ്. നിങ്ങൾ എങ്ങനെ ചുരുങ്ങിപ്പോയെന്നും ഇപ്പോൾ നിങ്ങളുടെ സ്ഥിതി എന്താണെന്നുമാണ് ഇവിടെ ചില ആളുകൾ ചോദിക്കുന്നത്. ഞാൻ ഒറ്റകാര്യമേ ചോദിക്കുന്നുള്ളൂ, ഈ രാജ്യത്ത് പകരംവയ്ക്കാൻ വാക്കുകളില്ലാത്ത കോൺഗ്രസുണ്ടായിരുന്നു. ഇപ്പോൾ കോൺഗ്രസിന്റെ സ്ഥിതിയെന്താണ്; 12 വർഷം പ്രതിപക്ഷനേതാവുപോലും ആകാൻ കഴിയാത്ത കാലം, ഈ രാജ്യത്ത് കോൺഗ്രസ്സുണ്ടായിരുന്നോ; കോൺഗ്രസും പോയി, 50 കൊല്ലം മുമ്പുള്ള കോൺഗ്രസല്ല ഇപ്പോഴുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ഞങ്ങളുടെ കുറച്ച് ആളുകൾ ഇപ്പോഴും ഇവിടെയുണ്ട്. അതുപോലുമില്ലാത്ത സ്ഥിതിയാണ് നിങ്ങൾക്കുള്ളത്. നിങ്ങൾ എങ്ങനെ ഇങ്ങനെയായി എന്നുകൂടി ചിന്തിക്കണം. പല സംസ്ഥാനത്തും കോൺഗ്രസില്ല. മുമ്പ് മിക്ക സംസ്ഥാനത്തും കോൺഗ്രസ്സ് മാത്രമായിരുന്നു. ഇപ്പോൾ കോൺഗ്രസ് എവിടെ? അത്തരം സാഹചര്യങ്ങൾ നിങ്ങളുംകൂടി മനസ്സിലാക്കി മുന്നോട്ടു പോകുന്നത് നല്ലതാണ്. ഞാൻ മറ്റ് ആക്ഷേപങ്ങളൊന്നും പറയുന്നില്ല. കലികാലമാണെന്ന് ഞങ്ങളുടെ ചിലയാളുകൾ പറയുന്നത്. ചില മുതിർന്ന ആളുകൾ ഞങ്ങൾക്കെതിരെ പറയാനായി കോൺഗ്രസിന്റെ ആശയത്തിലേക്ക് മാറുന്നുണ്ട്, സന്തോഷം. കലികാലത്തിന്റെ പ്രത്യേകതയെന്താണെന്ന് അറിയാമോ; ഇതിനേക്കാൾ ആദർശം പറയുന്ന കോൺഗ്രസിന്റെ മുതിർന്ന ആളുകൾ ഇടതുപക്ഷത്തിന്റെ നയം പറയുന്നുണ്ട്. അത് നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാകും. ഈ ബജറ്റ് എന്തുകൊണ്ട് എതിർക്കപ്പെടേണ്ടതാണെന്ന് കേരളത്തിൽ ആദർശമുയർത്തുന്ന കോൺഗ്രസിന്റെ പ്രമുഖനായ നേതാവിന്റെ ഇന്നലത്തെ ഫേസ്ബുക്ക് പോസ്റ്റർ കണ്ടാൽ നിങ്ങൾക്ക് മനസ്സിലാകും. സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന, കോർപ്പറേറ്റുകളെ സഹായിക്കുന്ന ഈ ബജറ്റിനെ ഞാൻ ശക്തമായി എതിർക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വ്യക്തിപരമായ വിശദീകരണത്തിന് സമയം ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങേയ്ക്ക് ഇപ്പോൾ പറയണമെങ്കിൽ പറയാം.

വ്യക്തിപരമായ വിശദീകരണം

AISF, AIYF മാർച്ചിനുനേരെ നടത്തിയ ജലപീരങ്കി പ്രയോഗം

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ഇന്ന് നടന്നൊരു സംഭവം അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. പി.എം. ശ്രീ പദ്ധതി നടപ്പാക്കുന്നതിനെതിരെയുള്ള പ്രക്ഷോഭത്തിന്റെ ഭാഗമായി കേരളത്തിലെ AISF, AIYF യുവജന-വിദ്യാർഥി സംഘടനകൾ സംയുക്തമായി ഇന്ന് നിയമസഭാ മാർച്ച് നടത്തിയിരുന്നു. ആ മാർച്ചിനെ പൊലീസ് നേരിട്ടത് ജലപീരങ്കി പ്രയോഗിച്ചുകൊണ്ടാണ്. സമരങ്ങളിലൊക്കെ സാധാരണയായി ജലപീരങ്കി ഉപയോഗിക്കാറുണ്ട്. വളരെ വിചിത്രമായൊരു സംഭവമുണ്ടായി. നമ്മൾ രാവിലെ ആരോഗ്യ പ്രശ്നങ്ങളാണല്ലോ ചർച്ച ചെയ്തത്. ഈ കലക്കവെള്ളമാണ് ജലപീരങ്കിയിലൂടെ ചീറ്റിയത്. (കുപ്പിയിലെ കലക്കവെള്ളം സഭയിൽ ഉയർത്തിക്കാട്ടി) .....(ബഹളം)....... പുതിയ അംഗങ്ങൾക്ക് ഇതൊന്നുമറിയില്ല. ഞാൻ പറയേണ്ടത് പറഞ്ഞുതീർക്കുമല്ലോ; ഞാൻ പറയട്ടെ, നിങ്ങൾ എന്തിനാ വേവലാതിപ്പെടുന്നത്?. മറുപടി പറയേണ്ടവർ അവിടെയിരിക്കുകയല്ലേ; അവർ മറുപടി പറഞ്ഞോളും......... ഇത് ഏതോ തോട്ടിൽ നിന്നെടുത്ത കലക്കവെള്ളമായിക്കും. നമ്മൾ ഇന്ന് രാവിലെ അതിഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാണ് ചർച്ച ചെയ്തത്. ഇത് അമീബിക് മസ്തിഷ്കജ്വരം അടക്കമുള്ള രോഗങ്ങളുണ്ടാക്കാൻ കഴിയുന്ന തരത്തിലുള്ള വെള്ളമാണ്. അത്തരത്തിലുള്ള ഒരു വെള്ളം ഉപയോഗിക്കേണ്ട ആവശ്യമെന്താണ്; സാധാരണ വെള്ളം ഉപയോഗിക്കാമല്ലോ? ഇതാണ് പ്രശ്നം. ജലപീരങ്കി ഉപയോഗിച്ചുവെന്നത് സാധാരണ നടക്കുന്നൊരു കാര്യമായിരിക്കും. ഇത്തരത്തിൽ കലക്കുവെള്ളം ഉപയോഗിക്കാമോയെന്നതാണ് പ്രശ്നം. അത് ഗൗരവമായി ഗവൺമെന്റ് കാണേണ്ടൊരു പ്രശ്നമാണ്. ഇതുസംബന്ധിച്ച് ആഭ്യന്തര വകുപ്പുമന്ത്രിക്ക് എന്താണ് പറയാനുള്ളതെന്ന് അറിയുന്നത് നല്ലതാണ്.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് രാവിലെ സെക്രട്ടേറിയറ്റിലേക്ക് AISF-ന്റെയും AIYF-ന്റെയും പ്രവർത്തകർ നടത്തിയ ഒരു സമരത്തെത്തുടർന്നാണ് അവിടെ ജലപീരങ്കി പ്രയോഗിക്കേണ്ടിവന്നത്. കേരളത്തിൽ ആദ്യമായിട്ടല്ല ജലപീരങ്കി പ്രയോഗിക്കുന്നതെന്ന് മുൻ മുഖ്യമന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. ബാരിക്കേഡിന്റെ പുറത്തേക്ക് ആളുകൾ കയറുമ്പോൾ സ്വാഭാവികമായി പൊലീസ് ജലപീരങ്കി പ്രയോഗിക്കാറുണ്ട്. ജലപീരങ്കിക്കുള്ള വെള്ളമെടുക്കുന്നത് കേരള വാട്ടർ അതോറിറ്റിയിൽ നിന്നാണ്. അത് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. വാട്ടർ അതോറിറ്റിയിലെ വെള്ളമാണ് പൊലീസ് ആ ടാങ്കറിൽ നിറയ്ക്കുന്നത്. ആ വെള്ളം ചീറ്റിക്കഴിഞ്ഞപ്പോഴാണ് അങ്ങ് ഇവിടെ പറഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടത്. ഒന്നുകിൽ പഴയ കാലത്ത് ടാങ്കറിലുണ്ടായിരുന്ന അഴുക്കാണോ എന്നറിയില്ല. ഏതായാലും ഈ വെള്ളം കണ്ടാമിനേറ്റഡ് ആണെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. ഞാനത് പരിശോധിക്കാനായി കമ്മീഷണർ ഓഫ് പൊലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ വെള്ളം ലബോറട്ടറിയിലേക്ക് അയച്ചിരിക്കുകയാണ്. ഒരു കാരണവശാലും ഗവൺമെന്റിന് അങ്ങനെയൊരു ചിന്തയില്ല. വാട്ടർ അതോറിറ്റിയിലെ വെള്ളം വാട്ടർ കാനിൽ നിറച്ചാണ് ജലപീരങ്കി പ്രയോഗിക്കാറുള്ളത്. എല്ലാ കാലഘട്ടത്തിലും അങ്ങനെതന്നെയാണ് ചെയ്യുന്നത്. അല്ലാതെ വേറെ എവിടെനിന്നും എടുക്കില്ല. ഈ വെള്ളത്തിന് എന്താണ് സംഭവിച്ചതെന്നുള്ളത് പരിശോധിച്ചശേഷം ഞാൻ ഈ സഭയ്ക്ക് റിപ്പോർട്ട് നൽകാം.

ശ്രീ. കെ. രാജൻ: സർ, ........(മൈക്ക് ഓഫ്)

മി. സ്പീക്കർ: ഈ കാര്യങ്ങളെല്ലാം പ്രതിപക്ഷനേതാവ് ഉന്നയിക്കുകയും ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്തതാണ്. ഇനിയത് ചർച്ചയാക്കേണ്ടതില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ഈ സംഭവത്തിൽ ശ്രീ. കെ. രാജൻ നേരിട്ട് അനുഭവസ്ഥനാണ്. അതിനാൽ അദ്ദേഹത്തിന് സംസാരിക്കാൻ ഒരുമിനിട്ട് സമയം അനുവദിക്കുന്നത് നല്ലതായിരിക്കും.

മി. സ്പീക്കർ: അജണ്ടയിലില്ലാത്ത ഐറ്റമായതിനാൽ ഈ വിഷയം ചർച്ചയാക്കാൻ സാധിക്കില്ല. പെട്ടെന്നുള്ള സാഹചര്യം വന്നതുകൊണ്ടാണ് പ്രതിപക്ഷനേതാവ് സഭയിൽ

അത് ഉന്നയിച്ചത്. നമുക്ക് അതിനെക്കുറിച്ച് പരിശോധിക്കാം. (......ബഹളം.....) അങ്ങ് വളരെ സീനിയറായ ഒരാളാണ്. അങ്ങ് ഒരുമിനിട്ട് റെസ്റ്റും ചെയ്യൂ, അങ്ങ് ഒരുമിനിട്ട് ഇരിക്കൂ, (......ബഹളം.....) ഞാൻ പറഞ്ഞതിനുശേഷം അങ്ങേയ്ക്ക് തർക്കമുണ്ടെങ്കിൽ പറയാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയം വളരെ ഗൗരവത്തോടുകൂടി പരിഗണിക്കുമെന്ന് ഗവൺമെന്റിനുവേണ്ടി ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ മറുപടി പറഞ്ഞു. വെള്ളത്തിന്റെ വാലിഡിറ്റിയെക്കുറിച്ചും അതിന്റെ കണ്ടാമിനേഷനെക്കുറിച്ചുമാണ് പ്രധാനമായും ചർച്ച വന്നത്. വെള്ളം ലാബ് ടെസ്റ്റിനുവേണ്ടി കൊടുക്കുമെന്നാണ് ഇവിടെ ഗവൺമെന്റ് അറിയിച്ചത്. ലാബ് ടെസ്റ്റ് വന്നതിനുശേഷം അത് കണ്ടാമിനേറ്റഡ് വാട്ടർ എന്ന് റിപ്പോർട്ട് വരികയാണെങ്കിൽ തുടർ നടപടിയിലേക്ക് കടക്കാം. ഇപ്പോൾ ദയവായി റെസ്റ്റും ചെയ്യണമെന്ന് അഭ്യർഥിക്കുകയാണ്.

ശ്രീ. കെ. രാജൻ: സർ, .........(മൈക്ക് ഓഫ്)

മി. സ്പീക്കർ: ഞാൻ അങ്ങയെ റൂളും ചട്ടവും പറഞ്ഞ് ഇരുത്താനല്ല ശ്രമിക്കുന്നത്. ഞാൻ പറയുന്നത് അങ്ങ് കേൾക്കൂ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് അക്ഷരാർഥത്തിൽതന്നെ ഗവൺമെന്റ് എടുക്കുകയാണ്. അതിന്റെ തുടർനടപടി സ്വീകരിക്കുമെന്ന് ഗവൺമെന്റ് ഈ സഭയിൽതന്നെ പറഞ്ഞിട്ടുണ്ട്. ലാബ് ടെസ്റ്റ് വന്ന് കഴിയുമ്പോൾ അതിന്റെ റിസൾട്ട് എന്തെന്നുള്ളത് അറിയിക്കും. അതിനുശേഷം എന്ത് നടപടി വേണമെന്നുള്ളത് ആലോചിക്കാം. ഈ വിഷയം സംബന്ധിച്ച് അങ്ങ് ഒരു വാചകം പറഞ്ഞ് നിർത്തൂ.

ശ്രീ. കെ. രാജൻ: സർ, ഇക്കാര്യത്തിൽ അങ്ങേയ്ക്ക് ബാധ്യതയുണ്ടാകുമെന്ന് ഞാൻ കരുതി. (....ബഹളം....) സഭ നടക്കുമ്പോൾ ഒരു സാമാജികനുനേരെ ഇപ്രകാരമൊരു വിഷയമുണ്ടായാൽ ആ അംഗത്തിന്റെ അഭിപ്രായം കേൾക്കാൻ അങ്ങ് അവസരം നൽകുമെന്ന് ഞാൻ പ്രതീക്ഷിച്ചു. ഇതൊരു ജനാധിപത്യമാണ്. (....ബഹളം....)

AIYF, AISF എന്നീ സംഘടനകൾ ഇന്ന് സംഘടിപ്പിച്ച നിയമസഭാ മാർച്ചിൽ രണ്ടുതവണ ജലപീരങ്കി പ്രയോഗിച്ചതിനുശേഷമാണ് ഉദ്ഘാടകനെന്ന നിലയിൽ ഞാൻ അവിടെ എത്തുന്നത്. സ്ഥലത്തുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരുമായി സംസാരിച്ച

ശേഷമാണ് ഞാൻ പരിപാടിയിൽ പങ്കെടുക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, ഉദ്ഘാടനം കഴിഞ്ഞ് ഞാൻ അവിടെ നിൽക്കുന്നതിനിടെയാണ് മൂന്നാമത്തെ തവണ ജലപീരങ്കി പ്രയോഗിക്കുന്നത്. ജലപീരങ്കി പ്രയോഗിച്ചതുകൊണ്ടൊന്നും പേടിക്കുന്നവരല്ല ഞങ്ങൾ. ജലപീരങ്കിയോ ടിയർ ഗ്യാസോ സ്മോക്ക് ബോംബോ പ്രയോഗിക്കാം, വെടിവയ്ക്കുകയുമാകാം; അതൊന്നും കണ്ട് പേടിക്കുന്നവരല്ല ഞങ്ങൾ. പക്ഷേ ഈ വിധത്തിൽ കലക്ക വെള്ളം അടിക്കുമ്പോൾ അവിടെനിന്ന പെൺകുട്ടികൾ ഉൾപ്പെടെയുള്ളവരുടെ ചുരിദാറിന്റെ കളർപോലും മാറിയെന്ന് മാത്രമല്ല, അവരുടെ മുഖത്തേയ്ക്കും വായിലേക്കും ഈ വെള്ളം പോകുകയാണുണ്ടായത്. എന്ത് പ്രതിരോധപ്രവർത്തനമാണ് ഇവർ നടത്തുന്നത്? നേരിട്ട് ഞങ്ങളെ നേരിട്ടോട്ടെ; ഒരു പ്രയാസവും ഞങ്ങൾക്കുണ്ടാകില്ല. അതൊക്കെ കണ്ടും കേട്ടുമാണ് ഞങ്ങൾ വന്നത്. (....ബഹളം....)

<u>മി. സ്പീക്കർ</u>: (....ബഹളം....) ദയവായി അങ്ങ് റെസ്യൂം ചെയ്യൂ. ഇരുവശങ്ങളിലുമുള്ള അംഗങ്ങൾ അവരുടെ സീറ്റുകളിൽ ഇരിക്കൂ... (....ബഹളം....) നിങ്ങൾ പറയുന്നതുപോലെ ഇതിനൊക്കെ ചെയറും വിധേയനായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ഗൗരവതരമായ ഒരു വിഷയത്തിൽ മേൽനടപടി സ്വീകരിക്കുമെന്ന് സഭയിൽ ഉറപ്പ് നൽകിയിരിക്കുകയാണ്. ബാക്കിയുള്ള കാര്യങ്ങൾ പരിശോധനാഫലം ലഭ്യമായശേഷം ആലോചിക്കാം.

<u>ശ്രീ. എം. ആർ. ബൈജു</u>: സർ, ഈ സഭയിൽ പ്രസംഗിക്കാനുള്ള അവസരം ലഭിച്ചതിലുള്ള സന്തോഷം ഞാൻ ആദ്യമായി രേഖപ്പെടുത്തുകയാണ്. രക്ഷാപ്രവർത്തനം നടത്തിയ മുൻ മുഖ്യമന്ത്രി ഇന്ന് സഭയിൽ കൊണ്ടുവന്ന ജലത്തെക്കുറിച്ചാണ് ആദ്യമായി പറയാനുള്ളത്. കാട്ടാക്കടയിൽ നവകേരള സദസ്സുമായി ബന്ധപ്പെട്ട് അദ്ദേഹം കടന്നുവരുമ്പോൾ ശ്രീ. ആൻസല ദാസ് എന്ന ഒരു ചെറുപ്പക്കാരന്റെ കാൽപ്പാദത്തിലൂടെ മുഖ്യമന്ത്രിയുടെ അകമ്പടി വാഹനം കയറിയ സംഭവം ഓർമ്മിക്കുകയാണ്. ആ ചെറുപ്പക്കാരന്റെ നിലവിളി ഇന്നും എന്റെ കർണ്ണങ്ങളിൽ മുഴങ്ങുകയാണ്. അതികഠോരമായ മനസ്സോടുകൂടി അദ്ദേഹം അന്നുപറഞ്ഞത് ഞാനിന്നും ഓർക്കുകയാണ്. രക്ഷാപ്രവർത്തനമെന്ന് പറഞ്ഞ് പാവപ്പെട്ടവരുടെ ജീവനുനേരെ വെല്ലുവിളി ഉയർത്തിയ

അന്നത്തെ മുഖ്യമന്ത്രി ഇന്ന് ഈ സഭയിൽ നടത്തുന്ന പരാമർശങ്ങളെ ജനങ്ങൾ പരിഹാസത്തോടെ മാത്രം കാണുമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ സഭയിൽ ആദ്യമായി പ്രസംഗിക്കാൻ അവസരം ലഭിച്ച ഈ വേളയിൽ ഞാൻ ഇവിടെ നിൽക്കാൻ കാരണക്കാരായ എന്റെ പാർട്ടിയുടെ പ്രിയപ്പെട്ട നേതാക്കളോടുള്ള കടപ്പാടും സ്നേഹവും വിനയവും ഞാൻ അറിയിക്കുകയാണ്. നേമം, ആര്യനാട് എന്നീ നിയോജകമണ്ഡലങ്ങളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്ത് രൂപീകരിക്കപ്പെട്ട കാട്ടാക്കട നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് പ്രിയങ്കരനായ ശ്രീ. എൻ. ശക്തൻ അവർകളുടെ പിൻഗാമിയായി സഭയിലെത്തുമ്പോൾ ഞാൻ ഈ പ്രസ്ഥാനത്തോട് ഏറെ കടപ്പെട്ടവനാകുകയാണ്. നൂറുകണക്കിന് പാർട്ടി പ്രവർത്തകർ രാപ്പകലില്ലാതെ മഴയും വെയിലും നോക്കാതെ എനിക്കായി കഠിനാധ്വാനം ചെയ്തതിന്റെ ഫലമായി കാട്ടാക്കടയുടെ പ്രതിനിധിയാകാൻ സാധിച്ചുവെന്നത് സന്തോഷം പകരുന്നുണ്ട്. ഉമ്മൻ ചാണ്ടി എന്ന മഹാനായ വ്യക്തിയെയും എനിക്ക് ജന്മം നൽകിയ പ്രിയപ്പെട്ട മാതാപിതാക്കളെയും സ്മരിക്കാതെ ഈ സഭയിലൂടെ എനിക്ക് ഒരു നിമിഷം പോലും കടന്നുപോകാൻ സാധിക്കില്ല.

തിരുവനന്തപുരം നഗരത്തോട് ചേർന്നുകിടക്കുന്നതും വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് ധാരാളം വികസനസാധ്യതകളുള്ളതുമായ ഒരു മണ്ഡലമാണ് കാട്ടാക്കട. വിഴിഞ്ഞത്തുനിന്നും തുടങ്ങി നാവായിക്കുളത്തേക്ക് നീങ്ങുന്ന ഔട്ടർ റിങ് റോഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ദീർഘകാലമായി പ്രവർത്തനങ്ങൾ നടത്തിവരികയായിരുന്നു. അതിന്റെ ഫലമായി ഏകദേശം 2652 കുടുംബങ്ങളുൾപ്പെടുന്ന കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഏഴോളം ആത്മഹത്യകൾ നടന്നു. സർക്കാർ ഒരു പദ്ധതി ആരംഭിച്ചശേഷം അതിന്റെ ഗുണഭോക്താക്കൾക്ക് യഥാസമയം നഷ്ടപരിഹാരത്തുക കൈമാറി നൽകാത്തതിനാലാണ് ഈ ഏഴ് മരണങ്ങൾ സംഭവിച്ചത്. ഈ മരണങ്ങൾക്ക് ഉത്തരവാദിയായ ഇടതുപക്ഷ സർക്കാരും അന്നത്തെ ബഹു. മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ളവർക്ക് ആ പാവപ്പെട്ട കുടുംബങ്ങളെ സന്ദർശിക്കാനോ അവർക്കാവശ്യമായ ധനസഹായം ലഭ്യമാക്കാനോ കഴിഞ്ഞിട്ടില്ലെന്നത് വേദനാജനകമായ വസ്തുതയാണ്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ

കേരളത്തിന്റെ മുഖ്യമന്ത്രിയായി വരുന്നതിന് തൊട്ടുമുമ്പും ഞങ്ങൾ അദ്ദേഹത്തോട് ഈ വിഷയം ഉന്നയിച്ചിരുന്നു. അദ്ദേഹം മുഖ്യമന്ത്രിയായശേഷം ആദ്യം തീരുമാനിക്കപ്പെട്ട വിഷയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡുമായി ബന്ധപ്പെട്ടുള്ളതാണ്. അതിൽ കാട്ടാക്കടക്കാർക്ക് അദ്ദേഹത്തോട് വളരെയധികം കടപ്പാടുണ്ട്. അദ്ദേഹം ആ വിഷയത്തിൽ ഇടപെട്ട് നഷ്ടപരിഹാരത്തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുക മാത്രമല്ല, 100 കോടി രൂപ ബജറ്റിൽ അനുവദിച്ചുകൊണ്ട് ഔട്ടർ റിങ് റോഡിന്റെ പ്രവർത്തനങ്ങളാരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവെന്നത് ഞങ്ങൾക്കേറെ സന്തോഷം പകരുന്നു.

പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹം നമ്മുടെ ചുറ്റുവട്ടത്തുണ്ട്. അവരെ കൈപിടിച്ചുയർത്തേണ്ട ഉത്തരവാദിത്വം ജനപ്രതിനിധികൾ എന്ന നിലയിൽ നമ്മുടേതാണ്. അവരെ നമ്മൾ കാണാതെ പോയാൽ മറ്റാരാണ് സഹായിക്കുന്നത്? കാട്ടാക്കട നിയോജകമണ്ഡലം കേന്ദ്രീകരിച്ച് മലയിൻകീഴ് പ്രദേശത്ത് ഭിന്നശേഷിക്കാരായവരുടെ സഹായത്തിനായി ബഡ്സ് സ്കൂളിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ തുടക്കം കുറിക്കുകയും ആവശ്യമായ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇത് വെറുമൊരു ബഡ്സ് സ്കൂൾ മാത്രല്ല, ജന്മനാ ശാരീരിക-മാനസിക വൈകല്യങ്ങളുമായി ജനിക്കുന്ന കുട്ടികൾക്ക് പഠനകാലത്തിനുശേഷം സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ, വാർധക്യകാലങ്ങളിൽ അവരെ സംരക്ഷിക്കുന്നതുൾപ്പെടെയുള്ള പ്രക്രിയയ്ക്കുവേണ്ടി ഈ സർക്കാർ തുടക്കം കുറിക്കുമ്പോൾ, പറവൂരിൽ 'പുനർജ്ജനി' പോലുള്ള പദ്ധതികൾ നടപ്പിലാക്കിയ മുഖ്യമന്ത്രിയുടെ മനസ്സിൽ കേരളത്തിലെ പാവപ്പെട്ടവരെയും അശരണരെയും സഹായിക്കുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ഞാൻ ത്രിതല പഞ്ചായത്തിലെ ജനപ്രതിനിധിയായി ജില്ലാ പഞ്ചായത്ത് അംഗമായിരുന്ന ഒരാളാണ്. കേരളത്തിൽ ഏറ്റവുമധികം ദുഃഖവും ബുദ്ധിമുട്ടുമനുഭവിക്കുന്ന ഒരു വിഭാഗം ജനപ്രതിനിധികൾ കേരളത്തിലുണ്ട്. അവർ ത്രിതല പഞ്ചായത്ത് ഭരണസംവിധാനത്തിലെ അംഗങ്ങളായവരായിരുന്നു. അവർക്ക് ഇന്ന് ഓണറേറിയമായി

ലഭ്യമാകുന്ന തുക വളരെ പരിമിതമാണെന്ന് ഓർമ്മപ്പെടുത്താനാണ് ഞാൻ ഈ അവസരം വിനിയോഗിക്കുന്നത്. മുഴുവൻ സമയവും പൊതുപ്രവർത്തകരായും ജനപ്രതിനിധികളായും പ്രവർത്തിക്കുന്ന അവരുടെ വീട്ടിലും കുടുംബവും മക്കളുമുണ്ടെന്നും അവരെ സംരക്ഷിക്കേണ്ട ആവശ്യമുണ്ടെന്നും പരിഗണിച്ച് അവരുടെ ഓണറേറിയം സർക്കാർ സർവീസിൽ ഏറ്റവും മിനിമം തുക ശമ്പളം ലഭിക്കുന്ന ജീവനക്കാരുടെ വേതനത്തിന് തുല്യമാക്കണമെന്നും അവർക്ക് പെൻഷൻ അനുവദിക്കണമെന്നും സർക്കാരിനോട് വിനീതമായ അഭ്യർഥനയുണ്ട്.

നമ്മുടെ മേഖലകളിലെ വിഷയങ്ങൾ അടിയന്തരമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതുൾപ്പെടെ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് പ്രാദേശിക പത്രപ്രവർത്തകരായതിനാൽ അവർക്ക് പെൻഷൻ അനുവദിക്കണമെന്നും ഞാൻ വിനീതമായി അഭ്യർഥിക്കുകയാണ്.

തിരുവനന്തപുരം നഗരത്തോട് ചേർന്നുകിടക്കുന്ന ഏറ്റവുമധികം വികസന സാധ്യതയുള്ള ഒരു നിയോജകമണ്ഡലമാണ് കാട്ടാക്കട. കാട്ടാക്കട നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡിന് ഉമ്മൻചാണ്ടി സർക്കാർ 238 കോടി രൂപ 10 വർഷം മുമ്പ് അനുവദിച്ചിരുന്നുവെങ്കിലും ആ തുകയുപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. കാട്ടാക്കടയിൽനിന്നും വെള്ളറടയിലേക്കും അമ്പൂരിയിലേക്കും കടന്നുപോകുന്ന ഈ റോഡിന്റെ പ്രധാന കവലകളായ പേയാട്, മലയിൻകീഴ്, കാട്ടാക്കട ഉൾപ്പെടെ ഇന്നും ഇടുങ്ങിയ കുപ്പിയുടെ കഴുത്തുപോലെയായതിനാൽ ആയത് വികസിപ്പിക്കാനുള്ള തുക സർക്കാർ അനുവദിക്കണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു.

ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ സർക്കാർ നടത്തിയ രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായി ഇന്നും ചികിത്സയിൽ കഴിയുന്ന ജയേഷ് ഒ., ആൻസല ദാസ്, കിരൺദേവ്, ബൈജു എന്നീ ചെറുപ്പക്കാർക്ക് ഈ സർക്കാരിന്റെ സംരക്ഷണം ഉറപ്പുവരുത്തണമെന്ന് ഞാൻ വിനീതമായി അഭ്യർഥിക്കുന്നു.

കഴിഞ്ഞ 10 വർഷക്കാലത്തെ ഇരുണ്ടയുഗം കടന്ന് നമ്മൾ പുതുയുഗത്തിലേക്ക് കടക്കുമ്പോൾ ഉമ്മൻ ചാണ്ടി സർക്കാർ കാട്ടാക്കടയിൽ തുടങ്ങിവച്ച താലൂക്കിന്റെയുൾപ്പെടെയുള്ള വികസന പദ്ധതികളൊന്നും അതിനുശേഷം മുന്നോട്ടു

കൊണ്ടുപോകാൻ സാധിച്ചിട്ടില്ല. തകരാറിലായ ഈ സിസ്റ്റം മാറ്റി, കാട്ടാക്കടയുടെ വികസനമുൾപ്പെടെയുള്ള സുവർണകാലഘട്ടത്തിനുവേണ്ടി അധികാരത്തിൽവന്ന പുതിയ സർക്കാരിന്റെ ഈ ബജറ്റിന് എല്ലാവിധ അഭിവാദ്യങ്ങളും നേർന്നുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. കെ. കാസിം: സർ, ഞാൻ ഈ ബജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. മൂന്നരക്കോടിയിലധികം വരുന്ന മലയാള മനസ്സിന്റെ ജീവിതദാഹങ്ങൾ ശമിപ്പിക്കാൻ നിയോഗിക്കപ്പെട്ട 140 എം.എൽ.എ.-മാരിൽ ഒരാളാണ് ഞാൻ എന്ന ചുമതലാബോധം എന്നുമെന്നെ നയിക്കുമെന്ന് ആമുഖമായി പറയുകയാണ്. കോഴിക്കോട് ജില്ലയിലെ കിഴക്കൻ മലയോര കാർഷിക കുടിയേറ്റ നിയോജകമണ്ഡലമായ തിരുവമ്പാടിയിലെ കൊച്ചുഗ്രാമമായ കൂടരഞ്ഞിയിൽ ജനിച്ചുവളർന്ന എനിക്ക് കഴിഞ്ഞ ഇരുപത് വർഷക്കാലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധിയാകാൻ അവസരം നൽകിയ എന്റെ പാർട്ടിയെ ഞാൻ നന്ദിയോടെ സ്മരിക്കുന്നു. ഇപ്പോൾ ഈ മഹാദൗത്യത്തിന് എന്നെ നിയോഗിച്ച എന്റെ പാർട്ടിയുടെ ബഹുമാന്യനായ പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾക്കും രാഷ്ട്രീയ കേരളത്തിന്റെ കർമ്മ ചൈതന്യമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ ചേർത്തുനിർത്തലിനും യു.ഡി.എഫ്. നേതാക്കൾ നൽകിയ വലിയ പിന്തുണയ്ക്കും ഞാൻ നന്ദി അറിയിക്കുന്നു. എനിക്ക് മുന്നേ ഈ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച എന്റെ മുൻ നേതാക്കളായ സി. മോയിൻകുട്ടി സാഹിബ്, എ. വി. അബ്ദുറഹിമാൻ ഹാജി എന്നിവരെ ഓർമ്മിച്ചുകൊണ്ട് തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ജനങ്ങളോടുള്ള എന്റെ കടപ്പാട് നിറവേറ്റുമെന്ന് ഉറപ്പുനൽകുന്നു. ഇത് അഴകൊഴമ്പൻ നിലപാടുകളുടെ കാലമല്ല, ആ കാലം കഴിഞ്ഞുപോയി. വ്യക്തമായ രാഷ്ട്രീയ ബോധ്യങ്ങളും നിലപാടുകളുമുള്ള ഒരു പുതിയ തലമുറയുടെ കാലം കൂടിയാണിത്. പുതിയ തലമുറ എല്ലാം കാണുകയും പഠിക്കുകയും ചെയ്യുന്നുണ്ടെന്ന് ഇനിയെങ്കിലും പ്രതിപക്ഷത്തുള്ളവർ മനസ്സിലാക്കണം. ജനകീയ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയുടെ ജനകീയ സർക്കാരിന്റെ, ജനങ്ങൾക്ക് ആശ്വാസം നൽകിയ പദ്ധതികൾ ഈ ബജറ്റിലൂടെ തിരിച്ചുവരുന്നുവെന്നത് ആശ്വാസം നൽകുന്ന കാര്യമാണ്. 'കാഫിർ' സ്ക്രീൻ ഷോട്ടിലൂടെ പുറത്തുവരുന്ന പുതിയ വിവരങ്ങൾ കേരളത്തിലെ സി.പി.ഐ.(എം.) പാർട്ടിയെ എല്ലാ

അർഥത്തിലും പ്രതിരോധത്തിലാക്കുകയാണ്. സി.പി.ഐ(എം.) ഇനി എന്തുപറഞ്ഞ് പിടിച്ചുനിൽക്കുമെന്ന് അറിയേണ്ടതുണ്ട്. ഇത്രയും വലിയ തോൽവി സംഭവിച്ചിട്ടും തിരുത്തുമെന്ന് പറയുന്നതല്ലാതെ ആത്മാർഥമായ എന്ത് നടപടിയാണ് അവരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. എങ്കിലും ഒരു കാര്യം വളരെ കൃത്യമായി നടക്കുന്നുണ്ട്. ഈ സർക്കാരിനെക്കുറിച്ച് ഇല്ലാത്ത കാര്യങ്ങൾ പറയുന്നതിന് ഇവർ ഓവർ ടൈം പണിയെടുക്കുന്നുണ്ട്. കേരളത്തിലെ സി.പി.ഐ(എം.)-കാരെ ഇപ്പോൾ വ്യാപകമായി പിടികൂടിയിരിക്കുന്ന ഒരു മാനസികാവസ്ഥയെ തൽക്കാലം 'സതീശൻ സിൻഡ്രോം' എന്ന് വിളിക്കാവുന്നതാണ്. സി.പി.ഐ(എം.)-കാരെ തോൽപ്പിക്കാൻ വളരെ എളുപ്പമാണ് എന്നാൽ അവർ തോറ്റെന്ന കാര്യം അവരെ ആര് പറഞ്ഞ് വിശ്വസിപ്പിക്കുമെന്ന് ബഹു. മുഖ്യമന്ത്രി നേരത്തെ പറഞ്ഞിട്ടുള്ളതാണ്. തോറ്റിട്ടില്ലെന്നാണ് ഇപ്പോഴും അവർ പറയുന്നത്. തിരഞ്ഞെടുപ്പ് കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ വാക്കുകളെല്ലാം ഇപ്പോൾ ശരിയായിക്കൊണ്ടിരിക്കുകയാണ്. എന്തിനും ഏതിനും ശ്രീ. വി. ഡി. സതീശനെ കുറ്റം പറയുക, വളഞ്ഞിട്ട് ആക്രമിക്കുക എന്നിങ്ങനെയുള്ള മാനസികാവസ്ഥയിലേയ്ക്ക് അവർ മാറിയിട്ടുണ്ട്. അവർ എപ്പോഴും കുറ്റം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ ഇവരെ ജനങ്ങൾ എന്തുകൊണ്ട് തോൽപ്പിച്ചുവെന്ന് അവർക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല.

സഭയിലെ എന്റെ ആദ്യ പ്രസംഗം ഭാവനാ സമ്പന്നമായ ഒരു ബജറ്റിനെ പിന്തുണച്ചുകൊണ്ടുള്ളതാണ് എന്നത് എന്നെ ആവേശഭരിതനാക്കുന്നു. ഭാവി കേരളത്തിനുവേണ്ടി ശ്രീ. വി. ഡി. സതീശൻ എന്ന ധനകാര്യ വിദഗ്ധൻ വരച്ചിട്ട റോഡ് മാപ്പിൽ അമിതാവേശമില്ല. പുതിയ ഭാഷയിൽ പറഞ്ഞാൽ 'തള്ളിമറിക്കൽ' ഇല്ല. ഒരിക്കലും നടപ്പാക്കാൻ സാധിക്കാത്ത കോടികളുടെ കണക്കുകളില്ല, തീർത്തും റിയലിസ്റ്റിക് ആയ ഒരു ബജറ്റാണിത്. അത്തരത്തിലുള്ള ഒരു ബജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഹൃദയം കൊണ്ട് ഞാൻ അഭിവാദ്യം ചെയ്യുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ വന്യമൃഗശല്യം അടക്കം തിരുവമ്പാടിയുടെ മലയോര മേഖലയുടെ ആവശ്യങ്ങളെല്ലാം കണ്ടറിഞ്ഞ് ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചതിന് തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ജനതയുടെ പേരിൽ ഞാൻ നന്ദി അറിയിക്കുന്നു. 'കോമൺസെൻസ് ബജറ്റ്' എന്നാണ് ഈ

ബജറ്റിന് ഞാൻ നൽകിയ തലക്കെട്ട്. ജനങ്ങളെ കബളിപ്പിക്കാത്ത, യാഥാർഥ്യബോധമുള്ള, കോമൺസെൻസുള്ള, റിയലിസ്റ്റിക്കായ ഒരു ബജറ്റാണിത്. തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മലയോര കാർഷിക മേഖലനേരിടുന്ന പ്രധാന പ്രശ്നമാണ് വന്യജീവി ആക്രമണങ്ങൾ. നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികൾ കാർഷിക വിളകൾ നശിപ്പിക്കുകയും മനുഷ്യ ജീവന് ഭീഷണിയാകുകയും ചെയ്യുന്ന സാഹചര്യമുണ്ട്. കാർഷിക മേഖല നേരിടുന്ന ഈ പ്രതിസന്ധിക്ക് ശാസ്ത്രീയ പരിഹാരം വേണമെന്നുള്ള മുറവിളിക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. ഇതൊന്നും കേൾക്കാൻ മുൻ സർക്കാരുകൾ തയ്യാറാകാതിരുന്നതിനാൽ കർഷകർ വളരെ പ്രയാസത്തിലായിരുന്നു. പുതിയ ബജറ്റിൽ കർഷകരുടെ പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാരങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളതിനാൽ ജനപ്രതിനിധിയെന്ന നിലയിൽ എന്റെ നിയോജകമണ്ഡലത്തിലെ കർഷകരുടെ അതിയായ സന്തോഷവും പ്രതീക്ഷയും അറിയിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. വയനാട്ടിലേയ്ക്ക് യാത്ര പോകുന്നവരുടെ ഇടത്താവളം കൂടിയാണ് പശ്ചിമഘട്ട താഴ്വരയായ തിരുവമ്പാടി. വയനാട് ചുരം മുതൽ ചാലിയാർ തീരം വരെ നീണ്ടുകിടക്കുന്ന മികച്ച വിനോദ സഞ്ചാര സാധ്യതയുള്ള ഈ നിയോജകമണ്ഡലത്തിന് ടൂറിസം സർക്യൂട്ട് അനുവദിച്ചതിലും പൊതുമരാമത്ത്-വിദ്യാഭ്യാസ-ആരോഗ്യമേഖലകളിൽ നൽകിയ പരിഗണനയിലും ഞങ്ങൾ സന്തുഷ്ടരാണ്. ശീതീകരിച്ച നിയമനിർമ്മാണ സഭയിൽ നിൽക്കുമ്പോൾ പൊള്ളുന്ന വെയിലിനെ കുടയാക്കി മാറ്റിയ തിരുവമ്പാടിയിലെ കർഷകരെയും കർഷകത്തൊഴിലാളികളെയും ഞാൻ ഓർമ്മിക്കുകയാണ്. അവിടെയുള്ള സാധാരണ മനുഷ്യരുടെ ജീവിത പ്രയാസങ്ങൾ കുറയ്ക്കുന്നതിന് ഈ ബജറ്റിലൂടെ തുടക്കം കുറിക്കാൻ സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ലോകപ്രസിദ്ധ സാഹിത്യകാരനായ വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ' എന്ന നോവലിൽ, വാതിലിന്റെ കുറ്റിയും കൊളുത്തും ഇടാത്ത ജനകീയനായ ഒരു ബിഷപ്പിന്റെ കഥാപാത്രമുണ്ട്. പാവങ്ങൾക്കും സാധാരണക്കാർക്കും വേണ്ടി തുറന്നുവച്ച ആ വാതിലിനെ ഓർമ്മിപ്പിക്കുന്നതാണ് ബഹുമാനപ്പെട്ട വി. ഡി. സതീശൻ അവതരിപ്പിച്ച ബജറ്റ് എന്നതിൽ അതിയായ സന്തോഷമുണ്ട്. തന്റെ അച്ഛൻ നൽകിയ, ക്രമം തെറ്റിച്ച ലോകഭൂപടം അതിവേഗം ക്രമപ്രകാരം ഒട്ടിച്ചുതീർത്ത ഒരു

കൊച്ചുമകന്റെ പ്രചോദനാത്മകമായ കഥയെക്കുറിച്ച് നമുക്ക് അറിയാം. ലോകഭൂപടത്തിന്റെ മറുവശത്ത് ഒരു മനുഷ്യന്റെ ചിത്രമുണ്ടായിരുന്നത് നോക്കി വളരെ പെട്ടെന്ന് ലോകഭൂപടം ശരിയാക്കിയ കുട്ടിയെപോലെ നാട്ടിലെ ജനങ്ങളുടെ ചിത്രം മനസ്സിൽ ക്രമപ്പെടുത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചതാണ് ഈ ബജറ്റെന്ന് നമുക്ക് അഭിമാനപൂർവം പറയാൻ സാധിക്കുന്നതാണ്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും അധാർമ്മികമായ രാഷ്ട്രീയ നാടകമാണ് കഴിഞ്ഞമാസം കണ്ടത്. ബംഗാൾ, മഹാരാഷ്ട്ര, ഝാർഖണ്ഡ് എന്നിവിടങ്ങളിൽ വിജയിച്ച എം.പി.-മാരെയും എം.എൽ.എ.- മാരെയും കേന്ദ്ര അധികാരത്തിന്റെ കരുത്തിൽ മൊത്തമായി കളം മാറ്റുന്ന അപകടകരമായ രാഷ്ട്രീയം നടന്നുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള ജനാധിപത്യവിരുദ്ധ നയങ്ങൾക്കെതിരെ, മതേതര ഇന്ത്യയുടെ കാവൽക്കാരൻ ശ്രീ. രാഹുൽ ഗാന്ധി നയിക്കുന്ന നിർഭയ ഫാസിസ്റ്റ് വിരുദ്ധ പോരാട്ടങ്ങൾക്ക് സർവ പിന്തുണയും നൽകുകയെന്നത് മതനിരപേക്ഷ സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. എന്റെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന പാർലമെന്റ് മണ്ഡലത്തിലെ എം.പി. ആയ ശ്രീമതി പ്രിയങ്ക ഗാന്ധിയും ലോക്സഭാ പ്രതിപക്ഷ നേതാവും വയനാട്ടിലെ മുൻ എം.പി.-യുമായിരുന്ന ശ്രീ. രാഹുൽ ഗാന്ധിയും ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് സർവ പിന്തുണയും നൽകുന്നത് ഞങ്ങൾക്ക് വലിയ പ്രതീക്ഷ നൽകുന്നുണ്ട്. ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിൽ എം.പി.-യായി മത്സരിച്ച സമയത്ത് അരലക്ഷം വോട്ടിന്റെ ഭൂരിപക്ഷം നൽകിയ നിയോജകമണ്ഡലമാണ് തിരുവമ്പാടി. അദ്ദേഹത്തെ അവഹേളിക്കാൻ സംഘപരിവാർ പടച്ചുവിട്ട പദപ്രയോഗങ്ങൾ ഉപയോഗിച്ച് ഈ നിയമസഭയിൽ ശ്രീ. രാഹുൽ ഗാന്ധിയെ അപമാനിച്ചവർക്ക് നൽകിയ ശിക്ഷ കൂടിയാണ് തിരുവമ്പാടി തിരഞ്ഞെടുപ്പ് ഫലമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അനാവശ്യ തർക്കങ്ങളുണ്ടാക്കിയും ഫെഡറൽ വ്യവസ്ഥയുടെ അടിസ്ഥാന തത്വങ്ങളെ തള്ളിക്കളഞ്ഞും കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് നൽകേണ്ട അർഹമായ അവകാശങ്ങൾ തടഞ്ഞുവയ്ക്കുമ്പോൾ രാഷ്ട്രീയം മറന്ന് ഇതിനെതിരെ ഒന്നിക്കാൻ സാധിക്കണം. സെക്രട്ടേറിയറ്റിന് മുന്നിൽ പ്രതിപക്ഷം നടത്തിയ സമരത്തെ അഴുക്കുജലം കൊണ്ടാണ് നേരിട്ടതെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ

ഇവിടെ ഉയർത്തിക്കൊണ്ടുവന്ന വിഷയം. എന്റെ വലത് ഭാഗത്തിരിക്കുന്ന പേരാമ്പ്ര അംഗവും ഇടത് ഭാഗത്തിരിക്കുന്ന കൊയിലാണ്ടി അംഗവും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നേരിട്ട നിഷ്ഠൂരമായ എത്രയെത്ര അക്രമങ്ങളാണ് സഭ ചർച്ച ചെയ്യാതെ പോയിട്ടുള്ളത്. എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകനായ കൊയിലാണ്ടി അംഗത്തിന്റെ കൈ പല പ്രാവശ്യം പൊലീസ് അടിച്ചൊടിച്ചിട്ടുണ്ട്. പേരാമ്പ്രയെ പ്രതിനിധീകരിക്കുന്ന ബഹുമാന്യയായ അംഗം ജയിലിൽ അടയ്ക്കപ്പെട്ടപ്പോൾ എത്ര ക്രൂരമായ അടിയും അക്രമവുമാണ് നേരിട്ടതെന്ന് ജയിൽ മോചിതയായപ്പോൾ ബഹുമാന്യ അംഗത്തിന്റെ മുഖത്തുനോക്കിയാൽ മനസ്സിലാകുമായിരുന്നു. നിഷ്ഠൂരമായ സമരങ്ങൾക്ക് നേതൃത്വം കൊടുത്ത നിങ്ങൾ ഇപ്പോഴും ജയിച്ചുവെന്ന് വിശ്വസിക്കുന്നുണ്ടെങ്കിൽ നിങ്ങൾ ജയിച്ചതല്ല, ജനം നിങ്ങളെ തോൽപ്പിച്ചതാണെന്ന് ഇനിയെങ്കിലും മനസ്സിലാക്കണം. സ്ഥിരമായി വെള്ളവസ്ത്രം ധരിക്കുന്ന വ്യക്തിയാണ് ഞാൻ. പലപ്പോഴും സമരം കഴിഞ്ഞ് വീട്ടിലേയ്ക്ക് പോകുന്നത് കളർ വസ്ത്രം ധരിച്ചായിരുന്നു. അത്രയധികം മലിനജലം എന്റെ ശരീരത്തിലേക്ക് അടിച്ചിട്ടുള്ള നിങ്ങൾക്ക് ഇപ്പോൾ ഇത് പറയാനുള്ള അർഹതയുണ്ടോ; ഈ നാട്ടിലെ ജനങ്ങളെല്ലാം ഇത് കാണുന്നുണ്ട്. ബജറ്റിൽ വിസ്മയം ഉണ്ടോയെന്നാണ് ചിലർ ഇവിടെ ചോദിക്കുന്നത്. അധികാരത്തിൽ വന്നതിനുശേഷമുള്ള ആദ്യ മന്ത്രിസഭായോഗത്തിൽത്തന്നെ ആശാവർക്കർമാർ, അങ്കണവാടി ടീച്ചർമാർ എന്നിവരുടെ വേതനം വർധിപ്പിക്കുകയും കേരളത്തിലെ മുഴുവൻ സ്ത്രീകൾക്കും 'പ്രിയദർശിനി' എന്ന പേരിൽ കെ.എസ്.ആർ.ടി.സി. സൗജന്യ യാത്രാ സൗകര്യം ഒരുക്കുകയും ചെയ്ത സർക്കാരാണിത്. ചുരുങ്ങിയ സമയപരിധിക്കുള്ളിൽ നടപ്പിലാക്കിയ ഈ പദ്ധതിയല്ലാതെ, ഇതിനേക്കാൾ വലിയ എന്ത് വിസ്മയമാണ് നിങ്ങൾക്ക് ലഭിക്കാനുള്ളത്. തീർച്ചയായും ഈ ബജറ്റിനെ ഞാൻ സർവാത്മനാ പിന്തുണയ്ക്കുന്നു.

ശ്രീ. ദീപക് ജോയ്: സർ, എനിക്ക് ഈ സഭയിലെത്താൻ അവസരം നൽകിയ കോൺഗ്രസ് പാർട്ടിക്കും യു.ഡി.എഫ്. നേതാക്കന്മാർക്കും കക്ഷിരാഷ്ട്രീയത്തിനപ്പുറം വോട്ടുകൾ രേഖപ്പെടുത്തി എന്നെ വിജയിപ്പിച്ച തൃപ്പൂണിത്തുറയിലെ വോട്ടർമാർക്കുമുള്ള നന്ദി

ഞാൻ ആദ്യം അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

കഴിഞ്ഞ പത്ത് വർഷക്കാലത്തെ വികലമായ കാഴ്ചപ്പാടും നയങ്ങളുംമൂലം ദുരിതത്തിലായ കേരളത്തെ രക്ഷപ്പെടുത്തി ഒരു പുതുയുഗത്തിലേയ്ക്ക് നയിക്കാൻ ഈ ബജറ്റിന് സാധിക്കുമെന്ന് ഞാൻ കരുതുന്നു. ഭാവിതലമുറയുടെ അഭിരുചികൾക്കനുസൃതമായ കാഴ്ചപ്പാടോടെ ഉന്നതിയുടെ പുതുയുഗത്തിലേയ്ക്ക് പറന്നുയരാൻ ആഗ്രഹിക്കുന്ന യുവതലമുറയ്ക്കും കരുതലാഗ്രഹിക്കുന്ന മുതിർന്ന തലമുറയ്ക്കും അധഃസ്ഥിത വിഭാഗങ്ങൾക്കും കൈത്താങ്ങ് നൽകുന്നതാണ് ഈ ബജറ്റ്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ, തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ വാഗ്ദാനങ്ങൾ കോരിച്ചൊരിഞ്ഞുകൊണ്ടുള്ള ഒരു ബജറ്റ് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിക്കുകയുണ്ടായി. എന്നാൽ വാർഷിക പദ്ധതിയിലേയ്ക്ക് നിശ്ചയിച്ചിരുന്ന 35,750 കോടി രൂപയുടെ പകുതിയിൽ കൂടുതലും ഊഹക്കണക്കുകളിൽ അധിഷ്ഠിതമായിരുന്നു. ഈ സർക്കാർ അവതരിപ്പിച്ച ധവളപത്രത്തിൽനിന്ന് ഇതുസംബന്ധിച്ച് കേരള സമൂഹത്തിന് വ്യക്തമായ ധാരണ ലഭിച്ചു. യാഥാർത്ഥ്യത്തിൽനിന്നും വസ്തുതകളിൽനിന്നും അകന്ന് വ്യാജ പ്രചാരണത്തിൽ കൂടിയും പി.ആർ. പ്രവർത്തനങ്ങൾ വഴിയും അധികാരം നിലനിർത്താമെന്ന വ്യാമോഹം കേരളീയ സമൂഹം തള്ളിക്കളഞ്ഞിരിക്കുന്നു. ജനാധിപത്യപരമായ ഉത്തരവാദിത്വം നിറവേറ്റാൻ സർക്കാരിന് സാമ്പത്തിക ഭദ്രതയും സുതാര്യതയും ഉറപ്പാക്കേണ്ടതുണ്ട്. 2026 ജൂൺ 4-ന് സഭയിൽ അവതരിപ്പിച്ച ധവളപത്രം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് (വരവ്, ചെലവുകളും കടബാധ്യതയുടെ വ്യാപ്തിയും) വ്യക്തമാക്കിയിട്ടുള്ളതാണ്. അതനുസരിച്ച് 2026 മാർച്ച് 31 വരെ ആകെ 87,012 കോടി രൂപയുടെ കടബാധ്യതയാണ് ഈ സർക്കാരിനുള്ളത്. സംസ്ഥാനത്തിന്റെ ആകെ കടബാധ്യത അഞ്ച് ലക്ഷം കോടി രൂപയാണ്. ബജറ്റ് എന്നത് വെറും വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് മാത്രമല്ല. അത് ഒരു നയതീരുമാനമാണ്. പുതിയ സർക്കാർ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനുള്ള പ്രഖ്യാപനങ്ങളാണ്. ഈ ബജറ്റിൽ പുതുയുഗ കേരളത്തിന് നാന്ദികുറിക്കുന്ന കൃത്യമായ വികസന കാഴ്ചപ്പാടുണ്ട്. ജനങ്ങൾക്ക് മേൽ അധികാരം

അടിച്ചേൽപ്പിക്കുന്നില്ല. നിലവിലെ നികുതി സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള ശ്രമമാണ് പ്രധാനം. ഓഫ് ബജറ്റ് ബോറോയിങ് നടപടികളിലൂടെ വിവാദമായ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള സി. ആൻഡ് എ.ജി.-യുടെ നിർദേശങ്ങൾ കണക്കിലെടുത്ത് ബാധ്യതകൾ തിട്ടപ്പെടുത്താനും നിലവിലെ പ്രവർത്തനരീതി സമഗ്രമായി പരിഷ്കരിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിക്കാനുള്ള തീരുമാനവും ഉചിതമാണ്. ഇത് കേരളം കാത്തിരുന്ന മാറ്റത്തിന്റെ തുടക്കമാണ്. വൻകിട നിക്ഷേപങ്ങൾ ആകർഷിക്കാനും സമ്പത്തിന്റെ തുല്യമായ വിതരണം ഉറപ്പാക്കാനും നടത്തുന്ന ഉദ്യമങ്ങൾ സാമൂഹ്യനീതിയും വികസനവും ഉറപ്പാക്കും. 600 കിലോമീറ്റർ സമുദ്രതീരമുള്ള സംസ്ഥാനത്തിന് പുത്തനുണർവ് നൽകുന്നതും വ്യാവസായികാടിസ്ഥാനത്തിൽ ചരക്ക് ഗതാഗതത്തിന് പുതിയ ദിശാബോധം നൽകുന്നതുമായ 'മിഷൻ സമുദ്ര' ദീർഘ വീക്ഷണമുള്ള പദ്ധതിയാണ്. സതേൺ കേരള ഇക്കണോമിക് കോറിഡോർ, ഏവിയേഷൻ ഹബ്ബ്, ഇൻവെസ്റ്റ് കേരളം, കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം, വൺ കേരള കരുതൽ മിഷൻ, സ്പേസ് ഇക്കോണമി, കേരള നോളജ് വാലി, ഗ്ലോബൽ ജോബ് വാച്ച് ടവർ തുടങ്ങിയ പ്രവാസി പങ്കാളിത്ത പദ്ധതികളും തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളും ഏറെ പ്രതീക്ഷ നൽകുന്നവയാണ്. ഭാവി വികസനം സാധ്യമാകുന്നതോടൊപ്പം യുവാക്കളെയും വിദ്യാർഥികളെയും തൊഴിലില്ലായ്മയിൽനിന്ന് മുക്തരാക്കാൻ, സ്വപ്നങ്ങളെ യാഥാർഥ്യമാക്കാൻ ഈ ബജറ്റിലെ നടപടികൾക്ക് സാധ്യമാകുമെന്നത് ഉറപ്പാണ്. ജനറേഷൻ Z അഥവാ ജെൻസിക്കുവേണ്ടി കേരള സ്റ്റാർട്ടപ്പ് ഇന്നവേഷൻ ഹബ്ബുകൾ, റിസർച്ച് സെന്റർ തുടങ്ങിയവയ്ക്ക് ഫണ്ട് അനുവദിക്കാനുള്ള തീരുമാനം ഭാവി തലമുറയോടുള്ള ഈ സർക്കാരിന്റെ കരുതലിന്റെ ഉത്തമ ഉദാഹരണമാണ്. ജെ.സി. ഡാനിയേൽ ഇന്റർനാഷണൽ ഫിലിം സിറ്റി-ചിത്രനഗരം പദ്ധതി എറണാകുളം ജില്ലയുടെയും സാംസ്കാരിക കേരളത്തിന്റെയും തിലകക്കുറിയാകുമെന്ന കാര്യത്തിൽ സംശയമില്ല. തൃപ്പൂണിത്തുറയെക്കുറിച്ച് ഒരു കാര്യം പറയാം. വൈറ്റില മൊബിലിറ്റി ഹബ്ബ് മുതൽ ഏരൂർ വരെയുള്ള റോഡിന്റെ വികസനം നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് വളരെ ആശ്വാസകരമായിരിക്കുമെന്നതിനാൽ ആയത് പരിഗണിക്കാൻ ഒരു അഭ്യർഥനകൂടി പറയാനുണ്ട്. എസ്.എൻ. ജങ്ഷൻ മുതൽ പൂത്തോട്ട

വരെയുള്ള വൈക്കം റോഡ് നാല് വരിയായി വികസിപ്പിക്കുന്നതിന് കൂടുതൽ തുക അനുവദിക്കാനും സ്ഥലമേറ്റെടുക്കൽ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. കൊച്ചി നഗരത്തിന്റെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായുള്ള 190 MLD പ്ലാന്റ് ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് നടപ്പാക്കാൻ തീരുമാനിച്ചതാണെങ്കിലും കഴിഞ്ഞ പത്ത് വർഷക്കാലമായി അതിന്റെ തുടർനടപടിയുണ്ടായില്ല. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിഗണിക്കുമെന്ന് വിശ്വസിക്കുന്നു. തിരഞ്ഞെടുപ്പ് കാലഘട്ടത്തിൽ ജനങ്ങൾക്ക് നൽകിയ ഇന്ദിരാ ഗ്യാരന്റി സമാരംഭിക്കുന്നതിനുള്ള നടപടികൾ ഏറെ ശ്ലാഘനീയമാണ്. കൃഷിക്കും മൃഗസംരക്ഷണത്തിനുമുള്ള പദ്ധതികളും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പദ്ധതികളും ജനകീയ പിന്തുണ ഉറപ്പാക്കുന്നതാണ്. 'വികസനവും കരുതലും' എന്ന മുദ്രവാക്യമുയർത്തി 'അതിവേഗം ബഹുദൂരം' കേരളത്തെ നയിച്ച യശഃശരീരനായ മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേരിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് ആരംഭം കുറിച്ചത് ഈ സർക്കാരിന് ജനങ്ങളോടുള്ള കരുതലിന്റെ ഉത്തമ ഉദാഹരണമാണ്. സംസ്ഥാനത്തെ പൊതുവികസനത്തിന് ഊന്നൽ നൽകുന്നതോടൊപ്പം കരുണയും കരുതലും കാത്തുസൂക്ഷിച്ച ബജറ്റുകൂടിയാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്.

ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്കുള്ള 'മിഠായി' പദ്ധതിയുടെ സമഗ്ര നവീകരണം ഈ ബജറ്റിലുൾപ്പെടുത്തിയിട്ടുണ്ട്. പ്രമേഹരോഗികളായ കുട്ടികളുടെ കുടുംബാംഗങ്ങളുടെ ദീർഘകാലത്തെ ആവശ്യമാണ് ഈ പരിഷ്കാരത്തിലൂടെ പരിഗണിക്കപ്പെടുന്നത്. ബജറ്റ് നിർദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള കരുതൽ മിഷൻ, റബ്ബർ താങ്ങുവില ഉയർത്തൽ നടപടി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വികസന ഫണ്ട് യഥാസമയം ലഭ്യമാക്കുമെന്ന പ്രഖ്യാപനം തുടങ്ങിയവ സമഗ്ര വികസനത്തിന്റെ നേർക്കാഴ്ചകളാണ്. ചരിത്രമുറങ്ങുന്ന കേരള നിയമസഭ, സംസ്ഥാനത്തെ ഊർജ്ജസ്വലതയോടെ മുന്നോട്ട് നയിക്കാനുള്ള ജനകീയ ശബ്ദം ഉയരുന്ന വേദികൂടിയാണ്. ഇവിടെ ഉയരുന്ന ശബ്ദങ്ങൾ നാടിന്റെ അഭിവൃദ്ധി ലക്ഷ്യമാക്കുന്നതാണ്. ജനക്ഷേമവും പൊതുവികസനവും ലക്ഷ്യമാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ

അവതരിപ്പിച്ച ഈ യു.ഡി.എഫ്. സർക്കാരിന്റെ ആദ്യ ബജറ്റിനെ ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്. ഒരിക്കൽക്കൂടി ഈ അവസരം ലഭിക്കാൻ കാരണമായ എല്ലാവരോടുമുള്ള എന്റെ നന്ദി അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു. നന്ദി.

ശ്രീ. കാരായി രാജൻ: സർ, ഞാൻ ഈ ബജറ്റിനെ പൂർണ്ണമായി എതിർക്കുകയാണ്. ബജറ്റ് എങ്ങനെയായിരിക്കണം, എങ്ങനെയായിക്കൂടാ എന്നതിനെ സംബന്ധിച്ച് ഏറെ ആദരണീയനായ, കേരളത്തിന്റെ സാമൂഹ്യ ചിന്തകൻ കൂടിയായ പ്രൊഫ. സി. രവീന്ദ്രനാഥ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് മനസ്സിലാക്കാൻ സാധിക്കാത്ത കുറച്ച് ആളുകളുണ്ടെങ്കിലും ഭരണപക്ഷത്തിരിക്കുന്ന ബജറ്റ് അവതരിപ്പിച്ച മുഖ്യമന്ത്രിയടക്കമുള്ള അംഗങ്ങൾക്കും ആ സന്ദർഭത്തിൽ പ്രതികരണം രേഖപ്പെടുത്തിയ ചില അംഗങ്ങൾക്കും അത് മനസ്സിലായിട്ടുണ്ടാകും. വലിയ തോതിലുള്ള ആവേശ, ആഘോഷ പ്രതികരണങ്ങളൊക്കെ സഭാതലത്തിൽ ഉയർന്നുവരുന്നുണ്ട്. ഒരുകാര്യം സൂചിപ്പിക്കാനുള്ളത്, 'ഒന്നും സ്ഥിരമല്ല, ഉന്നതമായ കുന്നുപോലും' എന്ന് കവികൾ പാടിയിട്ടുണ്ട്. മഹർഷി ശാപം പോലെ, ഭസ്മം എറിഞ്ഞ് പുറത്താക്കി കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയത്തെ നൂറ് കൊല്ലത്തേയ്ക്ക് പുറംതള്ളാൻ തീരുമാനിച്ച് പോയവരൊക്കെയുണ്ടായിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ സീറ്റുകളുടെ എണ്ണം നാൽപത്തിയൊന്നിൽനിന്ന് തൊണ്ണൂറ്റിയൊൻപതിലേയ്ക്ക് വളർന്നുവന്ന അന്തരീക്ഷവും കേരള നിയമസഭ കണ്ടിട്ടുള്ളതാണ്. കൃഷിക്കാരന്റെ പഴയൊരു കഥയാണ് ഇപ്പോൾ എനിക്ക് ഓർമ്മവരുന്നത്. പ്ലാവിന്റെ ചുവട്ടിൽ ചക്ക വീണപ്പോൾ മുയൽ ചത്തു. എല്ലാക്കാലത്തും ചക്കവീണ് മുയലിനെകിട്ടുമെന്ന് ആ കർഷകൻ പ്രതീക്ഷിച്ചതുപോലെ കേരളത്തിൽ എല്ലാക്കാലത്തും ഇതായിരിക്കും അവസ്ഥയെന്ന് ആരെങ്കിലും ചിന്തിക്കുന്നുണ്ടെങ്കിൽ സാമൂഹ്യ ചരിത്രത്തെയും കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തെയും തെറ്റായി വിലയിരുത്തുന്നുവെന്നാണ് അതിന്റെ അർത്ഥം. സ്വപ്നം കാണാൻ ആഗ്രഹിക്കുന്ന ബജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. 'സ്വപ്നങ്ങൾ... സ്വപ്നങ്ങളെ... നിങ്ങൾ സ്വർഗ്ഗകുമാരികളല്ലോ..' എന്ന് കവി പാടിയിട്ടുണ്ട്. പക്ഷെ ഈ ബജറ്റ് അവതരിപ്പിക്കുമ്പോൾ ഒരു നെഹ്റുവിയൻ ലെഫ്റ്റ് ബജറ്റെന്ന പരിവേഷമുണ്ടാക്കാൻവേണ്ടി പരിശ്രമിച്ചു. ആ ബജറ്റ് പരിശോധിച്ചാൽ നേരത്തെ ഇവിടെ പറഞ്ഞതുപോലെ ബജറ്റ്

പ്രസംഗത്തിൽ പല സന്ദർഭങ്ങളിലും Yanis Varoufakis-നെ ഉദ്ധരിക്കുകയുണ്ടായി. എങ്ങനെയാണ് നവ ഉദാരവൽകരണ കാലത്തെ ലോക സമൂഹത്തെ മുന്നോട്ട് നയിക്കേണ്ടതെന്നും എന്തുകൊണ്ട് ആ വഴി സ്വീകരിച്ചുകൂടായെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്. സമ്പൂർണ്ണമായി കോർപ്പറേറ്റ് താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഒരു ബജറ്റായാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. Yanis Varoufakis-ന്റെ ചങ്ങാത്ത മുതലാളിത്തമെന്ന വാക്ക് ധനകാര്യ വകുപ്പുമന്ത്രികൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മനസ്സിലാക്കാൻ സാധിക്കും. ഈ ബജറ്റിൽ പല കാര്യങ്ങളെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. 'മിഷൻ സമുദ്രയെ' കുറിച്ചും ഈ ബജറ്റിൽ പറഞ്ഞിട്ടുണ്ട്. പടക്കപ്പലുകളുടെ പടയോട്ടങ്ങളും കുഞ്ഞാലി മരക്കാരുടെ പോരാട്ടങ്ങളും നടന്ന വീരസാഹസികതയുടെ തീരമായ കേരളത്തിന്റെ സമുദ്രതീരത്തെ ആഗോള മാരിടൈം ഭൂപടത്തിലെത്തിക്കുമെന്നും ഒരു പോർട്ട് സിറ്റിയാക്കുമെന്നെല്ലാം ഈ പ്രഖ്യാപനത്തിൽ വന്നിട്ടുണ്ട്. നമ്മുടെ സമുദ്ര തീരവും അവിടത്തെ ആവാസവ്യവസ്ഥയും നഷ്ടപ്പെടുമെന്ന ആശങ്ക ഉയർത്തിപ്പിടിക്കുന്ന ബജറ്റാണ് പുറത്തുവന്നിട്ടുള്ളത്. തീർച്ചയായും മലയാളിക്ക് സമുദ്രം ആവശ്യമുണ്ട്. ആ സമുദ്രം, പ്രത്യേകിച്ചും അറബിക്കടൽ ഇന്ന് നമുക്ക് ആവശ്യമാണ്. പി.എം.ശ്രീ. പദ്ധതി വലിച്ചെറിയുന്നതിന് അറബിക്കടൽ അവിടെ കാണണം. ആ തീരത്തെ സംരക്ഷിക്കാൻ സാധിക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഭക്ഷണം കൊടുത്തപ്പോൾ അസ്പൃശ്യതയുണ്ടായി തുടങ്ങിയ ചില പ്രതികരണങ്ങളെല്ലാം ഇന്ന് ഇവിടെ വന്നു. ഞാൻ അക്കാര്യങ്ങളിലേക്കൊന്നും കടന്നുപോകാൻ ഉദ്ദേശിക്കുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ചരിത്രം മലയാളത്തിൽ എഴുതിയ ഒരാൾ മാത്രമേയുള്ളൂ. അത് മൊയ്യാരത്ത് ശങ്കരൻ എന്ന വ്യക്തിയാണ്. അദ്ദേഹം എങ്ങനെ ഇല്ലാതെയായെന്നും ഏത് വിരോധത്തിന്റെ പേരിലായിരുന്നുവെന്നും കേരള സമൂഹം മനസ്സിലാക്കിയിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ ജില്ലകൾ ഉൾപ്പെട്ട പഴയ ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിറ്റി (ഡി.സി.സി.)-യുടെ പ്രസിഡന്റ് പി. കെ. അബ്ദുൾ ഖാദിർ എന്ന വ്യക്തി ഏത് വിയോജിപ്പിന്റെ പേരിലാണ് സമൂഹത്തിൽനിന്ന് ജീവനോടെ ഇല്ലാതെയായി പോയതെന്ന അനുഭവങ്ങളും നമ്മുടെ മുന്നിലുണ്ട്. നവഇടതുപക്ഷ ദാർശനികവേഷം ധരിച്ചിട്ടുള്ള ചില ആളുകൾ വി. എസ്. അച്യുതാനന്ദൻ വരെയുള്ള

കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിമാരെല്ലാം ബഹുകേമന്മാരും മഹാന്മാരുമായിരുന്നുവെന്നാണ് ഇവിടെ വിശേഷിപ്പിച്ചത്, നല്ല കാര്യമാണ്. പക്ഷെ. മഹാനായ ഇ.എം.എസ്. നമ്പൂതിരിപ്പാട്, ഇ. കെ. നായനാർ, വി.എസ്. അച്യുതാനന്ദൻ എന്നിവർ ജീവിച്ചിരിക്കുമ്പോൾ, ഈ സഭയിൽ കേരളത്തിനുവേണ്ടി പ്രവർത്തിക്കുമ്പോഴും പോരാടുമ്പോഴും അവരെക്കുറിച്ചൊന്നും ആരും ഇന്നേവരെ നല്ല വാക്കൊന്നും പറഞ്ഞിട്ടില്ല. നവ ദാർശനിക പ്രതിഭകളെല്ലാം മനസിലാക്കേണ്ടൊരു കാര്യം, ഇവരുടെ തന്നെ നാവുകളിലൂടെ കേരളത്തിലെ മുൻ മുഖ്യമന്ത്രിയെക്കുറിച്ച് പറഞ്ഞിട്ടുള്ള വാക്കുകൾ പല രേഖകളിലും കാണാൻ സാധിക്കുമെന്ന് മാത്രം അവരെ ഓർമ്മപ്പെടുത്തുകയാണ്.

കേരളത്തിന്റെ തീരദേശത്ത് മത്സ്യത്തൊഴിലാളികൾ ആശങ്കയോടുകൂടിയാണ് കഴിഞ്ഞുപോകുന്നത്. ഈ ആശങ്കകൾ പരിഹരിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. കടമെടുപ്പിനെക്കുറിച്ച് ഈ ബജറ്റിൽ പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ കടത്തിലേയ്ക്ക് മുതലക്കൂപ്പ് നടത്തിക്കുന്നുവെന്നും കടമെടുത്ത് മുടിച്ചുവെന്നുമായിരുന്നു കഴിഞ്ഞ ബജറ്റിനെക്കുറിച്ച് ആക്ഷേപങ്ങളുണ്ടായിരുന്നത്. എങ്ങനെയാണ് 986 കോടി രൂപ വീണ്ടും കടമെടുക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നത്? ഇക്കാര്യങ്ങളെല്ലാം പരിശോധിക്കേണ്ടതുണ്ട്. മുൻ സർക്കാരിനും ബജറ്റിനുമെതിരെ ഉപന്യാസങ്ങളും രേഖകളും ചമയ്ക്കുമ്പോൾ, ഇപ്പോഴത്തെ മുഖ്യമന്ത്രി കഴിഞ്ഞ ബജറ്റ് പ്രസംഗത്തെ എതിർത്തുകൊണ്ട് പ്രസംഗിച്ചിട്ടുള്ള വാചകങ്ങൾ ഓർമ്മയിലുണ്ട്. ബജറ്റിലൂടെ രാഷ്ട്രീയം കളിക്കുകയാണെന്നും ബജറ്റിന്റെ പരിപാവനത ചോദ്യം ചെയ്യപ്പെടുകയാണെന്നും പറഞ്ഞിട്ടുണ്ട്. ഈ സർക്കാർ അവതരിപ്പിച്ച ബജറ്റിൽ രാഷ്ട്രീയമുണ്ടായിരുന്നില്ലേ; മുൻ ബജറ്റുകളെയും മുൻ സർക്കാരുകളെയും വിമർശിക്കാനുള്ള എത്രെയത്ര അവസരങ്ങളും വരികളുമാണ് അതിൽ കൂട്ടിച്ചേർത്തിട്ടുള്ളത്? അതുകൊണ്ട്...

മി. സ്പീക്കർ: please ... please.....

ശ്രീ. കാരായി രാജൻ: സർ, ഞാൻ പുതിയ അംഗമാണ്.

മി. സ്പീക്കർ: അതുകൊണ്ടാണ് ഇതുവരെയും കാത്തിരുന്നത്.

ശ്രീ. കാരായി രാജൻ: സർ, ഒരു മിനിട്ടാണ് അധികമായത്.

മി. സ്പീക്കർ: ഒരു മിനിട്ട് കൂടി എടുത്തോളൂ.

ശ്രീ. കാരായി രാജൻ: സർ, കിഫ്ബി പോലുള്ള ഒരു മഹാപ്രസ്ഥാനത്തെ നിഷ്കാസനം ചെയ്യുകയെന്നത് കേരളത്തിന്റെ വികസനത്തെ എങ്ങനെ ബാധിക്കുമെന്ന് ഗൗരവമായിത്തന്നെ പരിശോധിക്കേണ്ടതുണ്ട്. നവഫാസിസത്തിന്റെ, നവഉദാരവൽക്കരണ നയങ്ങൾ കോർപ്പറേറ്റ് അനുകൂല താൽപര്യങ്ങളിലൂടെ കേരളീയ സമൂഹത്തിലേയ്ക്കും ഭരണസംവിധാനങ്ങളിലേയ്ക്കും കടന്നുവരുന്നതിന്റെ ആപൽസൂചനകൾ അടങ്ങുന്നതാണ് ഈ ബജറ്റ്. അതുകൊണ്ടുതന്നെ ഇത് എതിർക്കപ്പെടേണ്ടതാണ്. ഈ ബജറ്റ് കേരളീയ സമൂഹം അംഗീകരിച്ച് നൽകാൻ തയ്യാറല്ലെന്നുകൂടി വ്യക്തമാക്കിക്കൊണ്ട് ഞാൻ നിർത്തുകയാണ്.

ശ്രീ. മുഹമ്മദ് ഷിയാസ്: സർ, (മൈക്ക് ഓഫ്).... ബഹുമാനപ്പെട്ട അംഗം കാരായി രാജൻ പ്രസംഗിച്ചപ്പോൾ പരാമർശിച്ച എറണാകുളം ഡി.സി.സി. പ്രസിഡന്റ് ആരാണെന്നുള്ളത് വ്യക്തമാക്കിയാൽ നന്നായിരുന്നു.

മി. സ്പീക്കർ: അത് പഴയ ചരിത്രമല്ലേ. ഈ ബജറ്റ് ചർച്ചയിൽ അത് ഉൾപ്പെടുത്തേണ്ട. പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള അംഗങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ പറയാനുണ്ടാകും.

ശ്രീ. സുമേഷ് അച്യുതൻ: സർ, കേരളത്തിന്റെ ഭാവിയെ മുന്നിൽക്കണ്ട് പ്രതിസന്ധിയിൽനിന്ന് പ്രതീക്ഷയിലേയ്ക്കും മുരടിപ്പിൽനിന്ന് മുന്നേറ്റത്തിലേയ്ക്കും സംസ്ഥാനത്തെ നയിക്കാൻ ലക്ഷ്യമിട്ട് അവതരിപ്പിച്ച ബജറ്റിനെ പൂർണ്ണ ഹൃദയത്തോടെ പിന്തുണയ്ക്കുന്നു. പരീക്ഷണങ്ങളുടെ പേരിൽ ഒരു പതിറ്റാണ്ട് കാലം കേരളത്തിൽ നടപ്പാക്കിയ തുഗ്ലക്ക് പരിഷ്കാരങ്ങളുടെ ദുരിതഫലങ്ങൾ നാം അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു. വികസന പദ്ധതികൾ മുരടിച്ചു, നിക്ഷേപകർ കേരളത്തെ ഒഴിവാക്കി, സാമ്പത്തിക അച്ചടക്കം തകർന്നു, കടബാധ്യത കുത്തനെ ഉയർന്നു, യുവാക്കൾ തൊഴിൽ തേടി അന്യസംസ്ഥാനത്ത് പോകുന്ന സാഹചര്യം വർധിച്ചു. അത്തരം ഒരു പശ്ചാത്തലത്തിലാണ് കേരള ജനത വലിയ പ്രതീക്ഷയോടെ എൽ.ഡി.എഫ്. സർക്കാരിനെ പുറത്താക്കി യു.ഡി.എഫ്.-നെ ഭരണത്തിലേറ്റിയത്. ആ ജനവിധിയുടെ ആത്മാവിനെ ഉൾക്കൊണ്ടുകൊണ്ടുള്ള ബജറ്റാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചത്. ഇത് കേവലം വരവ്-ചെലവ് കണക്കാക്കുന്ന രേഖയല്ല. മറിച്ച് ഭാവി കേരളത്തിന്റെ വികസന

രേഖയാണ്. ഇന്നത്തെ ആവശ്യങ്ങൾ മാത്രം പരിഗണിക്കാതെ വരും തലമുറകളുടെ കേരളത്തെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടാണ് ഈ ബജറ്റിലുള്ളത്. ജെൻസി തലമുറയുടെ അഭിരുചികളും തൊഴിൽ സാധ്യതകളും സംരംഭകത്വ സാധ്യതകളും മുന്നിൽക്കണ്ടുള്ള പദ്ധതികൾ ഈ ബജറ്റിന്റെ പ്രത്യേകതയാണ്.

ഈ ബജറ്റിനെ വിമർശിക്കുന്നവർ ആദ്യം കഴിഞ്ഞ പത്ത് വർഷത്തെ ഭരണത്തിന്റെ കണക്കെടുപ്പ് നടത്തണം. കേരളത്തിലെ ജനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകി വഞ്ചിച്ച നിരവധി പദ്ധതികൾ ഇന്ന് പരാജയത്തിന്റെ സ്മാരകങ്ങളായി മാറി. അതിന്റെ ഏറ്റവും വലിയ ഉദാഹരണം കേരള ബാങ്കാണ്. ലാഭത്തിൽ പ്രവർത്തിച്ചിരുന്ന 14 ജില്ലാ ബാങ്കുകളെ ഇല്ലതാക്കിയുണ്ടാക്കിയ കേരള ബാങ്കിന്റെ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്. ജില്ലാ ബാങ്കുകൾ സംസ്ഥാന സർക്കാരിനും കെ.എസ്.ആർ.ടി.സി., സപ്ലൈകോ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കും വലിയ താങ്ങായിരുന്നു. എന്നാൽ, ഇന്ന് നെൽകർഷകർക്ക് നെല്ലിന്റെ വിലപോലും നൽകാൻ കഴിയാത്ത രീതിയിൽ കേരള ബാങ്ക് റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലായി.

ലൈഫ് മിഷന്റെ പേരിലുള്ള ഫ്ലാറ്റ് സമുച്ചയങ്ങൾ ജനങ്ങളെ വഞ്ചിച്ച, പൂർണ്ണമായും പരാജയപ്പെട്ട പദ്ധതിയായി. എന്റെ നിയോജകമണ്ഡലമായ ചിറ്റൂരിൽ നിർമ്മിക്കുന്നുവെന്ന് പറയപ്പെട്ട ഫ്ലാറ്റ് സമുച്ചയം 9 വർഷത്തോളമായി വെറും അസ്ഥികൂടമായി നിൽക്കുകയാണ്. വികസനപ്രവർത്തനങ്ങൾ വകുപ്പുകൾ ടെൻഡർ ചെയ്ത് നടപ്പാക്കുന്നതിന് പകരം വിവിധ കോർപ്പറേഷൻ/ബോർഡുകൾ വഴി ചെയ്യാൻ ശ്രമിച്ചത് പരാജയവും അഴിമതി നിറഞ്ഞതുമായിരുന്നു. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള റോഡ് ഫണ്ട് ബോർഡ് എന്നിങ്ങനെ റിട്ടയേർഡ് ഉദ്യോഗസ്ഥരെ കുത്തിനിറച്ച ഒട്ടേറെ സ്ഥാപനങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ചെയ്ത അഴിമതി നിറഞ്ഞ, പരാജയപ്പെട്ട പദ്ധതിയാണ് എന്റെ നിയോജകമണ്ഡലത്തിലെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി. 25 കോടിയിലധികം രൂപ ചെലവഴിച്ച് 365 ദിവസവും വെള്ളം നൽകാമെന്ന് പറഞ്ഞ് അഞ്ച്

പദ്ധതികൾ ആരംഭിച്ചെങ്കിലും കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഒരു ദിവസംപോലും വെള്ളം നൽകാൻ കഴിയാതെ കർഷകരെ വഞ്ചിച്ചിരിക്കുകയാണ്. ജല സംരക്ഷണത്തിന്റെയും കാർഷികോൽപാദന വർധനവിന്റെയും പേരിൽ വലിയ പ്രചാരണത്തോടെയാണ് പദ്ധതി നടപ്പാക്കിയത്. എന്നാൽ പ്രാദേശിക സാഹചര്യങ്ങൾ പഠിക്കാതെയും കർഷകരുടെ യാഥാർഥ ആവശ്യങ്ങൾ മനസ്സിലാക്കാതെയും അടിച്ചേൽപ്പിച്ച പദ്ധതി കർഷകർക്ക് വെള്ളം നൽകാൻ കഴിയാതെ വൻ പരാജയമായി. ഇതെല്ലാം കഴിഞ്ഞ സർക്കാരിന്റെ തുഗ്ലക്ക് പരിഷ്കാരങ്ങളുടെ ചെറിയ ഉദാഹരണങ്ങൾ മാത്രമാണ്. കെ-റെയിൽ, കെ-ഫോൺ എന്നിവ പോലെ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കോടികൾ ചെലവിട്ട് പരാജയപ്പെട്ട ഒട്ടേറെ പദ്ധതികളുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ തെങ്ങ് കൃഷിയുള്ളത് എന്റെ നിയോജകമണ്ഡലത്തിലാണ്. അതുകൊണ്ടുതന്നെ ഏറ്റവും കൂടുതൽ കള്ള് ഉൽപാദിപ്പിക്കുന്നതും എന്റെ മണ്ഡലത്തിലാണ്. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്പിരിറ്റ് ലോബി ഈ കള്ള് ഉൽപാദന മേഖലയിൽ കടന്നുകൂടുകയും ചിറ്റൂരിന് വലിയ ചീത്തപ്പേരുണ്ടാക്കുകയും ചെയ്തിരിക്കുകയാണ്. മുപ്പതിനായിരത്തോളം കറവപ്പശുക്കൾ ഉള്ളതും ക്ഷീര കർഷകർ ഏറെയുള്ളതുമായ ഒരു മണ്ഡലമാണ് ചിറ്റൂർ. കേരളത്തിൽ ഏറ്റവുമധികം പാൽ ഉൽപാദിപ്പിക്കുന്നത് എന്റെ നിയോജകമണ്ഡലത്തിലാണെന്ന് അഭിമാനത്തോടെ ഞാൻ സൂചിപ്പിക്കുകയാണ്. ജലക്ഷാമം രൂക്ഷമാകുമ്പോഴും കൃഷി പ്രതിസന്ധിയിലാകുമ്പോഴും കുഴൽക്കിണറിലൂടെ വെള്ളം കണ്ടെത്താൻ ശ്രമിച്ച കർഷകരോട് 3 എച്ച്.പി.-യിൽ കൂടുതൽ പവറുള്ള മോട്ടോർ ഉപയോഗിക്കാൻ പാടില്ലെന്ന നിയന്ത്രണം ഏർപ്പെടുത്തിയത് അവരെ ഏറെ ബുദ്ധിമുട്ടിച്ചു. സർക്കാറിന്റെ കുഴൽ കിണർ പദ്ധതിയിൽനിന്ന് കൃഷിയിടത്തിലേയ്ക്ക് വെള്ളമെത്തിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തുന്നത് ഒഴിവാക്കേണ്ടതാണ്. നെൽകൃഷി, തെങ്ങ്, വാഴ, കവുങ്ങ്, പച്ചക്കറികൾ എന്നിവ കൃഷിചെയ്യുന്നതും ക്ഷീര കർഷകർ ഏറെയുള്ളതുമായ മഴ നിഴൽ പ്രദേശമായ പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ രൂക്ഷമായ ജലക്ഷാമം നേരിടുന്നുണ്ട്. ഇവിടത്തെ കർഷകർക്ക് വേണ്ടത് കടലാസിലെ പദ്ധതികളല്ല, ഉറപ്പുള്ള ജലലഭ്യതയാണ്.

ഒരു കാലത്ത് ചിറ്റൂർ പുഴയിലൂടെ പ്രതിവർഷം 90 ടി.എം.സി.-യിലധികം ജലം ഒഴുകിയിരുന്നതാണ്. പറമ്പിക്കുളം-ആളിയാർ ഡാമുകളും കരാറുകളും വന്നതോടെ അത് 7.2 ടി.എം.സി. ജലമായി കുറഞ്ഞു. പാലക്കാട് ജില്ലയിലെ ജനതയെ വഞ്ചിച്ചാണ് കരാർ എഴുതിയവർ അതിൽ ഒപ്പുവച്ചത്. മുപ്പത് വർഷത്തിലൊരിക്കൽ കരാർ പുനരവലോകനം നടത്തണമെന്നിരിക്കെ 1958-ൽ ഒപ്പുവച്ച കരാർ ഇതുവരെ പുനരവലോകനം നടത്താൻ ശ്രമിച്ചിട്ടില്ല. ഇവിടെയാണ് കഴിഞ്ഞ 10 വർഷത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ ഗുരുതരവീഴ്ച ചൂണ്ടിക്കാണിക്കുന്നത്. ചിറ്റൂർ മേഖലയിലെ ജീവിതത്തിന്റെയും കൃഷിയുടെയും ജീവനാഡിയായ പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതിനാവശ്യമായ രാഷ്ട്രീയ ഇച്ഛാശക്തി അവർ കാണിച്ചില്ല. ആറ് മാസംകൊണ്ട് കരാർ പുതുക്കുമെന്ന് അവകാശപ്പെട്ടുകൊണ്ട് 2016-ൽ അധികാരത്തിലേറിയ ഇടതുപക്ഷം പത്ത് വർഷവും അതിനുവേണ്ടി ഒരു ചെറുവിരൽ അനക്കിയില്ല. വർഷങ്ങളായി കർഷകരും ജനപ്രതിനിധികളും ആവശ്യപ്പെട്ടിട്ടും തമിഴ്നാടുമായി ഫലപ്രദമായ ചർച്ച നടത്തി കരാർ പുതുക്കുന്നതിന് യാതൊരു ഗൗരവതരമായ ഇടപെടലുമുണ്ടായില്ല. കേരളത്തിന് ലഭിക്കുന്ന 7.2 ടി.എം.സി. ജലത്തിൽനിന്നും 1 ടി.എം.സി. ജലം ചോർത്തി 125 കി.മീ. അകലെയുള്ള ഒട്ടൻചത്രം എന്ന മുനിസിപ്പാലിറ്റിയിലും സമീപ ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ള പദ്ധതി ആരംഭിക്കാൻ തമിഴ്നാട് സർക്കാർ ടെൻഡർ ചെയ്തിട്ടും ഇടതുപക്ഷ സർക്കാർ അത് കണ്ടില്ലെന്ന് നടിക്കുകയായിരുന്നു. ഇതിനെതിരെ ചിറ്റൂരിലെ കർഷകരും രാഷ്ട്രീയ പാർട്ടികളും ഹർത്താലുൾപ്പെടെ വലിയ പ്രതിഷേധങ്ങൾ സംഘടിപ്പിച്ചപ്പോൾ മാത്രമാണ് തമിഴ്നാട് സർക്കാരിന് ഒരു കത്ത് അയയ്ക്കാൻ തയ്യാറായത്. ഇത് ആ സർക്കാരിന്റെ ജനതയോടുള്ള നിരുത്തരവാദിത്വത്തെയാണ് സൂചിപ്പിക്കുന്നത്. ജലക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ തമിഴ്നാട് സർക്കാരുമായി എത്രയുംവേഗം ചർച്ച നടത്തി പാഴായിപ്പോകുന്ന ജലം ഇരുസംസ്ഥാനങ്ങൾക്കും പ്രയോജനകരമാകുന്ന രീതിയിൽ കരാർ പുനരവലോകനം നടത്താൻ കഴിയണം. ഇതിലൂടെ പാലക്കാട് ജില്ലയിലെ ജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും. പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയിലെ

കൃഷികളെല്ലാം മുന്നോട്ടുകൊണ്ടുപോകാൻ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യണം.

ജനങ്ങൾക്ക് വാഗ്ദാനം നൽകിയ കാര്യങ്ങൾ നടപ്പിലാക്കാൻ ആരംഭിച്ച സർക്കാരിന്റെ ആത്മവിശ്വാസമാണ് ഈ ബജറ്റിൽ കാണുന്നത്. ഇത് വെറും പ്രഖ്യാപനങ്ങളുടെ ബജറ്റല്ല, സാമൂഹ്യ സുരക്ഷയും സാമ്പത്തിക വളർച്ചയും ഒരുപോലെ ഉറപ്പാക്കാൻ ശ്രമിക്കുന്ന ബജറ്റാണ്. അതിനാൽ കഴിഞ്ഞ പത്ത് വർഷത്തെ പരാജയങ്ങളിൽനിന്നും പാഠം ഉൾക്കൊണ്ട് ഭാവി കേരളത്തിന്റെ വളർച്ചയ്ക്കും യുവതലമുറയുടെ സ്വപ്ന സാക്ഷാത്കാരത്തിനും കർഷകരുടെയും സാധാരണക്കാരുടെയും പ്രതീക്ഷകൾക്ക് കരുത്തേകാനും ലക്ഷ്യമിടുന്ന ഈ ബജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീ. വിനു ജോബ് കുഴിമണ്ണിൽ</u>: സർ, പതിനാറാം കേരള നിയമസഭയുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ബജറ്റിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ഈ ബജറ്റിലെ നന്മയെയും തിന്മയെയും കുറിച്ചുള്ള ചർച്ചയ്ക്കാണ് എനിക്ക് ലഭിച്ച അവസരം ഇവിടെ വിനിയോഗിക്കുന്നത്, അതിൽ ഞാൻ കൂടുതൽ രാഷ്ട്രീയം പറയുന്നില്ല. കാരണം മൂന്നുമാസം മുമ്പ് നമ്മുടെ കേരളജനത രാഷ്ട്രീയം തിരിച്ചറിഞ്ഞ് വോട്ട് ചെയ്തവരാണ്. 102 എന്ന സംഖ്യയും 35 എന്ന സംഖ്യയും തമ്മിൽ നല്ല ദൂരമുണ്ട്. നാട്ടിൽ യുവാക്കളുടെ എണ്ണം കുറയുകയും വയോജനങ്ങളുടെ എണ്ണം കൂടുകയും ചെയ്യുന്ന സാഹചര്യത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അന്തരീക്ഷമൊരുക്കാനുള്ള നിരവധി പ്രഖ്യാപനങ്ങൾക്ക് നാം സാക്ഷ്യം വഹിച്ചു. കേരളത്തിന്റെ സ്ഥാനം ലോക മാരിടൈം ഭൂപടത്തിൽ രേഖപ്പെടുത്താനുള്ള സമഗ്ര പദ്ധതിയാണ് 'മിഷൻ സമുദ്ര'. കേരളത്തെ തുറമുഖ നഗരമാക്കി മാറ്റി റോഡ്, സമുദ്രം, റെയിൽ, ഉൾനാടൻ ജലപാതകൾ, നിർമ്മാണ മേഖലകൾ എന്നിവ ബന്ധിപ്പിച്ചുകൊണ്ടുള്ള മാരിടൈം വ്യവസ്ഥയിലേക്ക് നാം മാറുകയാണ്. 'മിഷൻ സമുദ്ര' പദ്ധതിയിൽ കാര്യമൊന്നുമില്ലെന്ന് ഒരു പ്രതിപക്ഷാംഗം ഇവിടെ പരാമർശിക്കുകയുണ്ടായി. വിദേശ രാജ്യങ്ങളിൽ എപ്പോഴും ഈ ഒരു connected way-യിലൂടെയാണ് സമുദ്രവും ജലഗതാഗതവും റോഡും നിർമ്മാണ പ്രക്രിയയുമൊക്കെയെന്ന കാര്യം നാം ശ്രദ്ധിക്കണം. ഒരു പക്ഷേ നമുക്ക്

ചില ചിത്രങ്ങളിൽ മാത്രമെ ഇവയൊക്കെ കാണാൻ സാധിക്കുന്നുള്ളൂ എന്നതാണ് മറ്റൊരു കാര്യം.

വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റം കൊണ്ടുവരുന്ന 'കേരള നോളജ് വാലി' നമ്മുടെ വിദ്യാർഥികൾക്ക് പുത്തൻ പ്രതീക്ഷ നൽകുന്നതാണ്. ചെറുപ്രായത്തിൽ നൂതന വിദ്യാഭ്യാസത്തിനായി രാജ്യം വിട്ട് പുറത്തുപോകേണ്ടിവരുന്ന വിദ്യാർഥികൾക്ക് മാറ്റങ്ങൾക്കനുസൃതമായ അക്കാദമിക് പ്രോഗ്രാമും ആധുനിക റിസർച്ച് സെന്ററും ഒരു കുടക്കീഴിൽക്കൊണ്ടുവന്ന് അന്താരാഷ്ട്രതലത്തിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന് തുല്യമായ പഠനം ഇവിടെയും ലഭിക്കുമെന്നുള്ളത് ഏറെ ആശ്വാസമാണ്.

മലയാളികളുടെ പ്രിയങ്കരനായ അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേരിലുള്ള സൗജന്യ "ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി" മലയാളികൾക്ക് മുഴുവൻ ആശ്വാസമാകും. മലയാളികൾക്ക് മുഴുവൻ ആശ്വാസമാകുമെന്ന് പറയുന്നത് തീർച്ചയായും നമ്മളോടൊപ്പമുള്ള ഇടതുപക്ഷ സുഹൃത്തുക്കൾക്കും ഏറെ സഹായകരമാണ്. അവരുടെ മക്കൾക്കും പാർട്ടിക്കാർക്കുമൊക്കെ പ്രയോജനപ്പെടുന്ന കാര്യമാണ്. കാരണം, ഞങ്ങളുടെ പാർട്ടിക്കാരൊക്കെ പാവങ്ങളാണെന്ന് അവർ എപ്പോഴും പറയാറുണ്ട്. ഈ പാവങ്ങൾക്ക് തീർച്ചയായും ഉമ്മൻ ചാണ്ടിയുടെ പേരിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രയോജനം ചെയ്യുന്നതായിരിക്കും.

നെല്ലിന്റെ സംഭരണം കാര്യക്ഷമമാക്കുമെന്നും സംഭരണ വില കർഷകർക്ക് കൃത്യമായി ലഭിക്കുമെന്നും അറിയിച്ചെങ്കിലും നെൽക്കർഷകർ നേരിടുന്ന നിരവധിയായ പ്രശ്നങ്ങളുണ്ട്. നെല്ല് സംഭരണ പ്രക്രിയകൾക്ക് കൃത്യമായ മാറ്റം വരുത്തി നമുക്ക് അന്നം നൽകുന്ന കർഷകരെ ചേർത്തുനിർത്താൻ ഈ സർക്കാർ മുൻകൈയെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർധിച്ച സാഹചര്യത്തിൽ ഓരോ ഗ്രാമങ്ങളിലും പ്രതിരോധ പ്രവർത്തനങ്ങൾ നടത്താനുള്ള പദ്ധതി കൊണ്ടുവരുന്നത് ജനങ്ങൾക്ക് ആശ്വാസം പകരുന്നതാണ്. അതിനായി അവരെ സാമ്പത്തികമായി സഹായിക്കുകയും സമയബന്ധിതമായി ഇക്കാര്യം നടപ്പിലാക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

വ്യവസായ നിക്ഷേപകർക്ക് ഭൂനിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തി 'Investment kerala cell' തുടങ്ങുന്നത് യുവാക്കളായ മലയാളികളുടെ ബുദ്ധിയും ശക്തിയും ഈ നാട്ടിൽത്തന്നെ നൽകാൻ കഴിയുമെന്നുള്ള സാഹചര്യമുണ്ടാകുന്നതാണ്. അതുവഴി മലയാളത്തിന്റെ ചെറുപ്പക്കാരെ കേരളത്തിന്റെ asset ആക്കി മാറ്റിയെടുക്കാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ ബജറ്റിലൂടെ ശ്രമിച്ചത്. എന്റെ നാടായ ചങ്ങനാശ്ശേരിയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഒരു ഇൻഡസ്ട്രിയൽ പാർക്ക് ഉൾപ്പെടുത്തിയ ഈ ബജറ്റ് ഞങ്ങളുടെ സ്വപ്ന പദ്ധതിയാണ്. Gen-Z(Generation Z)-കൾക്കും ന്യൂ ജനറേഷനും ടെക്നോളജി വികസനത്തിന് 50 കോടി രൂപ അനുവദിച്ചതും ഇവർക്ക് നാടിനെക്കുറിച്ചുള്ള പ്രതീക്ഷ വർധിക്കുന്നു.

ചില കോളേജുകളിലെ റാഗിങ് സമ്പ്രദായം വിദ്യാർഥികളെയും മാതാപിതാക്കളെയും ആശയക്കുഴപ്പത്തിലാക്കിയിരുന്നു. അതിന് തടയിടുന്നതിനായി 'Sidharthan Anti Ragging & Student Welfare Act' നടപ്പാക്കുകവഴി ഭയപ്പാടില്ലാതെ പുത്തൻ വിദ്യാർഥികൾക്ക് പഠിക്കാൻ ധൈര്യം പകരുന്നു.

എന്റെ നാടായ ചങ്ങനാശ്ശേരി അപ്പർ കുട്ടനാട് പ്രദേശമാണ്, തോളോട് തോൾ ചേർന്നുനിൽക്കുന്ന സ്ഥലമാണ് ചങ്ങനാശ്ശേരി, കുട്ടനാട് എന്നീ നിയോജകമണ്ഡലങ്ങൾ. ടൂറിസം വികസനത്തിനായുള്ള വാതായനങ്ങൾ തുറക്കുന്നതിനായി കെ.സി. പാലം എന്ന പേരിലുള്ള ഒരു പാലം അവിടെ തടസ്സമായി നിൽക്കുന്നുണ്ട്, ഇത് പൊളിച്ചുമാറ്റിയാൽ കുട്ടനാട്ടിലും ചങ്ങനാശ്ശേരിയിലും നിരവധി ടൂറിസം പദ്ധതികൾക്ക് സാധ്യതയുണ്ട്. എന്റെ സമീപത്ത് ഇരിക്കുന്ന ബഹുമാനപ്പെട്ട കുട്ടനാട് അംഗത്തിനും സമാനമായ അവസ്ഥയാണുള്ളത്.

മറ്റൊരു കാര്യം, കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നും ലോണെടുത്തതിനുശേഷം കുടുംബനാഥൻ മരണപ്പെട്ടാൽ പിന്നീട് ലോൺ തുക മുഴുവനും കുടുംബനാഥയും മക്കളും അടക്കേണ്ടിവരുന്ന അവസ്ഥയിൽ എന്തെങ്കിലും ഒരു ഇളവ് ചെയ്തുകൊടുക്കണമെന്ന് അഭ്യർഥിക്കുകയാണ്. അതുപോലെ പഞ്ചായത്തംഗങ്ങളുടെ ഓണറേറിയം

വർധിപ്പിക്കണമെന്നും ഞാൻ അഭ്യർഥിക്കുകയാണ്. 15,000/- രൂപ കൊടുത്താൽപ്പോലും ഒരു ദിവസം അവർക്ക് 500/- രൂപ മാത്രമേ ലഭിക്കുകയുള്ളൂ.

കേരളത്തിലെ പാലങ്ങളും റോഡുകളും പദ്ധതിക്കായി ഏകദേശം 1000 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്, അത് നാടിന്റെ അടിസ്ഥാന വികസനത്തിന് കരുത്തേകുന്നതാണ്. എന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരിയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ ഒരു പടിഞ്ഞാറൻ ബൈപാസ് എന്ന ചങ്ങനാശ്ശേരിക്കാരുടെ സ്വപ്ന പദ്ധതി ഈ ബജറ്റിൽ ഇടം നേടിയിട്ടുണ്ട്. അതിലുള്ള നന്ദിയും സന്തോഷവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞങ്ങൾ അറിയിച്ചുകൊള്ളുകയും സമയബന്ധിതമായി ഈ പദ്ധതി നടപ്പാക്കുന്നതിന് ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. കേരളത്തിന്റെ സാമ്പത്തിക ഉയർച്ചയും ജനങ്ങളുടെ ക്ഷേമപ്രവർത്തനവും ഉറപ്പുവരുത്തുന്ന ഈ ബജറ്റ് യുവതലമുറയ്ക്ക് ഏറെ പ്രതീക്ഷ നൽകുന്നതും സാമ്പത്തികമായി പിന്നിൽ നിൽക്കുന്നവർക്ക് ആശ്വാസം പകരുന്നതുമാണ്. ഏറെ ദീർഘവീക്ഷണത്തോടെയുള്ള ഈ ബജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ കേരളത്തിന് ലഭിച്ച ഈശ്വരാനുഗ്രഹമാണെന്ന് അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഈ ബജറ്റിനെ ഞാൻ പൂർണമായും പിന്തുണയ്ക്കുകയാണ്. എന്റെ സുഹൃത്തായ ബഹുമാനപ്പെട്ട അംഗം പ്രൊഫ. സി. രവീന്ദ്രനാഥ് നിയോ ലിബറലിസവും നിയോ നോളഡ്ജും നിയോ ക്യാപിറ്റലിസവും സംബന്ധിച്ച് പറയുകയും അവസാനം അതൊരു ഫാസിസത്തിലേക്ക് പോകാവുന്ന തരത്തിലേക്കാണ് കൊണ്ടുപോകുന്നതെന്നും സൂചിപ്പിക്കുകയുണ്ടായി. നിങ്ങൾ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടത് എന്തുകൊണ്ടാണെന്ന് പരിശോധിക്കണമെന്ന് പറഞ്ഞതുപോലെ ഫാസിസം ഇന്ത്യയിൽ വന്നത് നവലിബറൽ നോളഡ്ജ് ഉണ്ടായതിന്റെ ഭാഗമായല്ല മറിച്ച് രണ്ട് മെമ്പർമാർ മാത്രമുണ്ടായിരുന്ന ബി.ജെ.പി.-യെ പിന്നീട് എട്ടിലേക്കും ഒമ്പതിലേക്കും പതിമൂന്നിലേക്കും എൺപത്തിയൊൻപതിലേക്കുമൊക്കെ കൊണ്ടുപോയെന്നാണ്. നിങ്ങളുടെ സഹവാസം കൂടുതൽ അംഗങ്ങളെ ഉണ്ടാക്കിക്കൊടുത്ത് അവരെ പടിപടിയായി ഉയർത്തി കേന്ദ്രത്തിന്റെ അധികാരത്തിലേക്ക് കൊണ്ടുവരാൻ വേണ്ടിയുള്ള രാഷ്ട്രീയമായ എല്ലാ സാഹചര്യവും

അവർക്ക് നൽകിയത് നിങ്ങളാണെന്ന ബോധ്യം നിങ്ങൾ മറന്നുപോകരുതേ എന്ന് സൂചിപ്പിക്കുകയാണ്. നെഹ്റുവിയൻ ആശയങ്ങളാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. കാരായി രാജൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ നെഹ്റുവിയൻ ആശയങ്ങൾ കൊണ്ടുമാത്രം ഈ ബജറ്റിന് മുന്നോട്ടുപോകാൻ കഴിയില്ല എന്നുപറയുമ്പോൾ പാവങ്ങളും പട്ടിണിക്കാരുമായിരുന്ന ഇന്ത്യാ രാജ്യത്തെ വളരെ ദീർഘവീക്ഷണത്തോടുകൂടി പുനഃക്രമീകരിക്കണമെന്ന് കണ്ടുകൊണ്ട് ഇന്ത്യയെ മുന്നോട്ടുകൊണ്ടുപോയ ആ നെഹ്റുവിയൻ ആശയങ്ങളെ ഉപയോഗപ്പെടുത്തി ഇന്ന് ഇന്ത്യ ഏറ്റവും ഉയരത്തിൽ നിൽക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം കിഫ്ബിയും അതുപോലെ ധനകാര്യ മാനേജ്മെന്റിന്റെ മോശമായ പ്രവർത്തനങ്ങളുംകൊണ്ട് തകർന്നുപോയ കേരളത്തെ ഉദ്ദീപിപ്പിച്ചുകൊണ്ടുവരാൻ ആവശ്യമായ ഒരു പ്രവർത്തനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഈ ബജറ്റിലൂടെ പ്രതിഫലിപ്പിക്കുന്നതെന്ന് പറയാൻകൂടി ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

വികസനത്തിന്റെയും സാമൂഹ്യനീതിയുടെയും ഒരു പുതിയ അധ്യായമായാണ് നമ്മൾ ഈ ബജറ്റിനെ കാണുന്നത്. ഇന്ന് സാമ്പത്തിക ഞെരുക്കത്തിന്റെ പിടിയിൽ ശ്വാസം മുട്ടുമ്പോഴും ഒരു പുതുയുഗ സ്വപ്നം യാഥാർഥ്യമാക്കുന്ന വികസനത്തിനും ക്ഷേമത്തിനും കാലം ആവശ്യപ്പെടുന്ന സമഗ്രമായ മാറ്റങ്ങൾക്ക് ഒരു വിസ്മയം ഉൾക്കൊള്ളുന്ന ബജറ്റ് തന്നെയാണിത്. ബജറ്റിന്റെ വിശദീകരണങ്ങൾ ഇവിടെ എല്ലാവരും സൂചിപ്പിച്ചു. പുതിയ ആശയങ്ങളും നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പ്രവർത്തനങ്ങളും അതുപോലെ വ്യത്യസ്തങ്ങളായ പദ്ധതികളും അവയൊക്കെ ആവിഷ്കരിക്കാനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന് വളരെ വ്യക്തമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഒരു Inclusive growth ഉൾപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്ന ഒരു ബജറ്റാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചതെന്ന് വളരെ വ്യക്തമായി എല്ലാവരും സൂചിപ്പിക്കുകയുണ്ടായി. സമയക്കുറവ് കാരണം ഞാൻ അതിന്റെ വിശദീകരണങ്ങളിലേക്ക് പോകുന്നില്ല. നവകേരള നിർമ്മിതിക്ക് ശക്തമായ ഊർജം പകരുന്ന ഈ ബജറ്റിനെ നമ്മൾ എല്ലാവരും ഒരുമിച്ച് പിന്താങ്ങേണ്ടതുണ്ട്.

കേരളത്തെ രക്ഷിച്ചെടുക്കാൻ ഇതല്ലാതെ മറ്റൊരു മാർഗവും നമ്മുടെ മുമ്പിലില്ലെന്ന് കൃത്യമായി പറയാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനകാര്യ ധവളപത്രത്തിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ബോധ്യപ്പെടുത്തിയിട്ടുണ്ട്. 5.07 ലക്ഷം കോടി രൂപയുടെ കടം ഏതുരീതിയിലാണ് ഉണ്ടായതെന്ന് കൃത്യമായി ധവളപത്രത്തിൽ ബോധ്യപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക ബാധ്യതകൾ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ (GSDP) 35.5% വരും. ബജറ്റിന് പുറത്തുള്ള കടമെടുപ്പ്, ഉയർന്ന പലിശ നിരക്ക്, ദൈനംദിന ചെലവുകൾക്കുള്ള കടമെടുപ്പ്, നികുതി പിരിവിലെ പരാജയം, പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം എന്നിവയെല്ലാം കൊണ്ടാണ് കടം വർധിച്ചുവരികയും കേരളത്തിന്റെ സാമ്പത്തിക രംഗം മോശമാവുകയും ചെയ്തതെന്ന വിഷയം കേരളം തുടർച്ചയായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഉൽപാദനത്തിന് ചെലവഴിക്കാതെ ധൂർത്തുമായി മുന്നോട്ടുപോയ കഴിഞ്ഞകാല സർക്കാരിന്റെ പ്രവർത്തനത്തിന്റെ ഒരു പരിച്ഛേദം ആയിരുന്നു കേരളത്തിന്റെ ഈ പ്രയാസകരമായ കാലഘട്ടം എന്ന് നമുക്ക് കാണാൻ കഴിയും. ബഹുമാന്യനായ മുഖ്യമന്ത്രിയോട് എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ഈ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ കിഫ്ബി ഉണ്ടാക്കിയ വിപത്ത് ഞാൻ ആവർത്തിക്കുന്നില്ല. അതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു സി.&എ.ജി. പരിശോധനയും റവന്യൂ ജനറേഷൻ പ്രോജക്ടും ട്രാൻസ്പരന്റ് പ്രോജക്ട് അലോക്കേഷനും നടപ്പാക്കേണ്ടതുണ്ട്. ട്രാൻസ്പരന്റ് പ്രോജക്ട് അലോക്കേഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്, കഴിഞ്ഞ സർക്കാർ പാസാക്കിയ ബജറ്റുമായി ബന്ധപ്പെട്ട് പരിശോധിച്ചാൽ ഏതൊക്കെ ജില്ലകളിലാണ് കിഫ്ബിയുടെ വിതരണം നടത്തിയിരിക്കുന്നതെന്ന് കൃത്യമായിത്തന്നെ ധവളപത്രത്തിൽ കാണാൻ കഴിയും. അതായത്, അലോക്കേഷൻ എല്ലായിടത്തും സന്തുലിതാവസ്ഥയിൽ നടപ്പിലാക്കാൻ കഴിയണം. അതിനായി ഒരു ലൈവ് ഡാഷ് ബോർഡ് അഥവാ പദ്ധതികളുടെ അനുമതിയും ഫണ്ട് വിതരണവും പൊതുജനത്തിന് സുതാര്യമായി കാണാൻ പാകത്തിനുള്ള ഒരു ഓൺലൈൻ ഡാഷ് ബോർഡ് സംവിധാനം കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. ഒരു പ്രൊഫഷണൽ മാനേജ്മെന്റ് ഉണ്ടാകണം എന്ന്

ആഗ്രഹിക്കുകയാണ്. രാഷ്ട്രീയ അമിതാധികാരം ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെ മെർജ് ചെയ്യുകയും വേണം. ഡിജിറ്റലൈസേഷൻ നടപ്പിലാക്കണം. ലോക മാതൃക സ്വീകരിക്കണം എന്ന ഒരു നിർദേശം മാത്രമാണ് ഇതിന്റെ ഭാഗമായി എനിക്ക് പറയാനുള്ളത്. അതിന് ലോകത്ത് തന്നെ മാതൃകയുണ്ട്. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ഇവിടെയുണ്ട്. സിംഗപ്പൂരിലെ തകർന്നടിഞ്ഞിരുന്ന സാമ്പത്തിക വ്യവസ്ഥയെ പുനക്രമീകരിക്കുന്നതിന് വേണ്ടി ടെമാസെക്ക് എന്ന നിക്ഷേപ സ്ഥാപനത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് അവിടെ സാമ്പത്തിക ഉന്നമനം ഉണ്ടാക്കിയത്. പൊതുമേഖലാ സ്ഥാപനങ്ങൾവഴി സ്വതന്ത്ര ഏജൻസിയെ ഏൽപ്പിച്ച് ബാഹ്യ ഇടപെടലുകൾ ഒഴിവാക്കി നടത്തിപ്പിൽ ഒരു പ്രൊഫഷനിസം കൊണ്ടുവന്നതുകൊണ്ടാണ് അവിടെ ഒരു മാറ്റം സംഭവിച്ചതും സിംഗപ്പൂർ വലിയ വികസത്തിലേക്ക് പോയതും എന്ന് നമുക്ക് കാണാൻ കഴിയും. ചൈനയിലെ സസാക് (SASAC- State-owned Assets Supervision and Administration Commission of the State Council) എല്ലാ വലിയ പൊതുമേഖലാ സ്ഥാപനങ്ങളെയും ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവന്നുകൊണ്ടാണ് നഷ്ടത്തിലോടുന്ന വ്യത്യസ്തങ്ങളായ എല്ലാ വ്യവസായ സ്ഥാപനങ്ങളും പുനഃക്രമീകരിച്ചുകൊണ്ട് സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ടത്.

ബ്രിട്ടനിലെ ബ്രിട്ടീഷ് എയർവെയ്സും ബ്രിട്ടീഷ് ടെലികോമും വളരെ നഷ്ടത്തിലായിരുന്നു. താച്ചർ മോഡൽ എന്ന പ്രവർത്തന രൂപരേഖ നടത്തി നഷ്ടത്തിലുള്ളതൊക്കെ ഡിസ് ഇൻവെസ്റ്റ്മെന്റ് നടത്തി പ്രൈവറ്റൈസ് ചെയ്ത് മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യമായ നിലപാട് സ്വീകരിച്ചതുകൊണ്ടാണ് സിംഗപ്പൂരിലും ചൈനയിലും ബ്രിട്ടനിലും ഒക്കെ സാമ്പത്തികമായ ഉന്നമനമുണ്ടാക്കാൻ സാധിച്ചത്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഏത് തരത്തിലാണ് നഷ്ടമുണ്ടാക്കുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാം. അത് ഈ ഒരു തരത്തിൽ ക്രമീകരണം നടത്തിക്കൊണ്ട് കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വലിയ ഉന്നമനം ഉണ്ടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വളരെ വിനീതമായി അഭ്യർഥിക്കുകയാണ്. അതല്ലാതെ മറ്റൊരു വഴിയും നമ്മുടെ മുമ്പിലില്ല. കേരളത്തിന് ഇതൊക്കെ മാതൃകയാക്കാവുന്നതാണ്. നേരത്തെ

പറഞ്ഞതുപോലെ കാൾ മാർക്സിന്റെ ആശയങ്ങൾ എന്നും മാറ്റങ്ങൾക്ക് വിധേയമാകാൻ ശ്രമിക്കുന്നതാണ്. എന്നാൽ എല്ലാ മാറ്റങ്ങൾക്കെതിരെയും സമരങ്ങൾ നടത്തുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കഴിഞ്ഞകാല നിലപാടുകളിൽനിന്നും മാറിക്കൊണ്ടേയിരിക്കണം. അത് മാറിയാലേ കേരളത്തെ നന്നാക്കാൻ കഴിയൂ. ഈ സന്ദർഭത്തിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുകൂടി ഞാൻ അവരോട് വിനീതമായി അഭ്യർഥിക്കാൻ ആഗ്രഹിക്കുകയാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളുടെ ഒരു കോൺക്ലേവ് നേരത്തെ നടത്തിയിട്ടുണ്ട്. അതിലൂടെ കേരളത്തിലെ ആരോഗ്യ/വിദ്യാഭ്യാസ മേഖലകളെ എങ്ങനെ പരിഷ്കരിക്കണമെന്ന് തീരുമാനിക്കണം. കൃത്യമായി അതിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകുമ്പോഴും കേരളത്തെ ഒരു വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റണമെന്ന് ആഗ്രഹിക്കുമ്പോഴും അതിലിടപെട്ടുകൊണ്ട് അനിവാര്യമായി വരുത്തേണ്ട ചില മാറ്റങ്ങളും അതിനാവശ്യമായ നടപടികളും അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയാണ്. മഹത്തായ മൂല്യങ്ങൾക്കുവേണ്ടി നിലകൊണ്ട ഒരു മഹാത്മാവിന്റെ നാടാണിത്. നമുക്ക് ഒന്നിച്ച് മുന്നോട്ടുപോകാൻ കഴിയണം.

കോട്ടയ്ക്കലിനെയും മലപ്പുറം ജില്ലയെയും കേരളത്തെ സംബന്ധിച്ചിടത്തോളവും സാമ്പത്തികമായി തകർന്ന പത്ത് വർഷക്കാലമായിരുന്നു കഴിഞ്ഞുപോയത്. അതിനൊരു മാറ്റത്തിന്റെ തുടക്കം അങ്ങയുടെ ഭാഗത്തുനിന്നുണ്ടായത് സന്തോഷകരമായ കാര്യമാണ്. കോട്ടയ്ക്കലിനെ സംബന്ധിച്ചിടത്തോളം ഉമ്മൻചാണ്ടിയുടെ കാലഘട്ടത്തിൽ ആരംഭിച്ചിരുന്ന കോട്ടക്കൽ-പുത്തൂർ-ചിനക്കൽ ബൈപ്പാസ്, വട്ടപ്പാറയിലെ വളാഞ്ചേരിയിലെ ഫയർ സ്റ്റേഷൻ, കൈതക്കടവ് പാലം എന്നിങ്ങനെ ഏറെ പദ്ധതികൾ ഇന്നും നടക്കാതെ കിടക്കുകയാണ്. ആ പ്രവർത്തനങ്ങളെ പുനരുജ്ജീവിപ്പിച്ച്, പൂർത്തീകരിച്ച് നാടിന് സമർപ്പിക്കാനാവശ്യമായ നടപടിയുണ്ടാകണം. ഞാനെന്റെ വാക്കുകൾ ചുരുക്കിക്കൊണ്ട് അമിതമായ ആവേശത്തിൽ കൂടുതൽ കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നില്ല. ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ പറഞ്ഞ ടീം യു.ഡി.എഫ്.-ന് പിന്തുണ നൽകിക്കൊണ്ട് സംസ്ഥാനത്തെ മൂന്നാമത്തെ ഭൂരിപക്ഷം നൽകിയാണ് എന്റെ നിയോജകമണ്ഡലത്തിലെ ആളുകൾ എന്നെ ഇങ്ങോട്ട് പറഞ്ഞയച്ചത്. അതുകൊണ്ട് കോട്ടയ്ക്കലിലെ ജനങ്ങളുടെ വികാരത്തെ മാനിക്കണം.

"..കപടലോകത്തിലാത്മാർത്ഥമായൊരു

ഹൃദയമുണ്ടായതാണെൻ പരാജയം.."

എന്ന ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ വാക്കുകൾ ഞാനോർക്കുന്നു. എന്റെ വേദന എന്നതിനപ്പുറത്ത് 63,000 വോട്ട് ഭൂരിപക്ഷം നൽകി എന്നെ വിജയിപ്പിച്ച കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ പ്രയാസങ്ങൾ പരിഹരിക്കാനുള്ള ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുകയും അതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. അത് പരിപൂർണ്ണമായും നടപ്പിലാക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ നൽകി സഹായിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഈ ബജറ്റിനെ പരിപൂർണ്ണമായി ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. വി. ജോയി: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്. ചില പദപ്രയോഗങ്ങൾ കൊണ്ട് വിസ്മയം തീർത്ത ഒരു ബജറ്റ് ആണ് ഈ ബജറ്റ്. 'വിസ്മയം' എന്ന വാക്ക് അടിവരയിട്ട് സൂചിപ്പിക്കേണ്ട ഒരു കാലഘട്ടമാണിത്. ധവളപത്രത്തിൽ ആണെങ്കിലും തുടർന്ന് ബജറ്റിൽ ആണെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കഴിഞ്ഞ ഇടതുപക്ഷ സർക്കാരുകളെ കുറ്റപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ്, മറ്റ് ഗ്രാന്റുകൾ, കേന്ദ്രനികുതി വിഹിതം എന്നിവ കഴിഞ്ഞ ബജറ്റിൽ 20,500 കോടി രൂപ ചേർത്തത് വലിയ അപരാധമായിട്ടാണ് ധനകാര്യ വകുപ്പിന്റെ ചുമതല കൂടി വഹിക്കുന്ന മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്. ഞാൻ ഒരു കാര്യം അങ്ങയോട് ചോദിക്കട്ടെ; ഒരു ലക്ഷം കോടി രൂപയാണ് ഒരു വർഷം കേരളത്തിൽനിന്നും നികുതിയിനത്തിൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടുപോകുന്നത്. ഫെഡറൽ സംവിധാനത്തിൽ നമുക്ക് അവകാശപ്പെട്ടത് ചോദിച്ചുവാങ്ങാൻ അല്ലെങ്കിൽ പിടിച്ചുവാങ്ങാൻ എന്തെങ്കിലും ഒരു ശ്രമം നടത്താൻ നമുക്ക് സാധിച്ചുവോ. അവർക്ക് അനുകൂലമായ ചില നിലപാടുകൾ സ്വീകരിക്കുന്നതല്ലാതെ ഏതെങ്കിലും ഒരു കാര്യത്തിൽ കടുത്ത ഒരു നിലപാടിലേക്ക് പോയി ഒരു ലക്ഷം കോടി രൂപ കേരളത്തിൽനിന്നും കൊണ്ടുപോകുമ്പോൾ അതിന്റെ ഒരു വിഹിതം നമുക്ക് കിട്ടുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും പരിശ്രമം ഇദ്ദേഹം നടത്തുന്നുണ്ടോ എന്നുള്ളതാണ് പ്രശ്നം. ഇവിടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചു. പദ്ധതി വിഹിതം വെട്ടിക്കുറച്ചപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വെട്ടിക്കുറവ് 1,533 കോടി രൂപയാണ്. നിലവിലുണ്ടായിരുന്ന ബജറ്റിൽനിന്നും ഈ

ബജറ്റിലേക്ക് വരുമ്പോൾ 1,533 കോടി രൂപയുടെ കുറവാണ് വരുത്തിയത്. പട്ടികജാതി വിഭാഗങ്ങൾക്ക് നേരത്തെ 3,507 കോടി രൂപയുണ്ടായിരുന്നത് 2,979 കോടി രൂപയായി കുറച്ചു. 153 കോടി രൂപ പട്ടികവർഗ വിഭാഗങ്ങൾക്ക് കുറവ് വരുത്തി. ഇങ്ങനെ ഫിഷറീസ്, ഗ്രാമീണ, പൊതുവിദ്യാഭ്യാസ, പരമ്പരാഗത മേഖലകളിലെല്ലാം ഓരോ പ്രാവശ്യവും ധാരാളം വെട്ടിക്കുറവുകൾ വരുത്തിയാണ് ഈ ബജറ്റ് ഇപ്പോൾ ഷേപ്പ് ചെയ്തുവച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ഇന്ത്യയുടെ കടം നമ്മൾ പരിശോധിച്ചിട്ടുണ്ടോ; ഇല്ല; നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന കടം യഥാർത്ഥത്തിൽ 64 ലക്ഷം കോടി രൂപയായിരുന്നു. ഇപ്പോൾ കടം അതിന്റെ മൂന്നിരട്ടി വർധിച്ചു. അങ്ങനെയിരിക്കെ കേരളത്തെ സംബന്ധിച്ചിടത്തോളം കടമാണ്.. കടമാണ്.. എന്ന് നിലവിളിക്കുന്നത് എന്ത് അർത്ഥത്തിലാണ് എന്നത് പരിശോധിക്കപ്പെടേണ്ട കാര്യമാണ്. ഞാൻ കടുത്ത വിമർശനങ്ങളിലേക്ക് പോകണമെന്ന് ആഗ്രഹിക്കുന്നില്ല. പക്ഷേ, മൂവാറ്റുപുഴ എം.എൽ.എ. ഡോ. മാത്യു കുഴൽനാടന്റെ പ്രസംഗം കേട്ടപ്പോൾ ചില കാര്യങ്ങൾ സൂചിപ്പിക്കാതെ മുന്നോട്ടുപോകുന്നത് ശരിയല്ലെന്ന് തോന്നി. സാധാരണ ഒരിക്കൽപോലും കാണാത്ത ചില ഡീലുകൾ ഈ ബജറ്റിൽ നടന്നിട്ടുണ്ട്. അത് 'മിഷൻ സമുദ്ര'-യുമായി ബന്ധപ്പെട്ട ഒരു ഡീലാണ്. 400 കോടി രൂപ, 600 കോടി രൂപ അല്ലെങ്കിൽ 600 കിലോമീറ്റർ ധാതു ലവണങ്ങളാൽ സമ്പുഷ്ടമായ നമ്മുടെ തീരദേശം തീറെഴുതികൊടുക്കുന്നതിന് വേണ്ടിയുള്ള ഡീലുണ്ടോ? അതാണ് പ്രധാനപ്പെട്ട പ്രശ്നം. ആ ഡീലിന് മംഗലപുരവുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഭാവിയിൽ നാം ചർച്ച ചെയ്യപ്പെടേണ്ടതായി വരുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമായി നാം ഇതിനെ കാണേണ്ടതായുണ്ട്. ബഹുമാന്യനായ രാഹുൽഗാന്ധിയെ കൊണ്ടുപോലും 'സ്വർണ്ണം കട്ടവനാരപ്പ'......എന്ന് മുദ്രാവാക്യം വിളിപ്പിച്ച, എസ്.ഐ.ടി. ചോദ്യം ചെയ്തയാൾക്ക് മംഗലാപുരത്തെ ഈ ഡീലുമായി ബന്ധമുണ്ടോ? അദാനിയുടെ ഗ്രൂപ്പ് പ്രസിഡന്റിന് ടി ഡീലുമായി ബന്ധമുണ്ടോ? ഇവയെല്ലാം ഭാവിയിൽ ആ ഡീലുമായി ബന്ധപ്പെട്ട് വരുന്നുണ്ടോയെന്നകാര്യം നാം ശ്രദ്ധിക്കണം. വീര്യം കുറഞ്ഞ മദ്യവുമായി ബന്ധപ്പെട്ട്......... നേരത്തെ പ്രതിപക്ഷത്തിരുന്ന നേതാക്കൻമാരെല്ലാം ഇപ്പോൾ നല്ല പ്രസംഗങ്ങൾ നടത്താറുണ്ട്. 'വാക്കാണ് പ്രധാനം' എന്ന് അവർ പറയുന്നുണ്ടല്ലോ. ആ

വാക്കാണ് പ്രധാനമെങ്കിൽ, വീര്യം കുറഞ്ഞ മദ്യവുമായി ബന്ധപ്പെട്ട് 2024-ൽ അന്നത്തെ പ്രതിപക്ഷം ഒരു പ്രസ്താവന നടത്തിയിരുന്നു. ഇടതുപക്ഷം കാശ് ഉണ്ടാക്കാൻ വേണ്ടിയും അഴിമതി നടത്താൻ വേണ്ടിയും പരിശ്രമിക്കുന്നുവെന്ന് പറഞ്ഞിരുന്നു. ഇപ്പോൾ തിരിഞ്ഞുകുത്തുന്നുണ്ടോയെന്നുള്ളത് നാം പരിശോധിക്കണം.

സിവിൽ സപ്ലൈസിലെ മാർക്കറ്റ് ഇന്റർവെൻഷനിൽ ഇടപ്പെടാൻ സാധിക്കുന്നില്ലെന്ന് അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ഇന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. അതിനുപണമില്ല; ഇപ്പോൾ അതിനുവേണ്ടി എത്ര പണമാണ് മാറ്റിവച്ചിരിക്കുന്നത്; എങ്ങനെയാണ് മാർക്കറ്റ് ഇന്റർവെൻഷനിൽ ഇടപെടാൻ സാധിക്കുന്നത്; ഇതൊക്കെ വ്യക്തമാക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഭരണം എന്നുള്ളത് തുടർച്ചയാണ്. കണക്കുകൾ അവിടെ കൊടുക്കാനുണ്ട്, ഇവിടെ കൊടുക്കാനുണ്ട്, കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ട്; എന്ന് പറയുന്നതിൽ അർത്ഥമില്ല. ഭരണം തുടർച്ചയാകുന്നതുകൊണ്ടുതന്നെ ഏത് ഭരണം വന്നാലും പണമുണ്ടാക്കി ആ കടം തീർക്കണം. എൽ.ഡി.എഫ്. അധികാരത്തിൽവന്ന സമയത്ത് പതിനെട്ട് മാസത്തെ പെൻഷൻ കൊടുത്തിട്ടുണ്ട്. അങ്ങനെയാണ് 15,000 രൂപ മുതൽ 17,000 രൂപ വരെ വീട്ടമ്മമാർ വാങ്ങിയ സാഹചര്യമുണ്ടായത്. (....ബഹളം......) നിങ്ങൾ ഒന്നും പറയേണ്ട; ഈ 17,000 രൂപയും 18,000 രൂപയും വാങ്ങിയ കഥയൊക്കെ നമുക്കറിയാം. 'ലൈഫ് മിഷൻ' പദ്ധതി അവസാനിപ്പിച്ചത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. (....ബഹളം......) ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങ് എനിക്ക് സംസാരിക്കാനുള്ള അവസരം നൽകണം. ഞാൻ അവരുടെ തോളിലല്ല, എന്റെ കാലിലാണ് നിൽക്കുന്നത്.

<u>മി. സ്പീക്കർ</u>: യെസ്സ്.....പ്ലീസ്.... അദ്ദേഹത്തെ തടസ്സപ്പെടുത്തരുത്. അങ്ങ് സംസാരിച്ചുകൊള്ളൂ.

<u>ശ്രീ. വി. ജോയി</u>: സർ, സഭയിൽ രാവിലെ ആരോഗ്യ വകുപ്പിനെ സംബന്ധിച്ച് സംസാരിക്കുകയുണ്ടായി. ഞാൻ ഇതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. അന്ന് പ്രതിപക്ഷത്തിരുന്ന ഇന്നത്തെ മുഖ്യമന്ത്രി പറഞ്ഞത് ശരിയാണെന്ന് അദ്ദേഹം ഇപ്പോൾ വിശ്വസിക്കുന്നുണ്ടോ; അന്ന് പറഞ്ഞത് തെറ്റായി പോയി എന്ന് അദ്ദേഹം

കണക്കാക്കുന്നുണ്ടോ; ഇങ്ങനെ ഓരോരുത്തരായി വരികയാണ്. വനം വകുപ്പിന്റെ സ്ഥിതി എന്താണ്? വന്യജീവി ആക്രമണം രൂക്ഷമല്ലേ; അത് ഒരു മാസം കൊണ്ടല്ല........ ആ സമയത്ത് നിങ്ങൾ പറഞ്ഞതും വഴി തടഞ്ഞതും റോഡ് ഉപരോധിച്ചതും മൃതദേഹം കൊണ്ടുവച്ചതുമെല്ലാം നിങ്ങൾ ഓർക്കണം. ഇപ്പോൾ എന്താണ് വകുപ്പുമന്ത്രി പറഞ്ഞത്? ഭരണത്തിന്റെ തുടർച്ചയിൽ മന്ത്രി മാറി, ഗവൺമെന്റ് മാറി പക്ഷേ ഉദ്യോഗസ്ഥർ മാറിയിട്ടില്ല. പടയപ്പയുടെയും ചക്കകൊമ്പന്റെയും ചെവിയിൽപോയി മന്ത്രി മാറിയെന്ന് പറഞ്ഞാൽ പ്രശ്നം തീരുമോ? ഒരിക്കലും തീരുകയില്ല. അത് നമ്മൾ പ്രത്യേകമായി പരിഹാരം കണ്ടെത്തേണ്ട വിഷയമാണ്. സമയം കുറവായതിനാൽ ഒരു കാര്യം കൂടി സൂചിപ്പിച്ച് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ധവളപത്രം അവതരിപ്പിച്ചുകൊണ്ട് കഴിഞ്ഞ ദിവസം പ്രസംഗിച്ചു. അതിൽ അദ്ദേഹം ഹിറ്റ്ലറിനെയും സ്റ്റാലിനെയും കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. സമയമില്ലാത്തതിനാൽ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ബഹുമാന്യനായ ഗതാഗതവകുപ്പുമന്ത്രി ശ്രീ. സി. പി ജോൺ സഭയിലുണ്ട്. കമ്മ്യൂണിസം അല്ലെങ്കിൽ കമ്മ്യൂണിസ്റ്റുകാർ നാസിസത്തോടും ഫാസിസത്തോടും ഏതെങ്കിലും ഒരു സമയത്ത് വിട്ടുവീഴ്ച ചെയ്തിട്ടുണ്ടോ; ഇല്ല. കൂടുതൽ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. ആ പ്രസംഗത്തിൽ പ്രയാസപ്പെടുത്തിയ ഒരു കാര്യം സംബന്ധിച്ച് അദ്ദേഹം പരാമർശിക്കുകയുണ്ടായി; "സോവിയറ്റ് യൂണിയനിൽ മഴ പെയ്യുമ്പോൾ ഇവിടത്തെ കമ്മ്യൂണിസ്റ്റുകാർ കുടപിടിക്കും" എന്നാണ് ആ പ്രസംഗത്തിൽ പ്രധാനമായും അദ്ദേഹം പറഞ്ഞ ഒരു വാചകം. (.....ബഹളം.....) നിങ്ങൾ മനസ്സിലാക്കാൻവേണ്ടിയാണ് ഞാനത് പറയുന്നത്. "സോവിയറ്റ് യൂണിയനിൽ മഴ പെയ്യുമ്പോൾ ഇവിടെ കുടപിടിക്കും" എന്നാൽ ഒരു കാര്യം ഞാൻ എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളെ ഓർമ്മപ്പെടുത്തുകയാണ്. ആ കുടയുടെ കീഴിൽ കയറിനിന്ന് ഞങ്ങളെ സഹായിക്കുമോയെന്ന് ചോദിച്ച്, സോവിയറ്റ് യൂണിയന്റെ സഹായത്താൽ ഇവിടെ വ്യവസായം കൊണ്ടുവന്നവരാണ് നിങ്ങൾ. ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളോട് പറയുകയാണ്; എം. കെ. കെ. നായരുടെ "ആരോടും പരിഭവമില്ലാതെ" എന്ന പുസ്തകത്തിൽ സോവിയറ്റ് യൂണിയന്റെ വ്യാവസായിക രംഗത്തെ പങ്കിനെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഭിലായിലെ ഉരുക്കുനിർമ്മാണ ശാലകളുടെ

പ്രവർത്തനത്തെ സംബന്ധിച്ച് അദ്ദേഹം വളരെ വ്യക്തമായി ആ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 1955-ൽ എം. കെ. കെ. നായരെ ഭിലായിലെ ഉരുക്കുനിർമ്മാണ ശാലയുടെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. അതുമുതലാണ് ഇവിടെ ഉരുക്കുനിർമ്മാണശാലകൾ വരികയും ഇന്ത്യയുടെ വികസനത്തിന് വലിയ സംഭാവനകൾ ചെയ്യുകയും ചെയ്തത്. "കൊടുംതണുപ്പിൽനിന്നും ഇന്ത്യയിലെ കൊടുംചൂടിലേക്ക് വന്ന സോവിയറ്റ് യൂണിയനിലെ എഞ്ചിനീയർമാർ ഈ നാട് കെട്ടിപ്പടുക്കുന്നതിനുവേണ്ടി വലിയ സംഭാവനകൾ ചെയ്തു" എന്നാണ് എം. കെ. കെ. നായർ അദ്ദേഹത്തിന്റെ പുസ്തകത്തിൽ പറയുന്നത്. ഇത് മാത്രമാണോ; പാകിസ്ഥാനും ബംഗ്ലാദേശും തമ്മിൽ പ്രശ്നം വന്നപ്പോൾ, മുജീബ് റഹ്മാനെ സഹായിച്ചുവെന്നുപറഞ്ഞ് ഇന്ത്യയിലേക്കും പാകിസ്ഥാനും അനുകൂലമായിനിന്ന അമേരിക്ക ഏഴാം നാവിക കപ്പൽ പടയെ അയച്ചില്ലേ; അന്ന് ആരാണ് ഇടപ്പെട്ടത്? ഒരടി മുന്നോട്ടുവയ്ക്കരുതെന്ന് പറയാനുള്ള ധൈര്യം കാണിച്ചവർ സോവിയറ്റ് യൂണിയനും കമ്മ്യൂണിസ്റ്റുകാരുമാണെന്ന് നിങ്ങൾ മനസ്സിലാക്കണം. നമ്മളെ സഹായിച്ചവരെയാണ് ഇവിടെ തള്ളി പറയുന്നത്. നിങ്ങൾ ബ്രിട്ടന്റെയും അമേരിക്കയുടെയും ഫ്രാൻസിന്റെയും അടുത്തുപോയല്ലോ; അവിടെനിന്ന് എന്ത് സഹായമാണ് നിങ്ങൾക്ക് ലഭിച്ചത്? കമ്മ്യൂണിസ്റ്റുകാരാണ് സഹായിച്ചത്. നിങ്ങൾ അവരുടെ കുടക്കീഴിൽ നിന്നാണ് പ്രവർത്തിച്ചതെന്നുള്ളത് നിങ്ങൾ ഓർക്കണം. ഞങ്ങൾ ഇനിയും കുടപിടിക്കും. ചൈനയിലും ലാവോസിലും വിയറ്റ്നാമിലും ക്യൂബയിലും മഴ പെയ്താൽ ഞങ്ങൾ കുടപിടിക്കും. ആ കുടപിടിക്കുമെന്നുള്ള കാര്യത്തിൽ കമ്മ്യൂണിസ്റ്റുകാർക്ക് ഒരു പ്രത്യേകതയുണ്ട്. ആ പ്രത്യേകത ഞങ്ങൾ ഈയവസരത്തിൽ രേഖപ്പെടുത്തുകയാണ്. പക്ഷെ, അങ്ങ് അതുപറഞ്ഞത് ശരിയായ ഒരു നിലപാടായിരുന്നില്ല. വേറെ ആരെങ്കിലും പറഞ്ഞാൽ അത് മനസ്സിലാക്കാം. പ്രിയങ്കരനായ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നെഹ്റുവിനെക്കുറിച്ച് പുകഴ്ത്തി സംസാരിച്ചല്ലോ? അതുപോലെ അദ്ദേഹം പറഞ്ഞല്ലോ; ഞങ്ങളാണ് വളർത്തിയതെന്ന്. നിങ്ങൾ പാർലമെന്റിനകത്ത് കയറി തല എണ്ണി നോക്കൂ; എത്ര മുൻ മുഖ്യമന്ത്രിമാർ, എത്ര എം.പി.-മാർ, എത്ര മന്ത്രിമാർ ആ കൂട്ടത്തിലിരിക്കുന്നുവെന്ന് ബഹുമാന്യനായ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ മനസ്സിലാക്കണം. അഭിനവരായിട്ടുള്ള ചില ആളുകളെ

മുൻനിർത്തി ഇവിടെ എന്തെങ്കിലും ചെയ്യാമെന്ന് നിങ്ങൾ വിചാരിക്കരുത്. അത് മോശപ്പെട്ട കാര്യമാണെന്ന് മാത്രം ഓർമ്മപ്പെടുത്തുകയാണ്.

മി. സ്പീക്കർ: യെസ്......യെസ്.....

ശ്രീ. വി. ജോയി: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ബജറ്റ് ജനദ്രോഹമാണ്. ആയിരം രൂപ വീതം കേരളത്തിലെ വനിതകൾക്ക് ലഭിച്ചുകൊണ്ടിരുന്നതിനെ ഇല്ലായ്മ ചെയ്തത് ഇപ്പോൾ 600 കോടി രൂപ ബജറ്റിൽ അനുവദിച്ച് ട്രാൻസ്പോർട്ടിൽ സൗജന്യയാത്ര തുടങ്ങിയിരിക്കുകയാണ്. ഇന്നലെ ഒരു ചാനലിൽ ഒരമ്മ പറയുകയാണ്; വലിയ വിദ്യാഭ്യാസമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ചാനലുകാർ മൈക്ക് കൊണ്ടുപോയി ആ അമ്മയോട് ചോദിക്കുകയാണ്; വണ്ടിയിൽ കയറിയപ്പോൾ അമ്മയ്ക്ക് സന്തോഷമായല്ലോയെന്ന്. എറണാകുളത്ത് താമസിക്കുന്ന ആ അമ്മയ്ക്ക് പത്മനാഭ സ്വാമി ക്ഷേത്രത്തിൽ പോകണമെന്ന് പറയുകയും ഇപ്പോൾ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ പോകുകയാണോയെന്ന് ഈ ചാനലുകാർ ചോദിക്കുകയും ചെയ്തു. ഞാനിപ്പോൾ പോയി അഞ്ച് കൊല്ലം കഴിഞ്ഞ് തിരിച്ചുവരാമെന്നാണ് ആ അമ്മ മറുപടി പറഞ്ഞത്. എന്താണതിന് കാരണം? സൗജന്യയാത്ര ബസ് താലൂക്കടിസ്ഥാനത്തിലാണ് സഞ്ചരിക്കുന്നത്. ഒരു ബസ്സിൽ കയറിയാൽ അടുത്ത ജങ്ഷനിൽ പോയി ഇറങ്ങണം. അതിനപ്പുറത്ത് നിന്നുകയറിയാൽ വീണ്ടും കാത്തുനിൽക്കണം. രാവിലെ ഒരു ബസ് പോയാൽപിന്നെ വൈകുന്നേരം ഒരെണ്ണം വന്നാലായി ഇല്ലെങ്കിലായി എന്ന അവസ്ഥയാണുള്ളത്. (....ബഹളം.....) ശ്രീ. പി. സി. ജോൺ സഖാവെ; നിങ്ങൾ നാട്ടിലിറങ്ങിയൊന്ന് അന്വേഷിച്ചുനോക്കണം; പാവപ്പെട്ട ജനങ്ങളോട് ചോദിച്ചുനോക്കണം. സഖാവേ എന്തൊരു ഗതികേടാണ്.... നിങ്ങൾ ആരെയാണ് കൊണ്ടുപോകുന്നത്? നിങ്ങൾ എന്തിനാണ് പാവപ്പെട്ട ജനങ്ങളെ പറ്റിച്ചത്? 'ഒന്നാം നാൾ ഉല്ലാസയാത്ര പോകുമ്പോൾ' എന്ന പാട്ട് കൊച്ചുകുട്ടികൾ പാടുന്നപോലെ ഉല്ലാസയാത്രയ്ക്ക് പോകാം എന്ന് തിരഞ്ഞെടുപ്പ് സമയത്ത് പറഞ്ഞല്ലോ. ഉല്ലാസയാത്രയ്ക്കും അമ്പലങ്ങളിലും പള്ളികളിലും ആരാധനാലയങ്ങളിലും നിങ്ങൾക്ക് കേരളത്തിൽ എവിടെയും സഞ്ചരിക്കാമെന്നല്ലേ നിങ്ങൾ പറഞ്ഞുപരത്തിയത്. നിങ്ങൾ ഇന്ന് ഓരോരുത്തർക്കായി ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ ഓരോന്നോരോന്നായി നിഷേധിക്കുകയാണ്. ഞങ്ങൾ

പറഞ്ഞാൽ വാക്ക് വാക്കാണെന്ന് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് ഇപ്പോഴത്തെ മുഖ്യമന്ത്രി അന്ന് പറഞ്ഞിരുന്നല്ലേ; നിങ്ങളുടെ ആദ്യത്തെ ക്യാബിനറ്റ് തീരുമാനത്തിൽ 3,000 രൂപ പെൻഷൻ അനുവദിച്ചോ; ഇല്ല. എന്നാൽ ഇപ്പോൾ എന്താണ് പറയുന്നത്? കഴിഞ്ഞ സർക്കാർ 1,600 രൂപയിൽനിന്നും 2,000 രൂപയാക്കാൻ നാലര വർഷമെടുത്തുവെന്നാണ്. അതുകൊണ്ടാണല്ലോ നമ്മളിപ്പോൾ പ്രതിപക്ഷത്തിരിക്കുന്നത്. നിങ്ങൾ അങ്ങനെയാണോ? വാക്ക് വാക്കാണെന്നല്ലേ നിങ്ങൾ പറഞ്ഞത്. വാക്ക് വാക്കല്ലായെങ്കിൽ നിങ്ങൾക്കും ഞങ്ങളുടെ ഈ ഗതി വരുമെന്ന് ഓർമ്മപ്പെടുത്തികൊണ്ടും നിശ്ചയമായും ഈ ബജറ്റിനെ ശക്തിയുക്തം എതിർത്തുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. സജീവ് ജോസഫ്: സർ, ഈ പരിപാവനമായ കേരള നിയമസഭയിലേക്ക് ഒരിക്കൽകൂടി കടന്നുവരാൻ അവസരം നൽകിയ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ എന്റെ പ്രിയപ്പെട്ട ജനങ്ങളോടും കേരളത്തിന്റെ നന്മ തിരിച്ചുകൊണ്ടുവരുന്നതിനുള്ള ഉത്തരവാദിത്വം ഐക്യജനാധിപത്യ മുന്നണിയെ ഏൽപ്പിച്ച കേരള ജനതയോടും ഞാൻ ഈ സന്ദർഭത്തിൽ എന്റെ നന്ദിയും കടപ്പാടും അറിയിക്കുകയാണ്. ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ജനങ്ങൾക്ക് ആത്മവിശ്വാസം പകരുന്നതും കേരളത്തിന്റെ മഹിതമായ നന്മകളെ പുണർന്നുനിൽക്കുന്നതുമായ ഒരു ബജറ്റാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ ഇവിടെ അവതരിപ്പിച്ചത്. പുത്തൻ തലമുറയ്ക്ക് പ്രതീക്ഷയും നമ്മുടെ നാട്ടിലെ സാധാരണക്കാർക്ക് ആത്മവിശ്വാസവും പകരുന്ന ഒരു ബജറ്റാണിത്. തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളെ വെറും പ്രഖ്യാപനങ്ങളായി മാത്രം കാണുന്ന പതിവ് രാഷ്ട്രീയ രീതി പല നിയമസഭകളിലും ഉണ്ടായിട്ടുണ്ടെങ്കിലും അതിലെല്ലാം ഒരു മാറ്റം വരുത്തിക്കൊണ്ട് പ്രഖ്യാപിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി പ്രകടിപ്പിക്കുന്ന ഒരു സർക്കാരാണ് യു.ഡി.എഫ്. സർക്കാരെന്ന് തെളിയിച്ച ഒരു ബജറ്റാണിത്. ജനങ്ങൾക്ക് നൽകിയ വാക്കുകൾ പാലിക്കുന്നതിനുള്ള സർക്കാരിന്റെ ആത്മാർഥമായ ശ്രമങ്ങളുടെ തെളിവാണ് ഇന്ദിരാ ഗ്യാരന്റികൾ നടപ്പിലാക്കിക്കൊണ്ട് ഇവിടെ മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട അംഗം വി. ജോയി ഉൾപ്പെടെയുള്ള പ്രതിപക്ഷാംഗങ്ങൾ ഇവിടെ ചില

കാര്യങ്ങളൊക്കെ പറഞ്ഞു. ഒരു കാമ്പുമില്ലാതെ, ഒന്നും പറയാനില്ലാതെ വരുന്ന സാഹചര്യത്തിൽ പറയാൻ വേണ്ടിമാത്രം നടത്തുന്ന വിമർശനങ്ങൾ എന്നതിനപ്പുറം ആ വിമർശനങ്ങളെ നമുക്ക് കാണാൻ സാധിക്കില്ല. കാര്യമായൊരു വിമർശനവും വന്നിട്ടില്ല. ഇവിടെ ചർച്ചകളിൽ പറഞ്ഞ അന്തർദേശീയ കാര്യങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ, അന്ധമായ കോൺഗ്രസ് വിരോധം മൂത്ത് കോൺഗ്രസ്സിനെതിരെ എന്നും പറയുന്ന വിമർശനങ്ങളല്ലാതെ ഈ ബജറ്റിൽ നിന്നുകൊണ്ട് ആത്മാർത്ഥമായൊരു ചർച്ചയ്ക്ക് പ്രതിപക്ഷാംഗങ്ങൾ തയ്യാറായിട്ടില്ല. അതുതന്നെയാണ് ഈ ബജറ്റിന്റെ സ്വീകാര്യതയും. ചിലർ ചോദിച്ചു, വിസ്മയം കണ്ടില്ലല്ലോ; എവിടെയാണ് വിസ്മയം? ഈ പറഞ്ഞയാളുകൾക്കുപോലും അങ്ങനെയൊരു സംശയമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കാരണം ഇത്തരമൊരു സാമ്പത്തിക ഞെരുക്കത്തിൽ പുതുയുഗ കേരളത്തെ സ്വപ്നം കാണുന്ന ഈ ബജറ്റ് ഓരോ മലയാളിയെ സംബന്ധിച്ചും വിസ്മയം തന്നെയാണ്. ജനങ്ങൾക്കുമേൽ അധികഭാരമായി നികുതി ചുമത്തുകയോ ഒന്നും തന്നെ ഈ ബജറ്റിൽ ഇല്ലായെന്നുള്ളത് നമ്മൾ കാണേണ്ടതാണ്. പാവപ്പെട്ടവന്റെ മുകളിൽ ഒരു പ്രയാസവും അടിച്ചേൽപ്പിക്കാതെയുള്ള ബജറ്റായതുകൊണ്ടുതന്നെയാണ് ഇത് വിസ്മയമാകുന്നത്. ഇതൊരു തുടക്കം മാത്രമാണ്. നിരവധിയായിട്ടുള്ള കാര്യങ്ങൾ, മാനിഫെസ്റ്റോയിൽ പറഞ്ഞതെല്ലാം ഒന്നൊന്നായി പാലിച്ച് കേരളത്തിലെ സാധാരണക്കാരിൽ അവസാന നിരയിലെ അവസാന മനുഷ്യനും ഉപകരിക്കുന്ന പദ്ധതികളുമായി പറഞ്ഞ വാക്കുകൾ പാലിക്കാൻ ഐക്യജനാധിപത്യ മുന്നണി സർക്കാർ ബാധ്യസ്ഥമാണ് എന്ന് ഈ ബജറ്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇവിടെ മിഷൻ സമുദ്ര മുതൽ നിസാരമായി കാണാൻ കഴിയുന്നതല്ല. ബഹുമാനപ്പെട്ട അംഗം വി. ജോയി ഇവിടെ സൂചിപ്പിച്ചു, കേരളത്തിന്റെ തനതായിട്ടുള്ള വികസന സാധ്യതകൾ മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാൻ കഴിയാത്ത കേരളത്തിന്റെ സമുദ്ര തീരങ്ങളെ നമ്മുടെ നാടിന്റെ എല്ലാ സാധ്യതകളെയും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു മിഷനാണ് ഈ ബജറ്റിലൂടെ സർക്കാർ മുന്നോട്ടുവച്ചിരിക്കുന്നത്. ആ മിഷൻ സമുദ്ര മുതൽ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കുവേണ്ടി ബജറ്റിൽ നീക്കിവച്ചിരിക്കുന്ന ഓരോ ചില്ലിക്കാശും അതെങ്ങനെ പൂർണ്ണമായും ചിലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്ന ഒരു നിയമം പോലും

ഇവിടെയുണ്ടാക്കും എന്ന് പ്രഖ്യാപിച്ച സർക്കാരാണ്, ഒരു പക്ഷേ ആദ്യത്തെ യു.ഡി.എഫ്. സർക്കാരാണ് ഇതെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതെല്ലാം അക്കൗണ്ടബിളായിരിക്കും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ ഭരണപക്ഷവും ഇന്നത്തെ പ്രതിപക്ഷവും ഏറ്റവും കൂടുതൽ വിമർശനങ്ങൾ ഏറ്റുവാങ്ങിയിരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി നീക്കിവച്ച കാശുപോലും ചെലവഴിക്കാതെ ദുർബല വിഭാഗങ്ങളെ വേട്ടയാടിയ ഒരു സർക്കാരായിരുന്നു അത്. അതുകൊണ്ടുതന്നെ ഈ സർക്കാരിന്റെ ദിശ എങ്ങോട്ടാണെന്ന് ആർക്കും സംശയം വേണ്ട. അത് കേരളത്തിന്റെ നന്മയ്ക്ക് വേണ്ടിയുള്ള ഒരു യാത്രയാണ്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നമ്മളിവിടെ ആരംഭിച്ചിരിക്കുന്നത്. മൂന്ന് ഗാരന്റികളെക്കുറിച്ച് ഇവിടെ പറഞ്ഞു, അതുകൊണ്ട് ഞാൻ വീണ്ടും അതിലേക്ക് കടക്കുന്നില്ല. നമ്മുടെ സ്ത്രീ സമൂഹം വളരെ ആഹ്ലാദത്തിലാണ്. പാവപ്പെട്ട സ്ത്രീകളെ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.-യിലെ സൗജന്യ ബസ്സ് യാത്ര വലിയൊരു ആശ്വാസമാണ്. നമ്മുടെ രാജ്യത്തെ സംബന്ധിച്ച് ഏറ്റവും വലിയ പുണ്യമെന്ന് നമ്മൾ കരുതുന്നതാണ് മാതാപിതാക്കന്മാരെ ചേർത്തുനിർത്തുന്ന സമീപനം. അതൊരു രാജ്യത്തുമില്ലാത്തൊരു സമീപനമാണ്. അവരുടെ സംരക്ഷണം, അന്തസ്സ്, സുരക്ഷിതത്വം അത് നിലനിർത്താൻ വേണ്ടിയുള്ള ഒരു നിയമനിർമ്മാണം അല്ലെങ്കിൽ പദ്ധതിയെന്ന് പറഞ്ഞാൽ അത് ക്ഷേമ രാഷ്ട്രങ്ങൾ, ഏറ്റവും വികസിതമായ രാജ്യങ്ങൾ നടത്തുന്ന പദ്ധതികളാണ്. അത്തരമൊരു ദിശയിലേക്ക് ഈ സാമ്പത്തിക പ്രതിസന്ധിയിലും കേരളത്തിലൊരു പദ്ധതി ആവിഷ്കരിക്കുകയെന്നത് ചെറുതായി കാണാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ ആ പദ്ധതിയും കേരളത്തിന്റെ ചരിത്രത്തിലെ വലിയൊരു നാഴികക്കല്ലായി മാറും എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏറ്റവും പാവപ്പെട്ട ജനങ്ങൾ അഭിമുഖീകരിക്കുന്നത് ചികിത്സാ പ്രശ്നമാണ്. ഉമ്മൻചാണ്ടിയുടെ പേരിൽ 25 ലക്ഷം രൂപ വരെയുള്ള ചികിത്സാ സൗകര്യം ഉറപ്പുവരുത്താനുള്ള പദ്ധതി, നിങ്ങൾ പറഞ്ഞതുപോലെ ഏതെങ്കിലും ആശുപത്രിക്കാർക്ക് വേണ്ടിയല്ല, നിങ്ങൾക്കങ്ങനെ സംശയം ഉണ്ടെങ്കിൽ അത് കഴിഞ്ഞ സർക്കാരിന്റെ ചില ചെയ്തികൾ മാത്രമായിരുന്നു. പാവപ്പെട്ടവനും ഏറ്റവും നല്ല ചികിത്സ ഉറപ്പുവരുത്താൻ കഴിയുന്ന ഒരു പദ്ധതിയാണിത്. അടിയന്തര

സന്ദർഭങ്ങളിൽ ചികിത്സ ഉറപ്പുവരുത്താൻ കഴിയുന്ന ഈ പദ്ധതിക്കായി പ്രാഥമിക ആവശ്യങ്ങൾക്കുവേണ്ടിയുള്ള തുക മാറ്റിവച്ചു കഴിഞ്ഞു. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രതിസന്ധി അഭിമുഖീകരിക്കുന്ന മേഖലയാണ് കാർഷിക മേഖല. ഞാൻ പ്രതിനിധീകരിക്കുന്ന മണ്ഡലവും കാർഷിക മേഖലയെ ആശ്രയിക്കുന്ന ഒരു പ്രദേശമാണ്. ഇവിടെ ഇരിക്കുന്ന ഭൂരിപക്ഷം അംഗങ്ങളും കാർഷിക മേഖലയിൽ അധിഷ്ഠിതമായ മണ്ഡലങ്ങളിൽ നിന്നുമാണ് വരുന്നത്. അവിടെയെല്ലാം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ ആത്മാർഥമായ ശ്രമം ഈ സർക്കാർ ആരംഭിച്ചുകഴിഞ്ഞു. റബ്ബറിന് 250 രൂപ താങ്ങുവിലയായി നിശ്ചയിച്ചിരിക്കുകയാണ്. ഉമ്മൻചാണ്ടി സർക്കാർ പ്രഖ്യാപിച്ച 150 രൂപയിൽനിന്ന്, കഴിഞ്ഞ സർക്കാർ പത്തുവർഷക്കാലത്തിനിടെ 10 രൂപ വീതം വർധിപ്പിച്ച് ആകെ 50 രൂപയുടെ വർധനവാണ് നടപ്പാക്കിയത്. എന്നാൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തിയതിനുശേഷം അവതരിപ്പിച്ച ആദ്യ ബജറ്റിൽ തന്നെ റബ്ബറിന്റെ താങ്ങുവില 50 രൂപ വർധിപ്പിച്ച് 250 രൂപയായി ഉയർത്തി കേരളത്തിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നതും കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലുമായ റബ്ബർ കർഷകരെ സഹായിക്കാനുള്ള പദ്ധതി ഇവിടെ ആവിഷ്കരിച്ചിരിക്കുന്നു. അതിനെ പ്രത്യേകമായി ഞാൻ സ്വാഗതം ചെയ്യുകയാണ്. കൂടാതെ ബഹുമുഖമായ കൃഷിരീതികളെ പ്രോത്സാഹിപ്പിക്കാനും വന്യമൃഗ ശല്യം തടയുന്നതിനും വേണ്ടിയുള്ള പദ്ധതികൾക്ക് ഏറ്റവും നൂതനമായ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളെയും പ്രത്യേകമായി ഞാൻ സ്വാഗതം ചെയ്യുന്നു. സ്ത്രീകൾക്കുവേണ്ടിയുള്ള 'കൃഷിസഖി' എന്ന വളരെ നൂതനമായ പദ്ധതിയുമെല്ലാം ഈ സർക്കാരിന്റെ പുതിയ കാഴ്ചപ്പാടുകളാണ് വ്യക്തമാക്കുന്നത്. ഇക്കാര്യങ്ങൾ പറയുമ്പോൾതന്നെ നാളികേര കർഷകർ നേരിടുന്ന പ്രയാസങ്ങൾക്കുകൂടി പരിഹാരമുണ്ടാക്കാൻ സർക്കാർ മുൻഗണന നൽകണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. നേരത്തെ 72 രൂപ വരെ ലഭിച്ചിരുന്ന നാളികേരത്തിന് ഇന്ന് നാൽപതു രൂപ പോലും ലഭിക്കാത്ത അവസ്ഥയാണ്. നാളികേരത്തിന് അറുപത് രൂപയെങ്കിലും തറവില നിശ്ചയിച്ചാൽ മാത്രമേ കേരളത്തിലെ സാധാരണക്കാരായ കേര കർഷകർക്ക് പിടിച്ചുനിൽക്കാൻ സാധിക്കൂ. അതുകൊണ്ട് നാളികേരത്തിന് താങ്ങുവില 60 രൂപയായി

നിശ്ചയിക്കണമെന്നും എല്ലാ ഗ്രാമപഞ്ചായത്തുകളിലും നാളികേരം സംഭരിക്കാനുള്ള സംവിധാനം ഒരുക്കണമെന്നും സാധിക്കുമെങ്കിൽ കൃഷിഭവൻ മുഖേനതന്നെ അത്തരത്തിലുള്ള സംഭരണം നടത്താൻ നടപടി സ്വീകരിക്കണമെന്നും ഞാൻ വിനീതമായി അഭ്യർഥിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട ആവശ്യം ഉന്നയിക്കാനുള്ളത്, ഇവിടെ ക്ഷേമ പെൻഷനുകൾ സമയബന്ധിതമായി നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആ പെൻഷൻ തുക വർധിപ്പിക്കുകയും കാലോചിതമായി പരിഷ്കരിക്കുകയും ചെയ്യുമെന്ന് നമ്മുക്കെല്ലാവർക്കും ഉറപ്പുണ്ട്. അക്കാര്യങ്ങളിലൊന്നും ഈ സർക്കാരിന് യാതൊരു വീട്ടുവീഴ്ചയുമുണ്ടാകില്ലെന്ന് പ്രതീക്ഷിക്കുകയാണ്. അക്കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾതന്നെ അതിനുള്ള മാനദണ്ഡത്തിനെക്കുറിച്ച് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മലയോര മേഖലയിലെ കർഷകരെ സംബന്ധിച്ച് ക്ഷേമപെൻഷനുകൾ ലഭിക്കുന്നതിനുവേണ്ടി ഭൂപരിധി മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ട്. രണ്ടേക്കർ സ്ഥലമുണ്ടെങ്കിൽ ക്ഷേമപെൻഷനുകൾക്ക് അവകാശമില്ലായെന്ന നിലയിലുള്ള മാനദണ്ഡം പുന:സംവിധാനം ചെയ്യണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. കാരണം മലയോരമേഖലയിലെ കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങൾ, വന്യമൃഗ ശല്യം നേരിടുന്നതിനാൽ അവിടെ കൃഷി ചെയ്യാനോ വിൽക്കാനോ ബാങ്കിൽ പണയംവച്ച് വായ്പ എടുക്കാനോ സാധിക്കുന്നില്ല. രോഗത്തോടും മറ്റ് പ്രയാസങ്ങളോടും മല്ലിട്ടു ജീവിക്കുന്നവർക്ക് രണ്ടേക്കർ സ്ഥലമുണ്ടെന്ന കാരണത്താൽ പെൻഷൻ കിട്ടില്ലെന്ന വ്യവസ്ഥ മാറ്റാനുള്ള നിയമനടപടികൾ സ്വീകരിക്കണം. കാർഷികമേഖലയെ സംബന്ധിച്ച് നിരവധി നിർദേശങ്ങളുണ്ട്, അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതി നൽകാൻ ആഗ്രഹിക്കുകയാണ്. കർഷകരെ സഹായിക്കാനുള്ള വിപുലമായ പരിപാടികളും പദ്ധതികളും അടുത്തനാളുകളിൽ ആവിഷ്കരിക്കണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു. ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ജൂൺ മാസം 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.12-ന് പിരിഞ്ഞു.)